
# പിതൃധന്യൻ



മേരിമക്കൾ സന്യാസിനി സമൂഹസ്ഥാപകൻ

വന്ദ്യ മോൺ. ജോസഫ് കുഴിഞ്ഞാലിൽ അച്ചന്റെ

സൂക്തങ്ങളെക്കുറിച്ച് ഒരു ധ്യാനാത്മക വിചിന്തനം

www.malankaralibrary.com

# പിതൃധ്വനി



മേരിമക്കൾ സന്യാസിനീ സമൂഹസ്ഥാപകൻ

**വന്ദ്യ മോൺ. ജോസഫ് കുഴിഞ്ഞാലിൽ**

അച്ചന്റെ സൂക്തങ്ങളെക്കുറിച്ച് ഒരു ധ്യാനാത്മക വിചിന്തനം

www.malankaralibrary.com

# *Pithru Dhwoni*

(Malayalam)
Meditative reflection on exhortation of
**Rt. Rev. Msgr. Joseph Kuzhinjalil**
Founder of the Congregation of Daughters of Mary


| | | |
|---|---|---|
| Published by | : | Rev. Mother Giles DM<br>Superior General<br>Maria Bhavan<br>Kudappanakunnu<br>Trivandrum. |
| First Edition | : | 23rd August 2017 |
| Copies | : | 1500 |
| Edited by | : | Central Renewal Team<br>Maria Bhavan |
| DTP & Printing | : | St. Mary's Press, Pattom, Tvm - 4. |


For Private Circulation

www.malankaralibrary.com

# സമർപ്പണം

'ദൈവം എന്നെക്കൊണ്ട് എല്ലാം ചെയ്യിച്ചു' എന്ന് പറഞ്ഞുകൊണ്ട് സർവ്വമഹത്വവും ദൈവപിതാവിന് നൽകുവാൻ ഞങ്ങളെ പഠിപ്പിച്ച ഞങ്ങളുടെ സമൂഹസ്ഥാപകൻ വന്ദ്യ. മോൺ. ജോസഫ് കുഴിഞ്ഞാലിൽ അച്ചന്റെ ദീപ്തസ്മരണയ്ക്കായി സമർപ്പിക്കുന്നു.

www.malankaralibrary.com

www.malankaralibrary.com

## അനുഗ്രഹാശംസ

മേരിമക്കൾ സന്യാസിനി സമൂഹത്തിന്റെ സ്ഥാപകൻ വന്ദ്യ മോൺസിഞ്ഞോർ ജോസഫ് കുഴിഞ്ഞാലിൽ അച്ചന്റെ സൂക്തങ്ങളെ ആധാരമാക്കി മേരിമക്കൾ സന്യാസിനികൾ തയ്യാറാക്കിയ ധ്യാനാത്മക വിചിന്തനങ്ങളുടെ സമാഹാരമായ പിതൃധ്വനിയ്ക്ക് എന്റെ അനുഗ്രഹാശംസകൾ!

പ്രേഷിതവര്യനായ വിശുദ്ധ പൗലോസ് ശ്ലീഹായുടെ തീഷ്ണതയുള്ള വല്യച്ചൻ സീറോ മലബാർ സഭ, മലങ്കര സുറിയാനി കത്തോലിക്കാസഭയ്ക്കു നൽകിയ മഹത്തായ സംഭാവനയാണ്. ഭാഷയുടെ പരിമിതി, സംസ്ക്കാരത്തിന്റ വ്യത്യസ്തത, ജീവിത സാഹചര്യങ്ങളുടെ ഏറ്റക്കുറച്ചിലുകൾ ഇവയൊന്നും ജീവദായകമായ സുവിശേഷം അറിയിക്കുവാൻ വല്യച്ചന് തടസ്സം നിന്നില്ല. കന്യാകുമാരി ജില്ലയിലെ പാർശ്വവൽക്കരിക്കപ്പെട്ട ദൈവമക്കൾക്ക് വല്യച്ചന്റെ വാക്കുകളും സാന്നിദ്ധ്യവും സാന്ത്വനവും നൽകി. ചെറുകിട തൊഴിൽ സംരംഭങ്ങളിലൂടെ ദൈവജനത്തിന്റെ ദാരിദ്ര്യദുഃഖം ഒപ്പിയെടുക്കുവാൻ ഭാവനാപൂർണ്ണമായ നിരവധി പദ്ധതികൾക്ക് വല്യച്ചൻ നേതൃത്വം നൽകി. തിരുവചനം പങ്കിട്ടു നൽകുന്നതിനോടൊപ്പം ദൈവജനത്തിന്റെ ഭൗതിക വിശപ്പും വല്യച്ചൻ ഗൗരവത്തോടെ ഉൾക്കൊണ്ട് അതിന് പരിഹാരം അന്വേഷിച്ചു.

വിദ്യാഭ്യാസത്തിലൂടെ സമഗ്ര വിമോചനം വല്യച്ചൻ ലക്ഷ്യമിട്ടു. പ്രാഥമിക വിദ്യാഭ്യാസത്തിനും ഉപരി പഠനത്തിനും വേണ്ട സാമ്പത്തിക സുസ്ഥിതി ഇല്ലാത്തവർക്കും, സാമ്പത്തിക ഭദ്രതയില്ലാതെ പഠനം പാതിവഴി ഉപേക്ഷിച്ചവർക്കും വല്യച്ചന്റെ ഔദാര്യമുള്ള കൈത്താങ്ങ് കൂടെയുണ്ടായിരുന്നു. മുടങ്ങാതെ നടത്തിയ ഭവന സന്ദർശനത്തിലൂടെ ഓരോ കുടുംബത്തിന്റെയും യഥാർത്ഥ സ്ഥിതി വല്യച്ചൻ മനസിലാക്കിയിരുന്നു. തന്റെ കുടുംബാംഗങ്ങളിൽ നിന്നും പരിചിത വലയത്തിൽ നിന്നും സാമ്പത്തിക സഹായങ്ങൾ സ്വീകരിച്ച് അർഹതപ്പെട്ട ഇത്തരം കുഞ്ഞുങ്ങൾക്ക് വല്യച്ചൻ നിർല്ലോഭം നൽകിയിരുന്നു.

സമൂഹത്തിൽ പിന്നോക്കാവസ്ഥ അനുഭവിച്ച സ്ത്രീകളുടെ അഭ്യുന്നതിക്കായി വല്യച്ചൻ എന്നും ശ്രദ്ധാലുവായിരുന്നു. കുടുംബഭാരം ഒറ്റയ്ക്ക് വഹിക്കേണ്ടിവരുന്ന വിധവകൾ, സ്ത്രീധനം നൽകാൻ ഇല്ലാത്തതിനാൽ വിവാഹജീവിതം ദുഷ്ക്കരമായ യുവതികൾ,

www.malankaralibrary.com

ബാലവേലമൂലം പഠനം മുടങ്ങിയ പെൺകുട്ടികൾ എന്നിവർക്ക് പിതൃതുല്യ മായ കരുതൽ വല്യച്ചൻ എപ്പോഴും നൽകിയിരുന്നു. ദൈവ സ്നേഹം ആവോളം അനുഭവിച്ച വല്യച്ചൻ തന്റെ മക്കൾക്ക് കരുതലായും, വാത്സല്യമായും, പിൻതുണയായും അവ ആവോളം നൽകി.

ഏറ്റെടുത്ത പദ്ധതികളിലെല്ലാം അപാരമായ ദൈവാശ്രയം വല്യച്ചൻ കാത്തുസൂക്ഷിച്ചു. പ്രതിസന്ധികളും സംശയങ്ങളും വിഭവ ദാരിദ്ര്യവും വല്യച്ചന്റെ മുമ്പിൽ തടസ്സങ്ങൾ സൃഷ്ടിക്കുമ്പോഴെല്ലാം അത്യുന്നതന്റെ മഹത്വത്തിൽ വല്യച്ചൻ ആശ്രയം തേടി. "ഇത് ദൈവത്തിന്റെ പദ്ധതിയാണെങ്കിൽ ദൈവം നോക്കിക്കൊള്ളും" എന്ന് വല്യച്ചൻ അർത്ഥശങ്കയ്ക്കിടനൽകാതെ വിശ്വസിച്ചു. താൻതന്നെ സ്ഥാപിച്ച മേരിമക്കൾ സന്യാസിനി സമൂഹം വല്യച്ചന്റെ അഗാധമായ ദൈവാശ്രയത്തിന്റെ തെളിമയാർന്ന സാക്ഷ്യമാണ്.

"പിതൃധ്വനി" വല്യച്ചന്റെ ആധ്യാത്മിക വ്യക്തിത്വം മനസിലാക്കാൻ മേരിമക്കൾ സന്യാസിനികൾ നടത്തുന്ന ധ്യാനാത്മക പരിശ്രമമാണ്. വല്യച്ചന്റെ അനേക ആധ്യാത്മിക സൂക്തങ്ങളിൽ തെരഞ്ഞെടുക്കപ്പെട്ടവ ധ്യാന പശ്ചാത്തലം, സൂക്തസന്ദേശം, ആത്മഭാഷണം, പ്രായോഗിക തീരുമാനം എന്നീ ശീർഷകങ്ങളിലൂടെ ബഹുമാനപ്പെട്ട സിസ്റ്റേഴ്സ് ധ്യാന വിചിന്തനം നടത്തുന്നു. വല്യച്ചന്റെ കാച്ചികുറുക്കിയ ആത്മീയ സൂക്തങ്ങളുടെ വിപുലമായ സാംഗത്യം, അർത്ഥധ്വനി, ആധ്യാത്മിക സമ്പത്ത് എന്നിവ അപഗ്രഥന വിഷയമാക്കുന്നു. വല്യച്ചന്റെ വ്യക്തിത്വത്തിന്റെ പ്രകാശമാനമായ ഒരേടാണ് പിതൃധ്വനിയിലൂടെ അനാവൃതമാകുന്നത്. ആധ്യാത്മിക ശാസ്ത്രം, വല്യച്ചന്റെ ജീവചരിത്രം, പ്രായോഗിക ആധ്യാത്മിക മുറകൾ എല്ലാം സമഞ്ജസമായി ഈ കൃതിയിൽ സമ്മേളിച്ചിരിക്കുന്നു. ദീപ്തമായ വല്യച്ചന്റെ വ്യക്തിത്വം വർത്തമാനകാലത്തിൽ അർഹിക്കുന്ന തേജസ്സോടെ ഈ കൃതി സാക്ഷാത്ക്കരിക്കുന്നു. പ്രൗഢഗംഭീരമായ ഈ കൃതിയുടെ പ്രസിദ്ധികരണത്തിനു നേതൃത്വം നൽകിയവരെയും, സഹകരിച്ചവരെയും, അഭ്യൂദയകാംഷികളെയും സർവ്വശക്തൻ അനുഗ്രഹിക്കട്ടെ.

+Mar Ignathios

അമലഗിരി
01 ആഗസ്റ്റ് 2017

+ജോഷ്വാ മാർ ഇഗ്നാത്തിയോസ്
മാവേലിക്കര ഭദ്രാസന മെത്രാപ്പോലീത്ത

www.malankaralibrary.com

# അവതാരിക

## 'പിതൃധ്വനി' മേരിമക്കളുടെ ജീവസ്വത്തും സമ്പത്തും

"കർത്താവിൽ ആശ്രയിക്കുന്നവൻ അചഞ്ചലമായി എന്നേക്കും നില കൊള്ളുന്ന സീയോൻ പർവ്വതം പോലെയാണ്" (സങ്കീ 125 : 1) "സ്വയം ഇല്ലായ്മയാക്കി സർവ്വശക്തനായ ദൈവത്തിന് സമർപ്പിച്ചുകൊണ്ട് അവിടുത്തെ ഇഷ്ടം നമുക്കു ചെയ്യാം" എന്ന് മക്കളെ അഹ്വാനം ചെയ്ത മേരിമക്കൾ സന്യാസിനി മിഷനറി സമൂഹസ്ഥാപകനും ദൈവ പരിപാലനയുടെ പ്രവാചകനുമായ വന്ദ്യ മോൺ. ജോസഫ് കുഴിഞ്ഞാ ലിലച്ചന്റെ ജീവിതത്തിന്റെ ഏടുകളായി രൂപംകൊണ്ട ജീവ വചസ്സു കളായ സൂക്തങ്ങൾ മക്കൾക്കെന്നും ആഴമായ ധ്യാനവിഷയമാണ്. ആ സൂക്തങ്ങളെ ആധാരമാക്കി ഈ ധ്യാനസമാഹാരം തയാറാക്കിയ ആറു പ്രോവിൻസിലെ അംഗങ്ങളെയും, അതിനു നേതൃത്വം നൽകി അവയെ ഒരു മനോഹര പുഷ്പഹാരം പോലെ സംഘടിപ്പിച്ചെടുത്ത് 'പിതൃധ്വനി ധ്യാന മഞ്ജരി'യാക്കി തീർത്ത സി. കാരുണ്യ ഡി. എം., സി. സ്റ്റാൻസി ഡി. എം., സി. ലിസ്യു ജോസ് ഡി. എം., സി. ജെസ്സി മാത്യു ഡി. എം., എന്നിവരെയും ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു.

മേരിമക്കളുടെ കാരിസം 'പാലാഴി കടഞ്ഞെടുത്ത അമൃത്' പോലെ സ്ഥാപക ജീവതാഴി നീന്തിത്തുടിച്ച് നേടിയെടുത്ത അവരുടെ അത്മീയ ദർശനമാകുന്ന സംഭാവനയും സമ്മാനവുമാണ്. മക്കൾക്ക് പിതൃസ്വത്തായി ലഭിച്ച ജീവസ്വത്താണ്. ഈ സൂക്ത അടിസ്ഥാന ധ്യാനങ്ങൾ അതിന്റെ ധ്യാന പശ്ചാത്തലത്തിൽ സ്വസ്ഥമായി ശാന്ത മായി ആത്മനിറവിലെത്തി സൂക്തസന്ദേശങ്ങളിലേക്കാഴമായി ഇറങ്ങിക്കഴിഞ്ഞാൽ അതിലൂടെയുള്ള സ്വച്ഛസുന്ദരമായ യാത്ര ഓരോ വ്യക്തിയെയും യേശുവിനോടുള്ള ഒരു സുദൃഢ ബന്ധത്തിലും തുടർന്നുള്ള ആത്മഭാഷണത്തിലും എത്തിക്കുന്നു. ഈ പ്രത്യേക അവ സ്ഥയിൽ നമ്മൾ മനസ്സിലാക്കുന്നു പിതൃസൂക്തങ്ങൾ സ്ഥാപകപിതാ വിന്റെ ആത്മീയതയുടെ ആകെത്തുകയാണെന്ന്. ഈ ധ്യാനങ്ങളാണ് നമ്മെ കാരിസ ജീവിതത്തിന് ഒരുക്കുന്നതും ശക്തിപ്പെടുത്തുന്നതു മെന്ന്. ഈ ധ്യാനം ഒരു പ്രായോഗികതീരുമാനം സ്വന്തമായി എടുത്ത് ജീവിക്കുവാനും ആ ജീവിതത്തിലെ കുണ്ടും കുഴിയും താണ്ടി

www.malankaralibrary.com

കരേറുവാനുള്ള സഹായവടിയായി തീരുന്ന ഒരനുസ്മരണ വാക്യം ഹൃദയത്തിലേറി ദിനാന്ത്യത്തിൽ നന്ദിയും ആനന്ദവും നിറഞ്ഞവരായി ദൈവസ്തുതി അർപ്പിക്കുവാനും ധ്യാനിക്കുന്ന വ്യക്തിയെ പ്രോത്സാഹിപ്പിക്കുന്നു. ഇതിന് തീർച്ചയായും നമ്മൾ പ്രയത്നിച്ചെടുക്കാൻ, ജീവിത ബന്ധിയാക്കാൻ ഏറ്റം അഗ്രഹിക്കുന്ന പ്രണിധാന ധ്യാന രീതിയുടെ സോപാനങ്ങളിൽ നമ്മെ എത്തിക്കും എന്നതിൽ സംശയമില്ല.

ഈ സൂക്ത ധ്യാനം ബഹു. വല്യച്ചന്റെ സഞ്ചാര പഥത്തിൽ - ജീവിതശൈലിയിൽ - ആ കർമ്മയോഗത്തിലൂടെ മേരീമക്കളെ നയിക്കട്ടെ. സ്പടിക സമാന നിർമ്മലത ആ ജീവിതത്തിലും വ്യക്തിത്വത്തിലും തൽഫലമായ സൂക്തത്തിലും നിറഞ്ഞു നിന്നിരുന്നില്ലേ? മനഃസാക്ഷി നിർമ്മലമായി സൂക്ഷിക്കുക ആരെയും ഭയപ്പെടേണ്ട കാര്യമില്ല എന്ന പിതൃ സൂക്തം ഇന്നിന്റെ അന്ധകാരവൃത ജീവിത സാഹചര്യത്തിലും മേരിമക്കളുടെ ദീപസ്തംഭമല്ലേ? ഈ ധ്യാന വീഥിയിലൂടെ നമ്മുടെ മനസ്സും ഹൃദയവും ശരീരവും ഒന്നുപോലെ ജീവിക്കുന്ന ദൈവത്തിന്റെ ആനന്ദ ഗാനാലാപമാകട്ടെ. കുടുംബ പുനഃരുദ്ധാരണം ഇന്നിന്റെ അവശ്യാവശ്യമായിരിക്കെ വാടകസൈക്കിളിലൂടെ പ്രഭാതം മുതൽ പ്രദോഷം വരെ ഭവനങ്ങൾ കയറിയിറങ്ങിയ ആ ചൈതന്യശാലിയുടെ ജ്വലിക്കുന്ന മിഷനഗ്നി മേരിമക്കളെ ഈ ധ്യാന സദനത്തിലൂടെ ഉജ്ജ്വലിപ്പിക്കട്ടെ എന്നാശംസിച്ചുകൊണ്ട്, പ്രാർത്ഥിച്ചുകൊണ്ട്

സ്നേഹത്തോടെ,



**Sr. Giles D M**
Superior General

www.malankaralibrary.com

# ആമുഖം

"അനേകർ അവന്റെ ജ്ഞാനത്തെ പുകഴ്ത്തും. അതൊരിക്കലും മാഞ്ഞുപോകുകയില്ല. അവന്റെ സ്മരണ അപ്രത്യക്ഷമാകുകയില്ല. അവന്റെ നാമം തലമുറകളിലൂടെ ജീവിക്കും. ജനതകൾ അവന്റെ വിജ്ഞാനം പ്രഘോഷിക്കും. സമൂഹം അവന്റെ സ്തുതി ഉദ്ഘോഷിക്കും. ദീർഘകാലം ജീവിച്ചിരുന്നാൽ ആയിരങ്ങളുടേതിനേക്കാൾ ശ്രേഷ്ഠമായ ഒരു നാമം അവൻ അവശേഷിപ്പിക്കും. അവൻ മരണമടഞ്ഞാലും അത് നിലനിൽക്കും" (പ്രഭാ. 39:9-11). കാലങ്ങൾ പിന്നിടുന്തോറും മേരിമക്കൾ സന്യാസിനി സമൂഹസ്ഥാപകനായ വന്ദ്യ മോൺ. ജോസഫ് കുഴിഞ്ഞാലിൽ അച്ചന്റെ ദൈവ വചനാനുസൃതമായ ജീവിതം കൂടുതൽ വ്യക്തമായി കാണുവാനും സ്വജീവിതത്തിൽ ഏറ്റുവാങ്ങി നിവർത്തിക്കുവാനും നമ്മൾ ജാഗരൂകരായിരിക്കണം. ദൈവമനുഷ്യബന്ധത്തിന്റെ ആഴങ്ങളിലേക്ക് കടന്നുചെന്ന് ദീപ്തമായ ആദ്ധ്യാത്മികതയിലൂടെ മലങ്കര കത്തോലിക്കാസഭയിൽ മിഷൻ പ്രവർത്തനത്തിന് ഉറപ്പുള്ള അടിസ്ഥാനമിട്ട ഒരു പ്രേഷിതവര്യനാണ് പ്രിയപ്പെട്ട വല്യച്ചൻ. വ്യക്തിജീവിതത്തിൽ അനുഭവിച്ചറിഞ്ഞ ദൈവസ്നേഹം തന്റെ സ്നേഹ ദൗത്യമായി- സുവിശേപ്രഘോഷണ ദൗത്യമായി ഏറ്റെടുത്ത് അനേകർക്ക് ആദ്ധ്യാത്മിക നവോത്ഥാനത്തിന്റെ പാത തെളിക്കുവാൻ അദ്ദേഹത്തിന് സാധിച്ചു.

അവൻ കരയ്ക്കിറങ്ങിയപ്പോൾ വലിയ ഒരു ജനക്കൂട്ടത്തെ കണ്ടു. അവരോട് അവന് അനുകമ്പ തോന്നി. കാരണം, അവർ ഇടയനില്ലാത്ത ആട്ടിൻപറ്റംപോലെ ആയിരുന്നു. അവൻ അവരെ പല കാര്യങ്ങളും പഠിപ്പിക്കാൻ തുടങ്ങി (മർക്കോ. 6:34). യേശുവിനുണ്ടായിരുന്ന ഈ അനുകമ്പ തന്റെ ഹൃദയത്തിൽ ഏറ്റുവാങ്ങി മാർത്താണ്ഡം കേന്ദ്രമാക്കി 50 വർഷക്കാലം മലങ്കരകത്തോലിക്കാസഭയെ ശുശ്രൂഷിക്കുവാൻ കഠിനാദ്ധ്വാനം ചെയ്ത വന്ദ്യ വൈദികനാണ് മോൺ. ജോസഫ് കുഴിഞ്ഞാലിൽ അച്ചൻ. 8 പതിറ്റാണ്ടു ദീർഘിച്ച ആ ധന്യജീവിതത്തിന്റെ 5 പതിറ്റാണ്ടും മാർത്താണ്ഡത്തിന്റെ ഭാഗമായാണ് ജീവിച്ചത്. വിശ്വാസവും വിശുദ്ധിയും ലാളിത്യവും വിനയവും പ്രേഷിതചൈതന്യവും കഠിനാദ്ധ്വാനവും ജീവിതശൈലിയായിരുന്നു.

www.malankaralibrary.com

അദ്ദേഹത്തെ നയിച്ച ഔദാര്യവും സ്നേഹവും ആത്മത്യാഗവും തനിമ നഷ്ടപ്പെടുത്താതെ കാത്തുസൂക്ഷിക്കുവാൻ പകർന്നുതന്ന സിദ്ധികളെ സജീവമാക്കി നിലനിർത്തുവാൻ ആത്മീയ തനയരായ നമ്മൾ ആത്മാവിനാൽ പ്രചോദിപ്പിക്കപ്പെടണം. ഈ ചെറു ധ്യാനഗ്രന്ഥത്തിലൂടെ നമ്മുടെ സ്ഥാപകപിതാവ് വരച്ചുകാട്ടിയ പ്രാർത്ഥനയും പ്രവർത്തനവും സമന്വയിപ്പിച്ച പ്രേഷിത ജീവിത മാതൃക നമുക്ക് ഒരു സാധനപാഠമാകേണ്ടതുണ്ട്.

വന്ദ്യ മോൺ. ജോസഫ് കുഴിഞ്ഞാലിൽ അച്ചന്റെ ക്രിസ്തുകേന്ദ്രീകൃതമായ ജീവിതാദർശങ്ങളിൽ നിന്നും ആശയങ്ങളിൽ നിന്നും ഉരുത്തിരിഞ്ഞ ആത്മീയ സൂക്തങ്ങളെക്കുറിച്ചുള്ള ധ്യാന ചിന്തകളാണ് ഈ ധ്യാനഗ്രന്ഥത്തിലുള്ളത്. അദ്ദേഹത്തിന്റെ ധന്യ ജീവിതത്തെക്കുറിച്ചുള്ള വിചിന്തനപ്രധാനമായ ഈ ധ്യാന ചിന്തകൾ നമ്മെ പരിവർത്തനത്തിലേക്കും സ്നേഹകൂട്ടായ്മയിലേക്കും ജീവിതസാക്ഷ്യത്തിലേക്കും നയിക്കണം. നമ്മുടെ സന്യാസമർപ്പണ ജീവിതം കൂടുതൽ അർത്ഥസമ്പുഷ്ടമാക്കുവാൻ, പ്രേഷിതപ്രവർത്തനങ്ങളെ ആധുനിക ഉൾകാഴ്ചയോടെ നോക്കികാണുവാൻ സ്ഥാപക പിതാവിന്റെ ജീവിതത്തിലൂടെ ധ്യാനാത്മകമായി കടന്നുപോകേണ്ടിയിരിക്കുന്നു.

നീതിയെ സ്നേഹിച്ച്, കളങ്കമെന്യേ കർത്താവിനെ ധ്യാനിച്ച്, നിർമ്മലതയോടെ അവിടുത്തെ ശുശ്രൂഷിച്ച് ജീവിതം ധന്യമാക്കിയ ഈ പുണ്യപുരുഷന്റെ പാവനമായ കബറിടത്തിൽ എഴുതിയിരിക്കുന്നതിങ്ങനെ: "നീതിമാന്മാരുടെ ആത്മാവ് ദൈവകരങ്ങളിലാണ്" (ജ്ഞാനം 3:1).

സ്ഥാപക പിതാവിന്റെ അദ്ധ്യാത്മിക സൂക്തങ്ങൾ ഓരോന്നും ധ്യാനിച്ച് ലഭിച്ച ഉൾക്കാഴ്ചകളും ആത്മീയ ബോധ്യങ്ങളും ധ്യാന ചിന്തകളായി അയച്ചുതരുവാൻ സന്മനസ്സുകാണിച്ച ഓരോരുത്തർക്കും നന്ദി രേഖപ്പെടുത്തുന്നു.

ഈ ധ്യാനഗ്രന്ഥം സന്തോഷപൂർവ്വം സ്വീകരിച്ച് വായിച്ച് പിതൃസ്നേഹവാത്സല്യങ്ങളോടെ ഇതിന് മകുടം ചാർത്തുന്ന വിധത്തിലുള്ള അനുഗ്രഹാശംസകൾ എഴുതിത്തന്ന മാവേലിക്കര രൂപതാദ്ധ്യക്ഷൻ ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവിന് ഹൃദയത്തിൽ തൊട്ട നന്ദി രേഖപ്പെടുത്തുന്നു.

www.malankaralibrary.com

ഈ ഗ്രന്ഥം എഡിറ്റ് ചെയ്യാനുള്ള ദൗത്യം ഞങ്ങളെ ഏൽപ്പിക്കുകയും ഹൃദ്യവും പ്രചോദനാത്മകവും അർത്ഥസമ്പുഷ്ടവുമായ ഒരു അവതാരിക എഴുതുകയും ചെയ്ത മേരിമക്കൾ സമൂഹത്തിന്റെ സുപീരിയർ ജനറൽ, ബഹു. മദർ ജയിൽസ് ഡി.എം. ന് ഹൃദയംഗമമായ കൃതജ്ഞത അർപ്പിക്കുന്നു.

ധ്യാനത്തിന്റെ കയ്യെഴുത്തു പ്രതികൾ ഓരോന്നും വായിച്ച് തിരുത്തലുകളും നിർദ്ദേശങ്ങളും നൽകിയ ഡോ. സി. മേരി പ്രസാദ് ഡി.എം. ഡോ. സി. സോഫിയാ പോൾ ഡി. എം. എന്നിവരോടുള്ള ഹൃദയപൂർവ്വകമായ നന്ദി അറിയിക്കുന്നു.

ഈ ഗ്രന്ഥത്തിന്റെ പ്രൂഫ് റീഡിങ് നടത്തി സഹായിച്ച സൂസൺ തോമസ് ടീച്ചറിനും, ഡി.റ്റി.പി., പ്രിന്റിംഗ് എന്നിവ ഭംഗിയായും കൃത്യസമയത്തും നിർവ്വഹിച്ചു തന്ന സെന്റ് മേരീസ് പ്രസ്സ് ജീവനക്കാർക്കും പ്രത്യേകിച്ച് ഡയറക്ടറായ റവ. ഡോ. ജോർജ്ജ് തോമസ് കൊച്ചുവിളയിൽ അച്ചനും നന്ദി പറയുന്നതിനോടൊപ്പം സ്ഥാപനത്തിന് വിജയാശംസകളും നേരുന്നു. ഈ ചെറുഗ്രന്ഥം വെളിച്ചം കാണുവാൻ സഹകരിച്ച എല്ലാവരേയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെയെന്ന പ്രാർത്ഥനയോടെ

**സെൻട്രൽ റിന്യൂവൽ ടീം**

www.malankaralibrary.com

www.malankaralibrary.com

## കൃതജ്ഞത

"കർത്താവിന് നന്ദി പറയുവിൻ. അവിടുന്ന് നല്ലവനാണ്. അവിടുത്തെ കാരുണ്യം അനന്തമാണ്" (സങ്കീ. 136:1). ഈ ഉദ്യമത്തിന് തുടക്കം കുറിക്കുവാനും പൂർത്തിയാക്കുവാനും നല്ല ദൈവം കനിഞ്ഞു നൽകിയ അനുഗ്രഹത്തിന്റെ മുമ്പിൽ ഞങ്ങളുടെ മനസ്സും ശിരസ്സും നമിക്കുന്നു.

നമ്മുടെ സ്ഥാപക പിതാവ് മോൺ. ജോസഫ് കുഴിഞ്ഞാലിൽ അച്ചന്റെ ആത്മീയ സൂക്തങ്ങളെക്കുറിച്ചുള്ള ധ്യാനം ദൈവവചനത്തിന്റെ അടിസ്ഥാനത്തിൽ കൂടുതൽ ജീവിതബന്ധിയാക്കുവാനുള്ള ഞങ്ങളുടെ എളിയ ആഗ്രഹത്തെയും പരിശ്രമത്തെയും പ്രോത്സാഹിപ്പിക്കുകയും സഹായിക്കുകയും ചെയ്ത ബഹു. മദർ ജനറൽ – മദർ ജയിൽസിനും ടീം അംഗങ്ങൾക്കും ഹൃദയത്തിൽതൊട്ട കൃതജ്ഞത. അതോടൊപ്പം ഈ ധ്യാനഗ്രന്ഥത്തിന്റെ രചനയ്ക്കുവേണ്ടി എല്ലാ സഹായസഹകരണങ്ങളും നൽകിയ പ്രൊവിൻഷ്യൽസ് ബഹു. മദർ റോസ് ഫ്രാൻസിസ് ഡി. എം., മദർ ലില്ലി തോമസ് ഡി. എം., മദർ ലിഡിയ ഡി. എം., മദർ റോസ്‌ലിൻ ഡി. എം., മദർ ശുഭാ തെരേസ് ഡി. എം., മദർ റീറ്റാ ജോസ് ഡി. എം. എന്നിവരോടും ടീം അംഗങ്ങളോടുമുള്ള ഞങ്ങളുടെ അകൈതവമായ നന്ദി രേഖപ്പെടുത്തുന്നു.

ചെറുപ്പം മുതലേ ദൈവത്തിനും ദൈവീക കാര്യങ്ങൾക്കും പ്രഥമ സ്ഥാനം നൽകി ജീവിക്കുവാൻ അഭ്യസിച്ചിരുന്നതുകൊണ്ട് ദൈവസാന്നിധ്യത്തിൽ ലയിച്ചിരിക്കുക വല്യച്ചന് എളുപ്പമായിരുന്നു. അദ്ധ്വാന പൂർണ്ണമായ മിഷൻ വേലയ്ക്ക് ശേഷവും രാത്രിയുടെ നീണ്ട യാമങ്ങളിൽ ധ്യാന നിമഗ്നനായി സകലതും യേശുവുമായി പങ്കുവച്ച് ശക്തിയും ഉന്മേഷവും പ്രാപിച്ചിരുന്ന വന്ദ്യതാതൻ ആർഭാടരഹിതമായ ജീവിതത്തിലൂടെ അത്ഭുതകരമായ നേട്ടങ്ങൾ കൈവരിച്ച അതിശയ മനുഷ്യനാണ്. മലങ്കര കത്തോലിക്കാസഭയിൽ മിഷൻ ചൈതന്യത്തിന്റെ പൊൻകൊടി പാറിക്കാൻ വല്യച്ചന് കഴിഞ്ഞു. ആ ധന്യാത്മാവിന്റെ ദൈവോന്മുഖമായ ജീവിതവും പ്രേഷിത ചൈതന്യവും ഈ ധ്യാനങ്ങളിലൂടെ സമൂഹാംഗങ്ങളിലേക്ക് അല്പമായെങ്കിലും പകരുവാൻ ഈ ചെറു ധ്യാനഗ്രന്ഥം സഹായകമാകുമെങ്കിൽ ഞങ്ങൾ കൃതാർത്ഥരായി. ദൈവവചനത്തിലും ദൈവപരിപാലനയിലും

www.malankaralibrary.com

അടിയുറച്ച നമ്മുടെ സ്ഥാപക പിതാവിന്റെ ജീവിതത്തിലേക്ക് ധ്യാനത്തിലൂടെ അല്പമായി ഒന്ന് എത്തിനോക്കുവാനേ ഞങ്ങൾക്ക് കഴിഞ്ഞിട്ടുള്ളൂ. ആ മഹത് വ്യക്തിത്വത്തിലെ തിളങ്ങുന്ന നിക്ഷേപങ്ങൾ വ്യക്തിപരമായി കൂടുതൽ ആഴത്തിൽ പഠിച്ചറിഞ്ഞ് ധ്യാനിച്ച് ജീവിതബന്ധിയാക്കി ദൈവാനുഭവത്തിന്റെ തലങ്ങളിലേക്ക് ആത്മീയ യാത്ര നടത്തുവാൻ ആത്മീയ സന്താനങ്ങളായ നമുക്ക് സാധിക്കട്ടെ യെന്ന് പ്രാർത്ഥിക്കുന്നു.

ഈ ധ്യാനഗ്രന്ഥത്തിനായി പ്രധാനമായും ഉപയോഗപ്പെടുത്തിയിരിക്കുന്ന ഉറവിടങ്ങൾ ബൈബിൾ, മോൺ. ജോസഫ് കുഴിഞ്ഞാലിൽ, കാരിസം തുടങ്ങിയ ഗ്രന്ഥങ്ങളാണ്.

ഒരിക്കൽ കൂടി കൃതജ്ഞതാ നിർഭരമായ ഹൃദയമോടെ ഈ "പിതൃധ്വനി" സമൂഹത്തിന്റെ മുമ്പിൽ സവിനയം സമർപ്പിക്കുന്നു. എല്ലാവരോടും നന്ദി മാത്രം മനസ്സിൽ!

എന്ന്,

രചയിതാക്കൾക്കുവേണ്ടി

സി. കാരുണ്യ ഡി. എം.

www.malankaralibrary.com

## ഉള്ളടക്കം


1. സ്വർഗ്ഗത്തിന്റെ മുന്നാസ്വാദനം ........ 17
Sr. Jessy Mathew DM - Mary Matha Province

2. ദൈവപരിപാലനയുടെ പ്രവാചകൻ ........ 23
Sr. Dr. Ancelet DM - St. Mary's Province

3. അക്ഷയനിധി ........ 27
Sr. Flower John DM - St. Joseph's Province

4. ദൈവം എന്റെ സർവ്വസ്വവും ........ 35
Sr. Rose Jacob DM - Christu Raja Province

5. ആഴങ്ങൾ തേടി ........ 41
Sr. Flower Therese DM - Christu Raja Province

6. ദൈവത്തിൽ സമ്പന്നൻ ........ 46
Sr. Roselin Naduvath DM - Mary Matha Province

7. മിഷനറിയുടെ വ്യക്തിമുദ്ര ........ 51
Sr. Sidhi Maria DM - Christu Raja Province

8. കരുണയുടെ അപ്പസ്തോലൻ ........ 57
Sr. Rejoice DM - St. Joseph's Province

9. നമുക്ക് വിധിക്കാതിരിക്കാം ........ 62
Sr. Jesmine Therese DM - Mary Matha Province

10. അനുഗ്രഹ വഴിയേ ........ 68
Sr. Carmel Jacob DM - Mary Matha Province

11. മിഴി തുറക്കുക ........ 72
Sr. Felcitta DM - St. Mary's Province

12. സത്യോപാസകൻ ........ 79
Sr. Cicily Joseph DM - Amala Province

13. നിർമ്മല മനഃസാക്ഷി ........ 83
Sr. Angel Therese DM - St. Joseph's Province

14. ദൈവപരിപാലനയിലുള്ള ആശ്രയം ........ 87
Sr. Therese Micheal DM. - Amala Province

www.malankaralibrary.com

15. നന്ദി : സമ്പന്നതയുടെ പര്യായം ............................................... 91
Sr. Prabha Therese DM - Amala Province

16. ജീവിതം ഒരു സ്തുതിഗീതം ............................................... 100
Sr. Akshaya DM - Christu Raja Province

17. മധുര ഭാഷണം ............................................... 104
Sr. Gladis DM - Amala Province

18. ക്ഷമ – ദൈവീകഭാവം ............................................... 109
Sr. Darsana Francis DM - Nirmala Province

19. കുറ്റം പറഞ്ഞ് കുറയാതെ, നന്മ പറഞ്ഞ് നിറയുക ................ 114
Sr. Mercy Thomas DM. - Nirmala Province

20. അത്യുന്നതന്റെ തണലിൽ ............................................... 120
Sr. Paulsy Augustine DM - St. Joseph's Province

21. ലക്ഷ്യത്തിലേക്കുള്ള പ്രയാണം ............................................... 125
Sr. Santhwana DM - Nirmala Province

22. ദൈവ സായൂജ്യം ............................................... 130
Sr. Jecintha DM - St. Mary's Province

23. കൈ പിടിച്ച് നടത്തുന്ന സ്നേഹം ............................................... 135
Sr. Mary Lissue DM - St. Mary's Province

24. സുവർണ്ണ സന്ദേശം ............................................... 142
Sr. Karunya DM - Nirmala Province

www.malankaralibrary.com

# 1

## സ്വർഗ്ഗത്തിന്റെ മുന്നാസ്വാദനം

**"സ്വയം ഇല്ലായ്മയാക്കി സർവ്വശക്തനായ ദൈവത്തിന് സമർപ്പിച്ച് അവിടുത്തെ ഇഷ്ടം നമുക്ക് ചെയ്യാം, അവിടുത്തെ കരം അർപ്പിതരായ നമ്മോടുകൂടിയുള്ളപ്പോൾ ഒന്നിനേയും ഭയപ്പെടേണ്ട തില്ല. മാത്രമല്ല കർത്താവിന്റെ സന്തോഷം നമ്മിൽ ആയിരിക്കുകയും നമ്മുടെ സന്തോഷം പൂർണ്ണമാവുകയും ചെയ്യും. സദാ അവിടുത്തെ ഇഷ്ടം നിർവ്വഹിച്ചുകൊണ്ട് വരുവാനുള്ള നിത്യഭാഗ്യത്തിന്റെ പ്രതീകമായ സമാധാനവും സന്തോഷവും നമുക്കനുഭവിക്കാം".**

**ധ്യാന പശ്ചാത്തലം**

നമ്മുടെ ആത്മശരീര മാനസങ്ങളെ ഏകാഗ്രതയിലേക്കും പ്രശാന്തതയിലേക്കും ദൈവീക സാന്നിധ്യത്തിലേക്കും കൊണ്ടുവരാം. ഞാനും ദൈവവും മാത്രമായിരിക്കുന്നതിന്റെ മാധുര്യം ആസ്വദിക്കാം. ഞാൻ ആയിരിക്കുന്നതുപോലെ എന്നെ അറിയുന്ന, മനസിലാക്കുന്ന, സ്നേഹിക്കുന്ന ദൈവപിതാവിന്റെ കരങ്ങളിൽ എന്റെ കഴിവുകൾ, നേട്ടങ്ങൾ, നന്മകൾ, കുറവുകൾ, ബലഹീനതകൾ, പോരായ്മകൾ, വിചാരവികാരങ്ങൾ എല്ലാം സമർപ്പിച്ച് അവിടുത്തെ തിരുരക്തത്താൽ കഴുകി വിശുദ്ധീകരിക്കണമേയെന്ന് പ്രാർത്ഥിക്കാം. ഈ ധ്യാനനിമിഷങ്ങളെ അവിടുത്തെ അനുഗ്രഹ ആശീർവാദങ്ങൾക്കായി സമർപ്പിക്കാം. അങ്ങയുടെ സ്നേഹത്തിന്റെ അരൂപിയെ നവമായി ഞങ്ങളിലേക്കയച്ച് ഹൃദയങ്ങളെ സ്നേഹപൂരിതമാക്കുവാനായി പ്രാർത്ഥിക്കാം.

ജീവിക്കും ദൈവത്തിന്നരൂപിയേ
നവ്യമായെന്നിൽ പതിക്കേണമേ
ഉരുക്കിയെന്നെ നീ വാർത്തെടുക്കൂ
സ്നേഹം നിറച്ചു നീ ഉപയോഗിക്കൂ (2)

**സൂക്തസന്ദേശം**

സ്വയം ഇല്ലായ്മയാക്കി സർവ്വശക്തനായ ദൈവത്തിന് സമർപ്പിച്ച് അവിടുത്തെ ഇഷ്ടം നമുക്ക് ചെയ്യാം. അവിടുത്തെ കരം അർപ്പിതരായ നമ്മോടു കൂടെയുള്ളപ്പോൾ ഒന്നിനേയും ഭയപ്പെടേണ്ട

www.malankaralibrary.com



തില്ല. മാത്രമല്ല കർത്താവിന്റെ സന്തോഷം നമ്മിലായിരിക്കുകയും നമ്മുടെ സന്തോഷം പൂർണ്ണമാവുകയും ചെയ്യും. സദാ അവിടുത്തെ ഇഷ്ടം നിർവഹിച്ചുകൊണ്ട് വരാനുള്ള നിത്യഭാഗ്യത്തിന്റെ പ്രതീകമായ സമാധാനവും സന്തോഷവും നമുക്കനുഭവിക്കാം.

സ്വയം ശൂന്യമാക്കി ദൈവഹിതാനുവർത്തികളായി ജീവിക്കുന്ന അർപ്പിതരായ നാം ആരേയും ഒന്നിനേയും ഭയപ്പെടേണ്ടതില്ലെന്നും, തിരുഹിതനിർവ്വഹണത്തിലൂടെ കർത്താവിന്റെ സന്തോഷം നമ്മിൽ സംജാതമാകുകയും നമ്മുടെ സന്തോഷം പൂർണ്ണമാകുകയും അതു വഴി നിത്യസൗഭാഗ്യത്തിന്റെ പ്രതീകമായ സമാധാനവും സന്തോഷവും ഈ ലോകത്തിൽ വച്ചു തന്നെ നമുക്കനുഭവേദ്യമാകുകയും ചെയ്യും എന്നതാണല്ലോ ഈ സൂക്തസന്ദേശത്തിന്റെ കാതൽ നിന്റെ ദേശത്തേയും ബന്ധുക്കളേയും പിതൃഭവനത്തേയും വിട്ട് ഞാൻ കാണിച്ചു തരുന്ന നാട്ടിലേക്ക് പോവുക (ഉല്പ. 12:1) എന്ന ദൈവതിരുമനസ്സ് സ്വീകരിച്ച വിശ്വാസികളുടെ പിതാവായ അബ്രഹാത്തെപ്പോലെ ദൈവീകാഹ്വാനം സ്വീകരിച്ച് ദൈവീക പദ്ധതിയോട് സജീവമായി സഹകരിച്ച പുണ്യപുരോഹിതനാണ് മേരിമക്കൾ സമൂഹസ്ഥാപകനായ വന്ദ്യ. മോൺ. ജോസഫ് കുഴിഞ്ഞാലിൽ. സമ്പൽസമൃദ്ധിയുടെയും സ്ഥാനങ്ങളുടെയും സ്വദേശത്തിന്റെയും സ്വന്തബന്ധങ്ങളുടെയും സുരക്ഷിതത്വം ഉപേക്ഷിച്ചാൽ മാത്രമേ തിരുഹിതാനുസരണം ജീവിക്കുവാൻ സാധിക്കുകയുള്ളൂവെന്ന് വല്യച്ചന്റെ ജീവിതം സാക്ഷിക്കുന്നു. "മിഷൻ നടത്താനുള്ള ചിന്തയാണ് വസ്തുവും നിലവും എന്നെക്കൊണ്ട് വാങ്ങിപ്പിച്ചത്. ഒരു സെന്റ് ഭൂമിയും, ഒരു രൂപായും എന്റേതായി സമ്പാദിക്കുകയില്ലെന്ന് ശപഥം ചെയ്തുകൊണ്ടാണ് ഞാൻ സെമിനാരിയിർ നിന്നിറങ്ങിയത്. എല്ലാം ഉപേക്ഷിച്ചവന്, മറ്റുള്ളവർക്കു വേണ്ടി ഉപയോഗിക്കുവാൻ, ഉപേക്ഷിച്ചതിന്റെ അനേകമടങ്ങ് നൽകി ദൈവം അനുഗ്രഹിച്ചു. തന്റെ ആരോഗ്യവും സമയവും കഴിവും ബുദ്ധിയും ചിന്തയുമെല്ലാം ഉപയോഗിച്ചത് ദൈവമഹത്വത്തിനായും ദൈവജനത്തിന്റെ നന്മയ്ക്കുമായിട്ടാണ്. ലഭിച്ച ഒരവസരവും പാഴാക്കാതെ ദൈവജനത്തിന്റെ നന്മയ്ക്കായി ജീവിച്ചു എന്ന് ആരേക്കുറിച്ച് പറയുന്നുവോ അയാൾ സമാധാനത്തിന്റെ പുത്രനല്ലേ? ഈ ലോകത്തിലേറ്റവും വലിയ സമ്പത്താണ് സന്തോഷവും സമാധാനവും. അത് കിട്ടാനുള്ള മാർഗ്ഗം ദൈവതിരുമനസ്സ് പ്രാർത്ഥനയിലൂടെ തിരിച്ചറിഞ്ഞ്

www.malankaralibrary.com



പ്രവർത്തിക്കുകയാണെന്ന് ആ വത്സലപിതാവ് ആത്മീയമക്കളായ നമ്മെ സ്വജീവിതം കൊണ്ട് പഠിപ്പിച്ചു. നമ്മൾ സമാധാനകാംക്ഷികളോ? അതോ സംഘർഷപ്രിയരോ?

ദൈവത്തിന്റെ രൂപത്തിലായിരുന്നെങ്കിലും അവൻ ദൈവവുമായുള്ള സമാനത നിലനിർത്തേണ്ട ഒരു കാര്യമായി പരിഗണിച്ചില്ല. തന്നെത്തന്നെ ശൂന്യനാക്കിക്കൊണ്ട് ദാസന്റെ രൂപം സ്വീകരിച്ച് മനുഷ്യരുടെ സാദൃശ്യത്തിൽ ആയിത്തീർന്ന്, ആകൃതിയിൽ മനുഷ്യനെപ്പോലെ കാണപ്പെട്ടു. മരണംവരെ - അതേ കുരിശുമരണം വരെ- അനുസരണയുള്ളവനായിതന്നെത്തന്നെ താഴ്ത്തി (ഫിലി. 2:6-8). ദൈവഹിതം നിറവേറ്റുന്നതിന് ദൈവീക പദ്ധതിയോട് സഹകരിക്കുന്നതിന് സ്വയം ശൂന്യവൽക്കരണത്തിലേക്കുള്ള സമ്പൂർണ്ണ സമർപ്പണം ആവശ്യമാണെന്ന് വല്യച്ചന് നല്ലബോധ്യമുണ്ടായിരുന്നു. ദൈവഹിതത്തിന്റെ ചാനൽ സഭാധികാരികളിലൂടെയാണ് തന്നിലേക്ക് ഒഴുകിയിറങ്ങുന്നതെന്ന് ആ ധന്യാത്മാവ് വിശ്വസിച്ചു. സഭാധികാരികളോടുള്ള സ്നേഹവും ആദരവും ബഹുമാനവും വിധേയത്വവും നിരുപാധിക അനുസരണവും ആ വ്യക്തിപ്രഭാവത്തിന്റെ പ്രത്യേകതകൾ ആയിരുന്നു. ദൈവദാസൻ മാർ ഈവാനിയോസ് പിതാവിനോടുള്ള ബഹുമാനത്തിലും നിരുപാധികമായ അനുസരണയിലും അദ്ദേഹം എല്ലാവർക്കും മാതൃകയായിരുന്നു. "പിതാവ് എന്ത് പറയുന്നുവോ അത് ഞാൻ ചെയ്യും" എന്ന് പല സാഹചര്യങ്ങളിലും അച്ചൻ തറപ്പിച്ച് പറയുമായിരുന്നു. കുരിശോളം അനുസരിച്ച ഈശോയുടെ മാതൃക സ്വജീവിതത്തിൽ പകർത്തുവാൻ ഈ അനുസരണം കാരണമായി. അധികാരികളുടെ അനുഗ്രഹാശിസ്സുകളോടെ കൈവച്ചമേഖലകളിലെല്ലാം നൂറുമേനി ഫലം കൊയ്ത വല്യച്ചന്റെ നേട്ടത്തിന്റെ ഓരോ മുഹൂർത്തത്തിലും സഭയോടും സഭാധികാരികളോടുമുള്ള സ്നേഹവും കൂറും വിനീതമായ അനുസരണവും ആവർത്തിച്ച് ഉറപ്പിക്കപ്പെട്ടു. ഒന്നുമില്ലായ്മയിൽ നിന്ന് മേരിമക്കൾ സമൂഹത്തിന് രൂപവും ഭാവവും നല്കി ജന്മമേകിയത് വല്യച്ചന്റെ ദൈവീകനേട്ടങ്ങളുടെ സ്നേഹസ്മാരകമായി വിരാജിക്കുന്നു.

സദാ അവിടുത്തെ ഇഷ്ടം നിർവഹിച്ചുകൊണ്ട് വരുവാനുള്ള നിത്യഭാഗ്യത്തിന്റെ പ്രതീകമായ സമാധാനവും സന്തോഷവും നമുക്കനുഭവിക്കാം എന്നുള്ള ജ്ഞാനസൂക്തം ആത്മീയ മക്കളായ നമ്മുടെ

www.malankaralibrary.com



മനസ്സിന്റെ ചെപ്പിൽ സൂക്ഷിക്കാം. സമാധാനം സ്ഥാപിക്കുന്നവർ അനുഗ്രഹീതരാണെന്നും അവർ ദൈവമക്കൾ എന്ന് വിളിക്കപ്പെടുമെന്നുമുള്ള തിരുവചനം വല്യച്ചൻ സ്വജീവിതത്തിലൂടെ പ്രാവർത്തികമാക്കി കാണിച്ചുതന്നു. സഭയുടെയും സമൂഹത്തിന്റെയും സുസ്ഥിതിക്കും സമാധാനത്തിനുംവേണ്ടി പരിശ്രമിച്ചു. ഭിന്നത അവസാനിപ്പിച്ച് രമ്യത കൈവരുത്തുവാനും ശത്രുതയും ഭിന്നതയും ഉള്ളിടത്ത് ഐക്യവും ക്രമവും സ്ഥാപിക്കുവാനും അദ്ദേഹം ഉൽസുകനായിരുന്നു. ഈ ഭൂമിയിൽ സ്വർഗ്ഗത്തിന്റെ മുന്നനുഭവം ദിവ്യസാന്നിധ്യത്തിൽ അച്ചൻ രുചിച്ചറിഞ്ഞു. മണിക്കൂറുകൾ വി. കുർബാനയുടെ മുമ്പിൽ മുട്ടുകുത്തി ആരാധിച്ചും കൃതജ്ഞതാ സ്തോത്രം ചെയ്തും സഹായങ്ങൾ അഭ്യർത്ഥിച്ചും പരിഹാരം അനുഷ്ഠിച്ചുമാണ് അദ്ദേഹം വിശ്വസ്തനും വിശുദ്ധനുമായ ഒരു പുരോഹിതനും മിഷനറിയുമായത, കരുത്തനായ വചനപ്രഘോഷിതനായത്, സുവിശേഷ സാക്ഷിയായത്. ആത്മീയ പുത്രിമാരായ നമ്മുടെയിടയിൽ സമാധാനവും സന്തോഷവും നിലനിൽക്കണമെന്നത് നമ്മുടെ താതന്റെ സ്വപ്നമല്ലേ? എന്റെ സമൂഹജീവിതത്തിലും പ്രേഷിത പ്രവർത്തനരംഗങ്ങളിലും ഈ സ്വപ്നം ഞാൻ സാക്ഷാത്ക്കരിക്കുമോ? ഈ ലോകം സ്വർഗ്ഗരാജ്യത്തിന്റെ മുന്നാസ്വാദന മാണല്ലോ.

നമ്മുടെ സ്ഥാപക പിതാവ് എപ്പോഴും ഏതു സാഹചര്യത്തിലും സന്തോഷവാനായിരുന്നു. അദ്ദേഹത്തിന്റെ സന്തോഷം ലൗകീകവും ബാഹ്യവുമായ ഘടകങ്ങളെ ആശ്രയിച്ചായിരുന്നില്ല നിലകൊണ്ടത്. “മനുഷ്യർ നിങ്ങളുടെ നല്ല പ്രവൃത്തികൾ കണ്ട് സ്വർഗ്ഗത്തിലുള്ള നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തുന്നതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുന്നിൽ പ്രകാശിക്കട്ടെ” (മത്താ. 5:16). പലപ്പോഴും ആവർത്തിച്ചിട്ടുള്ള ഈ തിരുവചനം അദ്ദേഹം ജീവിത ശൈലിയാക്കിയിരുന്നു. നല്ല പ്രവൃത്തികളിലൂടെ ദൈവപിതാവിനെ മഹത്വപ്പെടുത്തിയ വല്യച്ചൻ ആത്മീയ സന്തോഷം ആവോളം അനുഭവിച്ചു ജീവിച്ചു. ഈ ലോകത്തിൽ നന്മ പ്രവൃത്തികളിലൂടെ ദൈവത്തെ മഹത്വപ്പെടുത്തി ജീവിക്കണമെന്ന് നമ്മെ പഠിപ്പിച്ച താതൻ വീണ്ടും പറയുന്നു. “അദ്ധ്വാനിക്കണം, അത് പ്രകൃതി നിയമമാണ്. ഈ പ്രകൃതി നിയമത്തിലാണ് പ്രസാദവരം പടുത്തുയർത്തേണ്ടത്. ആരുടേയും മുന്നിൽ തലകുനിക്കാതെ, കൈനീട്ടാതെ നമ്മുടെ ജീവിത സാഹചര്യങ്ങളെ ക്രമീകരിക്കാം,

www.malankaralibrary.com




സുഖകരമാക്കാം. അധ്വാനത്തെ സ്നേഹിക്കുക. മനസ്സിന് സുഖവും സന്തോഷവും ശരീരത്തിന് ആരോഗ്യവും വർദ്ധിക്കും". തന്റെ ജീവിതത്തേയും ജീവിതാനുഭവങ്ങളേയും ഉൾക്കരുത്തോടെ നേരിട്ട് ദൈവാഭിമുഖമായ ജീവിതം നയിച്ചു. സംഘർഷപൂരിതമായ സാഹചര്യങ്ങളിലും പ്രശ്ന കലുഷിതമായ സംഭവങ്ങളിലും സന്തോഷത്തോടെ ജീവിക്കാൻ സാധിച്ചത് അദ്ദേഹത്തിന്റെ ദൈവാശ്രയത്തിന്റെ പ്രതിഫലനമാണ്. വിമർശനങ്ങളുടെയും എതിർപ്പുകളുടെയും പീഡനങ്ങളുടെയും മധ്യേ ആത്മാവിൽ ആനന്ദിച്ച് യേശുനാഥന്റെ വചസ്സുകൾ ധ്യാനവിഷയമാക്കി ജീവിച്ചതിന്റെ സാക്ഷ്യം.

**ആത്മഭാഷണം**

നാഥാ, നിത്യഭാഗ്യത്തിന്റെ പ്രതീകമായ സന്തോഷവും സമാധാനവും ഈ ലോകത്തിൽ വച്ചുതന്നെ അനുഭവിക്കുവാൻ ഈ പാവനമായ ജീവിതാന്തസ്സിലേക്ക് എന്നെ പ്രവേശിപ്പിച്ചതിന് ഞാൻ അങ്ങേയ്ക്ക് നന്ദി പറയുന്നു. എന്നാൽ അങ്ങേയ്ക്ക് അർപ്പിക്കപ്പെട്ട ഞാൻ അങ്ങയുടെ ഹിതം നേടാതെ എന്റേതായ താല്പര്യങ്ങൾക്കനുസരിച്ച് ജീവിച്ച നിമിഷങ്ങൾ ഓർക്കുന്നു. എന്നിലൂടെ പൂർത്തീകരിക്കാൻ അങ്ങ് നിശ്ചയിച്ച പദ്ധതികളോട് സഹകരിക്കാതെ എന്റേയും അനേകരുടേയും രക്ഷയ്ക്ക് തടസം സൃഷ്ടിച്ച സാഹചര്യങ്ങളെ അനുതാപത്തോടെ അനുസ്മരിക്കുന്നു. അനുതപിക്കുന്ന പാപിയെ വാരിപുണരുന്ന അവിടുത്തെ കാരുണ്യം എന്റേയും ഞാൻ നഷ്ടമാക്കിയ സാഹചര്യങ്ങളുടെയും മേൽ വർഷിക്കണമേ. എന്റെ പേരിനും പ്രശ്സ്തിക്കും, സുഖത്തിനും, സന്തോഷത്തിനും ഞാൻ പ്രാധാന്യം നൽകുമ്പോൾ എന്നിൽ ഞാൻ വളരുകയും അങ്ങ് കുറയുകയുമാണെന്ന് എനിക്ക് ബോധ്യമായി. ജീവിതത്തിലെ ചെറുതും വലുതുമായ എല്ലാ വെല്ലുവിളികളുടെ മുമ്പിലും തെറ്റിദ്ധാരണകളുടെ സമയങ്ങളിലും പ്രതിസന്ധികളുടെ നടുവിലും സന്തോഷ പൂർണ്ണമായ, സമാധാനപരമായ അർപ്പിത ജീവിതം നയിക്കുവാൻ എന്നെ ശക്തിപ്പെടുത്തി അനുഗ്രഹിക്കണേ.

മകളേ, നിഷേധാത്മകമായ എല്ലാ ചിന്തകളും നിന്നിൽ നിന്നകറ്റി പകരം സമാധാനവും സന്തോഷവും സംതൃപ്തിയും പ്രത്യാശയും കൊണ്ട് നിന്റെ ഹൃദയത്തെ ഞാൻ നിറയ്ക്കുന്നു. നിന്റെ ജീവിതം സന്തോഷം നിറഞ്ഞതാക്കാൻ നിനക്ക് മാത്രമേ കഴിയൂ. ദൈവവചന

www.malankaralibrary.com



ങ്ങളുടെ പൊരുളറിഞ്ഞ് എന്റെ തിരുമുമ്പിലിരുന്ന് നിന്റെ മനസ്സിനെ പാകപ്പെടുത്തി ദൈവീക സന്തോഷം കൊണ്ട് നിറയ്ക്കുക.

ദൈവസാന്നിധ്യത്തിൽ ലയിക്കുന്നു. അവിടുത്തെ സമാധാനവും സന്തോഷവും എന്റെ ഹൃദയത്തിൽ നിറയുന്നത് അനുഭവിക്കുന്നു.

**പ്രായോഗികതീരുമാനം**

എന്റെ അധികാരികളെ ദൈവത്തിന്റെ പ്രതിനിധികളായി കണ്ട് സന്തോഷത്തോടെ ഞാൻ അനുസരിക്കും.

**അനുസ്മരണവാക്യം**

“നിങ്ങൾ എപ്പോഴും നമ്മുടെ കർത്താവിൽ സന്തോഷിക്കുവിൻ. ഞാൻ വീണ്ടും പറയുന്നു നിങ്ങൾ സന്തോഷിക്കുവിൻ” (ഫിലി. 4:4).

www.malankaralibrary.com

# 2

## ദൈവപരിപാലനയുടെ പ്രവാചകൻ

**"ആകാശം ഇടിഞ്ഞു വീണാലും ദൈവം അറിയാതെ ഒന്നും സംഭവിക്കുകയില്ല".**

**ധ്യാനപശ്ചാത്തലം:**

പ്രപഞ്ചത്തെ മുഴുവൻ നിയന്ത്രിക്കുകയും നയിക്കുകയും ചെയ്യുന്ന, എല്ലാം കാണുകയും അറിയുകയും ചെയ്യുന്ന ദൈവമായ കർത്താവിന്റെ തിരുസാന്നിധ്യം അനുഭവിക്കുവാനായി ആന്തരിക നേത്രങ്ങൾ നമുക്ക് തുറക്കാം. "നിന്റെ ഹൃദയത്തെ ജാഗ്രതയോടെ കാത്തു സൂക്ഷിക്കുക. ജീവന്റെ ഉറവകൾ അതിൽ നിന്നാണ് ഒഴുകുന്നത്" (സുഭാ. 4:23). ജീവന്റെ ഉറവകൾ ഹൃദയത്തിൽ നിന്ന് ഒഴുകാൻ തക്കവിധം നമ്മുടെ ഓർമ്മ, ഭാവന, ബുദ്ധി, മനസ്സ്, ഹൃദയം എല്ലാം നമുക്ക് സ്വസ്ഥമാക്കാം. അവിടുത്തെ ദിവ്യപ്രകാശം നമ്മിൽ നിറയുവാൻ പ്രാർത്ഥിക്കാം. ആ ദിവ്യപ്രകാശം നമ്മുടെ ആന്തരിക നേത്രങ്ങൾക്ക് പ്രകാശമേകട്ടെ. പ്രിയപ്പെട്ട സ്ഥാപക പിതാവിനെപ്പോലെ ദൈവപരിപാലനയുടെ പ്രവാചക ശബ്ദമായി മാറുവാനുള്ള കൃപ പരിശുദ്ധാത്മാവായ ദൈവമേ, എന്നിലേക്ക് ഒഴുക്കിയിറക്കിയാലും.

ആത്മാവേ പരിശുദ്ധാത്മാവേ (2)
എൻ ഹൃദയത്തിൽ വാഴും ആത്മാവേ
നിറയണമേ എന്നിൽ നിറയണമേ
ജീവജാലത്തിൻ അരൂപിയായ്
നിറഞ്ഞു കവിഞ്ഞൊഴുകണമെ
സ്നേഹാഗ്നി ജ്വാലയായ് എന്നിൽ
കത്തി പടരണമേ (ആത്മാവേ)

**സൂക്തസന്ദേശം**

"ആകാശം ഇടിഞ്ഞു വീണാലും ദൈവം അറിയാതെ ഒന്നും സംഭവിക്കുകയില്ല" ദൈവപരിപാലനയിൽ അടിയുറച്ചു വിശ്വസിച്ച സ്ഥാപകപിതാവ് തന്റെ ആത്മീയതനയർക്ക് പരിപാലനാത്മകമായ സ്നേഹത്തിന് സ്വയം കയ്യാളിക്കുവാൻ ഈ ജ്ഞാനസൂക്തം ചാലക ശക്തിയായി നിലകൊള്ളുന്നു.

www.malankaralibrary.com





വി. ലൂക്കോസിന്റെ സുവിശേഷം 6-ാം അദ്ധ്യായം 25 മുതൽ 34 വരെയുള്ള തിരുവചനങ്ങൾ നമ്മോടു പറയുന്നു: എന്തു ഭക്ഷിക്കും എന്തു പാനം ചെയ്യും എന്ന് ജീവിനെക്കുറിച്ചോ, എന്ത് ധരിക്കും എന്ന് ശരീരത്തെക്കുറിച്ചോ, നിങ്ങൾ ഉത്കണ്ഠാകൂലരാകേണ്ട.... നിങ്ങൾക്ക് ഇവയെല്ലാം ആവശ്യമാണെന്ന് നിങ്ങളുടെ സ്വർഗ്ഗീയ പിതാവ് അറിയുന്നു. നിങ്ങൾ ആദ്യം അവിടുത്തെ രാജ്യവും അവിടുത്തെ നീതിയും അന്വേഷിക്കുക. അതോടൊപ്പം മറ്റുള്ളവയെല്ലാം നിങ്ങൾക്ക് ലഭിക്കും. അതിനാൽ നാളെയെക്കുറിച്ച് നിങ്ങൾ ആകുലരാകരുത്. ഈ തിരുവചസുകൾ പ്രിയപ്പെട്ട വല്യച്ചന്റെ ജീവിതബന്ധിയും ജീവിതശൈലിയുമായിരുന്നു.

സാധാരണ മനുഷ്യജീവിതത്തിലെ കരുതലുകളേയും ഉത്കണ്ഠകളേയും കുറിച്ചാണ് യേശു തിരുവചനത്തിലൂടെ നമ്മെ പഠിപ്പിക്കുന്നത്. ദൈനംദിന ജീവിതാവശ്യങ്ങളെക്കുറിച്ച് ചിന്തിച്ചും ആകുലചിത്തരായുമിരിക്കുന്നതിൽ അർത്ഥമില്ലെന്ന യേശുവിന്റെ പ്രബോധനം വല്യച്ചൻ തന്റെ ജീവിതത്തിൽ സാർത്ഥമാക്കി. ആകാശത്തിലെ പറവകളെ തീറ്റിപ്പോറ്റുന്നതും വയലിലെ ലില്ലികളെ നയനമനോഹരമായ പുഷ്പങ്ങൾകൊണ്ട് അണിയിച്ചൊരുക്കുന്നതും ദൈവമാണെന്നും പ്രപഞ്ചത്തിൽ ദൃശ്യമാകുന്ന ഈ ദിവ്യപരിപാലനയിൽ അടിയുറച്ച് വിശ്വസിച്ചുകൊണ്ട് മുന്നേറുവാൻ വല്യച്ചന് സാധിച്ചു. അനാവശ്യ ഉത്കണ്ഠകളിലും ഭൗതികസമ്പത്തിന്റെ സുരക്ഷിതത്ത്വത്തിലും തന്റെ ആത്മീയ മക്കൾ മയങ്ങിപ്പോകരുതെന്നും ദൈവത്തിന്റെ സംരക്ഷണയിലും പരിപാലനാത്മക സ്നേഹത്തിലും പരിപൂർണ്ണ ആശ്രയമർപ്പിക്കണമെന്നും വല്യച്ചന് നിർബന്ധമുണ്ടായിരുന്നു. ക്ഷണികവും നശ്വരവുമായ ഈ ലോകത്തിലെ കാര്യങ്ങൾപോലും ദൈവം സംരക്ഷിക്കുമെങ്കിൽ തന്റെ സ്വന്തം മക്കളെ കരുതലോടെ, കാരുണ്യത്തോടെ, വാത്സല്യത്തോടെ പരിരക്ഷിക്കുമെന്ന് തിരുവചനാടിസ്ഥാനത്തിൽ വല്യച്ചന് ഉറപ്പായിരുന്നു.

നമ്മുടെ വത്സലതാതന്റെ വ്യക്തി ജീവതത്തിലേക്ക് കണ്ണോടിക്കുമ്പോൾ ലൗകിക കാര്യങ്ങൾക്ക് അദ്ദേഹം അമിത പ്രാധാന്യം കൊടുത്തിട്ടില്ല എന്നത് വ്യക്തമാണ്. ദൈവരാജ്യത്തേയും അവിടുത്തെ നീതിയേയും കുറിച്ചായിരുന്നു താതന്റെ നിരന്തര ചിന്തയും ധ്യാനവും അന്വേഷണവും. തന്റെ ജീവിതത്തിന്റെ സമസ്തമേഖലകളിലും ആഴമായ ദൈവവിശ്വാസവും ദൈവാശ്രയബോധവും കൈമുതലാക്കി ജീവിച്ച വല്യച്ചന് ജീവിത പ്രതിസന്ധികളിൽ നിർഭയനായി മുന്നേറുവാൻ

www.malankaralibrary.com



സാധിച്ചു. ഒന്നുമില്ലായ്മയിൽ നിന്ന് ദൈവംതന്നിലൂടെ പിറവി കൊടുത്ത മേരിമക്കൾ സമൂഹത്തിന്റെ നിലനിൽപ്പുതന്നെ ചോദ്യം ചെയ്യപ്പെട്ട അവസരത്തിൽ 'ഇത് ദൈവത്തിന്റെ പദ്ധതിയാണെങ്കിൽ അവിടുന്ന് അത് പൂർത്തിയാക്കിക്കൊള്ളും' എന്നു പറഞ്ഞ് തനിക്ക് സ്വന്തമായി ഒന്നും ചെയ്യാനാവില്ലെന്നും ദൈവം തന്നെ സ്വന്തമാക്കി അവിടുത്തെ പദ്ധതി തന്നിലൂടെ സാക്ഷാത്ക്കരിക്കുന്നു എന്നുമുള്ള തിന്റെ തെളിമയാർന്ന വചസ്സുകളല്ലേ ഇത്? പ്രതിസന്ധിയുടെ നടുവിലും അസാമാന്യ ആത്മധൈര്യത്തോടെ നിൽക്കുന്ന വല്യച്ചന്റെ വ്യക്തിത്വം! ഇതിന്റെ കാരണം ദൈവത്തിന്റെ അനന്തപരിപാലനയി ലുള്ള അചഞ്ചലവിശ്വാസമല്ലാതെ മറ്റെന്താണ്? ദൈവത്തോടു ചേർന്ന് അവിടുത്തെ ഹിതം നിറവേറ്റി ജീവിക്കുമ്പോൾ നമ്മുടെ ജീവിതത്തിൽ സംഭവിക്കുന്ന സകലതും ദൈവം അനുവദിക്കുന്നവയും ദൈവീക പദ്ധതിയുടെ ഭാഗവുമാണ് എന്ന ഉറച്ചബോധ്യത്തോടെ ജീവിക്കാനുള്ള കരുത്ത് ലഭിക്കുമെന്ന് ഈ വചസ്സുകൾ മക്കളായ നമ്മെ അനുസ്മരി പ്പിക്കുന്നു.

അനുദിന ജീവിതസംഭവങ്ങൾ പ്രതികൂലമായി അനുഭവപ്പെട്ട പ്പോൾ, പ്രതീക്ഷകളും അദ്ധ്വാനങ്ങളും തകർന്നടിയുന്നതായി തോന്നി യപ്പോൾ, സാഹചര്യങ്ങൾക്ക് അതീതമായി പ്രവർത്തിക്കാൻ എല്ലാറ്റി നേയും നന്മയാക്കി, അനുഗ്രഹമാക്കി മാറ്റുന്നവൻ കൂടെയുണ്ടെന്ന് അവിടുന്നറിയാതെ യാതൊന്നും സംഭവിക്കുകയില്ലെന്നും അടിയുറച്ച് വിശ്വസിച്ച് അതിനനുസൃതമായി തന്റെ ജീവിതത്തെ പരിപാലനാത്മ കമായ സ്നേഹത്തിന്റെ നിറവിലേക്ക് വിട്ടുകൊടുത്ത നമ്മുടെ വത്സ ലതാതനാണ് മോൺ. ജോസഫ് കുഴിഞ്ഞാലിൽ. ക്രിസ്തുവിൽ വ്യക്തമാക്കിയ തന്റെ അഭീഷ്ടമനുസരിച്ച് തന്റെ പദ്ധതിയുടെ രഹസ്യം നമുക്ക് മനസ്സിലാക്കിത്തന്നു. ഇത് കാലത്തിന്റെ പൂർണ്ണത യിൽ സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള എല്ലാറ്റിനേയും ക്രിസ്തുവിൽ ഒന്നിപ്പിക്കുന്നതിനുവേണ്ടിയത്രേ (എഫേ. 1:9, 10).

**ആത്മഭാഷണം**

സ്നേഹസമ്പന്നനായ ദൈവമേ, അങ്ങയുടെ പരിപാ ലനാവൈഭവത്തിന്റെ പ്രവാചകനായി ഈ ലോകത്തിൽ ജീവിച്ച് ഞങ്ങൾക്ക് സാക്ഷ്യം നൽകിയ വല്യച്ചന്റെ തുറന്ന പുസ്തകം പോലെ യുള്ള ജീവിതത്തിന്റെ മുമ്പിലിരുന്നുകൊണ്ട് എന്റെ കൊച്ചു ജീവിതത്തെ ഞാനൊന്നു കാണട്ടെ.

www.malankaralibrary.com



ജനനം മുതൽ ഇന്നുവരെയുള്ള എന്റെ ഭൗമിക ജീവിതത്തിൽ, ഞാൻ ഇതുവരെ മനസ്സിലാക്കുകയോ തിരിച്ചറിയുകയോ ചെയ്തിട്ടില്ലാത്ത എത്രയോ സാഹചര്യങ്ങളിലൂടെ ഞാൻ കടന്നുപോയി. എങ്കിലും ഞാനറിയാതെ തന്നെ അവിടുന്ന് എന്നെ സംരക്ഷിച്ച് നടത്തി, പരിപാലിച്ചു. ദൈവീക സംരക്ഷണത്തിന്റെ അദൃശ്യകരങ്ങളാൽ വഹിക്കപ്പെട്ടാണ് ഞാൻ ഇന്ന് ഇവിടെ എത്തി നിൽക്കുന്നത് എന്ന് ഞാൻ തിരിച്ചറിയുന്നു. എന്നെക്കുറിച്ച് എന്നെക്കാൾ കൂടുതൽ ശ്രദ്ധയുള്ളത് എന്റെ സ്രഷ്ടാവും നാഥനും പരിപാലകനുമായ അങ്ങേയ്ക്കാണെന്ന് ഈ ധ്യാന നിമിഷങ്ങളിൽ എനിക്ക് കൂടുതൽ ബോധ്യമായി. നിന്റെ തലയിലെ ഒരു മുടിനാരിഴ പോലും ഞാനറിയാതെ കൊഴിയുകയില്ല എന്ന് എന്നോട് പറയാൻ തക്കവിധം അത്രസൂക്ഷ്മമായ ശ്രദ്ധയും കരുതലും അവിടുത്തേക്ക് എന്നെക്കുറിച്ച് ഉണ്ടല്ലോ. എന്റെ ആത്മാവ് കർത്താവിനെ മഹത്വപ്പെടുത്തുന്നു. എന്റെ ചിത്തം എന്റെ രക്ഷകനായ ദൈവത്തിൽ ആനന്ദിക്കുന്നു (ലൂക്കാ.1:46,47).

ദൈവീകവും മാനുഷികവുമായ സുരക്ഷിതവലയത്തിനുള്ളിൽ കഴിയുന്ന ഞാൻ എന്റെ ദൈനംദിന ജീവിതത്തിൽ ആവശ്യമില്ലാത്ത ആകുലതകളും ഉത്കണ്ഠകളും പേറി നടന്നതോർത്ത് മാപ്പുചോദിക്കുന്നു. വല്യച്ചന്റെ ഒരു ആത്മീയ പുത്രിയായിത്തീരുവാൻ ഇനിയും ഞാൻ എത്രയോ കാതം സഞ്ചരിക്കേണ്ടിയിരിക്കുന്നു. അവിടുത്തേക്ക് എന്നോടുള്ള സ്നേഹവും ശ്രദ്ധയും കരുതലും എല്ലാം ഞാൻ അനുഭവിച്ചറിഞ്ഞിട്ടുണ്ടെങ്കിലും ജീവിത പ്രതിസന്ധിഘട്ടങ്ങളിൽ തകർച്ചയിലേക്കും തളർച്ചയിലേക്കും വഴുതി വീഴുന്ന എന്റെ മനസിക വൈകാരിക അവസ്ഥകളെ തൊട്ടു സുഖമാക്കണെ. സ്വന്തം പദ്ധതികളെ ത്യജിച്ച് അങ്ങയുടെ വഴിയെ ചരിച്ച് ആത്മീയ കരുത്തും ആത്മാഭിഷേകവും സ്വീകരിച്ച് ഞാൻ നിന്നിൽ ലയിക്കട്ടെ. നിർവൃതിയടയട്ടെ. നിത്യമായ ആർദ്രതയും അലിവും നിറഞ്ഞ അങ്ങയുടെ ദിവ്യപരിപാലനയിൽ ഞാൻ എന്നെ സമ്പൂർണ്ണമായി സമർപ്പണം ചെയ്യുന്നു.

**പ്രായോഗിക തീരുമാനം**

ഇന്ന് ദൈവപരിപാലന പ്രത്യേകം അനുഭവിച്ച നിമിഷങ്ങളെ ഓർത്ത് രാത്രി ഉറങ്ങുന്നതിനുമുമ്പ് ദൈവത്തെ സ്തുതിക്കും.

**അനുസ്മരണാവാക്യം**

ദൈവമേ, അങ്ങയുടെ പരിപാലനയിൽ വിശ്വസിക്കുവാനുള്ള കൃപ നൽകണമേ.

www.malankaralibrary.com

# 3

## അക്ഷയ നിധി

**"ഈ ലോകത്തിലെ ഏറ്റവും വലിയ സമ്പത്ത് സന്തോഷവും സമാധാനവുമാണ്".**

**ധ്യാനപശ്ചാത്തലം:**

പരി. ആത്മാവിന്റെ കൃപയാചിച്ചുകൊണ്ട് ധ്യാനിക്കാനിരിക്കുന്നു. എന്നെ പൊതിഞ്ഞു നിൽക്കുന്ന, അഭിഷേകം ചെയ്തനുഗ്രഹിക്കുന്ന ത്രിയേക ദൈവത്തിന്റെ സ്നേഹസാന്നിധ്യം അനുഭവിക്കുന്നു. എന്നെ സ്നേഹിക്കുന്ന എന്റെ ദൈവമേ, സ്വർഗ്ഗീയ പിതാവേ, ഞാനും അങ്ങയെ സ്നേഹിക്കുന്നു. എന്നിലുള്ള മലിനതകളെല്ലാം കർത്താവിന്റെ പ്രകാശത്താൽ ദൂരീകരിച്ച് അവിടുത്തെ ദിവ്യപ്രഭ എന്നിൽ പ്രകാശിക്കുന്നതായി ഞാൻ അനുഭവിക്കുന്നു. അവിടുത്തെ തിരുരക്തത്താൽ എന്നെ പൂർണ്ണമായി അവിടുന്ന് കഴുകി വിശുദ്ധീകരിക്കുന്നതായി അനുഭവിച്ചറിയുന്നു. നല്ല ദൈവമേ അങ്ങയുടെ കരുണയും കൃപയും കൊണ്ട് എന്നെ പൊതിയുന്ന അനുഭവത്തിലേക്ക് എന്നെ നയിക്കണമേ. അവിടുന്നുമായി ഒന്നായി ദൈവൈക്യത്തിലാകുവാനുള്ള കൃപയ്ക്കായി പ്രാർത്ഥിക്കുന്നു. ഈ ലോകത്തിലെ ഏറ്റവും വലിയ സമ്പത്ത് സന്തോഷവും സമാധാനവുമാണ് എന്ന ജ്ഞാനസൂക്തം പലപ്രാവശ്യം മനസ്സിൽ ഉരുവിടുന്നു. സമാധാനത്തിന്റെയും സന്തോഷത്തിന്റെയും ആത്മാവിനാൽ നിറയപ്പെടാൻ പ്രാർത്ഥിക്കാം.

അരുപിയാൽ നിറയാൻ കവിയാൻ
വരുന്നിതാ ഞങ്ങൾ
അരൂപിതൻ വരവും കൃപയും കരുത്തുമേകണമേ
അനാഥരായ് വിടുകയില്ല അറിഞ്ഞുകൊള്ളൂ നിങ്ങൾ
അയച്ചീടും മമ താതൻ സത്യാത്മാവിനെയെന്നും
സഹായകൻ വന്നണയുമ്പോൾ സദാവസിച്ചവനുള്ളിൽ
അനുസ്മരിപ്പിച്ചീടും ഞാൻ അനന്തമാമെൻ വചനം.

**സൂക്തസന്ദേശം**

"ഈ ലോകത്തിലെ ഏറ്റവും വലിയ സമ്പത്ത് സന്തോഷവും സമാധാനവുമാണ്". നല്ല ദൈവം തന്റെ ദിവ്യമായ പദ്ധതിയുമനു

www.malankaralibrary.com


സരിച്ച് ബഹു. വല്യച്ചനിലൂടെ മേരീമക്കൾക്ക് ജന്മമേകി. നട്ടുവളർത്തി വലുതാക്കിയ മേരിമക്കളെപ്പറ്റി പ്രിയ പിതാവിന് എന്നും വലിയ സ്വപ്നങ്ങളുണ്ടായിരുന്നു. "മേരിമക്കൾ" ആരാണ്? എന്താണ്? എന്തായി തീരണം? എങ്ങനെ ജീവിക്കണം? എന്നതൊക്കെ പിതൃവാത്സല്യത്തോടെ ആ വാത്സല താതൻ നമ്മെ പഠിപ്പിക്കുകയും ഉപദേശിക്കുകയും ചെയ്തു. അപ്രകാരം അവിടുന്ന് പറഞ്ഞുവച്ച പിതൃമൊഴിയാണ് "ഈ ലോകത്തിലെ ഏറ്റവും വലിയ സമ്പത്ത് സന്തോഷവും സമാധാനവുമാണെന്ന്".

എന്താണ് സന്തോഷം? എന്താണ് സമാധാനം? ഈ ലോകത്തിൽ അല്പം സുഖത്തിനും സന്തോഷത്തിനും സമാധാനത്തിനുമായി നെട്ടോടമോടുന്ന തിരക്കിലാണ് എല്ലാവരും. സന്യാസികളായ നമ്മൾ പോലും! ദൈവ പരിപാലനയുടെ പ്രവാചകനായ വല്യച്ചൻ, സദാ പുഞ്ചിരി മുഖത്ത് പ്രസരിച്ചിരുന്ന വല്യച്ചൻ, മേരീമക്കളായ നമ്മെ ചേർത്തിരുത്തി പറഞ്ഞുതന്ന സന്ദേശമാണല്ലോ ഇത്. ദൈവരാജ്യമെന്നാൽ ഭക്ഷണവും പാനീയവുമല്ല; പ്രത്യുത നീതിയും സമാധാനവും പരിശുദ്ധാത്മാവിലുള്ള സന്തോഷവുമാണ് (റോമ 14:17). ഇഹത്തിലും പരത്തിലും നമ്മിൽ നിലനിൽക്കുന്ന രണ്ട് വസ്തുതകളാണ് സന്തോഷവും സമാധാനവും എന്നാണ് തിരുവചനം നമ്മെ ഓർമ്മിപ്പിക്കുന്നത്.

എന്താണ് സന്തോഷം? ദോഷമില്ലാത്ത, ദുഃഖമില്ലാത്ത അവസ്ഥ, മനസ്സിനെയും ഹൃദയത്തെയും ജ്വലിപ്പിക്കുന്ന അവസ്ഥ; അതുവഴി ജീവിതത്തിന് പ്രസന്നത കൈവരുന്നു. അനുദിന ജീവിതം ആവേശത്തോടെ നയിക്കാൻ കരുത്ത് ലഭിക്കുന്നു. എങ്ങനെയാണ് ഈ സന്തോഷം ലഭിക്കുക? ഈ ലോകത്തിലെ സമ്പത്തു മുഴുവൻ കിട്ടിയാലും എത്രയേറെ അറിവും കഴിവുകളും ഉണ്ടായാലും സമൂഹത്തിൽ അഭിനന്ദനങ്ങളും അംഗീകരവും ലഭിച്ചാലും പണവും പ്രതാപവും പദവിയും ഉണ്ടായാലും ഈ സന്തോഷം ലഭിക്കുകയില്ല. പിന്നെ എങ്ങനെയാണ് ഈ സന്തോഷം ലഭിക്കുക?

ഒന്നാമതായി പരിശുദ്ധാത്മാവിന്റെ ദാനമാണ് സന്തോഷവും സമാധാനവും; അത് നമ്മിൽ നിലനിൽക്കണമെങ്കിൽ നാം ആത്മാവിന്റെ നിറവുള്ളവരാകണം. കൃപയായി ലഭിക്കുന്നതാണെങ്കിലും നാം അതിനെ നിരന്തരം പരിപോഷിപ്പിച്ചുകൊണ്ടിരിക്കണം. പാപം ചെയ്തുപോയി എന്നു തിരിച്ചറിഞ്ഞ ദാവീദ് രാജാവ് ഇപ്രകാരം പ്രാർത്ഥി

www.malankaralibrary.com





ക്കുന്നു “അങ്ങയുടെ രക്ഷയുടെ സന്തോഷം എനിക്കു വീണ്ടും തരണമേ” (സങ്കീ.51:12). ഈ രക്ഷയുടെ സന്തോഷം വീണ്ടും അനുഭവ വേദ്യമാകണമെങ്കിൽ പരിശുദ്ധാത്മാവാകുന്ന അഗ്നി എന്നിലേക്ക് ചൂഴ്ന്നിറങ്ങി എന്നിലെ മുള്ളും മുൾച്ചെടികളും ദഹിപ്പിച്ച് കളയണം. ഈ ഒരു പ്രകിയ നിരന്തരമായി എന്നിൽ നിറവേറുമ്പോൾ രക്ഷയുടെ സന്തോഷം എന്റെ സമ്പത്തായി മാറുന്നു.

രണ്ടാമതായി “ഞാൻ വീണ്ടും നിങ്ങളെ കാണും. അപ്പോൾ നിങ്ങളുടെ ഹൃദയം സന്തോഷിക്കും; നിങ്ങളുടെ ആ സന്തോഷം ആരും നിങ്ങളിൽ നിന്ന് എടുത്തു കളയുകയില്ല” (യോഹ.16:22) എന്താണ് ഈശോ ‘വീണ്ടും കാണുക’ എന്നു പറയുന്നത്? കർത്താവിന്റെ രണ്ടാം ആഗമനമാണ് ‘വീണ്ടും കാണുക’ എന്നതുകൊണ്ട് യോഹന്നാൻ ശ്ലീഹാ പരാമർശിക്കുന്നത്. എന്നിരുന്നാലും ഈ ആഗമനം ആദ്യം യാഥാർത്ഥ്യമാകുന്നത് തന്റെ തിരുവുത്ഥാനത്തിലാണ്, കർത്താവിന്റെ കടന്നുപോക്കിൽ ദുഃഖിച്ച ശിഷ്യഗണത്തിന് ഉത്ഥിതനായ നാഥൻ പ്രത്യക്ഷനായി. ഭയത്തിലും നിരാശയിലും ആണ്ടിരുന്ന അവരുടെ ഹൃദയം വീണ്ടും സന്തോഷ നിർഭരമായി. മഗ്ദലന മറിയത്തിന്റെ കണ്ണീരണിഞ്ഞ മിഴികൾക്കു മുമ്പിൽ അവിടുന്ന് വീണ്ടും പ്രത്യക്ഷനായി. അവളുടെ ദുഃഖം സന്തോഷമായി മാറി.

നാം സ്വീകരിക്കുന്ന വി. കൂദാശകളിലൂടെ ഈ രണ്ടാം ആഗമനം സംഭവിക്കുന്നു. പ്രത്യേകിച്ച് വി. കുർബാനയിൽ ഈ ആഗമനം നവീകരിക്കപ്പെടുന്നു. നമ്മിൽ ആഗതനാകുന്ന ദൈവവുമായി ഒന്നാകുന്ന അവസ്ഥയാണല്ലോ സ്വർഗ്ഗത്തിന്റെ മുന്നാസ്വാദനം. അതാണ് യഥാർത്ഥമായ സന്തോഷവും സമാധാനവും. കൂദാശകളോട് പ്രത്യേകിച്ച് വി. കുർബ്ബാനയോട് വല്യച്ചനുണ്ടായിരുന്ന അനിതരസാധാരണമായ ഭക്തി നമുക്കറിയാമല്ലോ.

മൂന്നാമതായി, ഈ സന്തോഷം ലഭിക്കുക ‘മിശിഹായിൽ വസിക്കുന്നതു’ വഴിയാണ് (യോഹ.15:1-10). മുന്തിരിച്ചെടിയും ശാഖകളും എന്ന ഉപമയിലൂടെ യേശു ഇത് വ്യക്തിമാക്കുന്നു. “ഇതു ഞാൻ നിങ്ങളോടു പറഞ്ഞത് എന്റെ സന്തോഷം നിങ്ങളിൽ കുടികൊള്ളാനും നിങ്ങളുടെ സന്തോഷം പൂർണ്ണമാകാനും വേണ്ടിയാണ് (യോഹ. 15:11) ലോകത്തിന്റെ സന്തോഷങ്ങളെല്ലാം താൽക്കാലികവും കാലക്രമേണ

www.malankaralibrary.com


ദുഃഖങ്ങളായി മാറുന്നവയുമാണ്. എന്നാൽ കർത്താവിലുള്ള സന്തോഷം ശാശ്വതവും ഒരിക്കലും നഷ്ടപ്പെടാത്തതുമാണ്. കർത്താവിലുള്ള ജീവിതം ലോകത്തിന്റെ സന്തോഷങ്ങളോട് വിട പറയാൻ നിർബന്ധിക്കപ്പെടും. അത് ദുഃഖകാരണമാകും. എന്നാൽ ഈ ദുഃഖം താൽക്കാലികം മാത്രമാണ്. അത് ക്രമേണ ഉത്ഥാനത്തിന്റെ, ആത്മാവിന്റെ സന്തോഷത്തിലേക്ക് നമ്മെ നയിക്കുന്നു. ഈ ലോക സുഖ സന്തോഷങ്ങൾ മായയും വ്യർത്ഥവും അസ്ഥിരവുമാണെന്ന് പ്രിയ വല്യച്ചൻ ശരിയായി മനസ്സിലാക്കിയിരുന്നു. നാം ഏത് അവസ്ഥയിലായിരിക്കുന്നുവോ അതിൽ സംതൃപ്തരാകണം. ഈ സംതൃപ്തി സന്തോഷത്തിന് വഴി മാറുന്നു. ദരിദ്രനും സമ്പന്നനും താനായിരിക്കുന്ന ജീവിതാവസ്ഥയിൽ സന്തോഷം കണ്ടെത്തിയാൽ വെട്ടിപ്പിടിക്കാനും, നേടിയെടുക്കുവാനുമുള്ള പരിശ്രമം വിട്ടൊഴിയുകയും അക്രമവും അനീതിയും ഇല്ലാതാവുകയും ഭൂമി സ്വർഗ്ഗമാവുകയും ചെയ്യും.

വല്യച്ചന്റെ വാക്കുകളുടെ ആഴം സ്വർഗ്ഗത്തോളം എത്തുന്നു; സന്തോഷം നേടാനായി സന്തോഷം ത്യജിക്കുക. ദൈവം നൽകിയ സന്തോഷം തേടാതെ മനുഷ്യൻ വിഭാവനം ചെയ്യുന്ന സന്തോഷത്തിനായി നെട്ടോട്ടമോടി ആയുസ്സ് തീരുമ്പോൾ നഷ്ടമാകുന്നത് ദൈവം തരുന്ന സന്തോഷമല്ലേ! ഒന്നും നേടാനാകാതെ ഈ ലോകം വിട്ടുപോകുന്ന നിസ്സഹായ കാഴ്ച കണ്ടിട്ടാവണം വല്യച്ചൻ ഈ വാക്കുകൾ മൊഴിയുന്നത്.

ഈശോയുടെ ഉത്ഥാനത്തിന്റെ ഫലമാണ് സമാധാനം "നിങ്ങൾ എന്നിൽ സമാധാനം കണ്ടെത്തേണ്ടതിനാണ് ഞാൻ ഇതു നിങ്ങളോട് പറഞ്ഞത്. ലോകത്തിൽ നിങ്ങൾക്ക് ഞെരുക്കമുണ്ടാകും. എങ്കിലും ധൈര്യമായിരിക്കുവിൻ. ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു" (യോഹ. 16:33). ഈ സമാധാനം മാനസികമായ അസ്വസ്ഥതയില്ലായ്മയിൽ ഒതുങ്ങി നിൽക്കുന്ന ഒന്നല്ല, ബാഹ്യവും ഭൗതികവുമായ എല്ലാറ്റിന്റെയും നിറവുമല്ല. പിന്നെയോ മനുഷ്യന് ഉത്ഥിതനായ ഈശോയിലൂടെ ലഭിക്കുന്ന രക്ഷാകര സമാധാനമാണ്. കർത്താവിൽ ജീവിക്കുന്നവർക്ക്, അവിടുത്തോട് സഹവസിക്കുന്നവർക്ക് ലഭിക്കുന്ന സമാധാനം. അതായത് കർത്താവിന്റെ സമാധാനത്തിലുള്ള പങ്കുചേരൽ. ഭാരമില്ലായ്മയാണ് സമാധാനത്തിന്റെ തെളിവ്. ദുഃഖപൂരിതമായ മുഖമുള്ള

www.malankaralibrary.com





ഒരു വ്യക്തിയുടെ ഹൃദയത്തിന്റെ വലിപ്പം ഒരു കൈചുരുട്ടിപ്പിടിച്ചാലുള്ളതുപോലെയാണെങ്കിൽ അവരെ കാണുമ്പോൾ വലിയ പർവ്വതത്തിന്റെ ഭാരം തോന്നാറില്ല. ഉത്ഥിതനായ ഈശോ ലോകത്തെ ജയിച്ചു നമുക്ക് സമാധാനം നൽകി. അവിടുത്തോട് കൂടിയുള്ള സഹവാസത്തിൽ നിന്നുമാത്രമേ ഈ സമാധാനം നമ്മിൽ ഉടലെടുക്കൂ... നിലനിൽക്കൂ... ലോകത്തിന്റെ കടന്നാക്രമണങ്ങളെ ജയിക്കാൻ നമ്മൾ മിശിഹായോടൊപ്പമായിരിക്കണം.

യഥാർത്ഥമായ സമാധാനം വാങ്ങാനോ, വിൽക്കാനോ സാധ്യമല്ല. അതു ദൈവത്തിൽ നിന്നുള്ള വരദാനമാണ്. ക്രിസ്തുവുമായുള്ള കൂടികാഴ്ചയുടെ ആനന്ദകരമായ വിസ്മയത്തിൽ ആരംഭിക്കുന്ന ആദ്ധ്യാത്മിക സാന്ത്വനം ആത്മീയ സമാധാനത്തിന് വഴിതെളിക്കുന്നു. ദൈവഹിതം നിറവേറ്റിക്കൊണ്ട് മാത്രമേ ഈ ആന്തരിക സമാധാനം നമുക്കനുഭവിക്കാനാവുകയുള്ളൂ. നിത്യ ഭാഗ്യത്തിന്റെ പ്രതീകമാണ് സന്തോഷവും സമാധാനവുമെന്ന് പ്രിയ വല്യച്ചൻ മേരിമക്കളെ അടിവരയിട്ട് പഠിപ്പിക്കുന്നു. അതുകൊണ്ടാണ് വല്യച്ചൻ എവിടെയും, എല്ലാറ്റിലും സമചിത്തതയും, ശാന്തതയും കാത്തുസൂക്ഷിച്ചത്.

ഈ ലോകത്തിലെ ഏറ്റവും വലിയ സമ്പത്ത് സന്തോഷവും സമാധാനവുമാണെന്ന് പറയുമ്പോൾ തീർച്ചയായും അത് ദൈവീകമായ സന്തോഷവും സമാധാനവുമാണല്ലോ. ഇത് പുറമെ നിന്ന് ആർക്കും സംലഭ്യമാക്കാൻ സാധിക്കില്ല. നാം സ്വയം കണ്ടെത്തണം. ഹൃദയാന്തർഭാഗത്തെ കർത്താവുമായുള്ള ആഴമായ സംസർഗ്ഗത്തിൽ നിന്നും ഉരുത്തിരിയണം. ഇതു വ്യക്തമാക്കുന്ന ഒരു കഥ പറയാം. വനത്തിൽ ഒരു വിറകുവെട്ടുകാരൻ വിറകുവെട്ടുവാനായി ദിവസവും പോയിരുന്നു. അന്നന്നുകിട്ടുന്ന വിറക് ചന്തയിൽ കൊണ്ടുപോയി വിറ്റാണ് വിറകുവെട്ടുകാരൻ ഉപജീവനം നടത്തിയിരുന്നത്. മരച്ചുവട്ടിൽ ഇരുന്ന് ധ്യാനിക്കുന്ന സന്യാസിയെ കടന്നാണ് അദ്ദേഹം എന്നും വിറക് ശേഖരിക്കാൻ പോയിരുന്നത്. ഒരു ദിവസം വിറകു വെട്ടാൻ പോകവെ സന്യാസി കണ്ണുതുറന്ന് ഇപ്രകാരം പറഞ്ഞു. നീ ദിവസവും കഷ്ടപ്പെട്ട് ഇങ്ങനെ വിറകുവെട്ടാൻ പോകണ്ട. കുറച്ച്കൂടി മുന്നോട്ടു പോയാൽ അവിടെ ഒരു ചെമ്പു ഖനിയുണ്ട്. അതു നേടിയാൽ ഒരു മാസം നിനക്ക് സുഖമായി ജീവിക്കാം. വിറകുവെട്ടുകാരന് സന്തോഷ

www.malankaralibrary.com


മായി. അദ്ദേഹം ആ ഖനി നേടിയെടുത്ത് ഒരു മാസം സുഖമായി ജീവിച്ചു. വീണ്ടും അദ്ദേഹം കാട്ടിൽ വിറക് ശേഖരിക്കാനെത്തി. അപ്പോൾ സന്യാസി വീണ്ടും പറഞ്ഞു: കുറച്ചുകൂടി ഉള്ളിലേക്ക് പോയാൽ ഒരു വെള്ളിഖനി ഉണ്ട്. അത് നേടിയാൽ ഒരു വർഷം സുഖ മായി ജീവിക്കാം. അങ്ങനെ സന്യാസി അദ്ദേഹത്തിന് സ്വർണ്ണ ഖനി യും, വജ്രഖനിയുമെല്ലാം കാണിച്ചുകൊടുത്തു. അവൻ സന്തോഷ ത്തോടെ അതെല്ലാം ശേഖരിച്ചു. കുറച്ചു നാളുകൾക്ക് ശേഷം വിറക് വെട്ടുകാരൻ സന്യാസിയെത്തേടിച്ചെന്നു. ഈ ഖനികളുടെയെല്ലാം രഹ സ്യ വും ഉറവിടവും അറിഞ്ഞിട്ടെന്തേ അങ്ങ് അത് കണ്ടെടുക്കാത്തത്. സന്യാസി ശാന്തമായി പറഞ്ഞു: അക്ഷയമായ നിധി എന്റെ ഹൃദയ ത്തിൽ ഞാൻ കണ്ടെത്തി കഴിഞ്ഞു. ദൈവമാണ് ആ നിധി. അവൻ ഹൃദയത്തിൽ സന്തോഷവും സമാധാനവും തരുന്നു. പിന്നെന്തിനാണ് സ്വർണ്ണവും വജ്രവും. വിറകുവെട്ടുകാരൻ ആ അക്ഷയനിധി കണ്ടെ ത്താൻ ഇതെല്ലാം ഉപേക്ഷിച്ച് ആ കാട്ടിൽ ധ്യാനനിമഗ്നനായി ഉള്ളിന്റെ ഉള്ളിലേയ്ക്ക് കടന്നുചെന്ന് ആ ശ്വാശത നിധി ശേഖരം കണ്ടെത്തി. ഇത് ഒരു കഥയാണെങ്കിലും യഥാർത്ഥ സമ്പത്ത് സന്തോഷവും സമാ ധാനവും തന്നെയാണെന്ന് വ്യക്തമാക്കുന്നു. ബാഹ്യമായ എല്ലാം നിറഞ്ഞുനിൽക്കുമ്പോഴും എന്തിനോ വേണ്ടി ഹൃദയത്തിൽ നിലയ് ക്കാത്ത ദാഹമുണ്ടാകുന്നു. ഇത് നമ്മെ നിത്യമായ സന്തോഷത്തി ലേയ്ക്ക് നയിക്കുന്നു. ഇത് എവിടെനിന്ന് ലഭിക്കും? സമ്പത്തിലോ, ബംഗ്ലാവിലോ, സുഖലോലുപതയിലോ? പ്രശസ്തിയുടെ കൊടു മുടിയിലും വേദിയലങ്കരിക്കുന്ന വലിയ വ്യക്തികളിലുമൊക്കെ ചില പ്പോൾ മ്ലാനത കാണാറുണ്ട്. എന്ത് കൊണ്ട്? ഇതൊന്നും ആർക്കും സന്തോഷം പ്രദാനം ചെയ്യുന്നില്ല. ഈ ലോകത്തിലെ ഒന്നും ശാശ്വത സന്തോഷവും സമാധാനവും തരുന്നില്ല. ദൈവം ഒരുവനെ സൃഷ്ടി ക്കുമ്പോൾ അവനെ സന്തോഷചിത്തനാക്കാനും, സംതൃപ്തനാക്കാനും വേണ്ടതൊക്കെ നൽകിയിട്ടുണ്ട്. വചനം പറയുന്നു : "ദൈവം മനുഷ്യനെ സരളഹൃദയനായി സൃഷ്ടിച്ചു. എന്നാൽ അവന്റെ സങ്കീർണ്ണ പ്രശ്ന ങ്ങൾ അവന്റെ തന്നെ സൃഷ്ടിയാണ്" (സഭാ.പ്ര. 7:29). നാം നമ്മുടെ തന്നെ പ്രശ്നങ്ങളിൽ കുടുങ്ങാതെ ദൈവത്തിന്റെ സരളതയിലേക്ക്, സ്വർഗ്ഗീയ സന്തോഷത്തിലേക്ക് ഉൾചേരാം. നമ്മുടെ ഹൃദയേശ്വരനു മായുള്ള ആഴമായ ഐക്യത്തിൽ നിന്നും അക്ഷയ സമ്പത്തായ

www.malankaralibrary.com


സന്തോഷവും, സമാധാനവും നമുക്ക് നേടിയെടുക്കാം. മറ്റുള്ളവർക്കും സംജാതമാക്കാം.

**ആത്മഭാഷണം**

എന്നിൽ നിരന്തരം വസിക്കുന്ന ത്രിയേകദൈവമെ, ഞാന ങ്ങയെ സ്തുതിക്കുന്നു. സന്തോഷത്തിന്റെ സമാധാനത്തിന്റെ ഉറവിട മായി എന്നിൽ വാഴുന്ന പൊന്നുതമ്പുരാനെ, അങ്ങേയ്ക്ക് ഒരായിരം നന്ദി, സ്തുതി. എന്റെ മുഴുവൻ സ്നേഹവും അങ്ങേയ്ക്ക് സമർപ്പിക്കുന്നു. അങ്ങുമായി എന്നെ ഒന്നാക്കണമെ. ഐക്യപ്പെടുത്തണമെ. അപ്പോൾ എനിക്ക് സന്തോഷവും, സമാധാനവും ലഭിക്കും. "നിങ്ങളുടെ നിക്ഷേപം എവിടെയോ, അവിടെയാണ് നിങ്ങളുടെ ഹൃദയവും" (മത്താ.6:21) എന്ന വചനത്തിലൂടെ എന്റെ ഹൃദയം അങ്ങാകുന്ന സമ്പത്തിൽ വിശ്രമം കണ്ടെത്തണമെന്ന് ഓർമ്മിപ്പിക്കുന്നല്ലോ? നിധി കണ്ടെത്തുന്നവൻ തനി ക്കുള്ളതെല്ലാം വിറ്റ് ആ നിധി സ്വന്തമാക്കുന്നുവെന്ന് (മത്താ.13:44) അരുളിയ ഈശോയെ, എന്റെ ഹൃദയവയലിൽ ഒളിഞ്ഞിരിക്കുന്ന അങ്ങാകുന്ന നിധിക്കുവേണ്ടി ഞാൻ ദാഹിക്കുന്നു. ആ നിധി കണ്ടെത്തി സ്വന്തമാക്കുവോളം അവിശ്രാന്തം യത്നിച്ച് അങ്ങുമായി ഒന്നാകുവാൻ കൃപതരണമെ. അങ്ങനെ ഈശോയെ, എന്റെ അനുദിന ജീവിതം സന്തോഷവും സമാധാനവുമുള്ളതാക്കി തീർക്ക ണമെ. എന്നാൽ ഈ സന്തോഷവും സമാധാനവും നേടിയെടുക്കാൻ ഞാൻ അനുദിനവും പരിശ്രമിക്കുന്നുണ്ടോ? ഇവ എന്നിൽ നഷ്ടപ്പെ ടാനുള്ള കാരണങ്ങൾ എന്തൊക്കെയാണ്? എന്നിലുള്ള ലോകസുഖ സന്തോഷങ്ങൾക്കു വേണ്ടിയുള്ള ആസക്തി, പ്രശസ്തിക്കും പ്രതാപ ത്തിനും വേണ്ടിയുള്ള ആഗ്രഹം ...... ഇവയെല്ലാം ഈശോയെ എന്നെ പലപ്പോഴും അതിൽ നിന്നും അകറ്റുന്നു.. എന്നിലെ സന്തോഷം ഇല്ലാ താക്കുന്നു. കർത്താവെ എന്നോട് ക്ഷമിക്കണമെ... എന്റെ സ്വന്തം താല്പര്യത്തെക്കാൾ, സന്തോഷത്തെക്കാൾ ഈശോയെ നിന്റെ സന്തോഷം, നിന്റെ താല്പര്യങ്ങൾ, നിന്റെ തിരുഹിതം ഇവ എനിക്ക് പ്രാധാന്യമുള്ളതായി മാറട്ടെ. ഈശോയെ നിന്റെ രക്ഷാകരമായ സന്തോ ഷവും, ദൈവീകമായ സമാധാനവുംകൊണ്ട് എന്നെ നിറയ്ക്കണമെ... നീയാകുന്ന സന്തോഷം മാത്രം മതി എനിക്ക്... എന്നെ അങ്ങയോട് ഒന്നാക്കണമെ... അതിനുള്ള കൃപ ധാരാളമായി എന്നിൽ വർഷിക്കണമെ...

www.malankaralibrary.com


നാഥാ... ഞാനങ്ങയെ സ്നേഹിക്കുന്നു. അങ്ങയുടെ രക്ഷയുടെ സന്തോഷംകൊണ്ട് എന്നെ തൃപ്തിയാക്കിയാലും.

നാഥനുമായുള്ള ആത്മഭാഷണത്തിൽ നിന്നും അവിടുന്നുമായി ഐക്യപ്പെടാനുള്ള ദാഹത്തോടെ ആയിരിക്കുക... ആന്തരികമായ നിശബ്ദത.......... കർത്താവുമായി ഒന്നാകുന്ന അനുഭവം.

**പ്രായോഗിക തീരുമാനം**

എന്നിൽ സന്തോഷം ഇല്ലാതാക്കുന്ന കാര്യങ്ങളെ ഇന്ന് ബോധപൂർവ്വം നിയന്ത്രിക്കും.

**അനുസ്മരണാ വാക്യം**

"അങ്ങയുടെ രക്ഷയുടെ സന്തോഷം എനിക്ക് വീണ്ടും നൽകണമെ" (സങ്കീ.51:12)

www.malankaralibrary.com

# 4

## ദൈവം എന്റെ സർവ്വസ്വവും

**"ദൈവം എന്നെക്കൊണ്ട് എല്ലാം ചെയ്യിച്ചു".**

**ധ്യാനപശ്ചാത്തലം:**

ദൈവത്തെ ഹൃദയത്തിന്റെ ആഴത്തിൽ അനുഭവിക്കാനുള്ള തീവ്രമായ ആഗ്രഹത്തോടെ നല്ലൊരു പോസ്ച്ചർ തെരഞ്ഞെടുക്കുന്നു. ധ്യാനത്തിനായി മനസ്സിനെ ഒരുക്കുന്നു. മനസ്സിനെ ശാന്തമാക്കി പഞ്ചേന്ദ്രിയങ്ങളെ വിശുദ്ധീകരിക്കുന്നു. ധ്യാന വിജയത്തിനായി സകല വിശുദ്ധരുടെയും മാലാഖമാരുടെയും മാദ്ധ്യസ്ഥവും സംരക്ഷണവും യാചിക്കുന്നു. വചനം ഹൃദയത്തിലും ഉദരത്തിലും ഏറ്റുവാങ്ങി യേശുവിനെ ഏറ്റം അടുത്ത് അനുഭവിച്ച പരി. അമ്മയുടെ സാന്നിദ്ധ്യവും നമുക്കനുഭവിക്കാം. ഉച്ചി മുതൽ ഉള്ളംകാൽ വരെയും നമുക്കു ചുറ്റും ഈശോയുടെ തിരുരക്തം ഒഴുക്കി നമ്മെ മുഴുവനായും വിശുദ്ധീകരിക്കാം. എല്ലാറ്റിനേയും പവിത്രീകരിക്കുകയും വിശുദ്ധീകരിക്കുകയും ചെയ്യുന്ന പരിശുദ്ധാത്മാവിന്റെ നിറവിനായി പ്രാർത്ഥിക്കാം. ശാന്തമായി ദൈവ സാന്നിദ്ധ്യത്തിലേക്ക് കടന്നുവരാം. "രാജാവിന്റെ ഹൃദയം കർത്താവു നിയന്ത്രിക്കുന്ന അരുവിയാണ്; അവിടുന്ന് തനിക്കിഷ്ടമുള്ളിടത്തേക്ക് അതിനെ ഒഴുക്കിവിടുന്നു" (സുഭാ. 21:1). ആന്തരികവും ബാഹ്യവുമായ നിശബ്ദതയിലാണ് ഹൃദയം ദൈവസ്വരം ശ്രവിക്കുക. നമ്മുടെ മനസ്സിന്റെയും ഹൃദയത്തിന്റെയും ശരീരത്തിന്റെയും ആഗ്രഹാഭിലാഷങ്ങളും, ഉത്കണ്ഠകളും എല്ലാമെല്ലാം നല്ല നാഥന്റെ പാദാന്തികത്തിൽ അർപ്പിക്കാം. ദൈവത്തെ കാണാനുള്ള നമ്മുടെ ഹൃദയത്തിന്റെ ആഗ്രഹവും, പരിശ്രമവും അവിടുത്തെ അറിയിക്കാം. എളിമയോടെ വനീത ഹൃദയത്തോടെ അവിടുത്തെ സ്നേഹ സാമീപ്യം കൊതിച്ചുകൊണ്ട് നമ്മേ മുഴുവനായും മറന്ന് ദൈവത്തിന്റെ നിശബ്ദതയിലേക്ക് കടന്നുവരാം. അതിനായി പരിശുദ്ധാത്മാവിന്റെ ഗീതം പാടി ഒരുങ്ങാം.

www.malankaralibrary.com





ഓ പാവനാത്മാവേ
ശൂന്യത നിറയുമീ താഴ്‌വരയിൽ
ജീവനില്ലാത്ത എൻ ജീവിതത്തിൻമേൽ വീശീടുക
വീണ്ടും ജീവനേകുക വീണ്ടും ശക്തിയേകുക
പാവനാത്മാവേ നീയെന്നിൽ നിറഞ്ഞീടുക

ഓ പാവനാത്മാവേ
ദാഹങ്ങളേറെയുള്ള എൻ മനസ്സിൽ
മോഹങ്ങളേറെയുള്ള എൻ ഹൃദയത്തിൽ നിറഞ്ഞീടുക
വീണ്ടും സ്നേഹം നൽകുക എന്റെ ദാഹം തീർക്കുക
പാവനാത്മാവേ നീ എന്നിൽ നിറഞ്ഞീടുക

**സൂക്തസന്ദേശം**

"ദൈവം എന്നെക്കൊണ്ട് എല്ലാം ചെയ്യിച്ചു" ദൈവത്തിന്റെ പരിപാലനാത്മാവായ സ്നേഹത്തിന് സ്വയം കയ്യാളിച്ച്, സർവ്വത്തേയും കീഴടക്കുന്ന ദൈവീക ശക്തിയിൽ ആഴപ്പെട്ട്, ആത്മാവിന്റെ ദാരിദ്ര്യം (മത്താ. 5:3) മുഖമുദ്രയാക്കി തന്റെ സിരകളിലൊഴുകുന്ന രക്തത്തോട് ചാലിച്ച് ചേർത്ത്, പ്രിയ വല്യച്ചൻ ദൈവീക പദ്ധതി വിജയകരമായി പൂർത്തിയാക്കി. പരി. അമ്മയുടെയും വി. ഫ്രാൻസിസ് അസ്സീസിയുടെയും പാതയിൽ നിന്നും ഒട്ടും വിദൂരമല്ലാതെ ചരിച്ച നമ്മുടെ വല്യച്ചന്റെ ജീവിത പാതയാണ് ഈ സൂക്തത്തിലൂടെ അദ്ദേഹം നമ്മോട് മന്ത്രിക്കുന്നത്.

ദൈവകരങ്ങളിൽ ഒരു എളിയ ഉപകരണമായിരുന്നുകൊണ്ട് സ്വന്തം രൂപത മാത്രമല്ല സ്വന്തമായിരുന്നതെല്ലാം സന്തോഷത്തോടെ ഉപേക്ഷിച്ച് "അച്ചൻ പോയാൽ വിഷമിക്കും" എന്നു അഭിവന്ദ്യ ജയിംസ് കാളാശ്ശേരി പിതാവിന്റെ വാക്കുകളിൽ ചഞ്ചലപ്പെടാതെ ധൈര്യപൂർവ്വം മലങ്കര സഭയിലേക്ക് കടന്നുവന്നതും, ദൈവ നിവേശിതമായി ലഭിച്ച ഉൾപ്രേരണയാൽ മേരിമക്കൾ സമൂഹത്തെ രൂപപ്പെടുത്തിയതും എല്ലാം പരിചിന്തനം ചെയ്യുമ്പോൾ അവിടെയെല്ലാം ഈ വചനത്തിന്റെ ഉൾക്കരുത്ത് അച്ചനെ നയിച്ചിരുന്നു എന്ന് നമുക്ക് അനുമാനിക്കാം. "ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ" (മത്താ.5:8). പരി. അമ്മയെപ്പോലെ ഹൃദയവിശുദ്ധി കാത്തുസൂക്ഷിച്ച് ഹൃദയനൈർമല്യത്തിലേക്കും സ്നേഹത്തിന്റെ പൂർണ്ണതയിലേക്കും വളരുവാനും, വളർത്തുവാനും

www.malankaralibrary.com



അച്ചനുമായി ബന്ധപ്പെട്ടവരെയെല്ലാം പരിശീലിപ്പിച്ചു. കനൽകട്ട കരിക്കട്ടയെ ജ്വലിപ്പിക്കുന്നതുപോലെ തിരുവചനത്താൽ പ്രകാശിതമായ ഹൃദയവും അതിൽ നിന്നും പൂറപ്പെടുന്ന പഠനവും, ചിന്തകളും കൊച്ചരുവിയിലെ നീരുറവപോലെ നിർലോഭം നിർഗ്ഗളിച്ച് ദൈവകൃപയായി തന്റെ നാവിൽ തുമ്പിലൂടെ ഒഴുകിയിറങ്ങിയ പവിഴ മുത്തുകളിലൊന്നാണ്" ദൈവം എല്ലാം എന്നെക്കൊണ്ട് ചെയ്യിച്ചു" എന്ന ധ്യാനസൂക്തം.

പാറമേൽ ഭവനം പണിത വിവേകവതിയായ മനുഷ്യനെപോലെ (ലൂക്ക.6:48) ദൈവാശ്രയത്തിന്റെ ഉരകല്ലിൽ ഉരച്ച് തെളിഞ്ഞ കറതീർന്ന ലാളിത്യവും, തീരുമാനങ്ങളിലെ ധൈര്യവും, ഉൾക്കരുത്തും സുവിശേഷത്തിലെ ഒരു എളിയ സേവകന്റെ ക്ഷമയോടെ അവസാനംവരെ ദൈവനിയോഗം പൂർണ്ണമായി നിറവേറ്റുവാൻ അച്ചനെ തുണച്ചു. മേരിമക്കളുടെ ജീവനാഡിയായ കാരിസം നമ്മുടെ സ്ഥാപക പിതാവായി നാം ഹൃദയത്തിലേറ്റിയ പ്രിയ വല്യച്ചന്റെ ജീവസ്പന്ദനമായിരുന്നു എന്ന് നാം തിരിച്ചറിഞ്ഞ് ജീവിക്കാനാരംഭിക്കുമ്പോൾ നമ്മുടെ പ്രിയ താതൻ ഇന്നും എന്നും നമ്മിലൂടെ പ്രഘോഷിക്കപ്പെടും. "ദൈവം എല്ലാം എന്നെക്കൊണ്ട് ചെയ്യിച്ചു". ഹൃദയത്തിലും ആത്മാവിലും അധരത്തിലും വചനം നിറച്ചു വച്ച് വചനത്തിന്റെ വധുവായി വചനമാകുന്ന അപ്പത്താൽ പോറ്റപ്പെട്ട ഒരു അത്ഭുത മനുഷ്യനായിട്ട് അച്ചൻ പലപ്പോഴും എന്റെ മനസ്സിൽ ഇടം പിടിച്ചു. ദൈവരാജ്യം പോലെ തന്നെ വിസ്തൃതമായിരുന്നില്ലേ അച്ചന്റെ മനസ്സും.

ജീവിതാരംഭം മുതൽ വല്യച്ചന്റെ വഴികളിലൂടെ സഞ്ചരിക്കുമ്പോൾ നാം തിരിച്ചറിയുന്ന ഒരു സത്യമുണ്ട്. "മാതാവിന്റെ ഉദരത്തിൽ നിനക്കു രൂപം നൽകുന്നതിനുമുമ്പേ ഞാൻ നിന്നെ അറിഞ്ഞു. ജനിക്കുന്നതിനു മുമ്പേ ഞാൻ നിന്നെ വിശുദ്ധികരിച്ചു. ജനതകൾക്കു പ്രവാചകനായി ഞാൻ നിന്നെ നിയോഗിച്ചു" (ജറ.1:5). ദൈവം അറിഞ്ഞു, വിശുദ്ധികരിച്ചു, നിയോഗിച്ചു. അമ്മയുടെ കൈപിടിക്കുന്ന ശൈശവത്തിലും, കത്തിജ്വലിക്കുന്ന യുവത്വത്തിന്റെ തുടിപ്പിലും പക്വതയാർന്ന ഫലഭൂയിഷ്ടമായ കാലത്തും വചനം ഭക്ഷിച്ചതിന്റെ നനവ് ആ നാവിൽ നിന്നും പുറപ്പെടുന്നു. സ്ഥാപക പിതാവിന്റെ ദർശനവും, ലക്ഷ്യവും ദൈവരാജ്യ സംജാതമാക്കുകയായിരുന്നു. ആ ചൈതന്യത്തിന്റെ ആഴപ്പെട്ട ഉറവിടങ്ങളിലേക്കും കലർപ്പില്ലാത്ത

www.malankaralibrary.com





ആദ്യചൈതന്യത്തിലേക്കും ത്യാഗോജ്ജ്വലമായ ഒരു പ്രദക്ഷിണം നടത്തി വി. ജോൺപോൾ രണ്ടാമൻ മാർപാപ്പായുടെ “സ്ഥാപക സിദ്ധിയോടും ആദ്ധ്യാത്മിക പൈതൃകത്തോടും വിശ്വസ്തത പുലർത്തണം” എന്നുള്ള വാക്കുകൾ നമ്മിലൂടെ അന്വർത്ഥമാക്കാൻ പരിശ്രമിക്കാം.

വി. പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ പ്രേഷിതയാത്രകളോട് കിടപിടിക്കത്തക്ക വിധം നീണ്ട അഞ്ചു പതിറ്റാണ്ടുകൾ കൃപയ്ക്കുമേൽ കൃപ സ്വീകരിച്ച് കൊട്ടും കുരവയുമില്ലാതെ മുപ്പത്, അറുപത്, നൂറുമേനി ഫലങ്ങൾ കൊയ്ത് ദൈവത്തിനു വേണ്ടി സ്വയം ചെറുതായി ദൈവജനത്തിനു വേണ്ടി വൻ കാര്യങ്ങൾ ചെയ്ത ഈ വലിയ മിഷനറി തന്റെ കഴിവുകളിലോ, നേട്ടങ്ങളിലോ അല്പം പോലും അഹങ്കരിക്കാതെ കർത്താവിൽ മാത്രം അഭിമാനം കൊണ്ട്(1കോറി.1:31) ദൈവകരങ്ങളിലെ ഉപകരണമാകാൻ വിട്ടുകൊടുത്തുകൊണ്ട് അദ്ദേഹം ഇപ്രകാരം പ്രഘോഷിക്കുന്നു; എനിക്കു ഇപ്രകാരം ഒരു പ്ലാനും പദ്ധതിയും ഒന്നും ഇല്ലായിരുന്നു. ദൈവം എല്ലാം എന്നെക്കൊണ്ട് ചെയ്യിച്ചു''. ഹൃദയത്തിന്റെ ആഴങ്ങളിൽ അഗാധമായ ശാന്തത അനുഭവിക്കുന്ന പ്രിയ വല്യച്ചൻ.

**ആത്മഭാഷണം**

യേശുനാഥാ, എന്നെ കണ്ടെത്തുന്നവൻ ജീവൻ കണ്ടെത്തുന്നു (സുഭാ. 8:35) എന്ന് വി. വചനം സാക്ഷിക്കുന്നു. പ്രിയപ്പെട്ട അച്ചന്റെ എളിയ ഹൃദയത്തിന്റെ സ്പന്ദനങ്ങൾ പോലും ദൈവഹിതപ്രകാരം ആയിരുന്നല്ലോ. ഒന്നുമില്ലായ്മയിൽ ശൂന്യമായകരങ്ങൾ അങ്ങയുടെ പക്കൽ തുറന്നുവച്ച് ദീർഘനേരത്തെ സഹിത്വത്തിലൂടെയും ആത്മഭാഷണത്തിലൂടെയും നിറഞ്ഞ ഹൃദയവും ഉറച്ച ബോദ്ധ്യങ്ങളുമായി ഉണർന്നെഴുന്നേറ്റ് ദൈവസാന്നിദ്ധ്യസ്മരണയുടെ സ്ഥലമായ ജറുസലേം വിട്ടുപോകാതെ (ലൂക്കാ.24:29) തമ്പുരാന്റെ സ്വപ്നങ്ങൾ കൊണ്ട് അച്ചൻ ജീവിതത്തെ മനോഹരമാക്കിയതുപോലെ തേജസുറ്റ വിനയാന്വീതമായ ആ ജീവിതത്തിന്റെ നന്മയുടെ ഭാഗമാകാൻ അവിടുന്ന് എന്നേയും വിളിച്ചുവല്ലോ. ഓ! ദൈവമേ; ദൈവേഷ്ടം ഭക്ഷണമാക്കി മാറ്റിയ എന്റെ നാഥനായ യേശുവിനെപോലെ എത്രമാത്രം വിശപ്പും ദാഹവും അച്ചനിൽ കത്തിനിന്നതുപോലെ എന്റെ കൊച്ചു ഹൃദയവും സ്വർഗ്ഗീയ അപ്പത്തിനുവേണ്ടി വിശക്കുകയും ദാഹിക്കുകയും

www.malankaralibrary.com



ചെയ്യട്ടെ. നന്മ കാണുവാനും നല്ലതു പറയുവാനും നന്മയിലേക്കു നയിക്കുവാനും അങ്ങയുടെ ദിവ്യപ്രകാശം എന്റെ കൊച്ചു ഹൃദയത്തിലേക്കു ചൊരിയണമെ.

ഓ! ഈശോയെ, അത്യാഗാധമായ എളിമയും ശാന്തതയും നിറഞ്ഞ ഹൃദയത്തിൽ നിന്നാണല്ലോ സത് വചനങ്ങളുടെ നീർച്ചാൽ ഒഴുകുന്നത്. എത്രയോ മഹത് വചനങ്ങളാണ് വല്യച്ചന്റെ ഹൃദയത്തിൽ നിന്നും അരുവിയായി ഒഴുകിയിറങ്ങിയത്. ആ ഹൃദയം സദാ ദൈവസ്തുതികളുടെ തുടിപ്പുകളായിരുന്നില്ലേ അങ്ങയുടെ സന്നിധിയിലേക്ക് ഉയർത്തിയിരുന്നത്. ഓ ഈശോയേ, മാലാഖമാരുടെ സ്തുതിപ്പുകളുടെ മാധുര്യം അച്ചനും അനുഭവിച്ചറിഞ്ഞിട്ടുണ്ടാവും. ഓ ഈശോ, ഈ ദൈവീക മനഷ്യന്റെ ആത്മീയ മകളായി എന്നേയും വിളിച്ചതിന് ഞാൻ അങ്ങയെ സ്തുതിക്കുന്നു. ഈശോയെ മലമുകളിൽ നിന്നും താഴേയ്ക്ക് ഒഴുകിയിറങ്ങുന്ന അരുവിപോലെ, പുൽക്കുടിലോളം താഴ്ന്ന എന്റെ ഈശോയുടെ വഴികൾ എനിക്ക് അജ്ഞാതമാണ്. എന്റെ അഹങ്കാര ചിന്തകളാൽ ഒരിക്കൽ പോലും ദൈവം എന്നെകൊണ്ട് എല്ലാം ചെയ്യിച്ചു എന്നു പറയുവാൻ എന്റെ നാവിനെ ഞാൻ പരിശീലിപ്പിച്ചില്ല. 'ഞാൻ ഭാവം' ഒരു പാറപോലെ എന്നിൽ ഉറച്ചു നിൽക്കുന്നത് അങ്ങയുടെ പ്രകാശത്തിൽ എനിക്ക് കാണിച്ചു തന്നുവല്ലോ. മറ്റുള്ളവരുടെ കൈയ്യടിയ്ക്കും പുകഴ്ത്തലിനും പേരിനും പ്രശസ്തിക്കും ഒക്കെയുള്ള എന്റെ ദാഹത്തെ ഒരു കണ്ണാടിയിലെന്നവണ്ണം എനിക്കു കാണിച്ചു തന്നുവല്ലോ. എല്ലാം ചെയ്തിട്ട് ഞാൻ എന്റെ കടമയേ ചെയ്തുള്ളൂ എന്നു പറഞ്ഞ ഭൃത്യന്റെ മനോഭാവത്തിൽ നിന്നും ഞാനെത്രയോ കാതം അകലെയാണ് എന്റെ ഈശോയെ, എന്റെ ഹൃദയത്തിൽ ഒന്നാം സ്ഥാനം എനിക്കു തന്നെയാണെന്ന് തിരിച്ചറിഞ്ഞ് അങ്ങയുടെ പാദാന്തികത്തിൽ ഞാൻ മാപ്പപേക്ഷിക്കുന്നു. ഏറ്റം എളിമയുള്ള, വഴക്കമുള്ള ഒരു ഉപകരണമാക്കി അവിടുന്ന് എന്നെ ഉപയോഗിക്കണമെ.

എന്റെ മകളേ, നിന്റെ ഹൃദയത്തിന്റെ പക്ഷങ്ങൾ മനസിലാക്കുവാൻ ഞാൻ നിന്നെ അനുവദിച്ചതാണ്. ഈ നാളത്രെയും എല്ലാം നിന്റെ നേട്ടങ്ങളായി കരുതി നീ നിന്റെ മനസ്സിനെ സന്തോഷിപ്പിച്ചിരുന്നല്ലോ. എന്നെ മറന്ന് നേട്ടങ്ങൾക്കായി നീ ഒത്തിരി അദ്ധ്വാനിച്ചില്ലേ? അവയൊന്നും നിലനിൽക്കുന്നതോ, ശാശ്വതമോ ആയ സന്തോഷങ്ങളല്ലെന്നും നിനക്കു മനസിലായല്ലോ? എന്റെ കരുണയിലും സ്നേഹ

www.malankaralibrary.com



ത്തിലും ആശ്രയിക്കുമ്പോഴാണ് മകളേ ജീവിതം ദീപ്തമാകുന്നത്. എന്റെ ഹൃദയത്തിന്റെ മുറിവിലേയ്ക്ക് നിന്റെ ജീവിതം സമർപ്പിച്ച് തിരുരക്തത്താൽ കഴുകി ശുദ്ധമാക്കികൊണ്ട് ആത്മാവിന്റെ ഫലങ്ങളാലും വരങ്ങളാലും നിറയുവാൻ പരിശീലിക്കുക. അനേകർക്കു സാന്ത്വനമായി തീർന്ന് ജീവനും, ജീവിതവുമേകിയ ഒരു ധന്യാത്മാവായ വല്യച്ചൻ നിന്റെ കൺമുൻപിൽ നിൽക്കുന്നില്ലേ? മകളേ എന്റെ നന്മയിലേക്ക് വളർന്ന് ഹൃദയസ്വാതന്ത്ര്യം അനുഭവിക്കുവാൻ നീ ഒരുങ്ങിക്കൊള്ളുക.

ഈശോയെ ഇതുവരെ അനുഭവിച്ചിട്ടില്ലാത്ത ആനന്ദം എന്റെ ഹൃദയത്തിൽ ഞാൻ അനുഭവിക്കുന്നു. ഇന്നു വരെ ഞാനായിരുന്നു എന്റെ ഹൃദയത്തിന്റെ കേന്ദ്രബിന്ദു. എന്നാൽ ഇപ്പോഴിതാ അവിടുന്ന് എന്റെ ഹൃദയം സ്വന്തമാക്കിയിരിക്കുന്നു. ഓ എന്റെ ഈശോയെ അങ്ങേയ്ക്ക് നന്ദി! നന്ദി! നന്ദി!.

**പ്രയോഗിക തീരുമാനം**

എന്തു ചെയ്താലും ദൈവമഹത്വത്തിനായി ചെയ്യും.

**അനുസ്മരണാവാക്യം**

“യേശുക്രിസ്തു എന്നേ സ്വന്തമാക്കിയിരിക്കുന്നു” (ഫിലി. 3:12).

www.malankaralibrary.com

# 5

## ആഴങ്ങൾ തേടി

**"യാതൊരു ബാഹ്യശക്തിക്കും ശിഥിലമാക്കാൻ സാധിക്കാത്തവിധത്തിൽ അഗാധമായ വിശ്വാസത്തിൽ ആഴപ്പെട്ട ദൈവസ്നേഹത്തിന്റെ പ്രകടനമാണ് പ്രാർത്ഥന".**

**ധ്യാനപശ്ചാത്തലം:**

യേശുനാഥന്റെ ദിവ്യമായ സാന്നിധ്യംകൊണ്ട് അനുഗ്രഹീതമായ ഈ ദൈവാലയത്തിൽ അവിടുത്തെ തിരുസാന്നിധ്യം അനുഭവിക്കാൻ നമുക്ക് നമ്മെത്തന്നെ സജ്ജമാക്കാം. ബാഹ്യമായ കണ്ണുകൾ അടച്ച് ആന്തരീക നയനങ്ങൾ തുറന്ന് അവിടുത്തെ തിരുമുഖം ദർശിക്കുവാൻ അനുഗ്രഹം തരണമേയെന്ന് പ്രാർത്ഥിക്കാം. നമ്മുടെ സമ്പൂർണ്ണ ശ്രദ്ധയും ദൈവസാമീപ്യത്തിൽ മാത്രമായിരിക്കട്ടെ. അപ്പോൾ നമ്മുടെ ശരീരവും ആത്മാവും മനസ്സും ദൈവസാന്നിധ്യത്താൽ നിറഞ്ഞ് വിശുദ്ധീകരിക്കപ്പെടും. അവിടുത്തെ ദിവ്യപ്രകാശം കൂടാതെ എന്റെ പ്രാർത്ഥനാ ജീവിതത്തിന്റെ അവസ്ഥകളെ കാണുവാൻ എനിക്ക് സാധ്യമല്ല. അവിടുത്തെ തിരുമുമ്പിലിരുന്ന് എന്റെ പ്രാർത്ഥനാ ജീവിതത്തെക്കുറിച്ച് ധ്യാനിച്ച് വിലയിരുത്തി തിരുത്തേണ്ടത് തിരുത്തി, സ്വീകരിക്കേണ്ടതു സ്വീകരിച്ച് മുന്നേറുവാൻ പരി. ആത്മാവായ ദൈവമേ, സ്നേഹാഗ്നിയായി എന്നിലേക്ക് കടന്നു വരണമേ.

ആത്മാവിൻ തീ നാളങ്ങൾ
മഴയായ് പെയ്യട്ടെ
ആദിമസഭയുടെ കൂട്ടായ്മയിൽ
ആത്മാവിൽ തീമഴപെയ്തതുപോൽ
    വചനം ഘോഷിക്കുമീവേളയിൽ
    നിൻ നാമം പാടുമീ കൂട്ടായ്മയിൽ
ആത്മാവിൽ ആരാധിക്കും ഈ ദാസരിൽ
നാഥനെ വാഴ്ത്തുമീ കൂട്ടായ്മയിൽ
ദാഹിച്ചുപ്രാർത്ഥിക്കും നിൻദാസരിൽ
നിൻനാമം പാടുമീ കൂട്ടായ്മയിൽ

www.malankaralibrary.com


**സൂക്തസന്ദേശം**

യാതൊരു ബാഹ്യശക്തിക്കും ശിഥിലമാക്കാൻ സാധിക്കാത്ത വിധത്തിൽ അഗാധമായ വിശ്വാസത്തിൽ ആഴപ്പെട്ട ദൈവസ്നേഹത്തിന്റേ പ്രകടനമാണ് പ്രാർത്ഥന. അനുദിന ഉത്തരവാദിത്വങ്ങൾ എത്രമാത്രം ഈശോയെ ഓർത്ത് ഈശോയോടു കൂടെ ചെയ്യുന്നുവോ അത്രയും ദൈവത്തെ മഹത്വപ്പെടുത്തുകയാണെന്ന് നമ്മുടെ സ്ഥാപക പിതാവ് മോൺ ജോസഫ് കുഴിഞ്ഞാലിൽ നമ്മെ ഓർമ്മിപ്പിക്കുന്നു. പ്രാർത്ഥനയിലും ധ്യാനത്തിലും ആഴപ്പെട്ട ആദ്ധ്യാത്മികതയ്ക്കു മാത്രമേ നമ്മെ ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്ന യേശുവിന്റെ ദൗത്യം ഫലമണിയിക്കാൻ പറ്റുകയുള്ളൂ. വല്യച്ചൻ പ്രാർത്ഥനയുടെ മനുഷ്യനായിരുന്നു. ആദ്ധ്യാത്മിക അഭ്യാസങ്ങൾക്കായി താൻ ചിലവഴിക്കുന്ന സമയമോ, ശക്തിയോ തന്റെ മിഷൻ പ്രവർത്തനങ്ങളുടെ സമയവും ശക്തിയും കുറയ്ക്കുകയല്ല മറിച്ച് അവയുടെ കാര്യക്ഷമതയും ഫലപ്രാപ്തിയും വർദ്ധിപ്പിക്കുകയാണെന്ന് നമ്മുടെ വല്യച്ചൻ മനസ്സിലാക്കിയിരുന്നു, അനുഭവിച്ചറിഞ്ഞിരുന്നു. സക്രാരിയിലെ യേശുവിന്റെ സാന്നിധ്യം ഒരു കാന്തിക ധ്രുവം പോലെയായിരുന്നു വല്യച്ചന് ദൈവജനത്തിനുവേണ്ടി വൻകാര്യങ്ങൾ ചെയ്ത ഈ മിഷനറി തന്റെ കഴിവുകളിലോ നേട്ടങ്ങളിലോ അല്പംപോലും അഹങ്കരിക്കാതെ 'കർത്താവിൽ അഭിമാനം കൊണ്ടു (1കോരി.1:31). സമൂഹ സ്ഥാപനം വരെയുള്ള വലിയകാര്യങ്ങൾ വല്യച്ചന് ചെയ്യാൻ കഴിഞ്ഞത് വിശ്വാസത്തിൽ ആഴപ്പെട്ട പ്രാർത്ഥനയുടെ അനന്തര ഫലങ്ങളായിരുന്നു. ജീവിതത്തിൽ അസാദ്ധ്യമെന്ന് തോന്നുന്ന കാര്യങ്ങൾ സാധിക്കാൻ വിശ്വാസത്തിൽ ആഴപ്പെട്ട പ്രാർത്ഥന ആവശ്യമാണെന്ന് വല്യച്ചന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നു.

അവനാകട്ടെ വിജനപ്രദേശത്തേക്ക് പിൻവാങ്ങി അവിടെ പ്രാർത്ഥിച്ചുകൊണ്ടിരുന്നു (ലൂക്കാ 5:16). യേശു ദൈവപുത്രനായിരിന്നിട്ടും വിജന പ്രദേശത്തേക്ക് പിൻവാങ്ങി അവിടെ പ്രാർത്ഥിച്ചു. ഏകാന്തതയിൽ, വ്യക്തിപരമായ പ്രാർത്ഥനയിലൂടെ അഗാധമായ ആന്തരിക ശക്തി അനുഭവിച്ചറിഞ്ഞിരുന്ന ഒരു ദൈവീക വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു വല്യച്ചൻ. ആന്തരിക ശക്തിയുടെ ഫലമായി ഓരോ പ്രഭാതത്തിലും പുതിയ തുടക്കവും ക്രിയാത്മകമായി കാര്യങ്ങൾ

www.malankaralibrary.com




ചെയ്യാനുള്ള ഊർജ്ജവുമായി അദ്ദേഹം മുന്നോട്ടു നീങ്ങി. ദൈവത്തിന് തന്നെത്തന്നെ അടിയറ വയ്ക്കുന്ന വ്യക്തിത്വങ്ങൾക്ക് മാത്രമേ ഈ ലോകത്തെ ചിന്തിപ്പിക്കുന്ന വിധത്തിൽ എന്തെങ്കിലും ചെയ്യാൻ സാധിക്കുകയുള്ളൂ. മുക്കുവന്മാരായിരുന്ന യേശു ശിഷ്യന്മാർ പരിശുദ്ധാത്മ പ്രചോദിതരായി എന്തെല്ലാം പ്രവർത്തനങ്ങൾ ചെയ്തു. അറിവല്ല ജ്ഞാനമാണ് അവരെ നയിച്ചു നടത്തി കാര്യങ്ങൾ ചെയ്യിച്ചത്. പ്രാർത്ഥനയിൽ ആഴപ്പെടുന്നവർ അരൂപി നയിക്കുന്ന വഴിയെ നടക്കാൻ പഠിക്കുന്നു. വൻകാര്യങ്ങൾ ചെയ്ത് വൻ വിജയത്തിലെത്തുന്നു.

എന്നെ കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്യുവാൻ കഴിയുകയില്ല (യോഹ.15:5). ഈ തിരുവചനത്തിന്റെ അർത്ഥവും വ്യാപ്തിയും അതിന്റെ പൂർണ്ണതയിൽ മനസ്സിലാക്കി ജീവിച്ച വല്യച്ചൻ യാതൊരു ബാഹ്യശക്തിക്കും അസ്വസ്ഥമാക്കുവാൻ പറ്റാത്ത അഗാധമായ പ്രാർത്ഥനയുടെ വ്യക്തിയായിരുന്നു. വാചാലമായ വാക്കുകളിലല്ലാതെ പ്രാർത്ഥനയിൽ ദൈവഹിതം തിരിച്ചറിഞ്ഞ് അനുസരിക്കുവാനാണ് വല്യച്ചൻ മക്കളായ നമ്മെ പഠിപ്പിച്ചത്. തന്റെ ജീവിതത്തിൽ ഏകാകിത്വം വല്യച്ചൻ അറിഞ്ഞിട്ടില്ല. കാരണം യേശു വല്യച്ചന്റെ ആത്മസുഹൃത്തായിരുന്നു. കൂടെ നടക്കുന്നതും കാര്യം നടത്തുന്നതും പ്രചോദനം നൽകുന്നതും ശക്തി പകരുന്നതും എല്ലാം യേശുവാണെന്ന് അച്ചൻ അനുഭവച്ചറിഞ്ഞിരുന്നു.

ദൈവം എന്നെക്കൊണ്ട് എല്ലാം ചെയ്യിച്ചു എന്ന് പറയുമ്പോൾ അനുഭവിക്കുന്ന ആത്മനിർവൃതി, വിശ്വാസം, ആത്മീയാനന്ദം ഇതെല്ലാം പ്രാർത്ഥനയിലൂടെ നേടിയെടുത്തവയായിരുന്നു. വിശ്വാസത്തിൽ നിന്നുടലെടുത്ത ദൈവസ്നേഹത്തിന്റെ പ്രകടനങ്ങളായിരുന്നു. ദൈവാശ്രയമാകുന്ന ഉറവയായിരിക്കെ പുഷ്ടിയായി വളർന്നുനിൽക്കുന്ന ഒരു വടവൃക്ഷവും ദൈവ പരിപാലനയിൽ പരിപൂർണ്ണമായി ആശ്രയിച്ച് ദൈവനടത്തിപ്പിന് സ്വയം ഏൽപ്പിച്ചുകൊടുത്ത ദൈവസ്നേഹിയുമാണ് വല്യച്ചൻ എന്ന് ബിഷപ്പ് ലോറൻസ് മാർ അപ്രേം.

ഈ ലോകത്തിൽ ദൈവരാജ്യം സംജാതമാക്കുകയായിരുന്നു അച്ചന്റെ ലക്ഷ്യം. നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ (മർക്കോ 16:15) എന്നരുൾ ചെയ്ത ഈശോ ശിഷ്യന്മാരെ തന്റെ ദൗത്യം ഏല്പ്പിച്ചു. ശിഷ്യന്മാർ

www.malankaralibrary.com


ആ ദൗത്യം ഏറ്റെടുത്തപ്പോൾ അവർക്കു ഒന്നും അറിയേണ്ടതില്ലായിരുന്നു. അവരുടെ ഇഷ്ടമല്ല ഈശോയുടെ ഇഷ്ടത്തിൽ ഏൽപ്പിക്കപ്പെട്ട ദൗത്യം ഈശോ തന്നെ നയിക്കുമെന്ന് അവർക്കുറപ്പുണ്ടായിരുന്നു. എന്നാൽ ദൈവരാജ്യം സംജാതമാക്കാൻ ഇറങ്ങി പുറപ്പെട്ട അച്ചൻ യേശുവിന്റെ ഇഷ്ടം പ്രാർത്ഥനയിലൂടെയാണ് തിരിച്ചറിഞ്ഞത്. അതുകൊണ്ടുതന്നെ മുന്നോട്ടുള്ള ഓരോ ചുവടുവെപ്പും പ്രാർത്ഥനയിലൂടെയാണ് വല്യച്ചൻ നയിച്ചത്. ദൈവഹിതം തിരിച്ചറിയുവാൻ പ്രാർത്ഥിച്ചു. പ്രാർത്ഥിച്ചത് ലഭിക്കുമെന്ന് വിശ്വസിച്ചു. വിശ്വാസത്തിലൂടെ നാൾക്കുനാൾ ദൈവസ്നേഹത്തിൽ ആഴപ്പെട്ടു. ആ സ്നേഹത്തിന്റെ പ്രകടനം പ്രാർത്ഥനയിലൂടെ സാധിതമാക്കി. തന്റെ കഠിനാധ്വാനത്തിന്റെ കാഠിന്യമോ, ക്ഷീണമോ, അതിന്റെ തിരക്കോ ഒന്നും അച്ചന്റെ പ്രാർത്ഥനാ ജീവിതത്തെ ബാധിച്ചില്ല. അതിനേക്കാൾ ഒക്കെ ആഴപ്പെട്ട ദൈവവുമായുള്ള ബന്ധത്തിൽ ദൃഢപ്പെട്ടിരുന്ന വല്യച്ചൻ ജീവിതം യാതൊരു ബാഹ്യശക്തിക്കും ശിഥിലമാക്കാൻ പറ്റാത്ത ഉറപ്പുള്ള ഒരു കോട്ടയായിരുന്നു. ആ കോട്ടയ്ക്കുള്ളിലാണ് വല്യച്ചൻ തന്റെ സൗധങ്ങൾ കെട്ടിപൊക്കിയത്. കാറ്റിലും മഴയിലും വെയിലിലും മറ്റെല്ലാ പ്രതികൂല സാഹചര്യങ്ങളിലും ആ കോട്ട മറികടന്ന് അകത്തു പ്രവേശിക്കാൻ, ഇല്ലായ്മ ചെയ്യാൻ ഒന്നിനും സാധിച്ചില്ല. സാധിക്കുമായിരുന്നില്ല. അതുകൊണ്ടുതന്നെ വിജയപ്രദമായി അച്ചൻ തന്റെ മിഷൻവേല പൂർത്തിയാക്കി. വി. പൗലോസ് ശ്ലീഹാ പറഞ്ഞതുപോലെ ഞാൻ നന്നായി പൊരുതി; എന്റെ ഓട്ടം പൂർത്തിയാക്കി; വിശ്വാസംകാത്തു (2 തിമോ.4:7). ദൈവം തനിക്കായി നീക്കി വച്ചിരുന്ന ജോലി നല്ല ഓട്ടം ഓടി പൂർത്തിയാക്കിയതിനുശേഷമാണ് തന്റെ സ്വർഗ്ഗസമ്മാനത്തിനായി നമ്മുടെ വല്യച്ചൻ പോയത്. പ്രാർത്ഥനയുടെ മനുഷ്യർക്ക് അസാദ്ധ്യകാര്യങ്ങൾ സാധിക്കാൻ കഴിയുമെന്ന് അടയാളം ബാക്കിവച്ചിട്ട്!

**ആത്മഭാഷണം**

കർത്താവായ യേശുവേ, എന്റെ സ്ഥാപക പിതാവിന് പ്രാർത്ഥനയിലുണ്ടായിരുന്ന അചഞ്ചലമായ വിശ്വാസത്തെക്കുറിച്ച് കൂടുതലായ ആത്മീയ വെളിച്ചം എനിക്ക് നൽകിയതിന് ഞാൻ നന്ദിപറയുന്നു. എന്റെ പ്രാർത്ഥനാ സമയങ്ങൾ ദൈവസ്നേഹപ്രകടനത്തെക്കാൾ ഉപരി കടമ

www.malankaralibrary.com



നിർവഹിക്കലായി എത്രയോ പ്രാവശ്യം ഞാൻ നടത്തിയിരിക്കുന്നു. ബാഹ്യശക്തികളായ, തിന്മയുടെ ശക്തികളായ, അശ്രദ്ധ, അശുഭ ചിന്തകൾ, അസ്വസ്ഥതകൾ, ആകൂലത, ഭക്തിരാഹിത്യം, അലസത ഇതൊക്കെ എന്റെ പ്രാർത്ഥനാ ജീവിതത്തെ ശിഥിലമാക്കി ക്കൊണ്ടിരിക്കുന്നു എന്ന തിരിച്ചറിവ് എന്നെ അനുതാപത്തിലേക്ക് നയിക്കുന്നു. എന്റെ ദൗത്യങ്ങൾ പ്രാർത്ഥനയിൽ നിന്ന് ഉത്ഭൂതമാകും വിധം പ്രാർത്ഥന എന്റെ ജീവശ്വാസം പോലെ അതിപ്രധാനമാണെ ന്നുള്ള സത്യം എന്നെ ഗ്രഹിപ്പിക്കണമേ.

മകളേ, പ്രാർത്ഥനയാണ് എന്നെ നീയുമായും നിന്നെ ഞാനു മായും ബന്ധിപ്പിക്കുന്നത് എന്ന ആഴമായ ബോധ്യം നിനക്കുണ്ടോ? നിന്റെ സ്ഥാപകപിതാവ് എത്രയധികമായി ഞാനുമായിബന്ധപ്പെട്ട ഒരു ജീവിതം നയിച്ചു എന്ന് നിനക്ക് ബോധ്യമായില്ലേ? നീയും നിന്റെ വത്സല താതനോട് ചേർന്ന് പ്രാർത്ഥനയിൽ നിഷ്ഠയോടെ ജീവിക്കാൻ പരിശ്രമിക്കുക. അപ്പോൾ നിന്റെ പ്രയത്നങ്ങൾ ഫലമണിയും. എനി ക്കുവേണ്ടിയുള്ള നിന്റെ ഓട്ടം നിഷ്ഫലമാകില്ല. നാഥാ, എന്നെ പ്രാർത്ഥ നയുടെ ഒരു വ്യക്തിയാക്കി രൂപാന്തരപ്പെടുത്തുവാൻ കനിയണമേ. പ്രാർത്ഥനയിൽ യേശുവിന്റെ ഇഷ്ടം തിരിച്ചറിഞ്ഞ വത്സലതാതന്റെ ആത്മീയ പുത്രിയായി ഞാൻ മാറട്ടെ.

**പ്രായോഗിക തീരുമാനം :** എന്റെ മാനസികവും ശാരീരികവുമായ അസ്വസ്ഥതകൾ എന്റെ പ്രാർത്ഥനാ ജീവിതത്തെ തടസ്സപ്പെടുത്താൻ ഞാൻ അനുവദിക്കില്ല.

**അനുസ്മരണം :** "കർത്താവ് എത്ര നല്ലവനെന്ന് രുചിച്ചറിയുവിൻ" (സങ്കീ.34:8)

www.malankaralibrary.com

# 6

## ദൈവത്തിൽ സമ്പന്നൻ

**"ഒന്നും ഇല്ലാത്തവനാകാൻ ആഗ്രഹിച്ചു എന്നാൽ എനിക്കൊന്നിനും കുറവുണ്ടായിട്ടില്ല"**

**ധ്യാനപശ്ചാത്തലം:**

നമ്മെതന്നെ ശാന്തമാക്കിക്കൊണ്ട് ദൈവസാന്നിദ്ധ്യത്തിൽ ആയിരിക്കാം. പിതാവായ ദൈവത്തിന്റെ സ്നേഹ വലയത്തിലേക്ക് നമുക്ക് കടന്നുവരാം. പിതാവിന്റേയും പുത്രന്റേയും സ്നേഹമായ പരിശുദ്ധാത്മാവിനാൽ നിറയുവാൻ പ്രാർത്ഥിക്കാം. സ്വർഗ്ഗീയ രഹസ്യങ്ങൾ വെളിപ്പെടുത്തിതരുന്ന പരിശുദ്ധാത്മാവേ സ്വർഗ്ഗീയ പ്രഭയാൽ ഞങ്ങളെ അഭിഷേകം ചെയ്യണമെ. വചനമായ യേശുവിനെ ഹൃദയത്തിലും ഉദരത്തിലും ഏറ്റു വാങ്ങിയ പരി. അമ്മയുടെ വിമലഹൃദയത്തിലേക്ക് ഞങ്ങളേയും സമർപ്പിക്കുന്നു. പരി. അമ്മയുടെ സംരക്ഷണം ഈ ധ്യാനസമയത്ത് നമുക്ക് കോട്ടയായിരിക്കട്ടെ. നമ്മുടെ ശരീരത്തിന്റേയും മനസ്സിന്റേയും വ്യാപാരങ്ങളെ ബോധപൂർവ്വം ദൈവസാന്നിദ്ധ്യത്തിലേക്ക് വിട്ടുകൊടുക്കാം. നിശബ്ദതയിലേക്ക് ഇറങ്ങി വരാം. നമ്മുടെ ഉള്ളിലിരുന്ന് സ്വരമില്ലാസ്വരത്തിൽ സംസാരിക്കുന്ന യേശുവിനെ ശ്രവിക്കാം. യേശുവേ അങ്ങേ തിരുരക്തത്തിന്റെ കോട്ടയും തിരുക്കുരിശിന്റെ സംരക്ഷണവും നൽകി ഞങ്ങളെ നയിച്ചാലും. ജീവിത വഴികളിൽ മൃദുസ്വരം ശ്രവിക്കാൻ പരി. ആത്മാവേ, അനുഗ്രഹിക്കണമേ.

വരമരുളൂ പാവനാത്മാവേ
എൻ ജീവിത പാതയിലെന്നും
യേശുവിൻ മൃദുലസ്വരം കേൾക്കാൻ
ഞാനിന്നു ദാഹമോടണയുന്നു

പവിത്രചിന്തകൾ നിറച്ചെൻ ഹൃത്തിനെ
പാവനമാക്കണേ ദേവാ
എന്റെ ദുഃഖങ്ങളിൽ ആശ്വാസമേകാൻ
ഒരു കുളിർകാറ്റായ് അണയണമേ
എൻ മനതാരിൽ ശാന്തി ഏകണേ.

www.malankaralibrary.com


**സൂക്തസന്ദേശം**

"ഒന്നും ഇല്ലാത്തവനാകാൻ ആഗ്രഹിച്ചു. എന്നാൽ എനിക്കൊന്നിനും കുറവുണ്ടായിട്ടില്ല". ഒരു വലിയ മിഷനറിയാകാനുള്ള ആഗ്രഹം വല്യച്ചന്റെ ജീവിതത്തിൽ ചെറുപ്പം മുതലേ ഉണ്ടായിരുന്നു. ദൈവീക കാര്യങ്ങൾ കേൾക്കുന്നതിലും കാണുന്നതിലും അനുകരിക്കുന്നതിലും ശൈശവം മുതൽക്കേ ഈ ബാലൻ പ്രത്യേകം താല്പര്യം പ്രദർശിപ്പിച്ചിരുന്നു. എന്നും പ്രഭാതത്തിൽ പള്ളിയിൽ പോവുകയും വി. ബലിയിൽ ശുശ്രൂഷകനാകുകയും അതിൽ സന്തോഷിക്കുകയും ചെയ്തു. വിശ്രമവേളയിൽ ഇടവക പള്ളിയിലെ പ്രസംഗം അനുകരിക്കുക, ചിരട്ട ഉപയോഗിച്ച ധൂപക്കുറ്റി ഉണ്ടാക്കി തിരുക്കർമ്മങ്ങൾ അനുകരിക്കുക എന്നിവയിലൂടെ ഭാവിയിൽ താൻ ഏറ്റെടുക്കാനിരുന്ന പൗരോഹിത്യ ധർമ്മത്തിന് സ്വയം തയ്യറെടുക്കുകയായിരുന്നു.

"നിങ്ങളേക്കുറിച്ചുള്ള പദ്ധതി എന്റെ മനസ്സിലുണ്ട്. നിങ്ങളുടെ നാശത്തിനല്ല, ക്ഷേമത്തിനുള്ള പദ്ധതിയാണ്. നിങ്ങൾക്ക് ശുദ്ധമായ ഭാവിയും പ്രത്യാശയും നൽകുന്ന പദ്ധതി"(ജറ.29:11). ജറമിയ പ്രവാചകനിലൂടെ കർത്താവ് അരുളിച്ചെയ്ത ഈ വചനം ബഹു. അച്ചനിൽ നിറവേറുകയാണ്. പാലാ രൂപതയ്ക്കു വേണ്ടി പൗരോഹിത്യം സ്വീകരിച്ച ബഹു. ജോസഫ് അച്ചൻ പുനരൈക്യത്തിന്റെ ആദ്യനാളുകളിൽ തന്നെ തിരുവനന്തപുരത്തേക്ക് കടന്നു വന്ന് ഒന്നും ഇല്ലാതിരുന്ന മാർത്താണ്ഡം പ്രദേശത്ത് എളിയ ജീവിതം നയിച്ച് ദൈവത്തിൽ സമ്പന്നനായി.

പട്ടിണിയും രോഗവും അജ്ഞതയും അകറ്റാൻ മന്ത്രവാദവും, ചാത്തൻസേവയും നടത്തി, ഉള്ള തുച്ഛമായ സമ്പാദ്യം മുഴുവൻ നഷ്ടപ്പെടുത്തുന്ന ഒരു ജനസമൂഹത്തിന്റെ ഇടയിൽ ബഹു. അച്ചൻ പ്രവർത്തനം ആരംഭിച്ചു. സാമ്പത്തികമായ ഒരു നേട്ടവും അദ്ദേഹം ആഗ്രഹിച്ചില്ല. അടിമകളെ പോലെ തങ്ങൾക്കു ദാസ്യ വൃത്തി ചെയ്തിരുന്നവർ സ്വാതന്ത്രരാക്കപ്പെടും എന്നുള്ള ഭയം അന്നാട്ടിലെ സമ്പന്ന വിഭാഗത്തെ പ്രകോപിപ്പിച്ചു. അന്യായ പലിശ വാങ്ങി കൊള്ളലാഭം കൊണ്ട് കീശ വീർപ്പിച്ചിരുന്നവർ ഈ പുതിയ അച്ചനെ പേടിസ്വപ്നമായി കണ്ടു. ബഹു. അച്ചൻ പറയുന്നു; "ഞാൻ ഒരു കത്തോലിക്കാ

www.malankaralibrary.com




വൈദികൻ എന്നു മനസ്സിലാക്കിയിരുന്നെങ്കിൽ അന്നു വാടകയ്ക്കു കെട്ടിടം പോലും കിട്ടുമായിരുന്നില്ല" എന്ന്.

ബഹു. ജോസഫ് അച്ചന്റെ വിശ്രമമില്ലാത്ത പ്രവർത്തനങ്ങളിലൂടെ അനേകം മക്കൾ യേശുവിനെ അറിഞ്ഞു. രോഗങ്ങൾക്കും പകർച്ച വ്യാധികൾക്കും അടിമയായിരുന്ന ജനത്തെ പ്രാർത്ഥനയും മരുന്നും വഴി രോഗസൗഖ്യത്തിലേക്ക് നയിച്ചു. സാമ്പത്തികമായി പിന്നോക്കം നിന്നിരുന്ന ജനങ്ങളെ വിവിധ കൈത്തൊഴിലുകൾ പരിശീലിപ്പിച്ച് സാമ്പത്തിക നിലവാരം ഉയർത്തി. മന്ത്രവാദത്തിനും കൂടോത്രത്തിനും അടിമയായിരുന്ന ജനതയെ സത്യവിശ്വാസത്തിലേക്ക് നയിച്ചു. ഇവരെയെല്ലാം ആത്മീയ വഴിയെ നയിക്കാൻ തന്നെക്കൊണ്ടു മാത്രം സാധ്യമല്ല എന്നു തിരിച്ചറിഞ്ഞ ബഹു. അച്ചൻ തന്നെ സഹായിക്കാൻ സിസ്റ്റേഴ്സിന്റെ സേവനം ആഗ്രഹിച്ചു. സിസ്റ്റേഴ്സ് മിഷൻ രംഗത്ത് പ്രവർത്തിക്കാൻ ഉണ്ടായിരുന്നെങ്കിൽ സ്ത്രീകളെയും കുട്ടികളെയും കുറെ കൂടി സ്വാധീനിക്കാം എന്ന് അച്ചൻ കരുതി. സുവിശേഷ പ്രചരണവും, മഠസ്ഥാപനവും, സാമൂഹ്യപ്രവർത്തനങ്ങളും കൂടുതൽ കാര്യക്ഷമമാക്കുകയും ചെയ്യണം എന്ന ചിന്തയും ദൈവപരിപാലനയ്ക്കു സമർപ്പിച്ച് പ്രാർത്ഥിച്ചു. ഇല്ലായ്മയിൽ നിന്ന് മേരീമക്കൾ സമൂഹത്തിന് ജന്മം നൽകികൊണ്ട് ദൈവം വല്യച്ചന്റെ പ്രാർത്ഥനയും പ്രയത്നവും സഫലമാക്കി.

യുവമിഷനറി ക്രിസ്തുവിന്റെ സന്ദേശം വാരി വിതറി. പാവപ്പെട്ട ധാരാളം ആളുകൾ ജ്ഞാനസ്നാനം സ്വീകരിച്ചു. ബഹു. വല്യച്ചന്റെ പ്രവർത്തന മണ്ഡലം അതിവേഗം വളർന്നു. ജ്ഞാനസ്നാനം സ്വീകരിച്ചവരും സ്വീകരിക്കാത്തവരും ബഹു. അച്ചനെ അവരുടെ നായകനായി സ്വീകരിച്ചു. ഉപദേശങ്ങൾക്കു വേണ്ടി വ്യക്തിപരമായും കുടുംബപരമായും അച്ചന്റെ അടുക്കൽ ധാരാളം ആളുകൾ വന്നുകൊണ്ടിരുന്നു. പല ഇടങ്ങളിലും മിഷൻ കേന്ദ്രങ്ങൾ തുടങ്ങി. ബഹു. അച്ചൻ പറയുന്നു: മിഷൻ നടത്താനുള്ള ചിന്തയാണ് വസ്തുവും നിലവും എന്നെക്കൊണ്ട് വാങ്ങിപ്പിച്ചത്. ഒരു സെന്റ് ഭൂമിയും എന്റേതായി സമ്പാദിക്കുകയില്ലെന്ന് ശപഥം ചെയ്തുകൊണ്ടാണ് ഞാൻ സെമിനാരിയിൽ നിന്നിറങ്ങിയത്.

www.malankaralibrary.com



എല്ലാം ഉപേക്ഷിച്ചവന് സർവ്വവും സമൃദ്ധമായി നൽകി ദൈവം അനുഗ്രഹിച്ചു. നമ്മുടെ സമൂഹസ്ഥാപകന്റെ ഈ ചൈതന്യം മക്കളായ നമ്മെ എങ്ങനെ സ്വാധീനിക്കുന്നു? എല്ലാം സ്വന്തമാക്കുവാനും ഏറ്റവും നല്ലത് ലഭിക്കുവാനും ഞാൻ ആഗ്രഹിക്കുമ്പോൾ, ഒന്നുമില്ലാത്തവനാകാൻ ഇഷ്ടപ്പെട്ട്, ഇല്ലായ്മയിൽ ജീവിച്ച വല്യച്ചന്റെ ജീവിതം ഇന്ന് എന്റെ നേരെ ഒരു വെല്ലുവിളി ഉയർത്തുന്നില്ലേ? ജീവിത സൗകര്യങ്ങൾ ചുരുക്കിക്കൊണ്ട് ഇല്ലായ്മയിൽ നമുക്കും സന്തോഷിക്കാം. അങ്ങനെ ദരിദ്രനെ സമ്പന്നനാക്കാൻ നമ്മുടെ ദാരിദ്ര്യം ഉപകരിക്കട്ടെ. വല്യച്ചന്റെ ശൈലി സ്വന്തമാക്കികൊണ്ട് നമുക്ക് നമ്മുടെ ജീവിതത്തെ പുന:ക്രമീകരിക്കാം.

**ആത്മഭാഷണം:**

എന്നെ പൂർണ്ണമായും അറിയുന്ന ഈശോയെ, സൂര്യനെ വെല്ലുന്ന ശോഭയോടെ എന്റെ വിചാരങ്ങളും ഭാവനയും നോക്കികാണുന്നവനെ, എല്ലാം സ്വന്തമാക്കുവാൻ ഉള്ള എന്റെ സ്വാർത്ഥതയെ ഓർത്തു ഞാൻ അനുതപിക്കുന്നു. എന്റെ ഈശോയെ അവിടുന്ന് ദരിദ്രനായി ജനിച്ചു, ഒരു സമ്പത്തും കരുതിവയ്ക്കാതെ ജീവിച്ചു, മരിച്ച് അടക്കപ്പെടുന്നതിന് സ്വന്തമായി ഒരു കല്ലറപോലും അങ്ങേയ്ക്ക് ഇല്ലായിരുന്നു. കുറുനരികൾക്ക് മാളങ്ങളും ആകാശത്തിലെ പറവകൾക്ക് കൂടുകളും ഉണ്ട്. മനുഷ്യപുത്രന് തലചായ്ക്കാൻ ഇടമില്ല" (ലൂക്ക. 9:58) എന്ന് പഠിപ്പിച്ച അങ്ങ് സ്വന്തം ജീവിതം കൊണ്ട് അതു ഞങ്ങൾക്കു കാണിച്ചുതന്നു. ഞങ്ങളുടെ പ്രിയപ്പെട്ട വല്യച്ചൻ വാടകകെട്ടിടത്തിൽ താമസിച്ചും, വാടക സൈക്കിളിൽ യാത്രചെയ്തും ദരിദ്രനായി മിഷൻ പ്രവർത്തനം നടത്തി. വല്യച്ചന്റെ ജീവിതം നോക്കി കാണുമ്പോൾ ഞാൻ എത്രമാത്രം ആർഭാടപൂർവ്വമായ ജീവിതം ആണ് നയിക്കുന്നത് എന്നോർത്ത് ദുഃഖിക്കുന്നു. എത്ര നല്ല ജീവിത സൗകര്യം ഉണ്ടെങ്കിലും, എത്ര നല്ല സാധനം കിട്ടിയാലും ഒരു കുറവ് കണ്ടെത്തുന്ന എന്റെ സ്വഭാവത്തെ ഞാൻ മനസ്സിലാക്കുന്നു. ഏറ്റവും നല്ലത് സഹോദരികൾക്കായി പങ്കുവയ്ക്കാനും ഏറ്റം കുറച്ചു സാധനം കൊണ്ട് സന്തോഷത്തോടെ ജീവിക്കുവാനും എന്റെ ഈശോയെ എന്നെ സഹായിക്കണമേ.

www.malankaralibrary.com





മകളേ, "എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ അവൻ തന്നെത്തന്നെ പരിത്യജിച്ച് തന്റെ കുരിശെടുത്ത് എന്നെ അനുഗമിക്കട്ടെ" (മത്തായി 16:24) എന്ന വചനം നീ ജീവിക്കുക. അപ്പോൾ ഇല്ലായ്മയിൽ നിനക്ക് ആനന്ദിക്കുവാൻ കഴിയും. എന്റെ വചനം ജീവിച്ച് അതു പങ്കുവയ്ക്കുവാൻ നിന്നെ ഞാൻ വിളിച്ചു. എന്നാൽ ഇന്ന് നിന്റെ അവസ്ഥ എന്ത്?

എന്റെ ഈശോയെ ഞാൻ പല അവസരങ്ങളിലും എന്റെ ഇഷ്ടം മാത്രം നോക്കി ജീവിച്ചു പോയി. അങ്ങയെ പ്രഘോഷിക്കേണ്ട സമയങ്ങൾ എന്റെ സ്വാർത്ഥതയാൽ നഷ്ടപ്പെടുത്തിയിട്ടുണ്ട്. ഇപ്പോഴിതാ ഒരു മാനസാന്തരം ആഗ്രഹിച്ച് നിന്റെ മുമ്പിൽ ഞാൻ നിൽക്കുന്നു. തീഷ്ണതയാൽ എന്നേ നിറയ്ക്കണമേ. വല്യച്ചന്റെ തീഷ്ണതയും കുറവുകളിൽ ആനന്ദിക്കുന്ന സ്വഭാവവും ഞാനും സ്വന്തമാക്കട്ടെ. ദൈവത്തിൽ സമ്പന്നയാകാൻ വേണ്ടി ഈ ലോകത്തിന്റെ നശ്വരതയിൽ ആശ്രയിക്കുകയില്ലെന്ന് ഞാൻ പ്രതിജ്ഞ ചെയ്യുന്നു. എന്നെ അനുഗ്രഹിക്കണമേ. അനശ്വര സൗഭാഗ്യത്തിൽ ഞാൻ ലയിക്കട്ടെ.

**പ്രായോഗിക തിരുമാനം :** എന്റെ ജീവിതത്തിൽ ലാളിത്യത്തിന് ഞാൻ മുൻ തൂക്കം കൊടുക്കും.

**അനുസ്മരണാവാക്യം :** "തനിക്കുള്ളതെല്ലാം ഉപേക്ഷിക്കാതെ നിങ്ങളിലാർക്കും എന്റെ ശിഷ്യനാവുക സാദ്ധ്യമല്ല" (ലൂക്കാ. 14:33).

www.malankaralibrary.com

# 7

## മിഷനറിയുടെ വ്യക്തിമുദ്ര

**"നമ്മുടെ പ്രവർത്തന രംഗങ്ങളുടെ ആവശ്യം മനസ്സിലാക്കി പ്രവർത്തന ശൈലി രൂപപ്പെടുത്തുവാനും സ്ഥലകാലഭേദമെന്യേ മിഷൻ പ്രവർത്തനം നടത്തുവാനും മേരിമക്കൾ എപ്പോഴും ഒരുക്കമുള്ളവരായിരിക്കണം"**

**ധ്യാനപശ്ചാത്തലം:**

ജീവിതത്തിന്റെ എല്ലാ വ്യഗ്രതകളിൽ നിന്നും ആകുലതകളിൽ നിന്നും ഒഴിഞ്ഞ് നമ്മുടെ നാഥനോടൊത്തു ആയിരിക്കുവാൻ ലഭിച്ച ഈ അനുഗ്രഹീത നിമിഷങ്ങളെയോർത്തു അവിടുത്തെക്ക് നന്ദി പറയാം. സകല വിജ്ഞാനത്തിന്റെയും വിശുദ്ധിയുടെയും ഉറവിടമായ ദൈവവുമായി ഒന്നാകുന്ന ഈ ധന്യമുഹൂർത്തത്തിൽ അവിടുത്തെ തിരുസാന്നിദ്ധ്യം നമുക്കനുഭവിക്കാം. ആത്മാഭിഷേകത്തിലൂടെ നവമായ ഒരു ജീവിതത്തിലേക്ക് നമ്മെ ആനയിക്കണമെന്ന് പ്രാർത്ഥിക്കാം.

ഉണർവിൻ കൊടുങ്കാറ്റേ നീ
വീശണമേ വീണ്ടും (2)
തളരും മനസ്സുകളിൽ നീ
പുതിയൊരു ജീവൻ നൽകണമേ (2)
വീണ്ടും എനിക്കു നൽകണമെ
പുതിയൊരു പന്തക്കുസ്താ
അഭിഷേകത്തിൻ കൈകൾ
എന്നിൽ നീട്ടണമെ. (2)

**സൂക്തസന്ദേശം**

"നമ്മുടെ പ്രവർത്തനരംഗങ്ങളുടെ ആവശ്യം മനസ്സിലാക്കി പ്രവർത്തന ശൈലി രൂപപ്പെടുത്തുവാനും സ്ഥലകാലഭേദമെന്യേ മിഷൻ പ്രവർത്തനം നടത്തുവാനും മേരിമക്കൾ എപ്പോഴും ഒരുക്കമുള്ളവരായിരിക്കണം". മാർത്താണ്ഡത്തിന്റെ ധീര മിഷനറി മോൺ. ജോസഫ് കുഴിഞ്ഞാലിൽ കാലത്തിന്റെ ചുവരെഴുത്തുകൾ തിരിച്ചറിഞ്ഞ്, മേരിമക്കൾ സമൂഹം ഭൗതീകതയുടെ കാറ്റിൽ അണഞ്ഞു പോകാതെ

www.malankaralibrary.com





അതിന്റെ അദൃശ്യശക്തിയിൽ ജ്വലിച്ചു നിൽക്കുന്നതിനായി നൽകുന്ന സാരോപദേശമാണ് ഈ സൂക്തം. സ്ഥലവും കാലവും നോക്കിയിരിക്കാതെ സ്ഥലകാലങ്ങൾകതീതമായി ദൈവത്തിൽ വിശ്വസിച്ച്, വചനം വിതച്ച്, മേരിമക്കൾ തങ്ങളുടെ തനിമ നിലനിർത്തണം എന്ന് ആഗ്രഹിക്കുന്ന വല്യച്ചന്റെ ആത്മ നിശ്വസനങ്ങളാണ് ഈ സൂക്തത്തിൽ നിറഞ്ഞു നിൽക്കുന്നത്. മൂന്ന് അംഗങ്ങളിൽ സ്ഥാപതിമായ സമൂഹം വളർന്ന് പ്രേഷിതരംഗങ്ങൾ വിപുലീകരിക്കപ്പെട്ടു. ഭവന സന്ദർശനം വഴിയുള്ള പ്രേഷിത പ്രവർത്തനം നവമായ രൂപത്തിലും ഭാവത്തിലും വഴികളിലും നടത്തണം എന്ന ചിന്തയിലേയ്ക്കും തീരുമാനത്തിലേക്കും സമൂഹം സഞ്ചരിച്ചു. വിദ്യാഭ്യാസസ്ഥാപനങ്ങളും ആതുര ശുശ്രഷാ കേന്ദ്രങ്ങളും സാമൂഹ്യപ്രവർത്തനങ്ങളും അവിടവിടെയായി ഉയർന്നു വന്നു. പരിശീലനം നേടിയ അനുയോജ്യരായ സിസ്റ്റേഴ്സ് വ്യത്യസ്ഥങ്ങളായ ശുശ്രൂഷാ രംഗങ്ങൾ ഏറ്റെടുത്ത് നടത്തുവാൻ ആരംഭിച്ചു. കാലം മുന്നോട്ടു നീങ്ങവെ, പുതിയ ശുശ്രൂഷ രംഗങ്ങൾ സമൂഹത്തിന്റെ ആദിചൈതന്യത്തിൽ നിന്നും കാരിസത്തിൽ നിന്നും അകന്നു പോകുന്നു, സേവനരംഗങ്ങളിൽ ദൈവം ആഗ്രഹിക്കുന്ന ഫലം ഉണ്ടാകുന്നില്ല എന്നു കണ്ടു വല്യച്ചൻ മനം നൊന്ത് തന്റെ മക്കളെ സമൂഹത്തിന്റെ യഥാർത്ഥ കാരിസത്തിലേക്ക് തിരിച്ചു നടക്കാനായി പ്രേരിപ്പിച്ച് പങ്കുവയ്ക്കുന്ന സൂക്തമാണിത്. യഥാർത്ഥ കാരിസത്തിൽ നിന്ന് ഏറെ വേറിട്ട് സഞ്ചരിക്കുന്ന മേരിമക്കളുടെ പ്രവർത്തന രംഗങ്ങളെ നോക്കി സ്വർഗ്ഗത്തിലായിരുന്ന് വല്യച്ചൻ പഴയതിനേക്കാൾ അതിശക്തമായി ഇന്നും ഈ സൂക്തം പറഞ്ഞുകൊണ്ടേയിരിക്കുന്നു.

ഒരു ഉത്തമ മിഷനറി തന്നെ അയച്ചവന്റെ ഇഷ്ടം നിറവേറ്റുന്നവനാണ്. അയച്ചവന്റെ ഇഷ്ടം നിർവഹിക്കുന്നതിൽ കവിഞ്ഞ് മറ്റൊരു ഇഷ്ടം അവനില്ല. യഥാർത്ഥത്തിൽ അവൻ സ്വയത്തിന് മരിക്കുന്നു. സ്വന്തം അഹത്തിൽ നിന്ന് അയച്ചവനായ ദൈവത്തിന്റെ ഹൃദയത്തിലേക്ക് അവൻ പ്രയാണം ചെയ്യുന്നു. അപ്പോൾ ഇന്നലെ വരെ പ്രിയമായിരുന്നവയും ലോകദൃഷ്ടിയിൽ ശ്രേഷ്ഠമായിരുന്നവയും ഇന്ന് അവന് അപ്രിയവും വിലകെട്ടവയും ആയിതീരുന്നു. അതുകൊണ്ടല്ലേ വലിയ അപ്പസ്തോലൻ പൗലോസ് ക്രിസ്തുവിനെ പ്രതി സകലവും നഷ്ടപ്പെടുത്തുകയും ഉച്ഛിഷ്ടംപോലെ കരുതുകയും ചെയ്തത്. മാടമ്പി സ്ഥാനത്തേയും അസ്സീസിയിലെ രാത്രി ആഘോഷങ്ങളേയും തോല്പ്പിച്ച്

www.malankaralibrary.com



അതിനു മീതെ ആത്മീയ നൃത്തം ചവിട്ടി ദ്വിതീയ ക്രിസ്തുവായിതീർന്ന, മേരിമക്കൾ ആരുടെ ആദ്ധ്യാത്മികത പിൻതുടരുന്നുവോ, ആ ഫ്രാൻസിസ് അസീസ്സിയും അതുതന്നെയാണ് പറയുന്നത്. കുഴിഞ്ഞാലിൽ കുടുംബത്തിന്റെ മഹിമപ്രതാപവും പാലാരൂപതയുടെ സമ്പന്നതയും മെത്രാപ്പോലീത്തായുടെ സെക്രട്ടറിപദവും പിന്നിൽ ഉപേക്ഷിച്ച് സ്വയം മറന്ന് ക്രിസ്തുവിനു വേണ്ടി ജീവിച്ച മാർത്താണ്ഡത്തിന്റെ വലിയ മിഷനറി വല്യച്ചനും മറ്റൊന്നല്ല പറയുന്നത്. എങ്കിൽ ഞാൻ എവിടെ നിൽക്കുന്നു? അവയെല്ലാം ഇല്ലാതാക്കി ഒരു ഒഴിഞ്ഞ കുടം കണക്കെ ദൈവതിരുമുമ്പിൽ നിന്ന വല്യച്ചന്റെ ജീവിതത്തിലേയ്ക്ക് ആത്മാഭിഷേകം വന്നു നിറഞ്ഞു. വചനം നിറഞ്ഞു; ആ നിറകുടം കവിഞ്ഞൊഴുകി, മാർത്താണ്ഡം മുഴുവൻ ആത്മാഭിഷേകത്താൽ നിറഞ്ഞു. സ്ഥലകാല ഭേദമെന്യേ ദൈവവചനം മാംസം ധരിക്കപ്പെട്ടു. ദൈവമേ ഇത്രമാത്രം അത്ഭുതങ്ങൾ നിറഞ്ഞ വല്യച്ചന്റെ മകളായിരുന്നിട്ടും ഞാൻ ഇനിയും സ്വാർത്ഥതയെ ഉപേക്ഷിക്കാനോ സ്വയം ശൂന്യവത്കരിക്കാനോ തയ്യാറായിട്ടില്ല. അതിനാൽ സമൂഹത്തിന്റെ പ്രവർത്തന രംഗങ്ങളുടെ ആവശ്യം മനസ്സിലാക്കി പ്രവർത്തിക്കാൻ എനിക്കു കഴിയാതെ പോകുന്നു. സാധാരണക്കാരേക്കാൾ വ്യത്യസ്ഥമായി എന്റെ പ്രവർത്തന രംഗങ്ങളിൽ ഞാൻ ഒന്നും തന്നെ ചെയ്യുന്നില്ല. പലപ്പോഴും അധികാരസ്ഥാനത്തിരിക്കുമ്പോൾ സാധാരണക്കാരേക്കാളും മോശമായും അഹങ്കാരത്തോടെയുമാണ് ഞാൻ മറ്റുള്ളവരോട് ഇടപെടുന്നത്. എന്റെ സ്ഥാനമഹിമയിൽ നിന്ന് ഇറങ്ങി എളിയവരോട് സംസാരിക്കാനോ അവരുടെ സങ്കടം കേൾക്കാനോ വചനം പങ്കുവച്ച് അവരെ ആശ്വസിപ്പിക്കാനോ ദൈവത്തിലേക്ക് നയിക്കാനോ ഞാൻ സമയം കണ്ടെത്താറില്ല.

എന്റെ ഇഷ്ടങ്ങൾ, ലോകത്തിനനുസരിച്ച് നടക്കാനും, ഭൗതികമായ അറിവു നേടുന്നതിനും, മാധ്യമങ്ങളുടെ ലോകത്തിൽ എന്റെ ഏറിയ സമയം ചെലവഴിക്കുന്നതിനും എന്നെ നിർബന്ധിക്കുന്നു. അതിനാൽ ദൈവഹിതം കണ്ടെത്തുവാനോ ദൈവ വചനം പഠിക്കുവാനോ എനിക്ക് കഴിയാതെ പോകുന്നു. ഇത് ആത്മാഭിഷേകത്തിലും വചനത്തിലും നിറയപ്പെടുന്നതിൽ നിന്ന് എന്നെ തടയുന്നു. ഇല്ലാത്ത ഒന്ന് കൊടുക്കാൻ ആവാത്തതുപോലെ വചനത്താൽ ആത്മാവിനെ നേടാൻ എനിക്കാവാതെ പോകുന്നു.

www.malankaralibrary.com





ചില സമയങ്ങളിൽ അനുകൂലമായ സാഹചര്യങ്ങൾക്കായി എന്റെ മിഷൻ പ്രവർത്തനത്തെ ഒരുക്കിനിർത്തുന്നു. പ്രതികൂല സാഹ ചര്യങ്ങളെ അഭിമുഖീകരിക്കാനുള്ള ഭയവും പരിചയക്കുറവും സർവ്വോ പരി ദൈവപരിപാലനയിലുള്ള വിശ്വാസക്കുറവും കാരണം ഒരു സാഹ ചര്യത്തിലും യേശുവിനെപ്പറ്റി സംസാരിക്കാനും, കാണിച്ചുകൊടു ക്കാനും ഉള്ള ഒരു ശീലമോ പ്രവർത്തന ശൈലിയോ ഇതുവരെയും ഞാൻ രൂപ്പെടുത്തിയിട്ടില്ല. അനുകൂലമായ സ്ഥലകാല സാഹചര്യങ്ങള നോക്കിയിരിന്നെങ്കിൽ ഇന്ന് മാർത്താണ്ഡം രൂപതയോ, മേരിമക്കൾ സമൂഹമോ ഉണ്ടാകുമായിരുന്നില്ല. വല്യച്ചന്റെ ദൈവപരിപാലനയിലുള്ള ആഴമായ വിശ്വാസവും മിഷൻ തീഷ്ണതയുമാണ് പ്രതികൂലസാഹ ചര്യങ്ങളിൽ അതിവേഗം മുമ്പോട്ട് സഞ്ചരിക്കുവാൻ വല്യച്ചനെ പ്രാപ്തനാക്കിയത്.

**ആത്മഭാഷണം**

ദൈവമേ ഇത്രമാത്രം ദൈവീക പദ്ധതികളോട് സഹകരിച്ച വല്യച്ചനിലൂടെ അങ്ങ് സ്ഥാപിച്ച ഈ മിഷനറി സമൂഹത്തിൽ അംഗ മെന്ന് വിളിക്കപ്പെടാൻ പോലും ഞാൻ യോഗ്യയല്ല. എന്റെ പരിമിതി കൾ ഞാൻ വ്യക്തമായി കാണുന്നു. കപടത നിറഞ്ഞ എന്റെ മിഷനറി വ്യക്തിത്വം അങ്ങേ എത്രമാത്രം വേദനിപ്പിച്ചുണ്ടാവണം. ദൈവമേ എന്നോട് ക്ഷമിക്കണമെ. എന്റെ കുറവുകള മറന്ന് പുതിയ ചൈതന്യം എന്നിൽ നിറച്ചു തരണമേ. വല്യച്ചനിൽ നിറഞ്ഞ അതേ തീഷ്ണത യാൽ എന്നെ മിഷൻ പ്രവർത്തനത്തിനായി ഉണർത്തണമെ.

പ്രിയ മകളേ, നിന്റെ ജീവിതം എനിക്കായി സമർപ്പിച്ചിരിക്കു ന്നതിനാൽ നീ എന്നെ നിന്റെ ജീവിതത്തിന്റെ കേന്ദ്രബിന്ദുവായി കാണണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. സ്വമനസ്സാലെ നീ സമർപ്പിച്ചി രിക്കുന്നതിനാൽ നിന്റെ ജീവിതത്തിന്റെ പൂർണ്ണ അവകാശം എനിയ്ക്കാണ്. നിന്റെ ജീവിതത്തിൽ പൂർണ്ണമായി അലിഞ്ഞു ചേരുവാൻ നീ എന്നെ അനുവദിക്കുക. പഞ്ചസാര ജലത്തിൽ അലിഞ്ഞു കഴിഞ്ഞാൽ, അതിന്റെ രുചി പഞ്ചസാരയുടെ സാന്നിദ്ധ്യം വെളിപ്പെടു ത്തും. ഇതുപോലെ മിഷനറിയായ നീ നിന്നെതന്നെ മറക്കുക. നിന്നിൽ പ്രവർത്തിക്കാൻ എനിക്കവസരം തരിക. എന്റെ ഹിതം ആരായുക. എനിക്കായി സമയം കണ്ടെത്തുക. വചനത്തിന്റെ അഭിഷേകത്താൽ

www.malankaralibrary.com




നിറയപ്പെടുക. അപ്പോൾ നീ ദൈവീക രുചി ഉള്ളവളായി തീരും. നിന്റെ പ്രവർത്തനങ്ങളിൽ നീ ദൈവീക ഇടപെടലിന്റെ വ്യക്തിയായിതീരും. ദൈവീക കരസ്പർശനം ഉള്ളവളായി മാറും. പ്രവർത്തനരംഗങ്ങളുടെ ആവശ്യം തിരിച്ചറിഞ്ഞ് പ്രവർത്തന ശൈലിരൂപ്പെടുത്തുവാൻ എന്റെ ആത്മാവ് നിന്നെ സഹായിക്കും.

കർത്താവേ, ഞാനായിരിക്കുന്ന അവസ്ഥയിൽ നിന്നും എന്റെ സ്വാർത്ഥതയിൽ നിന്നും ഇഷ്ടങ്ങളിൽ നിന്നും ഞാൻ ഇതുവരേയും അങ്ങയിലേക്ക് വളരുകയോ, അതിനായി പരിശ്രമിക്കുകയോ ചെയ്തിട്ടില്ല എന്നോർത്തു ഞാൻ ദുഃഖിക്കുന്നു.

മകളേ, എന്നിലേക്കു വളരുന്ന ഒരു വ്യക്തി എന്റെ കാര്യങ്ങളിൽ വ്യാപൃതയാകും. ഞാൻ പിതാവിന്റെ കാര്യങ്ങളിൽ വ്യാപൃതനായിരുന്നതു പോലെ അവൻ സ്വന്തം കാര്യങ്ങളിൽ മരിച്ചവനെ പോലെയും ദൈവീക കാര്യങ്ങളിൽ അതീവ തല്പരനുമായി കാണപ്പെടും. അവൻ ചുറ്റുമുള്ളവരുടെ ആവശ്യങ്ങൾ ദിവ്യാത്മാവിനാൽ വിവേചിച്ചറിഞ്ഞ് വചനത്താൽ നിവർത്തിയാക്കുകയും ചെയ്യും. മകളേ, നിന്നെ വിളിച്ചവനായ എന്നോട് കൂടുതൽ വിശ്വസ്തയാവുക. ലോകത്തേയും ലോകസുഖങ്ങളേയും മറക്കുക. ഭൗമീകമായ അറിവും സമ്പത്തും മനുഷ്യ ഹൃദയങ്ങളെ ഒരിക്കലും തൃപ്തമാക്കുന്നില്ല. നിന്നെ സമീപിക്കുന്നവരെ ദൈവവചനത്താൽ മാത്രമേ നിനക്ക് തൃപ്തരാക്കാൻ കഴിയൂ. അതിനാൽ വചനത്താൽ നിറയപ്പെടുക.

ഈശോയേ, അനുകൂല സാഹചര്യങ്ങൾ നോക്കിയിരിക്കുന്നതിനാൽ അങ്ങേയ്ക്ക് സാക്ഷ്യം വഹിക്കാനും അങ്ങയെപ്പറ്റി സംസാരിക്കാൻ കിട്ടുന്ന സാഹചര്യങ്ങള എനിക്കൊരിക്കലും പ്രയോജനപ്പെടുത്താനാവുന്നില്ല. ഒന്നല്ലെങ്കിൽ മറ്റൊരു തടസ്സം എന്നെ അലട്ടിക്കൊണ്ടേയിരിക്കും. അതിനാൽ മിഷൻ പ്രവർത്തനത്തിന്റെ സംതൃപ്തിയും സന്തോഷവും എനിക്കനുഭവിക്കാൻ സാധിക്കുന്നില്ല.

മകളേ, സമയത്തിലും കാലത്തിലും ഒതുങ്ങി നിൽക്കുന്നവനല്ല ഞാൻ. എന്റെ പ്രവർത്തനങ്ങൾ നീ ചിന്തിക്കുന്ന സമയത്തല്ല സംഭവിക്കുന്നത്. ഞാൻ സദാസമയവും പ്രവർത്തനനിരതനാണ്. അനുകൂല പ്രതികൂല സാഹചര്യങ്ങളിലും ഞാൻ പ്രവർത്തിച്ചുകൊണ്ടേയിരിക്കും. കാലത്തിനും സമയത്തിനും അതീതനായ എന്നെ

www.malankaralibrary.com


അനുഗമിക്കുന്ന ആത്മാക്കൾ സ്ഥലകാല ഭേദമെന്യേ എന്റെ കാര്യങ്ങളിൽ പ്രവർത്തനനിരതരായി എന്നിൽ ശരണം വച്ച് വചനം വിതച്ചുകൊണ്ടേയിരിക്കണം. ഏതുസമയത്ത് ഫലമേകണമെന്ന് തീരുമാനിക്കുന്നത് ഞാനാണ്. എന്തെന്നാൽ കാറ്റു നോക്കിയിരിക്കുന്നവൻ വിതയ്ക്കുകയോ, മേഘങ്ങളെ നോക്കിയിരിക്കുന്നവൻ കൊയ്യുകയോ ഇല്ല. രാവിലെ വിത്തു വിതയ്ക്കുക, വൈകുന്നേരവും കൈ പിൻവലിക്കരുത്. കാരണം, ഏതാണ് സഫലമാകുക ഇതോ അതോ രണ്ടുമോ എന്ന് നീ അറിയുന്നില്ലല്ലോ (സഭാ.11:4,6).

ഇങ്ങനെ ഏത് സമയത്തും വിത്തു വിതയ്ക്കാൻ നിന്റെ വിതക്കുട്ടയിൽ എപ്പോഴും വചനവിത്ത് നിറഞ്ഞിരിക്കണം. നിന്റെ ഹൃദയം ദൈവവചനത്തിന്റെ കളപ്പുരയാകണം. അപ്പോൾ അവിടെ അലസതയ്ക്കോ അഹങ്കാരത്തിനോ സ്ഥലമുണ്ടാവില്ല. നീ സഞ്ചരിക്കുന്ന വഴികളിലെല്ലാം വചനം വിതയ്ക്കപ്പെടും. ഇതിനായി നിന്നെതന്നെ ഒരുക്കുക. എന്റെ ഹിതം അറിഞ്ഞ് ആവോളം വചനം ഭക്ഷിക്കുക. ഭയപ്പെടേണ്ട, ഞാൻ നിന്റെ കൂടെയുണ്ട്. നാഥാ, ഞാൻ അങ്ങിൽ ലയിച്ചിരിക്കട്ടെ.

**പ്രായോഗിക തീരുമാനം**

എന്റെ അനുദിനമുള്ള വ്യക്തിപരമായ പ്രാർത്ഥനയിൽ ദിവ്യവചനത്തിന്റെ അഭിഷേകം എന്നിൽ നിറയപ്പെടുന്നതിനായി 5 മിനിറ്റ് ഞാൻ ദാഹത്തോടെ സ്തുതിച്ച് പ്രാർത്ഥിക്കും. ദിവസവും ഓരോ ദിവ്യ വചനം പഠിക്കാൻ പരിശ്രമിക്കും. വചനം പങ്കുവയ്ക്കാൻ കിട്ടുന്ന അവസരം കഴിയുന്നതും പ്രയോജനപ്പെടുത്തും.

**അനുസ്മരണ വാക്യം :** "ദൈവവചനമായ യേശുവേ, എന്നിൽ നിറയണമെ".

www.malankaralibrary.com

# 8

## കരുണയുടെ അപ്പസ്തോലൻ

**"മേരിമക്കൾ വീടുതോറും കയറിയിറങ്ങി സുവിശേഷം അറിയിക്കുന്നവരാകണം. അതോടൊപ്പം മനുഷ്യോചിതമായി ജീവിക്കുവാനും സമൂഹത്തോടും രാജ്യത്തോടും സർവ്വോപരി ദൈവത്തോടുമുള്ള തങ്ങളുടെ കടമകൾ വിശ്വസ്തതയോടെ നിർവഹിക്കുന്നതിനും ദൈവ ജനത്തെ പരിശീലിപ്പിക്കണം".**

**ധ്യാനപശ്ചാത്തലം:**

നിശബ്ദതയിലൂടെയാണ് ദൈവത്തിന്റെ സ്വരം നമ്മിലേക്ക് കടന്നുവരുന്നത്. നമ്മുടെ മനസ്സിൽ സ്വസ്ഥതയും ശാന്തിയും സന്തോഷവും നിറയുവാനായി പ്രാർത്ഥിക്കാം. യേശുനാഥന്റെ കരുണാർദ്രമായ മുഖം നമ്മുടെ ഉള്ളിൽ തെളിഞ്ഞുവരുന്നതായി അനുഭവിക്കാം. നമ്മിലുള്ള പാപക്കറകളെയെല്ലാം തിരുനിണത്താൽ കഴുകി നിർമ്മലമാക്കി പരിശുദ്ധാത്മാവിന്റെ വരദാനഫലങ്ങളാൽ പൂരിതരായി പുതിയ സൃഷ്ടികളാക്കി മാറ്റുവാൻ പ്രാർത്ഥിക്കാം. അവിടുത്തെ സജീവസാന്നിധ്യം നമുക്ക് അനുഭവിക്കാം. നമ്മെ സ്നേഹിക്കുന്ന ദൈവവും നാമും ഒന്നിച്ചിരിക്കുന്ന അമൂല്യ നിമിഷങ്ങളിലേക്ക് നമുക്ക് പ്രവേശിക്കാം. ഗുരുവിന്റെ അരികെ ശിഷ്യയെന്നപോലെ നമുക്ക് അവിടുത്തെ തൃപ്പാദത്തിൽ ആത്മസമർപ്പണം ചെയ്ത് പരി. ആത്മാവിന്റേ അഭിഷേകത്തിനായി ദാഹിച്ച് പ്രാർത്ഥിക്കാം.

അത്യുന്നതങ്ങളിൽ നിന്നും
അഗ്നി നാളങ്ങളായ് വരണെ
വരദാനഫലദാനമേകാൻ
വരദായകാവേഗം വരണേ
　　ആത്മാവേ പാവനാത്മാവേ
　　അവിടുന്ന് ഞങ്ങളിൽ നിറയേണമേ
നിന്നെ കൂടാതൊന്നും ചെയ്തീടുവാൻ
ഞങ്ങൾക്കിന്നാവില്ല സ്നേഹരൂപ
സ്നേഹപ്രകാശമായ് നീ വരണേ
സ്നേഹചൈതന്യം ചൊരിഞ്ഞീടണേ

www.malankaralibrary.com





**സൂക്തസന്ദേശം**

മേരിമക്കൾ വീടുകൾ തോറും കയറിയിറങ്ങി സുവിശേഷം അറിയിക്കുന്നവരാകണം. അതോടൊപ്പം മനുഷ്യോചിതമായി ജീവിക്കുവാനും സമൂഹത്തോടും രാജ്യത്തോടും സർവ്വോപരി ദൈവത്തോടുമുള്ള തങ്ങളുടെ കടമകൾ വിശ്വസ്തതയോടെ നിർവഹിക്കുന്നതിനും ദൈവജനത്തെ പരിശീലിപ്പിക്കണം. ഭവനങ്ങൾ തോറും കയറിയിറങ്ങി സുവിശേഷമറിയിക്കാനുള്ള സിദ്ധി പൈതൃകമായി ലഭിച്ച മേരിമക്കൾ സുവിശേഷമായി മാറാനുള്ള വിളി, വിളിക്കുള്ളിലെ വിളിയായി നിറഞ്ഞു നിൽക്കുന്നു ഈ സൂക്തത്തിൽ. നിർമ്മലവും സുതാര്യവുമായ ഹൃദയത്തിലേക്കാണ് വചനത്തിന്റെ നീർച്ചാലുകൾ ഒഴുകിയിറങ്ങുക. അതിനിർമ്മലമായ പരി. അമ്മയിൽ വചനം മാംസമായി. അവളുടെ ജീവന്റെ തന്നെ ഭാഗമായി കടന്നുവന്നു. ആ അമ്മയുടെ മക്കളാണ് നാം. ലോകത്തിനു നൽകുവാനായി പരി. അമ്മയിലേക്ക് കടന്നുവന്ന വചനം എന്നിലേക്കും കടന്നു വരുന്നത് പ്രദാനം ചെയ്യപ്പെടേണ്ടതിനാണ്. വചനത്തെ ഏറ്റുവാങ്ങുവാൻ രക്ഷകനായ യേശുക്രിസ്തുവാകുന്ന സുവിശേഷം നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കുവാൻ നിർമ്മലയായിരിക്കേണ്ടത് ഓരോ മേരിമക്കളുടെയും ആവശ്യമാണ്.

അവൻ കരയ്ക്കിറങ്ങിയപ്പോൾ വലിയ ഒരു ജനക്കൂട്ടത്തെ കണ്ടു. അവരോട് അവന് അനുകമ്പ തോന്നി. കാരണം, അവർ ഇടയനില്ലാത്ത ആട്ടിൻപറ്റം പോലെ ആയിരുന്നു (മർക്കോ. 6:34). കാരുണ്യം തന്നെയായ ദൈവത്തിന് മനുഷ്യമക്കളോടു തോന്നുന്ന ആർദ്രമായ ഒരു മാനസികഭാവമാണ് കാരുണ്യം. ദൈവത്തിൽ ലയിച്ചുചേരാൻ ആഗ്രഹിക്കുന്ന ഒരു മനുഷ്യാത്മാവ് ദൈവത്തെ തേടിയെത്തുമ്പോൾ ദൈവത്തിനുണ്ടാകുന്ന മനോഹരമായ ഹൃദയാർദ്രതയാണിത്. ദൈവം കാണിച്ചുകൊടുത്ത ദേശത്തെ, തന്റെ മക്കളായ മാർത്താണ്ഡം ജനതയേയും അവരുടെ തകർന്ന അവസ്ഥകളേയും കണ്ടപ്പോൾ നമ്മുടെ സ്ഥാപക പിതാവിന് ഉണ്ടായതും ഇതേ മാനസികഭാവം. ഇടയനില്ലാത്ത ആട്ടിൻപറ്റത്തിന്റെ ഇടയനാകുവാനുള്ള ഒരു ഉൾപ്രേരണ നമ്മുടെ വല്യച്ചനെ ഗ്രസിച്ചപ്പോൾ അവർക്കുവേണ്ടി അവരുടേതായിത്തീരാൻ അദ്ദേഹത്തിന് കരുത്തും ലഭിച്ചു. അദ്ദേഹ

www.malankaralibrary.com


ത്തിനുണ്ടായ അനുകമ്പ ഒരു ജനതയുടെ ഉന്നമനത്തിനും ഒരു ദേശത്തിന്റെ വളർച്ചയ്ക്കും അനുഗ്രഹമായി ഭവിച്ചു.

ദൈവത്തിന്റെ സ്നേഹവും കാരുണ്യവും പരിപാലനയും ക്ഷമയുമെല്ലാം തന്റെ വാക്കുകളിലൂടെയും ജീവിത മാതൃകയിലൂടെയും ജനങ്ങൾക്ക് പകർന്നവനാണ് നമ്മുടെ പ്രിയ താതൻ: വല്യച്ചനിലുള്ള ദൈവീക മനുഷ്യനെ തിരിച്ചറിഞ്ഞ നാനാജാതി മതസ്ഥർ അവരുടെ ഇടയിൽ പ്രശ്നങ്ങൾ, കലഹങ്ങൾ ഒക്കെ ഉണ്ടാകുമ്പോൾ പരിഹാരം കണ്ടെത്താൻ അച്ചനെ സമീപിക്കുകയും അച്ചന്റെ വിധിതീർപ്പ് ഏറ്റുവാങ്ങുകയും ചെയ്യുക പതിവായിരുന്നു. എളിയവരും ദരിദ്രരുമായ ആ ജനങ്ങളുടെ കുടിലുകളിലേക്കും ജീവിതാവസ്ഥകളിലേക്കും ഇറങ്ങിച്ചെന്ന ആ ദൈവീക മനുഷ്യനെ ഒരു ആത്മീയ ഗുരുവായും, പ്രതിസന്ധികളിൽ വഴികാട്ടിയായും, അശരണർക്ക് അത്താണിയായും, രോഗികൾക്ക് സൗഖ്യദായകനായും അവർ കണ്ടിരുന്നു. വല്യച്ചനിലൂടെ നമ്മിലേക്ക് കൈമാറപ്പെട്ട ഈ ചൈതന്യം എത്രമാത്രം നമ്മിൽ ഇപ്പോൾ പ്രശോഭിക്കുന്നു? സ്ഥാപക പിതാവിൽ നിന്നും ഏറ്റവാങ്ങിയ ചൈതന്യം കറകൂടാതെ കാത്തുസൂക്ഷിക്കുകയും അടുത്ത തലമുറയ്ക്ക് കൈമാറുകയും ചെയ്യേണ്ട ഗൗരവമായ ഒരു ഉത്തരവാദിത്വം നമുക്കുണ്ട് എന്ന ബോധത്തിലാണോ നമ്മൾ ജീവിക്കുന്നത്?

നമ്മുടെ സ്ഥാപക പിതാവിന്റെ ഹൃദയത്തിൽ ഊറിയിറങ്ങിയ ദൈവീകനുകമ്പ ഒരു ദേശത്തിന്റെ ഉന്നമനത്തിനും ഒരു രൂപതയുടെ രൂപീകരണത്തിനും കാരണമായെങ്കിൽ എന്റെ കരുണാർദ്രസ്നേഹം ഒരു ജീവിതത്തെയെങ്കിലും ധന്യമാക്കണമെന്ന് അദ്ദേഹം ആഗ്രഹിക്കില്ലേ? തനിക്ക് ലഭിക്കാമായിരുന്ന സ്ഥാനമാനങ്ങൾ ഉപേക്ഷിച്ചപ്പോഴും ദൈവത്തെ അറിയാത്ത മക്കൾക്കുവേണ്ടി രാപകൽ അദ്ധ്വാനിച്ചപ്പോഴും മറ്റുള്ളവർക്കുവേണ്ടി ഉരുകിത്തീരുന്നതിന്റെ വേദനയിൽ ഒറ്റപ്പെടുത്തപ്പെട്ടപ്പോഴുമെല്ലാം തന്നെ നയിക്കുന്നവനിൽ നിന്നും ഏറ്റുവാങ്ങിയ കാരുണ്യത്തിന്റെ കെടാവിളക്ക് അണയാതെ കാത്തുസൂക്ഷിച്ചവനാണ് നമ്മുടെ വല്യച്ചൻ. മറ്റുള്ളവരിലേക്ക് എത്തിച്ചേരാനും ദൈവീക കാരുണ്യത്തിന്റെ മാർഗ്ഗവും കൈവഴിയും കവാടവുമാകാൻ അവിടുത്തെ കാരുണ്യം നമ്മെ ക്ഷണിക്കുന്നു. അകലുന്തോറും തന്റെ നെഞ്ചോടുചേർത്തുവയ്ക്കുന്ന, നഷ്ടപ്പെടുമ്പോൾ എല്ലാറ്റിനേയും

www.malankaralibrary.com



അന്വേഷിച്ച് പോകുന്ന, തിരിച്ചുവരുമ്പോൾ യാതൊരു മുൻവിധിയും കൂടാതെ തന്റെ പക്ഷം ചേർക്കുന്ന ഒരു കരുണാമയനാണ് നമ്മുടെ ദൈവം. ഉടമ്പടിയിൽ വിശ്വസ്തനും പരിശുദ്ധനും കൃപാനിധിയും ആജീവനാന്തം നിലനിൽക്കുന്ന പ്രസാദവും കരുണയും പ്രകടിപ്പിക്കുന്നവനും സ്നേഹത്തിൽ അത്യുദാരനും ആയ ദൈവത്തെയാണ് നാം നമ്മുടെ ജീവിതം കൊണ്ട് വരച്ചുകാട്ടേണ്ടത്. മനുഷ്യഹൃദയത്തെ തൊടാൻ നിയമത്തിനോ, ഉപദേശങ്ങൾക്കോ, മുന്നറിയിപ്പുകൾക്കോ കഴിയില്ലെന്നും അതിനുള്ള ഏക മാർഗ്ഗം കരുണാർദ്രസ്നേഹമാണെന്നും ദൈവം കണ്ടെത്തി. ഇതേ മാർഗ്ഗം തന്നെയാണ് നമ്മുടെ വത്സലതാതനും മനുഷ്യഹൃദയങ്ങളെ തൊടാൻ തിരഞ്ഞെടുത്തത്. എന്റെ അഹത്തെ മറികടക്കാൻ, എന്റെ സഹോദരങ്ങളുടെ കുറവുകളെ കരുണയോടെ വീക്ഷിക്കാൻ, അവരുടെ പോരായ്മകളുടെ മേൽ അനുകമ്പയുടെ തൈലമൊഴിക്കാൻ എനിക്ക് കഴിയുന്നുണ്ടോ? കാരുണ്യം നിറഞ്ഞ വ്യക്തിത്വങ്ങൾക്കുമാത്രമേ അപരന്റെ അകം കാണാൻ, അതിലെ ആവശ്യവും വേദനയും കാണാൻ കൃപലഭിച്ചിട്ടുള്ളൂ. സ്നേഹിക്കുവാനായി ദൈവം എന്നിൽ നിക്ഷേപിച്ച കഴിവിനെ സുലഭമായി പകരുവാനുള്ള ഹൃദയവിശാലത എനിക്കുണ്ടോ? എന്നിലേക്ക് ഒഴുകിവരുന്ന ദൈവീക കാരുണ്യം അനേകരിലേക്ക് പകരുന്നതിലൂടെ ദൈവകരുണയുടെ സാക്ഷിയായ് മാറാൻ എനിക്ക് സാധിക്കണം. കരുണവറ്റിയ ലോകത്തിൽ ആർദ്രസ്നേഹത്തിന്റെ മഴപെയ്ത്തിനാൽ ജീവിതങ്ങളെ പച്ചപിടിപ്പിക്കുവാൻ പ്രത്യാശയുടെ പുതുനാമ്പുകൾ മുളപ്പിക്കുവാൻ എനിക്ക് സാധിക്കുമ്പോൾ പ്രിയപ്പെട്ട വല്യച്ചനിലൂടെ പകർന്നു കിട്ടിയ കാരിസം കറകൂടാതെ കൈമാറ്റം ചെയ്യപ്പെടുകയാണ്.

**ആത്മഭാഷണം**

ഓ! എന്റെ ആത്മനാഥാ! മൺകുടത്തിലെ നിധിപോലെ അങ്ങ് എന്നെ ഏല്പ്പിച്ചിരിക്കുന്ന ഈ സിദ്ധി എത്രയോ അമൂല്യമായത്! എന്നിലൂടെ മറ്റുള്ളവർ അങ്ങയെകാണാൻ ഞാൻ അവിടുന്നായി മാറേണ്ടതിന്റെ ആവശ്യം ഞാൻ തിരിച്ചറിയുന്നു. കരുണയാൽ എന്റെ ഹൃദയം നിർമ്മലമാകണമേ. അന്ന് പരി. അമ്മയിലൂടെ അങ്ങ് ലോകത്തിലേക്ക് അവതരിക്കാൻ ആഗ്രഹിച്ചു. ഇന്ന് എന്നിലൂടെ ഈ ലോകത്തിലേക്ക് കടന്നുവരുവാൻ അങ്ങ് ആഗ്രഹിക്കുന്നു. അങ്ങ് എന്നിൽ രൂപപ്പെടു

www.malankaralibrary.com





വാൻ തടസ്സമായി നിൽക്കുന്ന എന്റെ അഹം, സ്വാർത്ഥമോഹങ്ങൾ, ലോകത്തോടുള്ള ചായ്വ്, എന്നെ കീഴ്പ്പെടുത്താൻ ശ്രമിക്കുന്ന ജഡം എല്ലാം അങ്ങേയ്ക്ക് സമർപ്പിക്കുന്നു. എന്നെ അങ്ങ് പരിപൂർണ്ണമായി ശുദ്ധികരിക്കണമെ. ഈ ലോകത്തിന് സുവിശേഷമാകുവാനായി ഒരു മിഷനറിയായി എന്നെ മാറ്റി നിർത്തിയപ്പോൾ ഗൗരവമേറിയ ഉത്തര വാദിത്വത്തിൽ ഞാൻ സ്വീകരിച്ച അലസമനോഭാവത്തെ ഓർത്ത് ദുഃഖി ക്കുന്നു. ഈശോയെ അങ്ങയുടെ സാന്നിധ്യം തിരുക്കുടുംബത്തെ സ്വർഗ്ഗീയ ഭവനമാക്കി മാറ്റിയതുപോലെ ഞാൻ കടന്നുചെല്ലുന്ന ഓരോഭവനവും ഓരോ തിരുക്കുടുംബമായി മാറ്റുവാൻ അങ്ങയുടെ മുഖപ്രകാശം എന്റെ മേൽ പതിക്കണമേ. ആ തിരുമുഖശോഭയിൽ ഞാൻ ലയിക്കട്ടെ.

**പ്രായോഗികതീരുമാനം :** അരമണിക്കൂർ ദിവ്യകാരുണ്യസന്നിധിയിൽ ആത്മാർത്ഥമായി ചിലവഴിച്ചതിനുശേഷം മാത്രം ഭവനസന്ദർശനത്തിന് പോകുന്നു.

**അനുസ്മരണവാക്യം :** എന്റെ ആത്മാവ് അങ്ങയുടെ വാസസ്ഥലവും നിത്യമഹത്വത്തിന്റെ ആസ്ഥാനവും ആയിത്തീരുവാനും പ്രതാപവാ നായ അങ്ങയുടെ കണ്ണുകൾക്ക് അഹിതമായ യാതൊന്നും അവിടെ കാണാതിരിക്കാനും വേണ്ടി എന്റെ ആത്മാവിനെ സ്വർഗ്ഗീയാശീർ വാദങ്ങളാൽ പരിപാവനമാക്കണമെ.

www.malankaralibrary.com

# 9

## നമുക്ക് വിധിക്കാതിരിക്കാം

**"ഞാൻ ആരുടേയും പ്രവൃത്തിയെ വിധിക്കുകയില്ല".**

**ധ്യാനപശ്ചാത്തലം:**

നെറ്റിയിൽ കുരിശുവരച്ച് പരി.ത്രിത്വത്തിന്റെ സാന്നിധ്യാവബോധത്തിൽ ആയിരിക്കാം. പരി. ആത്മ അഗ്നിയിൽ എന്നിലെ ഞാൻ എരിഞ്ഞുതീർന്ന് ദൈവീക വെളിപാടുകൾ ഹൃദയത്തിൽ നിറയുന്നതിനുവേണ്ടി തീവ്രമായ ദാഹത്തോടെ പ്രാർത്ഥിക്കാം. ദൈവദൂതന്മാരുടേയും വിശുദ്ധാത്മാക്കളുടേയും മാധ്യസ്ഥവും തിരുരക്തസംരക്ഷണവും ഉണ്ടാകുന്നതിനായി യാചിക്കാം. ഏറ്റവും സൗകര്യപ്രദമായ രീതിയിൽ ശാന്തമായി സ്വസ്ഥമായി സാന്നിധ്യവബോധത്തിൽ ആയിരിക്കാം. ദൈവീക ചൈതന്യമായ പരി. ആത്മാവ് അഗ്നിയായി, അഭിഷേകമായി, ശക്തിയായി നമ്മിൽ നിറയുവാൻ പ്രാർത്ഥിക്കാം.

യേശുനാഥന്റെ വാഗ്ദാനമേ
ദൈവീക ചൈതന്യമേ
ത്രിത്വത്തിൽ മൂന്നാമനാം ദൈവമേ
ഞങ്ങളിൽ നിറയണമേ
ശക്തിയിൽ അഭിഷേകം
അഗ്നിയിലഭിഷേകം
വിശുദ്ധിയിൽ അഭിഷേകം
ദാസരിലേകണമേ.

**സൂക്തസന്ദേശം**

ഞാൻ ആരുടേയും പ്രവൃത്തിയെ വിധിക്കുകയില്ല. വിധിമുഴുവൻ പിതാവ് പുത്രനെ ഏൽപ്പിച്ചിരിക്കുന്നു. ഈ വചനം ജീവിച്ചുകൊണ്ട് വല്യച്ചനും ജീവിതത്തിലൊരിക്കലും ആരേയും വിധിക്കുകയോ, കുറ്റപ്പെടുത്തുകയോ ചെയ്തില്ല. മറ്റുള്ളവർ നിങ്ങളോട് എങ്ങനെ പെരുമാറണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുവോ അങ്ങനെ നിങ്ങൾ അവരോടും പെരുമാറുവിൻ എന്ന തിരുവചനവും വിധിക്കപ്പെടാതിരി

www.malankaralibrary.com



ക്കാൻ നിങ്ങളും വിധിക്കരുത് (ലൂക്കാ 6:31, 37) എന്ന തിരുവചനവും ജീവിതത്തിൽ വലിയ സ്വാധീനം ചെലുത്തിയ ഒരു ഹൃദയത്തിന് മാത്രമേ ഇത്തരം ചിന്തകളെ മറ്റുള്ളവർക്ക് നൽകാൻ സാധിക്കുകയുള്ളൂ. സ്വർഗ്ഗസ്ഥനായ പിതാവേ എന്ന യേശു പഠിപ്പിച്ച പ്രാർത്ഥന സ്വജീവിതത്തിൽ ജീവിക്കുന്നവർക്കേ ഇത്തരത്തിൽ ജീവിതത്തിൽ തീരുമാനങ്ങളെടുക്കാൻ സാധിക്കുകയുള്ളൂ. ധ്യാനപൂർവ്വമായി ഈ പ്രാർത്ഥന ചൊല്ലുന്നവർ ജീവിതതത്തിലെപ്പോഴും ഇക്കാര്യം ശ്രദ്ധിക്കും. അന്യരെ വിധിക്കുമ്പോൾ ദൈവസിംഹാസനത്തിനുമുമ്പിൽ എനിക്കു ന്യായീകരണമില്ല. വി. യാക്കോബ് ശ്ലീഹായുടെ ലേഖനത്തിൽ ചോദിക്കുന്നു. മറ്റുള്ളവരെ വിധിക്കാൻ നീ ആരാണ് എന്ന്. തിരുവചനത്തിന്റെ നിരന്തര ഉപാസകനായിരുന്ന വല്യച്ചൻ ഇത്തരമൊരു നിലപാടിൽ തന്റെ ജീവിതം ക്രമപ്പെടുത്തിയതിൽ അത്ഭുതപ്പെടാനില്ല. മനസാക്ഷി നിർമ്മലമായി സൂക്ഷിക്കുന്നതിന്റെ ഭാഗമായിരുന്നു ഇതെല്ലാം. ഉന്നതമായ ദൈവീക ചിന്തയും പരി. ആത്മ വിവേകവും നിറഞ്ഞിരിക്കുന്ന ഹൃദയങ്ങൾക്കിതു സാധിക്കും.

വിധി മുഴുവനും പിതാവ് പുത്രനെ ഏല്പിച്ചിരിക്കുന്നു എന്ന തിരുവചനം പോലെ തന്നെ വല്യച്ചൻ ജീവിതത്തിലൊരിക്കലും ആരേയും വിധിക്കുകയോ കുറ്റപ്പെടുത്തുകയോ ചെയ്തില്ല. "മറ്റുള്ളവർ നിങ്ങളോട് എങ്ങിനെ പെരുമാറണമെന്നു നിങ്ങൾ ആഗ്രഹിക്കുന്നുവോ അങ്ങിനെ തന്നെ നിങ്ങൾ അവരോടും പെരുമാറുവിൻ" എന്ന തിരുവചനവും "വിധിക്കപ്പെടാതിരിപ്പാൻ നിങ്ങളും വിധിക്കരുത്" എന്ന തിരുവചനവും (ലൂക്കാ 6:31,37). ജീവിതത്തിൽ വലിയ സ്വാധീനം ചെലുത്തിയ ഒരു ഹൃദയത്തിനു മാത്രമെ ഇത്തരം ജീവിത സാക്ഷ്യങ്ങളെ മറ്റുള്ളവർക്ക് നൽകാൻ സാധിക്കുകയുള്ളൂ. ഞാൻ അന്യരെ വിധിക്കുമ്പോൾ ദൈവസിംഹാനത്തിനു മുമ്പിൽ എനിക്ക് നീതീകരണമില്ലയെന്നും, മറ്റുള്ളവരെ വിധിക്കാൻ നീ ആരാണ് എന്നും തിരുവചനം നമ്മോടു ചോദിക്കുന്നു. തിരുവചനത്തിന്റെ നിരന്തര ഉപാസകനായിരുന്ന വല്യച്ചൻ ഇത്തരമൊരു നിലപാടിൽ തന്റെ ജീവിതം ക്രമപ്പെടുത്തിയതിൽ അത്ഭുതപ്പെടാനില്ല.

ഉള്ളതും ഉള്ളും താൻ തന്നെയും ദൈവദാനമാണ് എന്ന തിരിച്ചറിവിൽ വളർന്നു വന്ന കുഴിഞ്ഞാലിലച്ചൻ മറ്റുള്ളവരെ

www.malankaralibrary.com


വിധിക്കാൻ താൻ കഴിവുറ്റവനാണെന്നു ഒരിക്കലും തോന്നിയിട്ടില്ല. മനഃസാക്ഷി നിർമ്മലമായി സൂക്ഷിച്ചിരുന്ന വല്യച്ചൻ അതിനു കളങ്കം തട്ടുന്ന യാതൊന്നും ചെയ്യാൻ ഇഷ്ടപ്പെട്ടില്ല. പരാജയത്തിന്റെ നടുവിലും നീറുന്ന പ്രശ്നങ്ങളിലും കടുത്ത ഇല്ലായ്മയിലും ഒന്നിനും ആരേയും കുറ്റപ്പെടുത്തുകയോ പഴിചാരുകയോ ചെയ്യുന്നില്ല. ജീവിതത്തിൽ ഏതെല്ലാം സാഹചര്യങ്ങൾ വന്നാലും. അതൊന്നും അവിചാരിതമായി തന്റെ ജീവിതത്തിലേക്ക് വന്നതല്ലെന്നും ദൈവം എനിക്ക് ഒരുക്കിതന്ന അവസരങ്ങളാണെന്നും ആവർത്തിച്ചുപറയാൻ അദ്ദേഹം ഒരുപിശുക്കും കാട്ടിയില്ല. വ്യക്തികളേയും സാഹചര്യങ്ങളേയും പഴിച്ചും വിധിച്ചും സമയം കളയുന്നതിനു പകരം അദ്ദേഹം അവിടെയെല്ലാം ദൈവീക ഇടപെടൽ ദർശിച്ചത് എക്കാലത്തും വിശിഷ്യ ആധുനിക കാലത്തും മക്കൾക്ക് അനുകരണീയമത്രേ. ഉന്നതമായ ദൈവീക ചിന്തയും പരിശുദ്ധാത്മ വിവേകവും നിറഞ്ഞിരിക്കുന്ന ഹൃദയങ്ങൾക്കിതു സാധിക്കും.

നല്ലതു മാത്രം കണ്ട നല്ലവനായ ആ മനുഷ്യസ്നേഹിക്ക് എങ്ങനെ മറ്റുള്ളവരെ വിധിക്കാനാകും? എപ്പോഴും സംതൃപ്തനും സന്തുഷ്ടനുമായി കാണപ്പെട്ട വല്യച്ചന് എങ്ങനെ അന്യരുടെ കുറവുകൾ കണ്ടെത്താനാകും? സ്വന്ത ബലഹീനതകളെക്കുറിച്ച് ബോധ്യമുള്ളവർ മറ്റുള്ളവരുടെ കുറവുകൾ ഉയർത്തിക്കാട്ടുകയോ വൻപുപറയുകയോ ഇല്ല. അതുകൊണ്ട് സമൂഹ ജീവിതത്തിൽ, വ്യക്തിജീവിതത്തിൽ പ്രിയപ്പെട്ട വല്യച്ചന്റെ മാതൃക വളരെയേറെ അനുകരണീയമാണ്.

**ആത്മഭാഷണം**

എന്റെ ദിവ്യനാഥനായ ഈശോയെ, ഞാൻ ആരുടേയും പ്രവൃത്തിയെ വിധിച്ചിട്ടില്ല എന്ന് അഭിമാനത്തോടെ അതിലുപരി ആത്മാർത്ഥതയോടെ പറഞ്ഞ വല്യച്ചന്റേതുപോലൊരു തെളിഞ്ഞ ഹൃദയം എനിക്കും നൽകണമേ. ഇശോനാഥാ, അങ്ങ് ജീവിതത്തിൽ വളരെയധികം അനുവർത്തിച്ച സത്യമണല്ലോ ഇത്. വിധി മുഴുവനും പിതാവ് അങ്ങയെ ഏല്പ്പിച്ചിട്ടും പിടിക്കപ്പെട്ട വ്യഭിചാരിണിയെ അങ്ങ് വിധിക്കാതെ സമാശ്വാസിപ്പിച്ച് പുതിയ ഒരു വ്യക്തിയാക്കി രൂപാന്തരപ്പെടുത്തിയല്ലോ (യോഹ.8:1-11). സൃഷ്ട വസ്തുക്കൾ മുഴുവൻ നന്നായിരിക്കുന്നു എന്നറിഞ്ഞ ദൈവമേ, അങ്ങ് നന്നായിരിക്കുന്നു എന്ന്

www.malankaralibrary.com


പറഞ്ഞ സൃഷ്ടവസ്തുക്കളെ വിധിക്കാൻ ഞാൻ ആര്? തിരുവചനത്തിലുടനീളം അന്യരെ വിധിക്കാതിരിക്കാൻ നിരവധി കാരണങ്ങൾ, നീതികരണങ്ങൾ നിരത്തിയിരിക്കുന്ന ദൈവമേ, പുറമെ കാണുന്നതനുസരിച്ച് വിധിക്കാതെ നീതിയായി വിധിക്കുവിൻ എന്ന് വി. യോഹന്നാൻ എഴുതിയ സുവിശേഷം 7:24 ൽ അങ്ങ് ഓർമ്മിപ്പിക്കുന്നുവല്ലോ. മാനുഷിക ചപലതകളാൽ ബലഹീനമാക്കപ്പെട്ട എന്റെ മനുഷ്യപ്രകൃതി ഇതൊന്നും ശ്രദ്ധിക്കാതെ വിധിക്കാനും കുറ്റപ്പെടുത്താനും ശ്രമിക്കുന്നു. ദൈവകരങ്ങളിൽ നിന്നും എല്ലാം ദാനമായി സ്വീകരിച്ചിരിക്കുന്ന ഞാൻ എങ്ങനെ അന്യനെതിരെ പിറുപിറുക്കും. കഠാരിയുമായി അക്രമിക്കാൻ വന്നവനുപോലും ക്ഷമ നൽകിയ വല്യച്ചന്റെ പുത്രിയായിട്ടുപോലും എനിക്ക് ക്ഷമിക്കാനും വിധിക്കാതിരിക്കാനും സാധിക്കുന്നില്ല. ഈശോയെ തിരുവചനങ്ങളിൽ അങ്ങ് നല്കിയിരിക്കുന്ന മുന്നറിയിപ്പുകൾ മനസ്സിലാക്കി ശിക്ഷാവിധിയിൽ നിന്നും ഒഴിവാകുവാൻ മറ്റുള്ളവരെ വിധിക്കാതിരിക്കാൻ എന്നെ അനുഗ്രഹിക്കണമെ. നിയമദാതാവും ന്യായാധിപനും അങ്ങുമാത്രമാണല്ലോ. ദൈവമേ, പിന്നെ അയൽക്കാരനെ വിധിക്കാൻ ഞാനാരാണ് (യാക്കോ. 4:11,12). വിധിക്കുന്ന ഒരാൾക്കുപ്പോലും ദൈവത്തിന്റെ വിധിയിൽനിന്നും ഒഴിഞ്ഞുമാറാൻ സാധിക്കുകയില്ല (റോമ. 2:1–3) എന്ന തിരിച്ചറിവ് നൽകണമെ. കാരുണ്യവാനായ തമ്പുരാനേ, എന്റെ കുറവുകളിലേക്ക് കണ്ണോടിച്ചാൽ എനിക്കെങ്ങനെ അന്യരെ വിധിക്കാനാവും. അങ്ങ് കാണുന്നതുപോലെ എന്നെ ഞാൻ കണ്ടാൽ പിന്നെ ജീവിതകാലത്തൊരിക്കലും അന്യരുടെ കുറവു പറയാൻ സാധിക്കാത്തതുപോലെ കുറവുകൾ എന്നിലുള്ളപ്പോൾ സർവ്വശക്തനായ ദൈവത്തിന്റെ സേവകാത്മാക്കളായ എന്റെ സഹോദരങ്ങളെ വിധിക്കാൻ എനിക്കെങ്ങനെ കഴിയും (റോമ 14:1) എന്ന തിരുവചനത്തിൽ അങ്ങ് അരുളിച്ചെയ്തിരിക്കുന്നല്ലോ. ദൈവതിരുമുമ്പാകെ കണക്ക് ബോധിപ്പിക്കേണ്ടി വരുന്ന ഈ പ്രവൃത്തിയെ അങ്ങ്തന്നെ എന്നിൽ നിന്നകറ്റണമെ. ഈശോയെ വല്യച്ചൻ വിവാദങ്ങൾ നിറഞ്ഞ സദസുകളിൽ മൗനം അവലംബിച്ചതുപോലെ, ഓരോരുത്തരും സ്വന്തം ഭാരം വഹിച്ചേ മതിയാകൂ എന്ന തിരുവചനംപോലെ (ഗലാ.6:6). ഞാൻ മറ്റുള്ളവരുടെ തലയിൽ കെട്ടിവയ്ക്കുന്ന ഭാരങ്ങൾക്കൊക്കെ പ്രതിഭാരം എന്റെ തലയിൽ വരും എന്നുള്ള ചിന്തയോടെ അന്യരെ വിധിക്കാതെ നന്മ കാണാനും ഇടയാക്കണമെ. എന്റെ

www.malankaralibrary.com





നല്ല തമ്പുരാനെ, പ്രിയപ്പെട്ട വല്യച്ചൻ വാക്കുകൾ വളരെ അളന്നുതൂക്കിയായിരുന്നല്ലോ ഉപയോഗിച്ചിരുന്നത്. അവിടുത്തെ മകളായ ഞാൻ എവിടെ അവസരം കിട്ടിയാലും ചാടിക്കയറി വേണ്ടതും വേണ്ടാത്തതും നല്ലതും ചീത്തയുമൊക്കെ പറയുന്നു. ഇതിലൂടെ പലപ്പോഴും പലർക്കും മുറിവുകളും നഷ്ടങ്ങളും ഉണ്ടാകുന്നു. വീണ്ടുവിചാരമില്ലാതെ സംസാരത്തിനും പ്രവർത്തിക്കും പകരമായി സുഭാഷിതങ്ങളിൽ പറയുന്നതുപോലെ നീതിപൂർവ്വം വിധിക്കാനും ദരിദ്രരുടേയും അഗതികളുടേയും അവകാശങ്ങൾ പരിരക്ഷിക്കാനും വേണ്ടി വാക്കുകൾ ഉപയോഗിക്കുന്ന വിവേകവതിയായ ഒരു സന്യാസിനിയായി എന്നെ തീർക്കണമെ.

ഓ, എന്റെ ഈശോയെ, ഞാൻ നല്ല ഉദ്ദേശ്യത്തോടെ സന്യാസത്തിലേക്ക് വന്നത് അങ്ങയെ അടുത്ത് അനുകരിക്കുവാനും വചനം പ്രഘോഷിക്കുവാനുമായിരുന്നു. എന്റെ സ്ഥാപക പിതാവിൽ നിന്നും അതൊക്കെ തന്നെയാണ് ഞാൻ പഠിച്ചതും. പക്ഷേ, നല്ല മക്കൾ മാതാപിതാക്കളുടെ സ്വഭാവം കാണിക്കുന്നതുപോലെയാകാതെ പൈതൃകത്തിനും പാരമ്പര്യത്തിനും വില നൽകാതെ ഞാൻ പല അവസരങ്ങളിലും പെരുമാറുന്നു. ബാഹ്യരൂപത്തിൽ കാണുന്നതനുസരിച്ച് പെരുമാറാതെ ദൈവീകമായി ആന്തരീകതയിൽ ശ്രദ്ധിക്കാൻ കൃപതരണെ (1 സാമു.16:7). ഞാൻ ആരുടേയും പ്രവൃത്തിയെ വിധിക്കുകയില്ല എന്നു പറഞ്ഞ വല്യച്ചന്റെ പൈതൃകം സ്വീകരിച്ചിരിക്കുന്ന ഞാൻ മാനുഷിക രീതിയിൽ ജീവിതസാഹചര്യങ്ങളിൽ പെരുമാറുന്നു. എന്റെ എല്ലാ പ്രവൃത്തികൾക്കും പിതാവ് സാക്ഷിയാണ് എന്ന ബോധ്യത്തോടെ, എന്റെ ചൂണ്ടുവിരൽ ഞാൻ അന്യരിലേക്ക് ചൂണ്ടുമ്പോൾ മറ്റ് നാല് വിരലുകൾ എന്നിലേക്കാണ് തിരിഞ്ഞിരിക്കുന്നതെന്ന സാമാന്യ തിരിച്ചറിവിലേക്ക്, മറ്റുള്ളവരെക്കുറിച്ച് സംസാരിക്കുന്നതിനുമുമ്പ് എന്നിലേക്ക് തന്നെ സ്വയം തിരിയുവാനും പരിശോധിക്കാനും എന്നെ പഠിപ്പിക്കണമെ. അങ്ങനെയാകുമ്പോൾ ഞാൻ ഒരിക്കലും അന്യരെപ്പറ്റി സംസാരിക്കുകയില്ല. കാരണം കണ്ണിൽ തടിയിരിക്കുന്നവനെങ്ങനെ കരടിരിക്കുന്നവനെ കുറ്റപ്പെടുത്താനാകും. നാവിനെ നിയന്ത്രിക്കുന്നവൻ ഹൃദയത്തെ നിയന്ത്രിക്കുന്നു എന്ന വചനത്തിനനുസരിച്ച് എന്റെ നാവിനേയും മനസ്സിനേയും നിയന്ത്രിക്കാൻ എന്നെ അനുഗ്രഹിക്കണമേ. മറ്റുള്ളവർ എപ്പോഴും എന്നെ കരുതണം സ്നേഹിക്കണം, നന്മ

www.malankaralibrary.com





പറയണം എന്നൊക്കെ ആഗ്രഹിക്കുമ്പോഴും മറ്റുള്ളവരെ കരുതാനും പരിധിവയ്ക്കാതെ സ്നേഹിക്കാനും അപരന്റെ നന്മ പറയാനും മടി കാണിക്കാതെ മറ്റുള്ളവർ നിങ്ങൾക്ക് ചെയ്തു തരണം എന്നു നിങ്ങൾ ആഗ്രഹിക്കുന്നതെല്ലാം അവർക്ക് ചെയ്യുവിൻ (മത്താ. 7:12) എന്ന തിരുവചനം അനുസരിച്ച് ജീവിതത്തെ ക്രമപ്പെടുത്തുവാൻ കൃപതരണമെ.

**പ്രായോഗികതീരുമാനം :** മറ്റുള്ളവരെ വിധിക്കാൻ തോന്നുന്ന അവസരങ്ങളിൽ സ്തുതിച്ച് പ്രാർത്ഥിച്ച് അനുഗ്രഹിക്കും.

**അനുസ്മരണാവാക്യം :** "നിന്റെ വാക്കുകളാൽ നീ നിതീകരിക്കപ്പെടും; നിന്റെ വാക്കുകളാൽ കുറ്റം വിധിക്കപ്പെടുകയും ചെയ്യും" (മത്താ. 12:37).

www.malankaralibrary.com

# 10

## അനുഗ്രഹ വഴിയേ.....

**"ചോദിക്കേണ്ടവരോട് ചോദിക്കാതെ പറയേണ്ടവരോട് പറയാതെ ഞാൻ ഒന്നും രഹസ്യത്തിൽ ചെയ്തിട്ടില്ല".**

**ധ്യാനപശ്ചാത്തലം:**

ധ്യാനത്തിന് അനുയോജ്യമായ പോസ്ച്ചർ തിരഞ്ഞെടുത്ത് ശരീരവും മനസും ഏകാഗ്രമാക്കുന്നു. പരിശുദ്ധാത്മാഭിഷേകത്തിനായി പ്രാർത്ഥിക്കുന്നു. വചനത്തിന് മാംസം ധരിക്കാൻ ഇരിപ്പിടം ഒരുക്കിയ പരി. അമ്മയുടെ സംരക്ഷണം യാചിക്കുന്നു. നമ്മുടെ മനസ്സും ഹൃദയവും ശരീരവും ആത്മാവും ദൈവസാന്നിധ്യത്താൽ വലയം ചെയ്യപ്പെട്ട് നിർമ്മലവും വിശുദ്ധവുമാക്കി ആഴമായ നിശബ്ദതയിലേക്ക് സാവധാനം പ്രവേശിക്കാം. പരി. ആത്മശക്തിയാൽ വരദാനഫലങ്ങളാൽ പൂരിതരാകുവാൻ പ്രാർത്ഥിക്കാം.

അത്യുന്നതങ്ങളിൽ നിന്നും
അഗ്നിനാളങ്ങളായ് വരണേ
വരദാനഫലദാനമേകാൻ
വരദായകാ വേഗം വരണേ
    ആത്മാവേ പാവനാത്മാവേ
    അവിടുന്ന് ഞങ്ങളിൽ നിറയേണമേ
നിന്നെ കൂടാതൊന്നും ചെയ്തീടുവാൻ
ഞങ്ങൾക്കിന്നാവില്ല സ്നേഹരൂപ
സ്നേഹപ്രകാശമായ് നീ വരണേ
സ്നേഹചൈതന്യം ചൊരിഞ്ഞീടണേ. (ആത്മാവേ)

**സൂക്തസന്ദേശം**

'ചോദിക്കേണ്ടവരോട് ചോദിക്കാതെ പറയേണ്ടവരോട് പറയാതെ ഞാൻ ഒന്നും രഹസ്യത്തിൽ ചെയ്തിട്ടില്ല' വിധേയത്വത്തിന്റെ ഉദാത്തമായൊരു മാതൃകയാണ് സ്ഥാപക പിതാവിന്റെ ഈ വാക്കുകളിലൂടെ നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത്. ഏതൊക്കെ പദവികൾ ലഭിച്ചാലും തനിക്കു കീഴ്പ്പെടാൻ എത്രപേർ ഉണ്ടായിരുന്നാലും താൻ

www.malankaralibrary.com



വിധേയപ്പെടേണ്ടിടത്ത് അതിന്റെ പൂർണ്ണതയിൽ വിധേയപ്പെട്ടൊരു സമൂഹസ്ഥാപകൻ. ഈ മാതൃക സമൂഹാംഗം എന്ന നിലയിൽ, വല്യച്ചന്റെ പ്രിയപ്പെട്ട മകൾ എന്ന നിലയിൽ എത്രത്തോളം എന്നെ സ്വാധീനിച്ചിട്ടുണ്ട്. വിധേയപ്പെടലിന്റെ സർവ്വവിധ അനുഗ്രഹങ്ങളും ആഗ്രഹിക്കുകയും എന്നാൽ അത് സ്വീകരിക്കാനുള്ള പാത്രം അടച്ച് മുറുക്കി സീൽ ചെയ്ത് വച്ചിരിക്കുന്നൊരു അവസ്ഥയിലാണോ ഞാൻ? ചിന്തിക്കാനും തീരുമാനമെടുക്കുവാനുമൊക്കെയുള്ള കഴിവ് എനിക്കുമുണ്ട്. ഞാൻ ഇത്രയും നാൾ സന്യാസത്തിൽ ജീവിച്ചിട്ടും ഇനിയും എപ്പോഴും ചോദിക്കണമോ? എന്നിങ്ങനെയുള്ള ചിന്തകളാൽ വിധേയത്വത്തിൽ നിന്നും അകന്നുപോയിട്ടില്ലേ? സ്വർഗ്ഗത്തിന്റെ ഇഷ്ടം അധികാരികളിലൂടെ കടന്നുവരുമ്പോൾ അത് സന്തോഷത്തോടെ സ്വീകരിച്ച് സ്വർഗ്ഗത്തിന്റെ സന്തോഷത്തിന് കാരണമായിക്കൊണ്ട് അനുഗ്രഹിക്കപ്പെടുകയല്ലേ ഏറ്റവും നല്ലത്? അനുസരണവ്രതത്തിന്റെ അനുഗ്രഹവും ഞാൻ ചെയ്യുന്ന ഓരോ പ്രവൃത്തിയിലും സ്വർഗ്ഗത്തിന്റെ കൈയ്യൊപ്പുമാണ് എനിക്ക് ആവശ്യം. സ്വന്ത ഇഷ്ടമനുസരിച്ച് പ്രവൃത്തിക്കുമ്പോൾ ഇവയൊക്കെയും നഷ്ടമാകുന്നുണ്ട് എന്ന് ഞാൻ തിരിച്ചറിയുന്നുണ്ടോ?

ദൈവരാജ്യത്തിനുവേണ്ടി രാപകൽ അദ്ധ്വാനിച്ച വല്യച്ചൻ ആരും കാണാനും ചോദിക്കാനും ഇല്ലാതിരുന്നിട്ടും സഭയുടെ നിമയങ്ങളോടും സഭാധികാരികളോടും വിധേയത്വം പ്രദർശിപ്പിക്കുന്നതിൽ സന്യാസോചിതമായ നിഷ്ഠ വച്ചിരുന്നു. അനാരോഗ്യവും ക്ഷീണവും മൂലം ഒഴിവെടുക്കാവുന്ന 80-ാം വയസ്സിലും മരിക്കുന്നതിനു തലേന്നുപോലും ആ തപോധനനൻ തന്റെ നിഷ്ഠയ്ക്കും ചിട്ടയ്ക്കും ഒരു കുറവും വരുത്തിയില്ല. നിയമം അനുസരിക്കുന്നതിൽ തീഷ്ണമതിയും അധികാരികളുടെ നിർദ്ദേശങ്ങളും ആഗ്രഹങ്ങൾപോലും വിശ്വസ്തതയോടെ പാലിച്ചിരുന്ന വല്യച്ചന്റെ ജീവമാതൃക പിൻതുടർന്നുകൊണ്ട് മക്കളായ നമുക്ക് അനുഗ്രഹീതരാകാം. നിയമം നീ അനുസരിക്കുക, നിയമം നിന്നെ കാത്തുകൊള്ളും എന്ന ചൊല്ല് വല്യച്ചൻ മുറുകെ പിടിച്ചിരുന്നു.

റോഡിലെ സർവ്വേക്കല്ലും ക്ഷേത്രത്തിലെ വിഗ്രഹവും ഒരേ പാറയുടെ രണ്ടു ഭാഗങ്ങളായിരുന്നു. എന്നെ എന്തുകൊണ്ട് ആളുകൾ വന്നു പൂജിക്കുന്നില്ല എന്നതാണ് സർവ്വേക്കല്ലിന്റെ പരാതി. ക്ഷേത്രത്തിലെ കല്ല് പൂജ്യമായ വിഗ്രഹമായതിന്റെ പിന്നിൽ അതേറ്റെടുത്ത

www.malankaralibrary.com





വേദനയ്ക്ക് കണക്കില്ല. അഹം മുഴുവൻ കൊത്തിക്കളഞ്ഞ് അതിനെ ശില്പി സുന്ദരമാക്കുംവരെ അതു വിധേയപ്പെട്ടു. പൂജ്യനാകാൻ പൂജ്യമായേ തീരു. ഗുരുവിന്റെ മുമ്പിലുള്ള വിധേയത്വവും ശരണം ഗമിക്കലുമാണ് ഒരുവനെ പൂജ്യനാക്കുക.

"അനുസരണം ബലിയേക്കാൾ ശ്രേഷ്ഠം" (1 സാമു. 15:22). ഓരോരുത്തനും മേലധികാരികൾക്കു വിധേയനായിരിക്കട്ടെ. എന്തെന്നാൽ, ദൈവത്തിൽ നിന്നല്ലാതെ അധികാരമില്ല. നിലവിലിരിക്കുന്ന അധികാരങ്ങൾ ദൈവത്താൽ സ്ഥാപിതമാണ് തന്നിമിത്തം, അധികാരത്തെ ധിക്കരിക്കുന്നവൻ ദൈവീക സംവിധാനത്തെയാണ് ധിക്കരിക്കുന്നത്. ധിക്കരിക്കുന്നവൻ ഞങ്ങൾക്കുതന്നെ ശിക്ഷാവിധി വരുത്തിവയ്ക്കുകയും ചെയ്യും" (റോമ 13:1,2). "പുത്രനായിരുന്നിട്ടും, തന്റെ സഹനങ്ങളിലൂടെ അവൻ അനുസരണം അഭ്യസിച്ചു" (ഹെബ്രാ. 5:8). "മരണംവരെ-അതേ കുരിശുമരണംവരെ അനുസരണമുള്ളവനായി തന്നെത്തന്നെ താഴ്ത്തി. ആകയാൽ ദൈവം അവനെ അത്യധികം ഉയർത്തി" (ഫിലി. 2:8-9). ദൈവവചനം വല്യച്ചന്റെ ആത്മീയ ഭക്ഷണമായിരുന്നു. അത് അദ്ദേഹത്തിന്റെ ചിന്തകളേയും കാഴ്ചപ്പാടുകളേയും തീരുമാനങ്ങളേയും പ്രവർത്തനങ്ങളേയും എന്നല്ല ജീവിതം മുഴുവനേയും സ്വാധീനിച്ചിരുന്നു. അതുവഴി അധികാരികളുടെ നിർദ്ദേശങ്ങൾ വളരെ കൃത്യമായി പാലിക്കുവാനും അധികാരികളിലൂടെ വരുന്ന ദൈവതിരുമനസ്സ് ഹൃദയത്തിൽ ഏറ്റുവാങ്ങുവാനും ഈ പുണ്യപുരുഷന് സാധിച്ചു.

**ആത്മഭാഷണം**

എന്നെ ഏറ്റവും നന്നായി അറിയുന്ന എന്റെ ഈശോയെ, മരണംവരെ തന്നെത്തന്നെ താഴ്ത്തി, പിതാവിനാൽ നീ അത്യധികം ഉയർത്തപ്പെട്ടുവല്ലോ. ദൈവമായിരുന്നിട്ടും വിധേയപ്പെടലിന്റെ മാതൃക നീ എനിക്ക് കാണിച്ചു തന്നുവല്ലോ. എന്നിട്ടും അതിൽ ഒരംശം പോലും ഞാൻ സ്വായത്തമാക്കിയിട്ടില്ല എന്ന് ഞാൻ തിരിച്ചറിയുന്നു. എത്രയോ അനുഗ്രഹങ്ങൾ സ്വീകരിക്കേണ്ട അവസരങ്ങളാണ് ഞാൻ അറിഞ്ഞും അറിയാതെയും നഷ്ടപ്പെടുത്തിക്കളഞ്ഞത്. എന്റെ നാഥാ എന്റെ മനസ്സിനെ എളിമകൊണ്ട് നിറയ്ക്കണമേ. നിന്നെപ്പോലെ എപ്പോഴും വിധേയപ്പെട്ട് ജീവിക്കാനുള്ള കൃപതരണമേ.

www.malankaralibrary.com


പ്രിയ മകളേ, എന്നെപ്പോലെയാകുവാൻ ഞാൻ നിന്നെ സ്വന്ത മാക്കി. എന്നാൽ നീ എന്തുമാത്രം ആയിത്തീർന്നു? എളിമപ്പെടലി ന്റെയും വിധേയത്വത്തിന്റെയും മാധുര്യം നീ യഥാർത്ഥത്തിൽ അനുഭ വിക്കുന്നുണ്ടോ? ഈശോ, എളിമപ്പെടുക, എപ്പോഴും വിധേയപ്പെടുക എന്ന പറയുന്നത് എനിക്ക് വളരെ പ്രയാസമുള്ള കാര്യമാണ്. അതി നുള്ള കൃപ തരണമെ. എന്റെ ഈശോയെ, ഒന്നുചോദിച്ചാൽ, ഒന്നു പറഞ്ഞാൽ, എനിക്കൊന്നും നഷ്ടപ്പെടാനില്ല. പക്ഷേ ഞാനത് പലപ്പോഴും ചെയ്യാറില്ല. ചിലപ്പോഴൊക്കെ ചെയ്താൽ തന്നെയും നല്ല മനസ്സോടെയല്ല. കീഴ്വഴക്കത്തിന്റെ അനുഗ്രഹം മുഴുവനും ഞാൻ നഷ്ടപ്പെടുത്തിക്കളയുകയാണ്. ഇപ്പോഴിതാ, വിധേയപ്പെടലിന്റെ മഹത്വം ഞാൻ തിരിച്ചറിയുന്നു. വിധേയത്വത്തോടെ ജീവിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. എന്നെ അനുഗ്രഹിച്ചാലും.

ഈശോയെ, ഞാൻ എത്ര തീരുമാനമെടുത്താലും വീണുപോ കാൻ സാധ്യതകളേറെയാണ്. ആത്മാവിനാൽ എന്നെ നിറയ്ക്കണമെ. എന്നെ ശക്തിപ്പെടുത്തണമെ. അങ്ങനെ ഞാൻ നിന്നെ അനുഗമിക്കട്ടെ. നിന്നോടുചേർന്ന് നിന്റെ സ്വന്തമായിതീരട്ടെ.

**പ്രായോഗികതീരുമാനം**

ഇന്ന് ഞാൻ ചെയ്യുന്ന എല്ലാകാര്യങ്ങളും ചോദിച്ചും പറഞ്ഞും ചെയ്യും. അതിന് എവിടെയെങ്കിലും വീഴ്ച സംഭവിച്ചാൽ ഞാൻ അത് കമ്മ്യൂണിറ്റിയിൽ ഏറ്റുപറയും.

**അനുസ്മരണവാക്യം**

“ഓരോരുത്തനും അധികാരികൾക്ക് വിധേയനായിരിക്കട്ടെ. എന്തെന്നാൽ ദൈവത്തിൽ നിന്നല്ലാതെ അധികാരമില്ല” (റോമ 13:1).

www.malankaralibrary.com

# 11

## മിഴി തുറക്കൂ......

**"ആവശ്യത്തിലിരിക്കുന്ന സഹോദരങ്ങളെ കണ്ടില്ലെന്ന് നടിച്ചാൽ പ്രാർത്ഥനയും ഭക്താഭ്യാസങ്ങളും മുടക്കം കൂടാതെ നടത്തിയാലും ഹൃദയങ്ങൾ പരിശോധിക്കുന്ന സ്നേഹ സ്വരൂപന്റെ മുമ്പിൽ നമുക്ക് നീതികരണമില്ല".**

**ധ്യാനപശ്ചാത്തലം:**

സ്നേഹം തന്നെയായ ദൈവപിതാവിന്റെ മുമ്പിൽ, പിതൃപുത്രവാത്സല്യത്തോടെ ദിവ്യകാരുണ്യ സന്നിധിയിൽ സമയം ചിലവഴിച്ചിരുന്ന പ്രിയപ്പെട്ട വല്യച്ചനെപ്പോലെ പിതൃസന്നിധിയിൽ ആയിരിക്കാം. ദൈവം സ്നേഹമാകുന്നു. സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിലും ദൈവം അവനിലും വസിക്കുന്നു (1യോഹ.4:16). എനിക്കുവേണ്ടി ജീവൻ ബലിയർപ്പിച്ച പുത്രനായ യേശുവിനോടും കുരിശിൻ ചുവട്ടിൽ നിന്ന പരി. അമ്മയോടും തന്റെ മക്കൾക്കുവേണ്ടി രാപകൽ അദ്ധ്വാനിച്ചിരുന്ന പ്രിയപ്പെട്ട വല്യച്ചനോടുമൊപ്പം കുരിശിൻ ചുവട്ടിൽ ആയിരിക്കാം. കുരിശിലാണ് രക്ഷ, കുരിശിലാണ് വിജയം, കുരിശിലാണ് മഹത്വം എന്നൊരു നിമിഷം ഓർക്കാം. എല്ലാം വിശുദ്ധീകരിക്കുന്ന, എല്ലാം നവീകരിക്കുന്ന പരി. ആത്മാവിന്റെ ആവാസവും സഹവാസവും അനുഭവിച്ചുകൊണ്ട് പരി. അമ്മയോടും ശ്ലീഹന്മാരോടും ചേർന്ന് സെഹിയോൻ മാളികയിലെ പ്രാർത്ഥനാനുഭവത്തിൽ ആയിരിക്കാം.

പുതിയൊരു ജനനം നൽകും
പരിശുദ്ധാത്മാവേ
പുതിയൊരു ശക്തിയിലുണരാൻ
കൃപ നീ ചൊരിയണമേ
പരിശുദ്ധാത്മാവേ എന്നിൽ നിറയണമേ
നിറഞ്ഞു കവിയണമേ, കവിഞ്ഞൊഴുകണമേ
സെഹിയോൻശാല തന്നിൽ തീനാവെന്നതുപോൽ
പാവനസ്നേഹവുമായ് ആഗതനാകണമെ

www.malankaralibrary.com



സഹനം നിറയും ധരയിൽ ധീരതയോടെ ചരിക്കാൻ
അഗ്നിസ്നാനം നൽകാൻ കൃപ നീ ചൊരിയണമേ.

**സൂക്തസന്ദേശം**

"ആവശ്യത്തിലിരിക്കുന്ന സഹോദരങ്ങളെ കണ്ടില്ലെന്ന് നടിച്ചാൽ പ്രാർത്ഥനകളും ഭക്താഭ്യാസങ്ങളും മുടക്കം കൂടാതെ നടത്തിയാലും ഹൃദയങ്ങൾ പരിശോധിക്കുന്ന സ്നേഹസ്വരൂപന്റെ മുമ്പിൽ നമുക്ക് നീതീകരണമില്ല". ആന്തരിക കർണ്ണങ്ങൾ തുറന്ന് പ്രിയ വല്യച്ചന്റെ സൂക്തം ശ്രവിക്കുന്നു. ഈ സൂക്തം മുന്ന് നാലു പ്രാവശ്യം മനസ്സിൽ ഉരുവിടുന്നു. തുടർന്ന് ഈ സൂക്തത്തിലൂടെ യേശു എന്നോട് വ്യക്തിപരമായി എന്ത് സംസാരിക്കുന്നു എന്ന് ശ്രദ്ധിച്ച് കേൾക്കുന്നു.

ഹൃദയങ്ങള പരിശോധിക്കുന്ന സ്നേഹസ്വരൂപന്റെ മുമ്പിൽ പ്രാർത്ഥനകളും ധ്യാനവും ദിവ്യബലിയും മറ്റ് ഭക്താഭ്യാസങ്ങളും മുടക്കം കൂടാതെ നടത്തിയിരുന്ന വല്യച്ചൻ, ദൈവത്തിന് നൽകേണ്ട സമയത്തിൽ നിന്നും അരനിമിഷം പോലും അപഹരിക്കാത്ത വല്യച്ചൻ, എത്ര വൈകിയ വേളയിലാണെങ്കിലും പകലിന്റെ എല്ലാ അദ്ധ്വാനങ്ങളും കഴിഞ്ഞ് യാത്രാക്ഷീണവും ഉറക്കവും ഉണ്ടായിരുന്നാലും കാലുവെള്ളത്തിൽ മുക്കിവച്ച് ഉറക്കത്തെ അതിജീവിച്ചുകൊണ്ട് പാതിരാകഴിഞ്ഞാലും വെളിച്ചമില്ലാത്തപ്പോൾ തീപ്പന്തം കത്തിച്ച് പിടിച്ചുകൊണ്ട് യാമപ്രാർത്ഥനക്ക് മുടക്കം വരാതെ പൂർത്തിയാക്കിയ വല്യച്ചൻ, മരണം വരെ ചിട്ടയോടും നിഷ്ഠയോടും കൂടി തന്റെ ആത്മീയ ജീവിതം നയിച്ച വല്യച്ചൻ, തന്റെ സാക്ഷ്യത്തിലൂടെ എന്താണ് എന്നോട് മന്ത്രിക്കുന്നത്? ഒന്നാം സ്ഥാനം ദൈവത്തിന് എന്നും അതുപോലെ തന്നെ ഒട്ടും കുറവല്ലാത്ത വിധത്തിൽ നിന്നെപ്പോലെ നിന്റെ അയൽക്കാരനേയും സ്നേഹിക്കുക എന്ന രണ്ടാം കല്പന പാലിക്കുന്നതിൽ ശ്രദ്ധവേണം, ജാഗ്രതവേണം, കരുതൽവേണം എന്നും ഹൃദയങ്ങൾ പരിശോധിക്കുന്ന സ്നേഹസ്വരൂപന്റെ മുമ്പിൽ നീതീകരണമില്ല എന്ന വാക്കിലൂടെ ശക്തമായി നമ്മെ ഉദ്ബോധിപ്പിക്കുന്നു.

ആരാണ് ആവശ്യത്തിലിരിക്കുന്ന സഹോദരങ്ങൾ? ആദ്യമായി എന്റെ കൂടെ വസിക്കുന്നവരല്ലാതെ മറ്റാരാണ്? എന്റെ ജീവിതം സ്വന്തം

www.malankaralibrary.com





കുടുംബത്തിൽ മാത്രം ഒതുക്കാതെ വിശ്വകുടുംബത്തിനു വേണ്ടി സമർപ്പിക്കപ്പെട്ട ഞാൻ, ദൈവപിതാവിനാൽ വിളിച്ച് വേർതിരിച്ച് പ്രതിഷ്ഠിക്കപ്പെട്ട ഞാൻ, അനേകം സാക്ഷികളുടെ മുമ്പാകെ പ്രതിജ്ഞ ചെയ്ത ഞാൻ, എനിക്കുവേണ്ടി ജീവൻ അർപ്പിച്ച യേശുവിന്റെ മണവാട്ടിയായ ഞാൻ, ദൈവപരിപാലനയാൽ മാതാവിന്റെ സമൂഹത്തിലേയ്ക്ക് കൂട്ടികൊണ്ടുവരപ്പെട്ട ഞാൻ, എന്റെ സഹോദരങ്ങളെ "വിശ്വാസത്താൽ ഒരേ കുടുംബത്തിലെ അംഗങ്ങളായവരെ" ആത്മാർത്ഥമായി സ്നേഹിച്ചും ശുശ്രൂഷിച്ചും പരസ്പരം ഭാരം വഹിച്ചും സാക്ഷ്യജീവിതം നയിക്കണമെന്ന് വല്യച്ചൻ ആഗ്രഹിക്കുന്നു. എന്റെ ഒരുനോട്ടം, ഒരു വാക്ക്, ഒരു പുഞ്ചിരി ഇവയ്ക്കുവേണ്ടി ആഗ്രഹിക്കുന്ന എന്റെ സഹോദരങ്ങൾ. ഒരു പരിഗണനയും കരുതലിനും നിന്നു ശ്രവിക്കാനും വേണ്ടി കാത്തിരിക്കുന്ന എന്റെ സഹോദരങ്ങൾ - കാഴ്ചകുറവുള്ളവർ, കേഴ്വിക്കുറവുള്ളവർ, നടക്കാൻ ശേഷിയില്ലാത്തവർ, നിസ്സഹായതയിൽ കഴിയുന്നവർ, കഴിവു കുറഞ്ഞവർ, ഉത്തരവാദിത്വങ്ങൾ തിരക്കിട്ട് നിർവഹിക്കുന്നതിനിടയിൽ പരസഹായം ആവശ്യമുള്ളവർ, ആത്മീയ ഗൈഡൻസ് ആവശ്യമുള്ളവർ, വളർത്തിയെടുക്കേണ്ട, പ്രോത്സാഹനം ആവശ്യമായ, കൊച്ചു സഹോദരങ്ങൾ, എല്ലാവരും ഏതെങ്കിലും വിധത്തിൽ ഓരോരോ സാഹചര്യങ്ങളിൽ ആവശ്യത്തിലിരിക്കുന്ന സഹോദരങ്ങളാണ്. വചനം അരുളിച്ചെയ്യുന്നു "ഒരുവൻ തന്റെ സഹോദരനെ സഹായമർഹിക്കുന്നവനായി കണ്ടിട്ടും അവനെതിരെ ഹൃദയം അടയ്ക്കുന്നെങ്കിൽ അവനിൽ എങ്ങനെ ദൈവസ്നേഹം കുടികൊള്ളും. കുഞ്ഞുമക്കളേ നാം വാക്കിലും സംസാരത്തിലുമല്ല സ്നേഹിക്കേണ്ടത്; പ്രവൃത്തിയിലും സത്യത്തിലുമാണ്" (1യോഹ. 3:18). "നാം പരസ്പരം സ്നേഹിച്ചാൽ ദൈവം നമ്മിൽ വസിക്കും. അവിടുത്തെ സ്നേഹം നമ്മിൽ പൂർണ്ണമാവുകയും ചെയ്യും"(1യോഹ.4:12). ആകയാൽ നാം പരസ്പരം ഭാരം വലിച്ചുകൊണ്ട് ക്രിസ്തുവിന്റെ നിയമം പൂർത്തിയാക്കേണ്ടിയിരിക്കുന്നു. നന്മ ചെയ്യുന്നതിൽ മടുപ്പു തോന്നാതെ സകല മനുഷ്യർക്കും, പ്രത്യേകിച്ച് വിശ്വാസത്താൽ ഒരേ കുടുംബത്തിൽ അംഗങ്ങളായവർക്കും നന്മചെയ്യണം (ഗലാ. 6:2,9,10). അങ്ങനെ തളർന്ന കൈകളെയും ബലമില്ലാത്ത കാൽമുട്ടുകളെയും ശക്തിപ്പെടുത്താൻ തക്കവിധം കരുണയുടെ കരസ്പർശനത്താലും പ്രാർത്ഥനാമന്ത്രങ്ങൾ

www.malankaralibrary.com



ദൈവസന്നിധിയിലേക്കുയർത്തിയും പ്രിയപ്പെട്ട അച്ചൻ ആഗ്രഹിക്കുന്നതുപോലെ ആവശ്യത്തിലിരിക്കുന്ന സഹോദരങ്ങളുടെ നേരെ കണ്ണടയ്ക്കാതെ അവർക്കു ആശ്വാസമാകണം, സാന്ത്വനം ആകണം. "എന്റെ ഏറ്റം എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇത് ചെയ്തു കൊടുത്തപ്പോൾ എനിക്കു തന്നെയാണ് ചെയ്തതെന്നും ചെയ്യാതിരുന്നപ്പോൾ എനിക്കുതന്നെയാണ് ചെയ്യാതിരുന്നതെന്നും (മത്താ. 25:40,45). നിന്നെപ്പോലെ നിന്റെ അയൽക്കാരനെ സ്നേഹിക്കണമെന്നും (മർക്കോ12:31), മറ്റുമുള്ള തിരുവചനങ്ങൾ ശരിയ്ക്കും ധ്യാനിച്ച് ജീവിച്ച് ഉറക്കെ പ്രഘോഷിച്ച വല്യച്ചൻ ഒന്നാം കല്പനയ്ക്കും രണ്ടാം കല്പനയ്ക്കും കൊടുക്കേണ്ട വിലയും പ്രാധാന്യവും കൊടുത്ത ജീവിച്ചതിന്റെ പ്രതിഫലനമാണല്ലോ സൂക്തം പതിനൊന്നിലൂടെ വെളിപ്പെടുന്നത്.

വല്യച്ചൻ തന്റെ ഇടവകമക്കൾക്കായി അവരുടെ വിശ്വാസ വളർച്ചയ്ക്കായി മതബോധനത്തിനായി, അന്നന്നത്തെ അപ്പത്തിനായി പകലന്തിയോളം കാൽനടയായും സൈക്കിൾ സവാരിയിലൂടെയും വർഷങ്ങൾ അദ്ധ്വാനിച്ചു. വിശക്കുന്നവരായും ദാഹിക്കുന്നവരായും വസ്ത്രമില്ലാത്തവരായും രോഗികളായും പാർപ്പിടമില്ലാത്തവരായും മരണാസന്നരായും തന്റെ മുമ്പിൽ കാണപ്പെട്ടവരെ കണ്ടില്ലെന്ന് നടിക്കാതെ പ്രിയപ്പെട്ട വല്യച്ചൻ അവരുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് തന്നാലാവുന്നത് തനിയെ ചെയ്തു. കോളറാപിടിച്ച് മരണവക്രത്തിലെത്തിയവരെ തന്റെ പ്രാർത്ഥനകൊണ്ടും ശുശ്രൂഷകൊണ്ടും രക്ഷിച്ചു. നല്ലവനായ ദൈവത്തിന്റെ കാരുണ്യം സ്വന്തം ജീവൻ ബലി കഴിച്ച് ശുശ്രൂഷിച്ച അച്ചനിലൂടെ തന്റെ മക്കളിലേക്ക് ഒഴുകി. അങ്ങനെ വിശ്വാസികളായ അനേകർക്ക് മതബോധനം നൽകാൻ, ആതുര ശുശ്രൂഷനൽകാൻ, അക്ഷര ജ്ഞാനം നൽകാൻ ആദ്യമാദ്യം ഉപദേശിമാരെ കൂട്ടി ചെയ്തുതുടങ്ങി. പിന്നിടു മേരീമക്കളെ ആ ദൗത്യം ഏല്പിച്ചു. തൊഴിൽ ഇല്ലാത്തവർക്ക് തൊഴിൽ ഉണ്ടാക്കികൊടുക്കുവാൻ അവരുടെ അന്നന്നത്തെ അപ്പത്തിനുവേണ്ടിയുള്ള യജ്ഞം വിവിധങ്ങളായ മാർഗ്ഗങ്ങളിലൂടെ പരീക്ഷിച്ചും നടപ്പിലാക്കിയും അനേകർക്ക് അത്താണിയാകുവാൻ ദൈവത്തിൽ ആശ്രയിച്ചുകൊണ്ടുള്ള അച്ചന്റെ കഠിനാദ്ധ്വാനം സഹായിച്ചു. മേരീമക്കളിലൂടെ കൂടുതൽ കൂടുതൽ ഫലമണിയുന്നതു കാണുവാൻ അച്ചന് സാധിച്ചു.

www.malankaralibrary.com



"അവിടുത്തെ വലത്തുകൈ അച്ചനെ താങ്ങിനിർത്തി. അവിടുത്തെ വാത്സല്യം അച്ചനെ വലിയവനാക്കി" (സങ്കീ. 18:35). "അവിടുത്തെ കരുണ അനന്തമാണ്" (സങ്കീ. 136:1).

മറ്റുള്ളവരെ തന്നെക്കാൾ എത്രശ്രേഷ്ഠമായിട്ടാണ് വല്യച്ചൻ കണ്ടിട്ടുള്ളത്. വലുപ്പചെറുപ്പമെന്യേ മറ്റുള്ളവരെ കാണുമ്പോൾ തന്റെ തലയിലെ തൊപ്പി എടുത്തു അഭിവാദനം ചെയ്യുന്ന കാഴ്ച എത്ര ഹൃദ്യമായിട്ടാണ് പലർക്കും അനുഭവപ്പെട്ടിട്ടുള്ളത്. മാന്യനായ ഒരു വ്യക്തിയും അദ്ദേഹത്തിന്റെ കുടുംബം മുഴുവനും ഈ ഒറ്റ പ്രവൃത്തിയാൽ ആകൃഷ്ടരായി സ്നാനം സ്വീകരിച്ചതായി കേട്ടതു ഓർക്കുന്നു. പ്രിയപ്പെട്ടവല്യച്ചന്റെ വിനീതമായ സമീപനം, ഒരു ഹൃദ്യമായവാക്ക്, നോട്ടം, കരുതൽ, പ്രാർത്ഥന.... എത്രയോപേരെ യേശുവിലേക്ക് അടുപ്പിക്കുവാനായി കാരണമായിതീർന്നു എന്നറിയാവുന്ന എന്റെ ജീവിത ശൈലി എന്തു മാത്രം സാക്ഷ്യമുള്ളതാണ്? ഓരോ വ്യക്തിയും ഈശോയുടെ മുഖം കാണുവാൻ പ്രിയപ്പെട്ട വല്യച്ചന് സാധിച്ചതു കൊണ്ടാണല്ലോ ഇപ്രകാരമൊരു ശൈലിയെക്കുറിച്ച് ആവശ്യത്തിലിരിക്കുന്ന സഹോദരങ്ങളെ കണ്ടില്ലെന്ന് നടിച്ചാലുള്ള അനന്തരഫലത്തെക്കുറിച്ച് മേരിമക്കളോട്, എന്നോടാഹ്വാനം ചെയ്യുന്നത്.

വിശ്വസ്തനും വിവേകിയുമായ വല്യച്ചൻ തന്റെ യജമാനൻ തന്നെ വിശ്വസിച്ചേല്പിച്ച താലന്തുകൾ 30 മേനിയും 60 മേനിയും 100 മേനിയും ഫലം പുറപ്പെടുവിക്കത്തക്കവിധം വർദ്ധിപ്പിച്ചു. ദൈവത്തിനു കൊടുക്കേണ്ടതു ദൈവത്തിനും, സഹോദരങ്ങൾക്കു കൊടുക്കേണ്ടതു സഹോദരങ്ങൾക്കും നൽകി. അച്ചന്റെ ദൈവത്തിലുള്ള ആശ്രയവും വിനയവും ഞാൻ ഇനിയും എന്തുമാത്രം കൂടെ ആർജ്ജിക്കേണ്ടിയിരിക്കുന്നു. സഹോദരങ്ങൾക്കു നൽകേണ്ടത് നൽകാൻ ഞാൻ എന്തു മാത്രം എന്റെ സ്വാർത്ഥത ഉരിഞ്ഞു കളഞ്ഞുകൊണ്ട് ദൈവമഹത്വത്തിനായി ചെയ്യേണ്ടിയിരിക്കുന്നു. ഒരു മേരിമകളായ ഞാൻ വല്യച്ചന്റെ പൈതൃകം ഏറ്റുവാങ്ങി ജീവിക്കേണ്ടവളായ ഞാൻ എന്റെ അനുദിന ഭക്താഭ്യാസങ്ങളിലും സഹോദരസ്നേഹത്തിലും പുലർത്തുന്ന മനോഭാവം എന്താണ്? സഹോദരങ്ങളുടെ നേരെ കണ്ണടച്ചുകൊണ്ടുള്ള ഒരു ആത്മീയതയാണോ എനിക്കുള്ളത്? നല്ല ഇടയനായ വിശ്വസ്തനും വിവേകിയുമായ പ്രിയപ്പെട്ട വല്യച്ചന്റെ ആത്മീയ പുത്രി എന്ന പേരിനർഹയായി ജീവിക്കാൻ ഹൃദയങ്ങൾ പരിശോധിക്കുന്ന സ്നേഹ

www.malankaralibrary.com



സ്വരൂപന്റെ മുമ്പിൽ നീതീകരിക്കപ്പെട്ടവളായി പ്രത്യക്ഷപ്പെടാൻ ഞാൻ ഇനിയും എന്തുമാത്രം ജാഗരൂകയായിരിക്കേണ്ടതുണ്ട്. നല്ല ദൈവമെ അവിടുന്ന് എന്നോട് സംസാരിച്ചാലും ഇതാ അങ്ങയുടെ ദാസി ശ്രവിക്കുന്നു. അങ്ങയുടെ കരങ്ങളിൽ എന്നെ സമർപ്പിക്കുന്നു.

**ആത്മസംഭാഷണം**

എന്റെ സഹോദരങ്ങളുടെ ആവശ്യങ്ങളെ കണ്ടറിഞ്ഞു സഹായിക്കണമെന്ന് പ്രിയപ്പെട്ട വല്യച്ചനിലൂടെ എന്നോട് ആഹ്വാനം ചെയ്യുന്ന നല്ല ദൈവമെ നന്ദി നിറഞ്ഞ ഹൃദയത്തോടെ ഈ സൂക്ത സന്ദേശ ധ്യാനത്തിലൂടെ അങ്ങു എനിക്കു നൽകിയ, നൽകുന്ന, വചന സമ്പത്തിനായും ആരാധന സ്തുതി സ്തോത്ര പ്രകരണങ്ങൾക്കായും സ്തുതികളർപ്പിക്കട്ടെ. പ്രിയപ്പെട്ട വല്യച്ചനെ മേരിമക്കളുടെ വത്സല താതനായിതന്നതിനെ ഓർത്തു ആയിരമായിരം നന്ദികളർപ്പിക്കുന്നു. വല്യച്ചന്റെ വചനബദ്ധമായ ജീവിതശൈലി എന്റെ ജീവിതത്തിൽ പ്രായോഗികമാക്കുവാൻ എനിക്കനുഭവപ്പെടുന്ന തടസ്സങ്ങൾ ഓരോന്നായി ഞാൻ എന്റെ കൺമുമ്പിൽ കാണുന്നു. കാണപ്പെടുന്ന സഹോദരനെ ആത്മാർത്ഥമായി സ്നേഹിക്കാതെ, കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കുവാൻ സാധിക്കുകയില്ല എന്നുള്ള യേശുവിന്റെ പ്രബോധനം പ്രിയപ്പെട്ട വല്യച്ചൻ കാണിച്ചുതന്ന ജീവിത മാതൃകയിലൂടെ ഞാൻ ആഴത്തിൽ മനസ്സിലാക്കുന്നു. എന്റെ മുമ്പിൽ നിൽക്കുന്ന സഹോദരങ്ങളിൽ അങ്ങയെ തിരിച്ചറിഞ്ഞ് അപരനിൽ അങ്ങയുടെ മുഖം കണ്ട് സ്നേഹിക്കാനും ശുശ്രൂഷിക്കാനുമുള്ള അനുഗ്രഹം കൃപയായി നൽകണമേ.

ഒരുനോട്ടം, ഒരുവാക്ക്, ഒരു പുഞ്ചിരി, ഒരു കരുതൽ, ഒരു പരിഗണന എന്നിവയ്ക്കായി എന്നിലേക്ക് തിരിയുന്ന എന്റെ സഹോദരങ്ങളുടെ നേരെ എന്റെ ഹൃദയം അടയ്ക്കപ്പെട്ടുപോയ നിമിഷങ്ങളെ ഓർത്തു ഏറെ ദുഃഖിക്കുന്നു. വിശന്നും ദാഹിച്ചും തൊഴിലും പാർപ്പിടവും ഇല്ലാതെ വേദനിച്ചും ചികിത്സിക്കാൻ സാമ്പത്തിക ശേഷിയില്ലാതെയും പ്രാർത്ഥനാസഹായം യാചിച്ചുകൊണ്ടും എന്നെ സമീപിച്ചിട്ടുള്ളവരുടെ നേരെ കണ്ണുകളടച്ചിട്ടുള്ള അവസരങ്ങൾക്കായി നല്ല നാഥാ ഞാൻ മനസ്തപിച്ചുകൊണ്ട് അങ്ങയോടു മാപ്പപേക്ഷിക്കുന്നു. ഓരോ മേരിമക്കൾക്കും വേണ്ടി ഞാൻ മാപ്പപേക്ഷിക്കുന്നു. എന്റെ

www.malankaralibrary.com



സ്വാർത്ഥതയാലും അലസതയാലും, മുൻവിധിയാലും ഉപേക്ഷയാലും ഉറക്കത്താലും നിസ്സഹായതയാലും ചെയ്യാതെപോയ നന്മകൾക്ക് പരിഹാരം ചെയ്യുവാനുള്ള കൃപയ്ക്കായും ഞാൻ അപേക്ഷിക്കുന്നു. വന്നുപോയ എല്ലാ വീഴ്ചകൾക്കും പരിഹാരബലിയായി എന്റെ ഓരോ നിമിഷങ്ങളെയും ബലഹീനതകളെയും വേദനകളെയും യാതനകളെയും സഹനങ്ങളെയും ത്യാഗങ്ങളെയും സത്കൃത്യങ്ങളെയും പ്രാർത്ഥനകളെയും ലോകം മുഴുവൻ അർപ്പിക്കപ്പെടുന്ന എല്ലാ ദിവ്യബലികളുടെ യോഗ്യതകളോടുചേർത്ത് പരിശുദ്ധ അമ്മയുടെയും വി. യോസേപ്പിതാവിന്റെയും സകല മാലാഖമാരുടെയും വിശുദ്ധരുടെയും മാദ്ധ്യസ്ഥം യാചിച്ചുകൊണ്ട് നല്ലപിതാവിന് സമർപ്പിക്കുന്നു. എന്റെ എല്ലാ സഹോദരങ്ങളുടെയും വേദനകളെയും നൊമ്പരങ്ങളെയും നിയോഗങ്ങളെയും എല്ലാം പ്രിയപ്പെട്ട വല്യച്ചൻ തന്റെ നെഞ്ചിലേറ്റി രാവും പകലും കർമ്മനിരതനായിരുന്നതുപോലെ എന്റെ ആരാധനാ നിമിഷങ്ങളിലും പ്രാർത്ഥനാ ധ്യാനാവസരങ്ങളിലും പരമപിതാവിന് സമർപ്പിക്കുവാനുള്ള ഉണർവും തീഷ്ണതയും നൽകി അനുഗ്രഹിക്കണമെ. വിശ്വകുടുംബത്തിലെ എല്ലാ സഹോദരങ്ങളുടെയും മേൽ ആബാ പിതാവേ അവിടുത്തെ തിരുക്കുമാരന്റെ തിരുരക്തം ഒഴുക്കി പരിശുദ്ധാത്മാവിന്റെ വരദാനഫലങ്ങളാൽ നിറയ്ക്കണമെ എന്നും അപേക്ഷിക്കുന്നു. പ്രിയപെട്ട വല്യച്ചന്റെ പ്രത്യേക മാദ്ധ്യസ്ഥത്താൽ ആവശ്യത്തിലിരിക്കുന്ന സഹോദരങ്ങൾക്ക് ഒരു കുറവും വരാത്തവിധത്തിൽ ദൈവത്തെയും അവിടുത്തെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട സഹോദരങ്ങളെയും സ്നേഹിക്കാനും ശുശ്രൂഷിക്കുവാനുമുള്ള കൃപ തന്നനുഗ്രഹിക്കണമെ. യേശുവെ നന്ദി, സ്തോത്രം, ആരാധന, മഹത്വം, ത്രിയേക ദൈവമെ അങ്ങേയ്ക്ക് ആരാധന, സ്തുതി, സ്തോത്രം, നന്ദി, മഹത്വം.

**പ്രായോഗിക തീരുമാനം :** സൂക്തം 11 ഹൃദിസ്ഥമാക്കി കൂടെ കൂടെ ഉരുവിടും.

**അനുസ്മരണാവാക്യം :** "നിന്നെപ്പോലെതന്നെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക" (മർക്കോ. 12:31).

www.malankaralibrary.com

# 12

## സത്യോപാസകൻ

**"തമാശായിട്ടുപോലും കള്ളം പറയരുത്. ആരോടും പിണങ്ങിയിരിക്കരുത്. എത്രയും വേഗം ക്ഷമിച്ച് രമ്യതയിലാകണം".**

**ധ്യാനപശ്ചാത്തലം:**

ഭൂകമ്പത്തിലും കൊടുങ്കാറ്റിലും പ്രവാചകനായ ഏലിയാ ദൈവത്തിന്റെ സ്വരം കേൾക്കാൻ ആഗ്രഹിച്ചെങ്കിലും കേൾക്കാൻ കഴിഞ്ഞില്ല. ഒരു മൃദുസ്വരമായി സർവ്വശക്തനെ ഏലിയാ പ്രവാചകൻ കേട്ടു. ഇപ്രകാരമൊരു ശാന്തതയിലെക്ക് ദൈവം നമ്മെ ക്ഷണിക്കുന്നു. ചിന്ത, വികാരം, വിചാരം, മനസ്, ഹൃദയം ഏകാഗ്രമാക്കി വിശുദ്ധീകരിക്കണമെ, കൃപയാൽ നിറയ്ക്കണമെ എന്ന് പ്രാർത്ഥിക്കാം. ദൈവമെ, ഞങ്ങളുടെ ആന്തരിക കണ്ണുകൾക്ക് മുമ്പിൽ അങ്ങ് മാത്രം ചിത്രീകരിക്കപ്പെടണമെ.

പാവനാത്മാവേ വരൂ
ദിവ്യദാനങ്ങൾ തരൂ
ഞങ്ങളിൽ വാഴാൻ വരൂ
നന്മകൾ തൂകാൻ വരൂ
ആത്മാവിലാനന്ദം നീ
ആശ്വാസദായകൻ നീ
സത്യത്തിനാത്മാവു നീ
നിത്യസഹായകൻ നീ

**സൂക്തസന്ദേശം**

"തമാശായിട്ടുപോലും കള്ളം പറയരുത്. ആരോടും പിണങ്ങിയിരിക്കരുത്. എത്രയും വേഗം ക്ഷമിച്ച് രമ്യതയിലാകണം". നിഷ്കളങ്കമാർഗ്ഗത്തിൽ ചരിക്കുന്നതിൽ ബദ്ധശ്രദ്ധനായിരുന്ന നമ്മുടെ സ്ഥാപകപിതാവിന്റെ (സങ്കീ.101:2). ജീവിതത്തിലെ ദൈവവിശ്വാസമെന്ന സുകൃതമാണ് ഈ സൂക്തത്തിൽ തെളിഞ്ഞുകാണുന്നത്. സത്യസന്ധമായി പെരുമാറുന്നവന് കർത്താവ് ഉറപ്പുള്ള കോട്ടയാണ്

www.malankaralibrary.com





(സുഭാ.10:29) എന്നത് വല്യച്ചന്റെ ജീവിതത്തിൽ മുഴുവൻ ത്രസിച്ചു നിന്ന ഒരു യാഥാർത്ഥ്യമാണ്. പരമസത്യമായ ദൈവത്തെക്കുറുച്ചുള്ള ജ്ഞാനമാണ് ഒരുവനെ സത്യത്തോട് പ്രതിപത്തിയുള്ള വ്യക്തിയാക്കുന്നത്. സത്യം നിങ്ങളെ സ്വതന്ത്രരാക്കും (യോഹ: 8:31). ദൈവത്തിന്റെ സത്യം അവൻ നമുക്ക് നൽകിയ പുത്രനാണ്. നമ്മെ ദൈവമക്കളുടെ സ്വതന്ത്ര്യത്തിലേക്ക് കൈപിടിച്ചു നയിക്കാനാണ് സത്യം തന്നെയായ ദൈവം മനുഷ്യനായത്. ദൈവം സത്യം മാത്രമാണ് എന്നതാണ് വിശ്വാസത്തിന്റെ ആധാരമായി നിൽക്കുന്ന പരമാർത്ഥം. വല്യച്ചൻ ചെറുതും വലുതുമായ എല്ലാകാര്യങ്ങളിലും ദൈവം എന്ത് ആഗ്രഹിക്കുന്നു എന്ന് സദാ ചിന്തിക്കുകയും അന്വേഷിക്കുകയും ചെയ്തിരുന്നു. ഈ ദൈവന്വേഷണം അദ്ദേഹത്തെ പാറപോലെ ഉറച്ച ദൈവവിശ്വാസത്തിന്റെ ഉടമയാക്കി. നമ്മുടെ പ്രിയതാതൻ തന്റെ ദൈവാനുഭവത്തിൽ നിന്നും ആത്മീയ പുത്രിമാരായ നമ്മെ ഉദ്ബോധിപ്പി ക്കുന്നു. "തമാശയായിട്ടു പോലും കള്ളം പറയരുത്. ആരോടും പിണങ്ങിയിരിക്കരുത്" എത്രയും വേഗം ക്ഷമിച്ച് രമ്യതയിലാകണം എന്നാണ്. ഇതാണ് വല്യച്ചൻ ജീവിച്ച സത്യം! സത്യം സ്വതന്ത്രമാക്കിയ നിർഭയ വ്യക്തിത്വത്തിന്റെ ഉടമ.

കള്ളം എന്നത് അസത്യമാണ്. അത് നുണയുടെ ദുരാത്മാവാണ്. വി. യോഹന്നാൻ തന്റെ സുവിശേഷത്തിൽ നമ്മെ പ്രബോധിപ്പിക്കുന്നു. "എന്തെന്നാൽ അവനിൽ സത്യമില്ല. കള്ളം പറയുമ്പോൾ സ്വന്തം സ്വഭാവമനുസരിച്ചുതന്നെയാണ്, അവൻ സംസാരിക്കുന്നത്. കാരണം, അവൻ നുണയനും നുണയുടെ പിതാവുമാണ് (യോഹ. 8:44). ചെറിയ കള്ളങ്ങളും അവിശ്വസ്തതകളും നമ്മെ ദൈവവുമായുള്ള സഹവാസത്തിൽനിന്ന് അകറ്റുന്നു. പൂട്ടില്ലാത്ത കതകുള്ള മുറിയിൽ ദൈവത്തിന്റെ കരങ്ങളിൽ ഉറങ്ങുകയും ഉണരുകയും ചെയ്ത ആ താപസൻ ആരേയും ഉപദ്രവിച്ചിട്ടില്ല. ആരോടും പിണങ്ങിയിട്ടില്ല. ധന്യമായിരുന്നു ആ ജീവിതം. ഫലിതം പറഞ്ഞ് ചിരിക്കുകയും ചിരിപ്പിക്കുകയും ചെയ്തിരുന്ന വല്യച്ചൻ തമാശിനുപോലും കള്ളം പറഞ്ഞിട്ടില്ല. തന്റെ ജീവിതത്തിൽ കൈവയ്ക്കാൻ വന്ന മനുഷ്യനെ സ്നേഹം കൊണ്ട് കീഴടക്കിയ വന്ദ്യതാതൻ എത്ര സ്നേഹിക്കപ്പെട്ടവനായിരുന്നു? ആ ശ്രേഷ്ഠ ജന്മത്തിന്റെ ഹൃദയത്തിൽ ഉദയം കൊണ്ട സമൂഹത്തിന്റെ പുത്രിയായ എന്നിൽ പ്രിയതാതന്റെ ചൈതന്യം എത്ര മാത്രം ചലനാത്മകമാണ്?

www.malankaralibrary.com


സഹോദരങ്ങളോട് കോപിക്കാൻ മാനുഷികമായി ചിന്തിച്ചാൽ നമുക്ക് ന്യായമായ കാരണങ്ങൾ ഉണ്ടാകാം. എന്നാൽ ദൈവത്തെ തേടുന്ന ഒരുവന് അതിൽ ന്യായീകരണമില്ല. കാരണം വി. മത്തായി ശ്ലീഹാ പറയുന്നു: "സഹോദരനോട് കോപിക്കുന്നവൻ ന്യായവിധിക്ക് അർഹനാകും (5:22). എങ്കിലും ബലഹീനമായ മാനുഷിക പ്രകൃതിയാൽ സഹോദരങ്ങളോട് കോപിക്കുന്നവരോട് കർത്താവ് അരുൾചെയ്യുന്നു. നിന്റെ കോപം സൂര്യൻ അസ്തമിക്കുന്നതുവരെ നീണ്ടുനിൽക്കാതിരിക്കട്ടെ. വല്യച്ചന്റെ ജീവിതത്തിൽ അദ്ദേഹം ആരേയും വാക്കുകൾകൊണ്ട് വേദനിപ്പിച്ചിരുന്നില്ല. ആരേയും ശത്രുക്കളായി മാറ്റി നിർത്തിയില്ല. വല്യച്ചന്റെ ഗാംഭീരമുള്ള മുഖദർശനത്തിൽ ഭയപ്പെടുന്ന ഏതു മനുഷ്യനും അദ്ദേഹത്തിന്റെ അധരങ്ങൾ തുറക്കുമ്പോൾ ശാലീന സ്നേഹത്തിന്റെ, പരിപാലനയുടെ, പരിഗണനയുടെ മൊഴികൾ ഏവരേയും വിദൂരസ്ഥനെന്നുതോന്നിയ വല്യച്ചനെ സമീപസ്ഥനാക്കും. സത്യം സ്ഫുരിക്കുന്ന സംസാരം വഴി അപരിചിതനെ പരിചിതനും സത്യമുള്ള ജീവിതത്തിന് പ്രചോദനവുമേകും. കള്ളനേയും കവർച്ചക്കാരനേയും ഉറ്റമിത്രമാക്കിയ വല്യച്ചൻ സത്യത്തിന്റെ ഉപാസകനായിരുന്നു. താൻ എല്ലാവരേയുംകാൾ ദൈവസ്നേഹത്തിന് അയോഗ്യപാത്രമാണെന്നുള്ള വിനയാന്വീതമായ ചിന്തയാണ് അദ്ദേഹത്തെ ആഴമായ സത്യത്തിന്റെ സാഹോദര്യത്തിന്റെ മനുഷ്യനാക്കി മാറ്റിയത്.

**ആത്മഭാഷണം**

എന്റെ ദൈവമേ, അങ്ങ് സത്യമാണ് എന്നു ഞാൻ വിശ്വസിക്കുന്നു. പിതൃപുത്രിബന്ധത്തിന്റെ ആഴത്തിലേക്ക് എന്നെ നയിക്കണമെ. മനസാവാചാകർമ്മണ സത്യോപാസകനായി ജീവിച്ച ഒരു പുണ്യപുരോഹിതനായ എന്റെ സ്ഥാപകപിതാവിനെപ്പോലെ ചിത്തശുദ്ധിയിൽ ജീവിക്കാൻ എന്നെ ശക്തിപ്പെടുത്തണമേ.

സത്യത്തോടുള്ള തുറവിക്കനുസരിച്ചാണ് പിതാവിന്റെ സ്നേഹം എനിക്കനുഭവവേദ്യമാകുന്നതെന്നുള്ള ആത്മീയ ബോധ്യം നൽകിയതിന് നന്ദി പറയുന്നു. വെറുതെ ആവശ്യമില്ലാതെയും തല്ക്കാലം രക്ഷപ്പെടാനും ഒക്കെ പലപ്പോഴും കള്ളം പറയുകയും

www.malankaralibrary.com





നിസ്സാരകാര്യത്തിനുവേണ്ടി പിണങ്ങി നടക്കുന്നതും എല്ലാം എനിക്ക് കൂടുതൽ മനസ്സിലായി. ദൈവമേ, എന്റെ മനസ്സ് സത്യത്തിൽ നിന്ന് അകന്നിരിക്കുന്നു എന്ന് ഞാൻ തിരിച്ചറിയുന്നു. എങ്കിലും മകളേ, നിന്നെ ഞാൻ ആഴമായി സ്നേഹിക്കുന്നു. സത്യത്തിൽ നിലനിൽക്കുമെങ്കിൽ നീ എന്റെ ശിഷ്യയായി, പ്രിയ മണവാട്ടിയായിത്തീരും.

**പ്രായോഗിക തീരുമാനം**

ഞാൻ ഇന്ന് ആരോടും പിണങ്ങിയിരിക്കുകയില്ല. തമാശായിട്ടുപ്പോലും ഒരു വാക്കുപോലും സത്യത്തിന് വിരുദ്ധമായി പറയുകയില്ല.

**അനുസ്മരണാവാകൃം:** "സത്യം നിങ്ങളെ സ്വതന്ത്രരാക്കും" (യോഹ.8:32).

www.malankaralibrary.com

# 13

## നിർമ്മല മന:സാക്ഷി

**"മന:സാക്ഷി നിർമ്മലമായി സൂക്ഷിക്കുക, ആരേയും ഭയപ്പെടാതെ ജീവിക്കാം".**

**ധ്യാനപശ്ചാത്തലം:**

ധ്യാനത്തിന് ഏറ്റവും അനുയോജ്യമായ വിധത്തിൽ നമുക്ക് ഇരിക്കാം. ദൈവദർശനത്തിനും അവിടുത്തെ തിരുവചനത്തിന്റെ ആഴങ്ങളിലേക്ക് കടക്കുവാനും നമുക്ക് നമ്മെത്തന്നെ ഒരുക്കാം. നമ്മുടെ ശരീരത്തേയും മനസ്സിനേയും വികാരവിചാരങ്ങളേയും തിരുനാഥസന്നിധിയിൽ സമർപ്പിക്കാം. മാലിന്യമേശാത്ത മനഃസാക്ഷിയാണ് തിരുമുഖദർശനത്തിന് ഏറ്റവും ആവശ്യം എന്ന് നമുക്കറിയാം. ബാഹ്യമായ കണ്ണുകൾ അടച്ച് അകകണ്ണ് തുറന്ന് ഹൃദയത്തിന്റെ ഉള്ളറകളിൽ വസിക്കുന്ന ദൈവത്തെ ദർശിച്ചുകൊണ്ട് നിർമ്മലമായ ഒരു ഹൃദയം എന്നിൽ സൃഷ്ടിക്കണമേ എന്ന് പ്രാർത്ഥിക്കാം. ദൈവമേ അങ്ങയുടെ പരി. ആത്മാവിനെ അയച്ച് മന:സാക്ഷിയെ നിർമ്മലമായി സൂക്ഷിക്കുവാൻ, എല്ലാ ഭയാശങ്കകളും അകറ്റി ദൈവമക്കളുടെ സ്വാതന്ത്ര്യത്തിലേക്ക് ഉയർത്തി, പരിശുദ്ധിയുടെ പൂർണ്ണതയിലേക്ക് ഞങ്ങളെ ആനയിച്ചാലും.

നിർമ്മലമായൊരു ഹൃദയമെന്നിൽ
നിർമ്മിച്ചരുളുക നാഥാ
നേരായൊരു നൽമാനസവും
തീർത്തരുൾകെന്നിൽ നാഥാ

തവതിരുസന്നിധി തന്നിൽ നിന്നും
തള്ളിക്കളയരുതെന്നെ നീ
പരിപാവനനേ എന്നിൽ നിന്നും
തിരികെയെടുക്കരുതെൻ പരനേ

www.malankaralibrary.com


**സൂക്തസന്ദേശം**

മനഃസാക്ഷി നിർമ്മലമായി സൂക്ഷിക്കുക. ആരേയും ഭയപ്പെടാതെ ജീവിക്കാം. പൂർണ്ണമായ സ്നേഹം ഭയത്തെ നിഷ്ക്കാസനം ചെയ്യുന്നു. കാരണം ഭയം ശിക്ഷയെക്കുറിച്ചാണ്. ഭയപ്പെടുന്നവൻ സ്നേഹത്തിൽ പൂർണ്ണനായിട്ടില്ല (1യോഹ.4:18). ദൈവത്തിൽ ആശ്രയിക്കാത്തതു നിമിത്തം മനുഷ്യൻ പലവിധ ജീവിത പ്രശ്നങ്ങളിൽ നട്ടം തിരിയുകയാണ്. പ്രശ്നങ്ങളുടെ അടിയിൽ ഭയമെന്ന ഭീകരസത്വം അവനെ വിഴുങ്ങുന്നു. തെറ്റിലകപ്പെട്ടവരിൽ ചില ഹതഭാഗ്യർ, പ്രത്യാശയില്ലാതെ, കളങ്കമായ മനസ്സാക്ഷിയിൽ തന്നെ ജീവിതം അവസാനിപ്പിക്കുവാൻ ആഗ്രഹിക്കുകയും ദൈവത്തിന്റെ മഹനീയദാനമായ സമാധാനം അവനുതന്നെ അന്യമാക്കിത്തീർക്കുകയും ചെയ്യുന്നു. എന്നാൽ അനന്ത കരുണയായ ദൈവത്തിൽ ശരണം വയ്ക്കുന്ന തിരിച്ചുവരവിനായി ആഗ്രഹിക്കുന്ന ഏവനും ധീരത കൈവെടിയാതെ തന്റെ ജീവിതയാത്ര തുടരുന്നു. ആരാണ് നിർഭയനായിരിക്കുക എന്ന് സങ്കീർത്തനകർത്താവ് 15-ാം അദ്ധ്യായത്തിൽ വരച്ചുകാട്ടുന്നു. നിഷ്കളങ്കമായി ജീവിക്കുകയും, ഹൃദയം തുറന്നു സത്യം പറയുകയും, പരദൂഷണം പറയുകയോ, അയൽക്കാരനെതിരെ അപവാദം പരത്തുകയോ ചെയ്യാത്തവൻ. വീണ്ടും...... ദൈവഭക്തനോട് ആദരം കാണിക്കുകയും നഷ്ടം സഹിച്ചും പ്രതിജ്ഞ നിറവേറ്റുകയും, കടത്തിനു പകരം പലിശ ഈടാക്കാതിരിക്കുകയും നിർദ്ദോഷനിൽ നിന്നും കൈക്കൂലി ഈടാക്കുകയും ചെയ്യാത്തവൻ.

സ്പടികംപോലെ തെളിഞ്ഞ മനസ്സും അചഞ്ചലമായ മനോധൈര്യവും ഉള്ള വ്യക്തിയായിരുന്നു നമ്മുടെ സ്ഥാപകപിതാവ്. അദ്ദേഹം മനഃസാക്ഷി നിർമ്മലമായി സൂക്ഷിച്ചുകൊണ്ട് ആരേയും ഭയപ്പെടാതെ ജീവിച്ചു എന്ന് ചരിത്രം സാക്ഷിക്കുന്നു. പരിശുദ്ധവും നിർമ്മലവുമായ ജീവിതത്തിലൂടെ തന്റെ അജഗണങ്ങളെ നല്ല മേച്ചിൽ പുറങ്ങളിലേക്ക് ആനയിച്ച, നല്ല ഇടയനായ യേശുവിനെപ്പോലെ തന്റെ ഇടയധർമ്മം സധൈര്യം നിസ്വാർത്ഥമായി നിർവഹിച്ച വ്യക്തിയാണ് പ്രിയപ്പെട്ട വല്യച്ചൻ. തന്നിലൂടെ ഈ ലോകത്തിൽ ദൈവപിതാവിന് എഴുതിചേർക്കാനുള്ള ചരിത്രം പൂർത്തിയാക്കുവാനായി സ്വയം സമർപ്പിച്ച വന്ദ്യ താതൻ ഒരു നിർമ്മല മനസ്സാക്ഷിയുടെ ഉടമായായി

www.malankaralibrary.com





രുന്നു. ആരേയും ഭയപ്പെടാതെ തുറന്ന മുറിയും പൂട്ടില്ലാത്ത പെട്ടിയുമായി ലളിത പഥികനായി തന്റെ ജീവിത യാത്ര അദ്ദേഹം പൂർത്തിയാക്കി. ജീവിതത്തിൽ തമാശയായിട്ടുപോലും ഒരിക്കലും കള്ളം പറയാത്തവർ ഉണ്ടോ? ഉണ്ടെന്ന് പറയാൻ സാധിച്ചു, ഹൃദയം തുറന്ന് സത്യം പറഞ്ഞ മേരിമക്കളുടെ വത്സലതാതൻ നമുക്ക് ഒരു വെല്ലുവിളിയാണ്. ദൈവം കാണിച്ചുകൊടുത്ത പ്രവർത്തനമേഖലകളിൽ, ജീവിതമാകുന്ന ഈ ആയോധനത്തിൽ, നിഷ്ക്കളങ്കനായ, ഒരു ശിശുവിനെപ്പോലെ ജീവിച്ച് ആ മഹാധനൻ പറയുകമാത്രമല്ല തന്റെ ജീവിതം വഴി വരച്ചുകാട്ടിയതാണീ സൂക്തത്തിന്റെ ആന്തരികത. “മനസാക്ഷി നിർമ്മലമായി സൂക്ഷിക്കുക ആരേയും ഭയപ്പെടാതെ ജീവിക്കാം”. പ്രവർത്തിച്ച രംഗങ്ങളിലെല്ലാം അദ്ദേഹത്തിന്റെ വാക്കുകൾക്കനുസൃതം’ ലക്ഷ്യം പോലെ മാർഗ്ഗവും നിർമ്മലവും പരിശുദ്ധവുമായിരുന്നു. ഹൃദയം തുറന്ന് സത്യം പറഞ്ഞ ഈ വിശ്വസ്ത ഭൃത്യന് പരദൂഷണം പറയുവാനും, അയൽക്കാരനെതിരെ അപവാദം പരത്തുവാനും നേരമില്ലായിരുന്നു. ഏറ്റവും നിസ്സാരമായ കാര്യങ്ങൾക്ക് വേണ്ടിപോലും വലിപ്പചെറുപ്പ വ്യത്യാസമില്ലാതെ ക്ഷമ ചോദിച്ചിരുന്ന ആ മഹനീയ വ്യക്തിത്വത്തിന്റെ മനഃസാക്ഷിയുടെ നിർമ്മലത നമുക്ക് ഊഹിക്കാവുന്നതല്ലേയുള്ളൂ. പരലോകത്തിനുവേണ്ടി ഇഹത്തിൽ നഷ്ടങ്ങൾ പലതും സഹിച്ച്, ദൈവത്തോടുള്ള തന്റെ പ്രതിജ്ഞകൾ നിറവേറ്റി, ആരേയും ഭയപ്പെടാതെ ജീവിച്ച ആ ധന്യാത്മാവിന്റെ ജീവിതം ആത്മീയ സന്താനങ്ങളായ നമുക്കും പ്രചോദനവും, മാതൃകയും, മാർഗ്ഗദർശനവുമായി വിളങ്ങിശോഭിക്കുന്നു.

**ആത്മഭാഷണം**

നിർമ്മലത മാത്രമായ ദൈവമേ, തന്നാൽ താനായിരിക്കുന്നവനേ, ഈ ലോകത്തിൽ മേരിമക്കൾ സമൂഹത്തിലൂടെ ഞാൻ എങ്ങനെ ജീവിക്കണമെന്ന് പ്രിയപ്പെട്ട വല്യച്ചൻ തന്റെ ജീവിത മാതൃകയിലൂടെ എനിക്ക് കാണിച്ചുതന്നു ആ മഹനീയ ജീവിതത്തോട് തുലനം ചെയ്യുവാൻ എന്റെ ജീവിതത്തിന്, ജീവിതസാക്ഷ്യത്തിനാവുമോ? ദൈവമേ, നിർമ്മലമായ ഒരു ഹൃദയം എന്നിൽ സൃഷ്ടിക്കണമേ. അചഞ്ചലമായ ഒരു നവചൈതന്യം എന്നിൽ നിക്ഷേപിക്കണമേ. പല കാര്യങ്ങളിലും എന്റേതായ ന്യായീകരണങ്ങൾ നൽകികൊണ്ട് എന്റെ മനസാക്ഷിയെ

www.malankaralibrary.com


കളങ്കപ്പെടുത്തുവാൻ എനിക്ക് ഇടയായിട്ടുണ്ട്. ഭയത്താലും തുറവിയില്ലായ്മയാലും പരിശുദ്ധാത്മ ശക്തി കെടുത്തിക്കളഞ്ഞതിനാലും നീ വസിക്കുന്ന എന്റെ ഹൃദയത്തെ ഞാൻ മലീനസമാക്കിയിട്ടുണ്ട്. മറ്റുള്ളവരോട് ഹൃദയപൂർവ്വം ക്ഷമിച്ച് അവർക്ക് നന്മ ചെയ്യുവാൻ നന്മ ആശംസിക്കുവാൻ ഞാൻ പലപ്പോഴും പരാജയപ്പെട്ടുപോകുന്നു. ദൈവമേ നിർമ്മലമായി ജീവിച്ച് ഹൃദയം തുറന്ന് സത്യം പറഞ്ഞ്, നിർഭയനായി അവിടുത്തെ ആലയത്തിൽ വസിക്കുവാൻ എനിക്കുള്ള ആഗ്രഹത്തെ അങ്ങേക്ക് സമർപ്പിക്കുന്നു. നിർമ്മലമായി ജീവിക്കുന്നവർക്ക് ലഭിക്കുന്ന ആത്മധൈര്യംകൊണ്ട് എന്നെ നിറയ്ക്കണമേ. ഓരോരുത്തർക്കും അവർ അർഹിക്കുന്നത് ദൈവം കൊടുക്കുന്നതുപോലെ നീതിയായി നൽകാൻ, ആരേയും വിധിക്കാതിരിക്കുവാൻ നീ തന്നെ എന്റെ ഗുരുനാഥനായി എന്റെ അടുക്കൽ വരണമേ. പ്രിയപ്പെട്ട വല്യച്ചന്റെ മാധ്യസ്ഥം എനിക്കതിന് കോട്ടയായിരിക്കട്ടെ. എന്റെ മനഃസാക്ഷിയിൽ പറ്റിയിരിക്കുന്ന പൊടികളെ, പാപക്കറകളെ അങ്ങയുടെ തിരുരക്തത്താൽ കഴുകണമേ. ഞാനും നിർമ്മലനാകട്ടെ!

**പ്രായോഗിക തീരുമാനം :** ഇന്നേദിവസം എന്റെ ചിന്തയിൽപോലും ആരെയും വിധിക്കാതെ ഞാൻ ജീവിക്കും. അപ്രകാരമുള്ള പരീക്ഷകൾക്ക് ഞാൻ വിധേയയായി ആ വ്യക്തിക്കുവേണ്ടി ത്യാഗം ചെയ്ത് പ്രാർത്ഥിക്കും.

**അനുസ്മരണവാക്യം :** "ദൈവമേ, നിർമ്മലമായ ഒരു ഹൃദയം എന്നിൽ സൃഷ്ടിക്കണമേ. അചഞ്ചലമായ ഒരു നവചൈതന്യം എന്നിൽ നിക്ഷേപിക്കണമേ" (സങ്കീ. 51:10).

www.malankaralibrary.com

# 14

## ദൈവപരിപാലനയിലുള്ള ആശ്രയം

**"ആകാശപ്പറവകളെ പരിപാലിക്കുകയും, വയലിലെ പുഷ്പങ്ങളെ അണിയിക്കുകയും ദ്രാക്ഷാരസത്തിന് മാധുര്യം നൽകുകയും സായംസന്ധ്യയ്ക്ക് അരുണിമ പകരുകയും ചെയ്യുന്ന സർവ്വലോക നിയന്താവ് അവയേക്കാൾ എത്രയോ ഉപരിയായി നമ്മെ പേരു ചൊല്ലി വിളിക്കുകയും സ്നേഹിക്കുകയും ചെയ്യുന്നുവെന്ന് ദിവസത്തിൽ 5 മിനിട്ടെങ്കിലും സ്നേഹപൂർവ്വം സ്മരിക്കുക".**

**ധ്യാനപശ്ചാത്തലം**

ഓരോ പ്രഭാതത്തിലും പുതിയ സ്നേഹവുമായി വന്ന് ശിഷ്യനെയെന്നപോലെ എന്റെ കാതുകളിൽ മന്ത്രിച്ച് നീ എന്റേതാണ്, നിന്റെ പേര് എന്റെ ഉള്ളം കൈയ്യിൽ രേഖപ്പെടുത്തിയിരിക്കുന്നു (ഏശ. 43:1). നീ എനിക്ക് വിലപ്പെട്ടവനും ബഹുമാന്യനും അമൂല്യനുമാണ് (ഏശ. 43:4) എന്നരുളി ദൈവസ്നേഹത്തിന്റെ ആഴം അനുഭവിക്കുവാൻ ഈ ധ്യാന നിമിഷങ്ങളിൽ എന്നെ പ്രാപ്തയാക്കണമെ. ഹൃദയത്തേയും മനസിനേയും ശരീരത്തേയും നിശബ്ദമാക്കി, ഏകാഗ്രമാക്കി തിരുനാഥ സന്നിധിയിൽ സ്വസ്ഥതമായി ശാന്തമായി നമുക്കിരിക്കാം. പ്രപഞ്ചം മുഴുവൻ നിറഞ്ഞുനിൽക്കുന്ന ദൈവസാന്നിധ്യം നമ്മുടെ ഇടത്തും വലത്തും മുകളിലും താഴെയും ചുറ്റിലുമായി നിറഞ്ഞുനിന്ന്, തള്ളക്കോഴി തന്റെ കുഞ്ഞുങ്ങളെ ചിറകിൻകീഴിൽ സംരക്ഷിക്കുന്നതുപോലെ, ഒരു സംരക്ഷണക്കോട്ടയായി നമ്മോടൊത്തുണ്ട് എന്ന വലിയ ബോധ്യത്തിലേക്ക് നമുക്ക് കടന്നുവരാം. മനസ്സിൽ നിറഞ്ഞു നിൽക്കുന്ന മലിനതകളും അസ്വസ്ഥത തങ്ങി നിൽക്കുന്ന ഉത്കണ്ഠകളും ദൈവസന്നിധിയിൽ സമർപ്പിച്ച് ഈ ധ്യാനത്തിലൂടെ പരിപാലനാത്മകമായ സ്നേഹം ആവോളം അനുഭവിക്കുവാൻ പരിശുദ്ധാത്മാവിനെ നമ്മിലേക്ക് അയയ്ക്കണമേ എന്ന് പ്രാർത്ഥിക്കാം.

www.malankaralibrary.com



പരിശുദ്ധാത്മാവേ  പറന്നിറങ്ങണമേ
ശ്ലീഹന്മാരിൽ  നിറഞ്ഞതുപോൽ
അഭിഷേകം ചെയ്യണമേ
നിറയണമെ നിറയണമെ
കവിയണമെ കവിഞ്ഞൊഴുകണമെ
ജോർദ്ദാൻ നദിക്കരയിൽ പ്രാവിൻ രൂപത്തിൽ വന്ന്
അഭിഷേകമായ് തീർന്ന പാവനാത്മാവേ
ലോകസുഖമേകും അശുദ്ധിയിൽ നിന്നും
കാത്തുരക്ഷിച്ചനുഗ്രഹമേകിടണെ.

**സൂക്തസന്ദേശം**

ആകാശപ്പറവകളെ പരിപാലിക്കുകയും വയലിലെ പുഷ്പങ്ങളെ അണിയിക്കുകയും ദ്രാക്ഷ രസത്തിന് മാധുര്യം നൽകുകയും സായം സന്ധ്യക്ക് അരുണിമ പകരുകയും ചെയ്യുന്ന സർവ്വ ലോകനിയന്താവ് അവയേക്കാൾ എത്രയോ ഉപരിയായി നമ്മെ പേരുചൊല്ലി വിളിക്കുകയും സ്നേഹിക്കുകയും ചെയ്യുന്നുവെന്ന് ദിവസത്തിൽ 5 മിനിട്ടെങ്കിലും സ്നേഹപൂർവ്വം സ്മരിക്കുക.

ദൈവ പരിപാലനയുടെ മുമ്പിൽ സർവ്വതും അടിയറവച്ചുകൊണ്ട് യാതൊരു വ്യവസ്ഥയും വയ്ക്കാതെ  തിരുഹിതം നിറവേറ്റാൻ ഇറങ്ങി പുറപ്പെട്ട നമ്മുടെ സമൂഹസ്ഥാപകനായ പ്രിയപ്പെട്ട വല്യച്ചന്റെ മൊഴിമുത്താണിത്. തന്റെ ജീവിതത്തിന്റെ മുഴുവൻ മഹത്വവും വിനയാന്വിതനായി ദൈവത്തിനു നൽകി. ദൈവത്തിലാശ്രയിച്ചു ജീവിച്ചു. എളിമയോടെ നിറഞ്ഞ നന്ദിയോടെ ഹൃദയാനന്ദത്തോടെ, അഭിമാനത്തോടെ ദൈവം ചെയ്ത വൻകാര്യങ്ങൾ (ലൂക്ക 1:49) ആരുടെ മുമ്പിലും സദാ ഏറ്റുപറയുന്നതിൽ അദ്ദേഹം ആനന്ദം കൊണ്ടു. ക്ലേശങ്ങളുടെയും പ്രശ്നങ്ങളുടെയും മധ്യത്തിൽ തളരാതെ, തകരാതെ പ്രത്യാശയുടെ കിരണങ്ങൾ വീശി, പ്രപഞ്ചത്തിലെ നിസ്സാരവും ക്ഷണികവുമായ സർവ്വ ജീവജാലങ്ങളേയും ഇത്രമാത്രം പരിപാലിക്കുന്ന ദൈവം പ്രത്യേകമായി വിളിച്ച് അനേകർക്ക് അപ്പമാകാൻ, വെളിച്ചമാകാൻ, ജീവനാകാൻ വേണ്ട ശക്തിയും, സാന്ത്വനവും ആശ്രയവും പരിപാലനയുമായി കൂടെയുണ്ട് എന്ന നല്ല ബോധ്യവും വിശ്വാസവും വന്ദ്യതാതന് ഉണ്ടായിരുന്നു.

www.malankaralibrary.com



നിന്നെ പേരുചൊല്ലി വിളിക്കുന്ന ഇസ്രായേലിന്റെ കർത്താവായ ദൈവം ഞാനാണെന്ന് നീ അറിയേണ്ടതിന് അന്ധകാരത്തിലെ നിധികളും രഹസ്യധനശേഖരവും ഞാൻ നിനക്ക് തരും. എന്റെ ദാസനായ യാക്കോബിനും ഞാൻ തെരഞ്ഞെടുത്ത ഇസ്രയേലിനും വേണ്ടി ഞാൻ നിന്നെ പേരുചൊല്ലി വിളിക്കുന്നു (ഏശ. 45:3,4). ഓരോ വ്യക്തിയും ദൈവത്തിനുള്ള അനന്തമായ വാത്സല്യത്തിന്റെ വിഷയമാണ്. അവിടുന്ന്തന്നെ നമ്മുടെ ജീവിതത്തിൽ സന്നിഹിതനാണ്. ഈ പ്രപഞ്ചത്തിലെ സർവ്വ ജീവജാലങ്ങൾക്കും അസ്ഥിത്വവും പേരും നൽകി പരിപാലിക്കുന്ന, അവയെ തീറ്റിപ്പോറ്റുന്ന അവിടുന്ന് തന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിച്ച് (ഉല്പ.1:26) പേരുചൊല്ലി വിളിച്ച് സൃഷ്ടിയുടെ മകുടമായി ഉയർത്തി. ദൈവത്തിന്റെ വ്യക്തിപരമായ സ്നേഹവും വാത്സല്യവും നിറസാന്നിധ്യവും സ്വന്തം ജീവിതത്തിൽ അനുഭവിച്ച വല്യച്ചൻ പറയുമായിരുന്നു: 'പരമ കാരുണികനായ ദൈവം ഒന്നിനേയും ഭയപ്പെടാതെ ജീവിക്കാൻ എന്നെ ശക്തിപ്പെടുത്തിയെന്ന്'. അദ്ദേഹത്തിന്റെ ജീവിതത്തിൽ പ്രശ്നങ്ങൾ വന്നപ്പോൾ മാത്രമല്ല ദൈവത്തെ അന്വേഷിച്ചത് മറ്റവസരങ്ങളിലും ദൈവ വിചാരത്തോടും ദൈവഹിതാനുസരണവും ജീവിച്ചു. അതുകൊണ്ട് വന്ദ്യതാതന്റെ ജീവിതത്തിൽ യേശു പറഞ്ഞ ഈ വാക്കുകൾ അന്വർത്ഥമായി: നിങ്ങൾ ആദ്യം അവിടുത്തെ രാജ്യവും അവിടുത്തെ നീതിയും അന്വേഷിക്കുക; അതോടൊപ്പം മറ്റുള്ളവയെല്ലാം നിങ്ങളക്കു ലഭിക്കും (മത്താ.6:33).

ആകുലപ്പെടുത്തുന്ന സകല കാര്യങ്ങളിലും ദൈവപിതാവ് ശ്രദ്ധയുള്ളവനാണ് എന്ന ദിവ്യാഹ്വാനം വല്യച്ചനെ വഴിനടത്തി. ഞാൻ പിതാവിന്റെ കാര്യങ്ങളിൽ വ്യാപൃതനാകുമ്പോൾ പിതാവ് തന്റെ കാര്യത്തിലും വ്യാപൃതനാകും എന്ന് വല്യച്ചൻ അടിയുറച്ച് വിശ്വസിച്ചു. വല്യച്ചന്റെ ആത്മീയ മക്കൾ എന്ന നിലയിൽ ആകുലതകളെ അതിജീവിച്ച് ദൈവത്തിന്റെ പരിപാലനയിൽ ആശ്രയിച്ച് നമുക്ക് മുന്നേറാം.

**ആത്മഭാഷണം**

ദൈവമേ, അങ്ങയുടെ അനന്തപരിപാലനയിൽ ആശ്രയിച്ച്, ദൈവനടത്തിപ്പിന് സ്വയം ഏല്പിച്ചുകൊടുത്ത വല്യച്ചന്റെ ജീവിതത്തെ

www.malankaralibrary.com





കൂടുതൽ അടുത്തറിയുവാൻ ഈ ധ്യാനാവസരത്തിൽ എന്നെ അനുഗ്രഹിച്ചതിന് നന്ദി. ദൈവത്തിന് യഥേഷ്ടം ഉപയോഗിക്കുവാൻ തക്ക വഴക്കമുള്ള, സമർപ്പണബോധമുള്ള ഒരു വ്യക്തിയല്ല ഞാൻ എന്ന ബോധ്യം എന്നിൽ അനുതാപമുണർത്തുന്നു. അനുതാപത്തിൽ നിന്ന് ഉത്ഭൂതമാകുന്ന മാനസാന്തരത്തിലേക്ക് എന്നെ നയിക്കണമേ. പ്രശ്ന ങ്ങളുടെയും പ്രതിസന്ധികളുടെയും മദ്ധ്യേ ഭീരുവായി പിൻമാറുന്ന ഞാൻ വല്യച്ചന്റെ ജീവിതത്തിലൂടെ കടന്നുപോയപ്പോൾ അദ്ദേഹം പ്രതിസന്ധികളെയൊക്കെ ധീരതയോടെ, നിർഭയനായി അഭിമുഖീ കരിച്ച് മുന്നേറി കഷ്ടതകൾക്കിടയിലും കർത്താവിലാശ്രയിക്കുവാൻ വല്യച്ചൻ എന്നോടും ആഹ്വാനം ചെയ്യുന്നു.

എന്റെ നാഥാ, എന്റെ പ്രിയപ്പെട്ട വല്യച്ചനെപോലെ ഭാവി അങ്ങ യുടെ പരിപാലനാത്മകമായ പൊൻകരങ്ങളിൽ സമർപ്പിച്ച്, അനന്തപ രിപാലന അനുനിമിഷം അനുഭവിച്ച്, സർവ്വവും അങ്ങേ കരങ്ങളിൽ നിന്ന് സ്വീകരിച്ച് ജീവിക്കുവാൻ എന്നെ സഹായിക്കണേ, ശക്തിപ്പെടു ത്തണമെ. ഞാൻ അങ്ങയുടെ അനന്തപരിപാലന ആവോളം ആസ്വദിച്ച് അങ്ങിൽ ലയിച്ച് ഇല്ലാതാകട്ടെ.

**പ്രായോഗിക തീരുമാനം**

എന്നെ പേരുചൊല്ലി വിളിച്ച് സ്നേഹിച്ച് നയിക്കുന്ന ദൈവത്തിന്റെ സ്നേഹത്തെക്കുറിച്ച് ഇന്ന് 5 മിനിറ്റ് സ്മരിക്കും.

**അനുസ്മരണാവാക്യം**

“എന്റെ ദൈവം തന്റെ മഹത്വത്തിന്റെ സമ്പന്നതയിൽ നിന്ന് യേശുക്രിസ്തുവഴി നിങ്ങൾക്കാവശ്യമുള്ളതെല്ലാം നൽകും” (ഫിലി. 4:19).

www.malankaralibrary.com

# 15

## നന്ദി : സമ്പന്നതയുടെ പര്യായം

**"നമുക്ക് ഇല്ലാത്തവയുടെ ലിസ്റ്റിന് പകരം അനുദിനം ലഭിച്ചുകൊണ്ടിരിക്കുന്ന അനുഗ്രഹങ്ങളുടെ പട്ടിക തിരുസന്നിധിയിൽ സമർപ്പിച്ച് ഹൃദയപൂർവ്വം നന്ദി പറയുന്നത് ശീലമായി മാറണം".**

**ധ്യാനപശ്ചാത്തലം**

എന്നെ കാണുന്നവനായ അറിയുന്നവനായ നല്ല ദൈവത്തിന്റെ മുമ്പിൽ ഞാൻ ഇന്ന് ആയിരിക്കുന്ന എന്റെ അവസ്ഥകളോടെ എന്നെത്തന്നെ സമർപ്പിക്കുന്നു. ഹൃദയവും, മനസ്സും, ശരീരവും, ഭാവനയും, വികാരവിചാരങ്ങളും, ചിന്തകളും, നിശ്ചലമാക്കി സ്വച്ഛതയുടെ ആഴങ്ങളിലേക്ക് ഊളിയിട്ടിറങ്ങാം. ഹൃദയാന്തരാളത്തിൽ പള്ളികൊള്ളുന്ന സർവ്വശക്തനിൽ സർവ്വശ്രദ്ധയും ഭക്തിയും കേന്ദ്രീകരിച്ച് നമ്മുടെ ബാഹ്യമായ ഇന്ദ്രിയങ്ങളെ അടക്കി ആന്തരിക ഇന്ദ്രിയങ്ങളെ സജീവമാക്കിക്കൊണ്ട് നല്ല ദൈവത്തിൽ ലയിച്ചിരിക്കാം. ഒറ്റനോട്ടം കൊണ്ട് പത്രോസിന്റെ ഹൃദയം ഭേദിച്ച്, ഒരു സ്പർശനത്താർ അന്ധന്റെ കാഴ്ചശക്തി തിരിച്ചു നൽകിയ, ഒരു വാക്കിനാൽ മരിച്ച് സംസ്കരിക്കപ്പെട്ട ലാസറിനെ ഉയർപ്പിച്ച, ഒരു ദർശനത്താൽ സാവൂളിനെ പൗലോസാക്കിയ, പൂഴിമണ്ണലൽ കാൽവിരലുകൾ കൊണ്ട് കോറിയിട്ട് ഏതാനും വരികളാൽ പാപിനിയെ വിശുദ്ധിയുടെ ഉന്നത ശൃംഗത്തിലേക്ക് ഉയർത്തിയ, ഒരു പ്രാർത്ഥനാമന്ത്രത്താൽ കൊലയാളികളോടു ക്ഷമിച്ച, ഒരു ആശീർവാദത്താൽ ആയിരങ്ങളുടെ വയറു നിറച്ച, ഒരു പ്രഭാഷണത്താൽ സ്നേഹത്തിന്റെ മഹനീയത വരച്ചുകാട്ടിയ സർവ്വനന്മസ്വരൂപിയായവന്റെ ഹൃദയത്തിലാണ് ഞാൻ ഇപ്പോൾ. ആഴിയുടെ അഗാധതയും മനുഷ്യ മനസ്സിന്റെ നേരിയ നിയന്ത്രണങ്ങളും അതിസൂക്ഷമമായി ഗ്രഹിക്കുന്ന അവിടുത്തെ തിരുമുമ്പിൽ കപടതയുടെ മുഖംമൂടിയില്ലാതെ എന്നെ തുറന്നു വയ്ക്കാം. നിശബ്ദതയുടെ ആഴങ്ങളിൽ എന്നോട് സംസാരിക്കുകയും എന്നെ ശ്രവിക്കുകയും ചെയ്യുന്ന നാഥനോടൊത്ത് ഏകാന്തതയിൽ ആയിരുന്ന് അവിടുന്നിൽ ലയിച്ചു

www.malankaralibrary.com





ചേരാം.

ഈ ധ്യാനനിമിഷങ്ങളിൽ പരി. ആത്മാവിന്റെ അഭിഷേകത്താൽ പരിപൂരിതമാകാൻ പരി. അമ്മയുടെയും സകല വിശുദ്ധരുടെയും നമ്മുടെ കാവൽ മാലാഖമാരുടേയും നമ്മുടെ സ്ഥാപക പിതാവിന്റെയും മാദ്ധ്യസ്ഥം യാചിക്കാം. പരി. ആത്മാവേ എന്നെ നയിച്ചാലും. ദൈവീക ഉൾപ്രേരണ നൽകി എന്നെ സമ്പന്നയാക്കിയാലും. ദൈവവചനത്തിന്റെ ആഴവും വ്യാപ്തിയും സമൃദ്ധിയും ആസ്വദിക്കാൻ എനിക്ക് കൃപ അരുളിയാലും.

ദൈവാരൂപിയേ സ്നേഹജ്വാലയായ്
സ്വർഗ്ഗത്തിൽ നിന്നും നീ വരൂ
അഗ്നി നാളമായ് നവ്യ ജീവനായ
ഞങ്ങളിൽ വന്നുവാണീടൂ.

ശ്ലീഹന്മാരിൽ നിറഞ്ഞപ്പോൾ
ശക്തിയേകി നയിക്കണേ (2)

ശാന്തിയേകുന്ന ദിവ്യസന്ദേശം
മാനസാന്തര മാർഗ്ഗമായ്
യേശുവേക വിമോചകനെന്ന്
വിശ്വമാകെ ഉദ്ഘോഷിക്കാൻ

**സൂക്തസന്ദേശം :** "നമുക്ക് ഇല്ലാത്തവയുടെ ലിസ്റ്റിനു പകരം അനുദിനം ലഭിച്ചുകൊണ്ടിരിക്കുന്ന അനുഗ്രഹങ്ങളുടെ പട്ടിക തിരുസന്നിധിയിൽ സമർപ്പിച്ച് ഹൃദയപൂർവ്വം നന്ദി പറയുന്നത് ശീലമായി മാറണം". സ്വർഗ്ഗാത്മകമായി ചിന്തിക്കുന്നവരിൽ കൃതജ്ഞതയുടെ വികാരത്തിന്റെ അളവ് ഉന്നതമായിരിക്കും. വ്യക്തികളുടെ വ്യക്തിത്വം സമ്പുഷ്ടവും സമാകർഷവും ആയിരിക്കും. പരാതിയും പിറുപിറുപ്പും അവർക്ക് അജ്ഞാതമായിരിക്കും. വിപരീത സാഹചര്യങ്ങളിലും തകർച്ചകളിലും നന്ദി പ്രകാശിപ്പിക്കുവാനുള്ള സാധ്യതകൾ കണ്ടെത്തുന്ന ഇവർ മറ്റുള്ളവരാൽ സദാ സാമോദം സ്വാഗതം ചെയ്യപ്പെടും. ഇവരുടെ സാധ്യതകൾക്ക് പരിധിയോ പരിമിതിയോ നിർണ്ണയിക്കുക അസാദ്ധ്യമാണ്. കൃതജ്ഞത പ്രകാശിപ്പിക്കുവാനുള്ള വസ്തുതകളും വ്യക്തികളും ഇവരുടെ മുമ്പിൽ സദാ തെളിയും. ഇത്തരം വ്യക്തിത്വ

www.malankaralibrary.com





ത്തിൽ ഉടമയായിരുന്ന നമ്മുടെ പ്രിയ താതനായ മോൺ. ജോസഫ് കുഴിഞ്ഞാലിൽ.

സങ്കീർത്തകൻ പറയുന്നു കൃതജ്ഞതയായിരിക്കട്ടെ നീ ദൈവത്തിന് അർപ്പിക്കുന്ന ബലി. "എപ്പോഴും എല്ലാറ്റിനും വേണ്ടി നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ പിതാവായ ദൈവത്തിന് കൃതജ്ഞതയർപ്പിക്കുവിൻ" (എഫേ. 5:20) എന്ന് വി. പൗലോസ് ശ്ലീഹായും നമ്മോട് ആഹ്വാനം ചെയ്യുന്നു. ബാക്കി ഒൻപതു പേർ എവിടെ? ഈ വിജാതിയനല്ലാതെ മറ്റാർക്കും തിരിച്ചുവന്ന് ദൈവത്തെ മഹത്വപ്പെടുത്തണം എന്ന് തോന്നിയില്ലേ? (ലൂക്കാ 17:18) യേശുനാഥന്റെ തേങ്ങലാണിത്.

അങ്ങനെ നോക്കുമ്പോൾ നന്ദി എന്നത് വെറുമൊരു വാക്കല്ലാ, മറിച്ച് ബാധ്യതയാണ്. ഓരോ ശ്വാസോഛ്വാസത്തിലും നമ്മെ പിൻതുടരുന്ന ദൈവത്തിന്റെ അനുഗ്രഹങ്ങൾക്ക് നന്ദി പറയുവാൻ നാം ബാധ്യസ്ഥരാണ്. ഈ മനോഹര പ്രപഞ്ചവും അതിലെ സകല ചരാചരങ്ങളും നമുക്കായി സൃഷ്ടിച്ചു നൽകിയ അത്യുദാരനും പ്രതാപശാലിയും സൃഷ്ടികർത്താവുമായ നല്ല തമ്പുരാന് നന്ദിപറയുവാൻ നാം ഉൽസുകരാണോ? നമ്മുടെ ആഗ്രഹാഭിലാഷങ്ങളുടെയും ഇച്ഛകളുടെയും ഉത്തരം ഈ സൃഷ്ട പ്രപഞ്ചത്തിൽ നമുക്ക് കാണാൻ സാധിക്കും. പ്രകൃതി രമണീയമായ ഈ പൃഥ്വിയെ വാസസ്ഥലവും ആകാശവിശാലതയെ മേൽക്കൂരയുമാക്കി. മണ്ണിൽനിന്നും നമ്മെ മെനഞ്ഞ് വിശിഷ്ടമായ രൂപസാദൃശ്യം നൽകി. ദൈവീക ശ്വാസം നമ്മിൽ നിക്ഷേപിച്ച് അതിവിശിഷ്ട വസ്തുക്കൾകൊണ്ട് നമുക്ക് ഉപജീവനം നൽകുന്ന അനുഗ്രഹദാതാവായ പരമപിതാവിന് കൃതജ്ഞത അർപ്പിക്കേണ്ടത് നമ്മുടെ കടമയും ഉത്തരവാദിത്വവുമാണ്. നമുക്ക് ആവശ്യമുള്ളവയെല്ലാം വേണ്ടുവോളം നേടിയെടുത്ത് ആസ്വദിക്കുകയും നിസാരമെന്ന് തോന്നുന്നവയെ സൗകര്യപൂർവ്വം വിസ്മരിക്കുകയും ചെയ്യുന്ന ഒരു യുഗത്തിന്റെ സന്താനങ്ങളാണ് നമ്മൾ. ലഭിക്കുന്ന അനുഗ്രഹങ്ങൾ നന്ദിപൂർവ്വം സദാസ്മരിക്കുവാനും അനുഗ്രഹദാതാവിന് അനുനിമിഷവും ഉപകാരസ്മരണ നടുത്തുവാനുമാണ് നമ്മുടെ വന്ദ്യ താതൻ നമ്മെ ഉദ്ബോധിപ്പിക്കുന്നത്. സ്വജീവിതം കൊണ്ട് നമുക്ക് മാതൃകയായതും.

www.malankaralibrary.com





കൃതജ്ഞത എന്ന വികാരം ഹൃദയാന്തരാളത്തിൽ പൂട്ടി സൂക്ഷിക്കേണ്ട ഒന്നല്ല, മറിച്ച് അനുനിമിഷവും നമ്മുടെ വ്യാപാരങ്ങളിൽ തിളങ്ങി വിളങ്ങി നിൽക്കേണ്ട ഒന്നാണ്. ദൈവത്തോട് നന്ദിയുള്ളവർ സഹോദരങ്ങളോടും നന്ദിയുള്ളവർ ആയിരിക്കും. ഒരു നുള്ള് ഉപ്പ് അത് അലിഞ്ഞ് ഇല്ലാതാവുന്ന വെള്ളത്തിനു മുഴുവൻ ഉപ്പുരസം പകരുന്നതുപോലെ നമ്മുടെ നന്ദി പ്രകാശനം നമ്മുടെ മുഴുവൻ ജീവിതത്തിനും സ്വാദ് പകരുകയും പ്രീതിപാത്രങ്ങൾ ആകുകയും ചെയ്യുന്നു. നമ്മുടെ പ്രിയ വല്യച്ചനെ സംബന്ധിച്ചിടത്തോളം നന്ദി പ്രകാശിപ്പിക്കുക ഒരു കടമ നിർവ്വഹണമോ കർത്തവ്യ പൂർത്തീകരണമോ ആയിരുന്നില്ല. മറിച്ച് അച്ചന്റെ ജീവിതത്തിലും ശ്വാസത്തിലും നിറഞ്ഞു നിന്നു. പ്രിയ താതനിൽ നിന്നും വേർതിരിക്കാനാവാത്ത വിധം ഉൾചേർന്ന ഒരു ദിവ്യഗുണമായിരുന്നു കൃതജ്ഞത എന്ന ഗുണം. അത് മറ്റെല്ലാ പുണ്യങ്ങളുടെയും മാതാവാണെന്ന് തിരിച്ചറിഞ്ഞ മഹത് വ്യക്തിയാണ് നമ്മുടെ വല്യച്ചൻ. കിട്ടുന്നതിനെല്ലാം കൃതജ്ഞതാ പ്രകാശിപ്പിക്കുകയും എന്നാൽ ആരിൽ നിന്നും നന്ദി ആഗ്രഹിക്കുകയും ചെയ്യാത്ത വലിയ ഹൃദയത്തിന്റെ ഉടമയാണ് അദ്ദേഹം. മറ്റുള്ളവരോടുള്ള സഹിഷ്ണുതയും ഹൃദയംഗമമായ കൃതജ്ഞതാ പ്രകാശനവും ഊഷ്മളമായ ബന്ധങ്ങൾ കെട്ടിയുറപ്പിക്കാൻ വല്യച്ചനെ സഹായിച്ചു.

എന്തേ നന്ദിയുടെ ഭാവം എന്നിൽ ആധിപത്യം സ്ഥാപിക്കാത്തത്? അനുഗ്രഹങ്ങൾക്ക്, ഉപകാരങ്ങൾക്ക് നന്ദിയർപ്പിക്കാൻ എന്തേ ഞാൻ പിശുക്ക് കാണിക്കുന്നു? ലഭിക്കുന്നതും ഞാനിന്ന് അനുഭവിക്കുന്നതും ഒന്നും എന്റെ അവകാശമോ യോഗ്യതയോ കൊണ്ടല്ല. മറിച്ച് ഇതെല്ലാം അവിടുത്തെ ദാനം മാത്രമാണ്. ഞാനും എന്റേത് എന്ന് ഞാൻ വ്യാമോഹിക്കുന്നത് ഒക്കെയും അവിടുത്തെ അനന്ത പരിപാലനയുടെ അടയാളമാണ്. എങ്കിൽ പിന്നെ എന്തേ ജീവിതത്തിന്റെ ചില സാഹചര്യങ്ങളിൽ എങ്കിലും നന്ദിഹീനയായി ഞാൻ മാറുന്നു. അതേ എന്റെ ഉള്ളിന്റെയുള്ളിൽ തിങ്ങിവിങ്ങുന്ന നിലയ്ക്കാത്ത ആഗ്രഹങ്ങളാണ് നന്ദി പ്രകാശിപ്പിക്കുതിൽ നിന്നും എന്നെ തടയുന്നത്.

ഒരു മനുഷ്യനെ അവന്റെ അന്ത്യനാഴികവരെ മുന്നോട്ടുനയിക്കുന്ന പ്രേരക ശക്തിയാണ് അവന്റെ ഉള്ളിലെ ആഗ്രഹങ്ങൾ. ജീവൻ

www.malankaralibrary.com


ശരീരത്തിൽ നിന്നും വേർപെടുന്ന വേളയിൽപോലും നിലയ്ക്കാത്ത പ്രവാഹം പോലെ ആഗ്രഹങ്ങളാകുന്ന അഗ്നി നമ്മെ കാർന്നുതിന്നുന്നു. വാസ്തവത്തിൽ ഒരുവനെ ജീവിക്കാൻ പ്രേരിപ്പിക്കുന്നതും അദ്ധ്വാനിക്കാൻ ഊർജ്ജം പകരുന്നതും, സ്നേഹിക്കാൻ ഉൾപ്രേരണ തരുന്നതും ക്ഷമിക്കാൻ കെൽപ്പു തരുന്നതും പങ്കുവയ്ക്കാൻ സന്മനസ്സു നൽകുന്നതും ഒക്കെ ആഗ്രഹമെന്ന പ്രേരണദായക ശക്തിയാണ്. ആഗ്രഹങ്ങൾ നമ്മിൽ വറ്റി വരണ്ട് നിർജീവമാകുന്ന ദുർബല നിമിഷത്തിലാണ് സ്വജീവൻപോലും നശിപ്പിക്കാനുള്ള ദുഷ്പ്രേരണയുടെ വക്കിൽ ഒരാൾ എത്തുക. ആഗ്രഹങ്ങൾ നല്ലതാണ്. എങ്കിലും എല്ലാ ആഗ്രഹങ്ങളും നമ്മെ നന്മയിലേക്ക് നയിക്കുമെന്ന് ഉറപ്പില്ല. ചില ആഗ്രഹങ്ങൾ നമ്മുടെ തന്നെയും മറ്റുള്ളവരുടെയും നാശത്തിന് കാരണമായി ഭവിച്ചേക്കാം.

സൃഷ്ടിയുടെ ആരംഭം മുതലേ, ആഗ്രഹങ്ങളുടെയും ആഗ്രഹിക്കുന്നവരുടെയും ഒരു നീണ്ട നിര ചരിത്രത്തിന്റെ ഏടുകളിൽ തെളിഞ്ഞുകാണാം. ഒരു നല്ല വീട്, ജീവിത പങ്കാളി, ജീവിത സൗകര്യങ്ങൾ, ജോലി, വാഹനം ഇവയൊക്കെ നല്ലത് വേണമെന്ന് ആഗ്രഹിക്കാത്തവരായി ആരുണ്ട്? നല്ല സമൂഹം, നല്ല സഹോദരിമാർ, നല്ല മിഷൻ സ്റ്റേഷനുകൾ, സ്ഥാപനങ്ങൾ, നല്ല വ്യക്തി ബന്ധങ്ങൾ ഇങ്ങനെ സമർപ്പിതരുടെ ആഗ്രഹങ്ങളുടെ പട്ടികയും നിരവധിയാണ്. എന്നാൽ ആഗ്രഹിക്കുന്നവ ഒക്കെയും സാധ്യതമായാലും ആഗ്രഹങ്ങൾ വീണ്ടും വീണ്ടും നമ്മിൽ ജ്വലിച്ചുകൊണ്ടിരിക്കും. ഒന്നുകിട്ടുമ്പോൾ അതിലും മെച്ചമായ മറ്റൊന്നിനായി ദാഹിക്കുന്നു. പലപ്പോഴും താരതമ്യ പഠനം നാം വിശാലമാക്കുന്നു.

ഇവിടെ നാം മറന്നുപോകുന്ന, അല്ലെങ്കിൽ സൗകര്യപൂർവ്വം മറക്കാൻ ആഗ്രഹിക്കുന്ന ഒരു വലിയ യാഥാർത്ഥ്യത്തിലേക്കാണ് നമ്മുടെ പ്രിയതാതൻ വിരൽ ചൂണ്ടുന്നത്. നമുക്കില്ലാത്തവയുടെ ലിസ്റ്റിനുപകരം അനുദിനം ലഭിച്ചുകൊണ്ടിരിക്കുന്ന അനുഗ്രഹങ്ങളുടെ പട്ടിക തിരുസന്നിധിയിൽ സമർപ്പിച്ച് നന്ദിപറയുക ഒരു ശീലമായി, തഴക്കമായി മാറണം. നമ്മുടെ വത്സലതാതനായ വല്യച്ചനും ആഗ്രഹങ്ങളുടെ മനുഷ്യനായിരുന്നു. അച്ചന്റെ ആഗ്രഹങ്ങളും ആ ആഗ്രഹങ്ങളുടെ പൂർത്തീകരണത്തിനായുള്ള കഠിന പ്രയത്നവുമാണ് ആ

www.malankaralibrary.com





വന്ദ്യ വൈദീകനെ നമ്മുടെ വല്യച്ചൻ ആക്കിയത്. ദൈവം എന്ന വലിയ സത്യം തികച്ചും അജ്ഞാതമായിരുന്ന ഒരു ജനസമൂഹത്തെ തികച്ചും ദൈവീകരാക്കി മാറ്റുക, അവരുടെ ദാരിദ്രവും രോഗവും അജ്ഞതയും അകറ്റുക തുടങ്ങിയ ആഗ്രഹങ്ങളാണ് വല്യച്ചനെ മുന്നോട്ടു നയിച്ച ഉൾപ്രേരക ശക്തി. അതോടൊപ്പം ഈ ആഗ്രഹപൂർത്തീകരണത്തിൽ തന്നെ സഹായിക്കാൻ ഒരു സന്യാസിനി സമൂഹത്തിന് രൂപം നൽകാൻ കരുത്ത് ഏകിയതും.

നമ്മെപ്പോലെ തന്നെ ആഗ്രഹങ്ങളുടെ ആൾരൂപം ആയിരുന്ന വല്യച്ചനെ നമ്മിൽ നിന്നും വ്യതിരിക്തനാക്കുന്നത് പ്രിയതാതന്റെ നന്ദി നിറഞ്ഞ ജീവിതമായിരുന്നു. ഒരിക്കൽപോലും ദൈവതിരുമുമ്പിലോ, സഹോദരങ്ങളുടെ മുമ്പിലേ പരാതിപ്പെടുന്ന ഒരു വല്യച്ചനെ ചരിത്ര ത്തിന്റെ ഏടുകളിലോ മൂത്ത സഹോദരിമാരുടെ അനുഭവസാക്ഷ്യ ത്തിലൊ കണാൻ കഴിഞ്ഞിട്ടില്ല. എന്തിനും ഏതിനും എപ്പോഴും നന്ദി മാത്രം. നമ്മുടെ നന്ദി പ്രകടനങ്ങൾ നമ്മെ കൂടുതൽ ദൈവീക അനുഗ്രഹങ്ങൾക്ക് യോഗ്യരാക്കും എന്ന് വല്യച്ചൻ സദാ വിശ്വസിച്ചിരുന്നു.

നന്ദിയുള്ള വ്യക്തിത്വത്തിന്റെ ഉടമകളാവുക. എപ്പോഴും എവി ടേയും എല്ലാവരോടും നന്ദിയുള്ളവരാകുക. എങ്കിൽ മാത്രമേ ജീവിത ത്തിൽ സംതൃപ്തിയുണ്ടാവുകയുള്ളൂ. എപ്പോഴും പരാതി പറയുന്ന വർ തനിക്കുതന്നെയും മറ്റുള്ളവർക്കും ഭാരമായി, പരാതിയുടെ ഭണ്ഡാരപ്പെട്ടി ചുമലിൽ ഏറ്റി ജീവിക്കാൻ വിധിക്കപ്പെട്ട പാത്രങ്ങളായി തങ്ങളെത്തന്നെ തരം താഴ്ത്തുന്നു.

ഒരു മനുഷ്യവ്യക്തി എന്ന നിലയിൽ, ഒരു സ്ത്രീ എന്ന നിലയിൽ, അതിലുപരി ഒരു ക്രിസ്ത്യാനി എന്ന നിലയിൽ, എല്ലാറ്റിനുമുപരി യായി ഒരു സമർപ്പിത എന്ന നിലയിൽ എന്തെല്ലാം അനുഗ്രഹങ്ങ ളാണ് എനിക്ക് ലഭിച്ചിരിക്കുന്നത്. നമുക്ക് ദാനമായി കിട്ടിയിരിക്കുന്ന കഴിവുകളെ കുറിച്ച്, അനുഗ്രഹങ്ങളെക്കുറിച്ച്, നന്മകളെക്കുറിച്ച്, എന്റെ സാധ്യതകളെക്കുറിച്ച്, അറിവിനെക്കുറിച്ച് അവബോധം ഉണ്ടെങ്കിൽ എങ്ങനെ നാം പരാതിക്കാരായി മാറും. നമ്മുടെ ഹൃദയങ്ങൾ നന്ദി യാൽ നിറഞ്ഞ് കവിയുകയല്ലേ ചെയ്യുക? ഇന്ന് ഞാനായിരിക്കുന്ന എന്റെ സഭയിൽ, എന്റെ സമൂഹത്തിൽ, എന്റെ പ്രവർത്തന മേഖലക ളിൽ, വ്യക്തി ജീവിതത്തിൽ, മറ്റുള്ളവരുമായുള്ള ബന്ധങ്ങളിൽ ഞാൻ

www.malankaralibrary.com





ഒരു പരാതിക്കാരിയാണ് എങ്കിൽ അവലോകനം ചെയ്യേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. എന്തേ ഞാൻ ഇങ്ങനെ???...? എന്ന് ചിന്തിച്ച് ആകുലയാകാതെ, പരാതിപറയാതെ, 'ഇതാ ഞാൻ' എന്ന ദാസീ മനോ ഭാവത്തോടെ, നന്ദിയുള്ള ഹൃദയത്തോടെ ദൈവ തിരുമുമ്പിൽ വ്യാപ രിക്കാൻ കഴിയണം. സ്വന്തം ജീവിതത്തിന്റെ സന്തോഷങ്ങൾ എപ്പോഴും ഓർമ്മിക്കുക. ഭൂമിയിൽ തന്റെ സമയം ചുരുങ്ങിയതാണ് എന്ന് സങ്കൽപ്പിക്കുക. എന്റെ സാന്നിധ്യം മറ്റൊരുവന് ജീവിക്കാനുള്ള ജീവവായു ആണ് എന്ന് ഭാവന ചെയ്യുക. ഇവയൊക്കെ കൃതജ്ഞത എന്ന ദിവ്യഗുണം നമ്മിൽ രൂഢമൂലമാകുവാൻ സഹായിക്കും.

നന്ദി... കേൾക്കാൻ ഏറെ ഇമ്പകരമായ ഒരു ശബ്ദം. നമ്മുടെ ആഗ്രഹങ്ങൾ പൂർത്തീകരിക്കപ്പെടുമ്പോൾ മാത്രമേ അതിന് കാരണ ഭൂതരായ വ്യക്തികളോട്, സാഹചര്യങ്ങളോട് മാത്രം കാണിക്കേണ്ട ഒരുഭാവമോ, പറയേണ്ട ഒരു ശബ്ദമോ അല്ല നന്ദി എന്നത്. മറിച്ച് നമ്മുടെ അനുദിന ജീവിതത്തിലെ സഹനങ്ങൾ, കുരിശുകൾ, സന്തോ ഷങ്ങൾ, സന്താപങ്ങൾ, വിജയപരാജയങ്ങൾ, അവഹേളനങ്ങൾ, ഒറ്റ പ്പെടുത്തലുകൾ, തിരസ്ക്കാരങ്ങൾ, അവമതികൾ, ബഹുമാനങ്ങൾ എല്ലാം എല്ലാം ദൈവീക പദ്ധതി നമ്മിൽ പൂവണിയുന്നതിന്റെ ദൃശ്യ അടയാളങ്ങളാണ്. ആ സാഹചര്യങ്ങളോടും സംഭവങ്ങളോടും അതിന് നിമിത്തമായി തീർന്ന വ്യക്തികളോടും നന്ദി പറയാൻ കൃതജ്ഞതാ നിർഭരമായ ഹൃദയത്തോടെ ഇവയൊക്കെ നോക്കിക്കാണുവാൻ സാധിച്ചാൽ എന്റെ ജീവനും എന്റെ വഴികാട്ടിയും സർവ്വസ്വവുമായ നല്ല നാഥന്റെയും നമ്മുടെ പ്രിയതാതനായ വല്യച്ചന്റെയും ജീവിത ത്തോട് പൊരുത്തമുള്ളതായിത്തീരും.

എനിക്ക് ലഭിച്ചിട്ടുള്ളതും എനിക്ക് ലഭിക്കാത്തവ എന്നാൽ ഞാൻ ആഗ്രഹിക്കുന്നവയുടെയും ലിസ്റ്റ് എടുത്താൽ എനിക്കുള്ളവ യെക്കാൾ കൂടുതലായി എനിക്കില്ലാത്തവയുടെ പട്ടികയായിരിക്കും മുൻപിൽ. അത് കൃതജ്ഞതയുടെ മനോഭാവം ജീവിതത്തിൽ രൂപപ്പെ ടുത്തുവാൻ നാം പരാജയപ്പെട്ടു പോയതിനാലാണ്. വിജയത്തിലും പരാജയത്തിലും ഉയർച്ചയിലും താഴ്ചയിലും ആരോഗ്യത്തിലും അനാരോഗ്യത്തിലും സന്തോഷത്തിലും സന്താപത്തിലും ഒന്നുപോലെ നന്ദി പറയുവാൻ സാധിച്ച ജോബിന്റെ ജീവിതം നമുക്ക് മുമ്പിൽ വലിയ

www.malankaralibrary.com





വെല്ലുവിളി ഉയർത്തുന്നു. എല്ലാറ്റിലും എല്ലായിപ്പോഴും ദൈവകരം കാണാനും പരാതികൂടാതെ എല്ലാം ഏറ്റുവാങ്ങുവാനും ജോബിനെ സഹായിച്ചത് അദ്ദേഹത്തിന്റെ വേരുറച്ച ദൈവാശ്രയം ഒന്നിലാണ്. പരാതികൾ ഇല്ലാത്ത ആവശ്യങ്ങളുടെ പട്ടിക നിരത്തി വിലപിക്കാത്ത ജോബിന് നഷ്ടമായതെല്ലാം മൂന്നിരട്ടിയായി തിരികെ നൽകിയ ഒരു ദൈവമാണ് നമുക്കുള്ളത്.

കൃതജ്ഞതാ നിർഭരമായ ജീവിതത്തിന്റെ ഉടമയായി മാറുമ്പോൾ, ലിസ്റ്റ് നിരത്തി വിലപിക്കുന്ന ആവശ്യക്കാരിയായി ഞാൻ മാറാതിരിക്കുമ്പോൾ ദൈവം നമ്മിലേക്കും നൂറിരട്ടി അനുഗ്രഹങ്ങൾ ചൊരിയും. വല്യച്ചന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നതും ഇത് തന്നെയാണ്. ഒന്നുമില്ലാത്തവനാകാൻ ആഗ്രഹിച്ചു. ഒന്നിനും കുറവില്ലാത്തവനാക്കി ദൈവം മാറ്റി. പരാതിയുടെ ഭണ്ഡാരപ്പെട്ടിയുമായി ദൈവതിരുമുമ്പിൽ അശ്രുധാര ചൊരിയുന്ന ഒരു സ്ഥാപക പിതാവല്ല നമുക്കുള്ളത്. മറിച്ച് മിനിമം ആവശ്യങ്ങളുടെ വ്യക്തിയായിരുന്നുകൊണ്ട് ലഭിക്കുന്നത് എന്തും സൗഭാഗ്യമായിക്കണ്ട് നന്ദി പറയുന്ന സദാ കൃതജ്ഞത പ്രദർശിപ്പിക്കുന്ന വല്യച്ചൻ. നന്ദിയുടെ ആൾരൂപമായ നമ്മുടെ പ്രിയ സ്ഥാപക പിതാവ്. ഗാംഭീര്യം മുറ്റി നിൽക്കുന്ന ആ വ്യക്തിത്വവും പ്രസന്നത തുളുമ്പുന്ന ആ മുഖവും ജീവൻ തുടിക്കുന്ന ആ കണ്ണുകളും വിളിച്ചോതുന്നത് നിരാശനായ വ്യക്തിത്വത്തെയല്ല നന്ദിയാൽ നിറഞ്ഞു തുളുമ്പുന്ന ഒരു മഹത് വ്യക്തിത്വമാണ്. നമുക്കും അനുകരിക്കാം ഈ പ്രിയ താതനെ...

**ആത്മഭാഷണം**

നന്ദിയുടെ സംവാഹകയാകാൻ വിളിക്കപ്പെട്ട ഇന്നിന്റെ മുമ്പിൽ കൃതജ്ഞതയുടെ വക്താവാകേണ്ട എന്റെ ജീവിതം നാഥാ ഇന്ന് എവിടെ നില്ക്കുന്നു. സമൂഹജീവിതത്തിൽ, ജോലി ചെയ്യുന്ന മേഖലകളിൽ, എന്റെ വ്രതബദ്ധ ജീവിതത്തിൽ, പ്രാർത്ഥനാ ജീവിതത്തിൽ സംതൃപ്തിയില്ലാതെ പരാതിപ്പെട്ട നിമിഷങ്ങൾക്കായി മാപ്പ് ചോദിച്ച് തിരുമുമ്പിൽ ആയിരിക്കുന്ന ഈ പ്രിയ ദാസിയുടെ മേൽ കരുണാകടാക്ഷം ഉണ്ടാകണമെ. എന്നെത്തന്നെ വിലയിരുത്താൻ നന്ദിയാൽ നിറയാൻ, കൃതജ്ഞത മറ്റുള്ളവരിലേക്ക് പകരുവാൻ എന്നെ സഹായിക്കണമെ. മറ്റുള്ളവരുമായി താരതമ്യപഠനം നടത്താതെ എന്നിലെ

www.malankaralibrary.com



സിദ്ധികളും ദാനങ്ങളുംദൈവമഹത്വത്തിനും സഹോദരങ്ങളുടെ നന്മയ്ക്കുമായി ഉപയോഗിക്കുവാൻ കൃപയരുളിയാലും.

ജീവിതത്തിൽ എന്തിനെക്കുറിച്ചാണ് എനിക്ക് നന്ദിയുള്ളത്? കൃതജ്ഞത പ്രകടിപ്പിക്കുക എന്നെ സംബന്ധിച്ചിടത്തോളം എത്ര ത്തോളം ആയാസകരമാണ്? കൃതജ്ഞതാ നിർഭരമായ ഹൃദയത്തോടെ ജീവിക്കാൻ സഹായിക്കണമേ.

**പ്രായോഗിക തീരുമാനം**

സമർപ്പണ ജീവിതത്തിൽ പ്രവേശിച്ചതുമുതൽ ലഭിച്ച അനു ഗ്രഹങ്ങളുടെ ഒരു ലിസ്റ്റ് തയ്യാറാക്കുക. ദൈവത്തിരുമുമ്പിൽ ഇരുന്ന് അവയ്ക്ക് നന്ദിപറയുക.

**അനുസ്മരണാവാക്യം**

‘‘ദൈവമേ, അങ്ങ് എന്നെ ഓർമ്മിച്ചിരിക്കുന്നു. അങ്ങയെ സ്നേഹിക്കുന്നവരെ അങ്ങ് ഉപേക്ഷിച്ചിട്ടില്ല’ (ദാനി. 14:38).

www.malankaralibrary.com

# 16

## ജീവിതം ഒരു സ്തുതിഗീതം

**"സമുദ്രത്തിൽ നിന്നുയരുന്ന നീരാവി വീണ്ടും ജലമായി ഭൂമിയിൽ വർഷിക്കപ്പെടുന്നതുപോലെ നമ്മുടെ നന്ദി പ്രകടനങ്ങൾ നമ്മെ കൂടുതൽ ദൈവീക ദാനങ്ങൾക്കും അനുഗ്രഹങ്ങൾക്കും യോഗ്യരാക്കും".**

**ധ്യാനപശ്ചാത്തലം:**

സർവ്വസ്തുതിക്കും യോഗ്യനും സ്തുതികളിൽ വസിക്കുന്നവനുമായ സർവ്വശക്തനായ ദൈവത്തിന്റെ സന്നിധാനത്തിങ്കൽ അവിടുത്തെ സമീപ്യസുഖം അനുഭവിച്ചുകൊണ്ട് നമുക്കായിരിക്കാം. അവിടുത്തെ കാണുവാനും കേൾക്കുവാനുമായി നമ്മുടെ ആന്തരിക ചക്ഷു കളേയും കർണ്ണങ്ങളേയും തുറക്കാം. നമ്മുടെ നന്ദി പ്രകടനം നമ്മെ കൂടുതൽ ദൈവീകദാനങ്ങൾക്കും അനുഗ്രഹങ്ങൾക്കും യോഗ്യരാക്കുമെങ്കിൽ നാം നന്ദി പ്രകടിപ്പിക്കേണ്ടത് എന്തിനെല്ലാം എന്നൊന്നു ചിന്തിക്കാം. നമ്മുടെ ജീവന്റെ ഉത്ഭവം മുതൽ മടക്കയാത്ര വരെ, ആദ്യ ശ്വാസം മുതൽ അന്ത്യശ്വാസംവരെ ഹൃദയമിടിപ്പിന്റെ എണ്ണവും താളവും രക്തപ്രവാഹവും നാഡീവ്യൂഹ ചലനവും ക്രമീ കരണവും, ഓരോ അവയവവും അതിന്റെ ഘടനയും സംവിധാനവും... പ്രകൃതിയും അതിന്റെ നിലനിൽപ്പും.... സൂര്യചന്ദ്രാതികളും അവയുടെ സമയക്രമവും, സസ്യമൃഗാദികളും അവയുടെ ശൃംഖലയും ഓർത്ത് ദൈവത്തിന്റെ അത്ഭുതകരമായ നടത്തിപ്പിനെ ഓർത്ത് നന്ദി നിറഞ്ഞ ഹൃദയമോടെ ആചരിക്കാം. കൃതജ്ഞതാ നിർഭരമായ ഹൃദയമോടെ അനുനിമിഷം ജീവിക്കാനുള്ള ആത്മാഭിഷേകവും ഉണർവ്വും നൽകാനായി പരിശുദ്ധാത്മാവിനോട് പ്രാർത്ഥിക്കാം.

പരിശുദ്ധാത്മാവേ ശക്തി പകർന്നിടണേ
അവിടുത്തെ ബലം ഞങ്ങൾക്കാവശ്യമെന്ന്
കർത്താവേ നീ അറിയുന്നു.

ആദ്യനൂറ്റാണ്ടിലെ അനുഭവംപോൽ
അതിശയം ലോകത്തിൽ നടന്നിടുവാൻ
ആദിയിൽ എന്നപോൽ ആത്മാവേ
അധികബലം തരണേ.

www.malankaralibrary.com





**സൂക്തസന്ദേശം**

"സമുദ്രത്തിൽ നിന്നുയരുന്ന നീരാവി വീണ്ടും ജലമായി ഭൂമിയിൽ വർഷിക്കപ്പെടുന്നതുപോലെ നമ്മുടെ നന്ദി പ്രകടനങ്ങൾ നമ്മെ കൂടുതൽ ദൈവീകദാനങ്ങൾക്കും അനുഗ്രഹങ്ങൾക്കും യോഗ്യരാക്കും"എന്ന് നമ്മുടെ സ്ഥാപക പിതാവ് ഉറപ്പിച്ച് പറഞ്ഞിരുന്നു. മണ്ണിനേയും മഴയേയും സ്നേഹിക്കുകയും എല്ലുനുറുങ്ങി പണിയെടുക്കുകയും ചെയ്തിരുന്ന കർഷക മിഷനറിയുടെ ഈ സൂക്തമൊഴി പ്രകൃതിയോട് താരതമ്യപ്പെട്ട് പോകുന്നതാണ്. ഏറെ നാൾ അച്ചനോടൊപ്പം ജീവിച്ച ബഹു. ഫിലിപ്പ് ചെമ്പകശ്ശേരി അച്ചന്റെ സാക്ഷ്യം വളരെ ശ്രദ്ധേയമാണ്. "ഒരിക്കലും ഒന്നിനെക്കുറിച്ചും ആവലാതിപ്പെട്ടു കണ്ടിട്ടില്ല. കുറവിലും നിറവിലും എപ്പോഴും സന്തോഷം എന്ന് മാത്രമല്ല തന്റെ കഴിഞ്ഞകാലത്തെ കഷ്ടപ്പാടുകളെപ്പറ്റി വലിയ അഭിമാനത്തോടു കൂടിയാണ് അദ്ദേഹം എപ്പോഴും സംസാരിക്കാറുള്ളത്. വി. പൗലോസ് ശ്ലീഹായെപ്പോലെ സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മീയ ഗീതങ്ങളാലും നന്ദിപൂർവ്വം ദൈവത്തിന് ഹൃദയത്തിന്റെ ഗാനമാലപിച്ചും ദൈവത്തെ സ്തുതിച്ചും സകല സൃഷ്ടികളിലും അവിടുത്തെ ശക്തിയും മഹത്വവും കണ്ട ആ മഹത് വ്യക്തി ഉരുവിട്ട സൂക്തം ഇന്നും ഒരു ധ്വനിയായി മാറ്റൊലികൊള്ളുന്നു മേരിമക്കളിൽ!!

ഫിലിപ്പിയരുടെ ലേഖനം 4-ാം അദ്ധ്യായം 6-ാം തിരുവചനം പറയുന്നതുപോലെ ഒന്നിനെക്കുറിച്ചും ആകുലനാകാതെ പ്രാർത്ഥനയിലൂടെയും അപേക്ഷയിലൂടെയും കൃതജ്ഞതാ സ്തോത്രങ്ങളോടെ തന്റെ യാചനകൾ നീരാവി സമം ദൈവസന്നിധിയിൽ അർപ്പിച്ച വചനയോദ്ധാവാണ് പ്രിയ വല്യച്ചൻ. സമ്പത്തിലും ദാരിദ്രത്തിലും ആനന്ദത്തിലും അപമാനത്തിലും ആത്മീയ ഗീതമുണർത്തുക, തനിക്ക് ആവശ്യമുള്ള പണം അന്യൻ അപഹിരിച്ചപ്പോഴും അവൻ എന്നെക്കാൾ ആവശ്യക്കാരനാണ് എന്നു പറഞ്ഞ് അന്യനെ ന്യായീകരിക്കുക, ഒന്നുമില്ലാത്തവനാകാൻ ആഗ്രഹിച്ച തന്റെ തലയിൽ ദൈവം ഈ ദാനങ്ങളെല്ലാം കെട്ടിവച്ചു എന്നുരുവിട്ട് ദൈവത്തെ നീതീകരിച്ച്, തന്നെ സ്വയം ശൂന്യനാക്കി തനിക്ക് നൽകപ്പെട്ട കഴിവുകൾ നിർലോഭം ദൈവസേവനത്തിനും മനുഷ്യ നന്മയ്ക്കുമായി അദ്ദേഹം വ്യയം ചെയ്തു. വിശ്വാസത്തെപ്രതി അന്ധകാരത്തിലേക്ക് എടുത്തു ചാടിക്കൊണ്ട്,

www.malankaralibrary.com





ഭൂമി കിടക്കയും, കൈകൾ തലയിണയും, ഭിക്ഷാടനം ശരീര രക്ഷയുമാക്കിയിരുന്ന യുവമിഷനറി ദൈവം കാണിച്ചുകൊടുത്ത രംഗങ്ങളിലെല്ലാം ധീരതയോടും ആത്മവിശ്വാസത്തോടും കൂടെ വർത്തിച്ചു. നൂറുമേനി ഫലം തിരികെ ഏൽപ്പിച്ച് സംതൃപ്തിയോടും നന്ദിയോടും കൂടെ പിതൃഗൃഹം പൂകി. നമുക്കും നന്ദി പറയുകമാത്രം ചെയ്യുന്ന ആത്മവഞ്ചകരാകാതെ നന്ദി പ്രകടിപ്പിക്കുന്ന, നന്ദിയിൽ ജീവിക്കുന്ന നന്മയുടെ വക്താക്കളാകാം.

**ആത്മഭാഷണം**

പ്രിയനാഥാ അവിടുത്തെ തിരുമുമ്പിലിരുന്ന് ഈ സൂക്തം അയവിറക്കി അതിന്റെ അർത്ഥവും മാധുര്യ വും അനുഭവിക്കുവാൻ എന്നെ അനുഗ്രഹിച്ചാലും. സമുദ്രത്തിൽ നിന്നുയരുന്ന നീരാവി വീണ്ടും ജലമായി ഭൂമിയിൽ വർഷിക്കപ്പെടുന്നു എന്ന തത്വം ഞാൻ കേട്ടിട്ടുണ്ട്, പഠിച്ചിട്ടുണ്ട്, എന്നാൽ ഇതും എന്റെ ജീവിതവുമായുള്ള ബന്ധം അങ്ങ് എനിക്ക് പഠിപ്പിച്ചു തന്നാലും എന്ന് ആവർത്തിച്ചുരുവിട്ട് ഒരു കുഞ്ഞിനെപ്പോലെ ഞാനവിടുത്തെ മുമ്പിലിരിക്കുന്നു.

പ്രിയ മകളേ, എന്താണീ സമുദ്രം? അത് ഒരു കലവറയാണ്. സംഭരണിയാണ്, സ്രോതസ്സാണ്. സമുദ്രം ഒരു ഗർഭാശയത്തിന് സമമാണ്. അവിടെ സ്വീകരണം, സംഭരണം, പൂർത്തീകരണം എല്ലാം ഉണ്ട്. നീരാവി എന്നപോലെ പുറപ്പെടുന്ന മനുഷ്യജന്മം ഈ ഭൂമിയിലെ അല്പ സമയ വിലാസത്തിനു ശേഷം അനന്ത വിഹായസ്സിലേക്ക് മടക്കപ്പെടുന്നു. എന്നാൽ വീണ്ടും അത് അനുഗ്രഹമാരിയായി അനന്തരാവകാശികളിലേക്ക് വർഷിക്കപ്പെടുന്നു.

എന്നെ അറിയുന്ന എന്റെ ദൈവമേ, ആകാശത്തുനിന്ന് നദിയിലേക്കോ, ഉറവയിലേക്കോ പതിക്കുന്ന ജലം പോലെ വർഷ ജലവും നദീജലവും തമ്മിൽ തിരിച്ചറിയാനാവാത്തവിധം ഒന്നുമറ്റൊന്നിൽ കലരും പോലെ അങ്ങ് എന്റെ ആത്മാവിൽ ആഗതനാവുകയും അങ്ങേ ആത്മാവിൽ എന്റെ ആത്മാവിനെ ആമഗ്നമാക്കുകയും ചെയ്യണമെ. അങ്ങനെ ഞാനാകുന്ന ജലത്തിന്റെ അവസ്ഥ ഞാൻ കണ്ടുമനസ്സിലാക്കുകയും ശുദ്ധീകരിക്കുകയും ചെയ്യട്ടെ.

www.malankaralibrary.com




മകളേ, സമുദ്രത്തിൽ അഴുക്കുകളുടെ അടിഞ്ഞുകൂടലുണ്ട്. എങ്കിലും സമുദ്രത്തിൽ നിന്നുയരുന്ന നീരാവി എത്രയോ പരിശുദ്ധം. വെണ്മയേറിയ മഞ്ഞിനു സമമാണത്. നീ ജീവിക്കുന്നത് ഈ ലോകസമുദ്രത്തിലാണ്. നിന്നിൽ നിന്ന് ഉയരേണ്ടത് പരിശുദ്ധമായ നീരാവിക്ക് സമമായ വാക്കുകളും പ്രവർത്തികളുമാണ്. നിന്നിലെ നന്മകൾ ലോകസമുദ്രത്തിൽ മുക്കിത്താഴ്ത്താനോ, നശിപ്പിക്കാനോ ഉള്ളതല്ല. മറിച്ച് കഴുകി വെളിപ്പിച്ച് നേർമ്മയുള്ളതാക്കി ദൈവസ്തുതിപോലെ അത്യുന്നതനിലേക്ക് ഉയർത്താനുള്ളതാണ്. നീ ഉയർത്തുന്ന സ്തുതി നിന്നിൽ അനുഗ്രഹമായി വർഷിക്കപ്പെടും.

ദൈവീക പ്രേരണയാൽ സ്വയം വിശുദ്ധീകരണത്തിന് തയ്യാറായികൊണ്ട് വിചാരം, വാക്ക്, പ്രവൃത്തി, ഉപേക്ഷ വഴി വന്നുപോയ തെറ്റുകൾ ഓരോന്നും ഏറ്റുപറഞ്ഞ് മാപ്പ് നേടി ദൈവസ്നേഹ സമുദ്രത്തിൽ ഞാൻ ലയിക്കട്ടെ.

**പ്രായോഗിക തീരുമാനം**

ചെറിയ കാര്യത്തിൽപോലും നന്ദി പറയുക ഞാൻ ശീലമാക്കും.

**അനുസ്മരണവാക്യം**

“ഞാൻ മൗനം പാലിക്കാതെ അങ്ങയെ പാടിപുകഴ്ത്തും. ദൈവമായ കർത്താവേ ഞാനങ്ങേയ്ക്ക് എന്നും നന്ദി പറയും” (സങ്കീ. 30:12).

www.malankaralibrary.com

# 17

## മധുര ഭാഷണം

**"ദൈവത്തെ സ്തുതിക്കുവാനും, സഹോദരങ്ങളെ സഹായിക്കുവാനും സന്തോഷിപ്പിക്കുവാനുമായിരിക്കണം നമ്മുടെ നാവ് ഉപയോഗിക്കേണ്ടത്".**

**ധ്യാനപശ്ചാത്തലം**

പിതാവും പുത്രനും പരി. ആത്മാവുമായ ത്രിയേക ദൈവമേ, അങ്ങയുടെ സജീവമായ സാന്നിധ്യത്തിൽ തികച്ചും സ്വസ്ഥമായി, ശാന്തമായി ഞങ്ങൾ ആയിരിക്കുന്നു. തിരുസാന്നിധ്യശക്തിയാൽ ലോകത്തിലുള്ള എല്ലാബന്ധങ്ങളിൽ നിന്നും അകന്ന് ദൈവമക്കൾക്കടുത്ത സ്വാതന്ത്ര്യം അനുഭവിക്കുവാൻ ഞങ്ങളെ അനുഗ്രഹിച്ചാലും. ഞങ്ങളുടെ ഓർമ്മ, ഭാവന, ചിന്ത, വികാരവിചാരങ്ങൾ എല്ലാം അങ്ങേയ്ക്ക് സമർപ്പിച്ച് ഹൃദയത്തിന്റെ നിശബ്ദതയിലേക്ക് ഞങ്ങൾ കടന്നുവരുന്നു. നന്മ തിന്മകളെ തിരിച്ചറിഞ്ഞ് സ്വയം വിശുദ്ധീകരിച്ച് പുതിയ ഒരു അഭിഷേകത്തിനായി പ്രാർത്ഥിക്കുന്നു. ആ ദിവ്യദർശനം കൂടാതെ ഞങ്ങൾ ആയിരിക്കുന്ന വിധത്തിൽ ഞങ്ങളെ കാണുവാനോ അറിയുവാനോ സാധിക്കില്ല എന്ന ബോധ്യത്തോടെ ആയിരിക്കുന്നു. തിരുമുമ്പിലിരുന്ന് സ്വയം നോക്കിക്കണ്ട് നമ്മിലെ മലിനതകളെ മനസ്സിലാക്കി തിരുത്തുവാൻ ശക്തിയേകണമെ ദിവ്യാത്മാവേ! ആത്മാവിന്റെ അഭിഷേകം മഞ്ഞുതുള്ളിപോലെ, മൃദുമഴപോലെ, ഹിമകണംപോലെ ഞങ്ങളിലേക്ക് ഒഴുകിയിറങ്ങട്ടെ.

പരിശുദ്ധാത്മാവേ നീയെഴുന്നള്ളി
വരണമേയെന്റെ ഹൃദയത്തിൽ
ദിവ്യദാനങ്ങൾ ചിന്തിയെന്നുള്ളിൽ
ദൈവസ്നേഹം നിറയ്ക്കണെ

സ്വർഗ്ഗവാതിൽ തുറന്നുഭൂമിയിൽ
നിർഗ്ഗളിക്കും പ്രകാശമേ
അന്ധകാര വിരിപ്പുമാറ്റിടും
ചന്തമേറുന്ന ദീപമേ

www.malankaralibrary.com





കേഴുമാത്മാവിലാശവീശുന്ന
മോഹന ദിവ്യഗാനമേ

**സൂക്തസന്ദേശം**

"ദൈവത്തെ സ്തുതിക്കുവാനും, സഹോദരങ്ങളെ സഹായിക്കുവാനും സന്തോഷിപ്പിക്കുവാനുമായിരിക്കണം നമ്മുടെ നാവ് ഉപയോഗിക്കേണ്ടത്". കുടുംബമാണ് ഒരു വ്യക്തിയുടെ വ്യക്തിത്വത്തെയും സ്വഭാവത്തെയും രൂപീകരിക്കുന്നയിടം. ക്രൈസ്തവ വിശ്വാസവും ധാർമ്മികമൂല്യങ്ങളും നല്ല പാരമ്പര്യങ്ങളും കാത്തുസൂക്ഷിച്ച കുടുംബത്തിൽ ജനിച്ച നമ്മുടെ സമൂഹസ്ഥാപകനായ മോൺ. ജോസഫ് കുഴിഞ്ഞാലിൽ അച്ചനെ ചെറുപ്പത്തിൽ തന്നെ ശാരീരിക പോഷണത്തോടൊപ്പം മനസ്സാ-വാചാ-കർമ്മണ, ശുദ്ധിയും സത്യവും പാലിക്കുവാനുള്ള ആത്മീയ പോഷണവും നൽകി യേശുവിൽ യേശുവിനായി വളർത്തി. തന്റെ അമ്മ പഠിപ്പിച്ച ഈശോയുടെയും പരി. അമ്മയുടെയും സുകൃതജപങ്ങൾ ഉരുവിട്ടുകൊണ്ട് സദാ ദൈവസാന്നിധ്യത്തിൽ ജീവിക്കുവാൻ ചെറുപ്പത്തിലെ വല്യച്ചൻ പരിശ്രമിച്ചിരുന്നു. "വെടി പറഞ്ഞ് രസിക്കയും രസിപ്പിക്കുകയും ചെയ്യുന്ന പതിവ് എനിക്ക് ചെറുപ്പം മുതലെ ഇല്ലായിരുന്നു" എന്ന് തന്റെ ബാല്യകാല സ്മരണകൾ അയവിറക്കിക്കൊണ്ട് പറഞ്ഞ വാക്കുകൾ വല്യച്ചന്റെ ജീവിതത്തിൽ ഉടനീളം വളരെ സ്പഷ്ടമായിരുന്നു. "സംസാരത്തിൽ തെറ്റുവരാത്ത ഏവനും പൂർണ്ണനാണ്" (യാക്കോ. 3:2) എന്ന യാക്കോബ് ശ്ലീഹായുടെ വാക്കുകൾ ജീവിത ശൈലിയാക്കിയ വല്യച്ചൻ നിർമ്മല മനസാക്ഷിയുടെ ഉടമയായിരുന്നു. അതുകൊണ്ടാണ് നമ്മുടെ നാവ് പ്രഥമവും പ്രധാനവുമായി ദൈവത്തെ സ്തുതിക്കുവാനുള്ളതാണ് എന്ന് ആ വത്സലതാതൻ നമ്മെ പഠിപ്പിച്ചത്. നാവുകൊണ്ട് കർത്താവിനേയും പിതാവിനേയും നാം സ്തുതിക്കുന്നു. ദൈവത്തിന്റെ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യരെ അതേ നാവുകൊണ്ട് ശപിക്കുകയും ചെയ്യുന്നു. ഒരേ വായിൽ നിന്ന് അനുഗ്രഹവും ശാപവും പുറപ്പെടുന്നു. എന്റെ സഹോദരരെ ഇത് ഉചിതമല്ല (യാക്കോ. 3:9,10) എന്ന് യാക്കോബ് ശ്ലീഹാ നമ്മെ അനുസ്മരിപ്പിക്കുന്നു.

എന്റെ ആത്മാവേ കർത്താവിനെ വാഴ്ത്തുക, എന്റെ അന്തരംഗമേ അവിടുത്തെ വിശുദ്ധ തിരുനാമത്തെ പുകഴ്ത്തുക. എന്റെ

www.malankaralibrary.com





ആത്മാവേ കർത്താവിനെ വാഴ്ത്തുക. അവിടുന്ന് നൽകിയ അനുഗ്രഹമൊന്നും മറക്കരുത് (സങ്കീ. 103:1,2) എന്ന സങ്കീർത്തകന്റെ മനമോടെ നമ്മുടെ വന്ദ്യതാതനും നമ്മോട് പറഞ്ഞു. ലഭിച്ചുകൊണ്ടിരിക്കുന്ന അനുഗ്രഹങ്ങളെല്ലാം എണ്ണിയെണ്ണി ഓർത്ത് തിരുമുമ്പിലിരുന്ന് നന്ദി പറയണമെന്ന്. ഏതു സാഹചര്യത്തിലും തന്റെ സ്രഷ്ടാവും സംരക്ഷകനും പരിപാലകനുമായ ദൈവത്തിന് ആരാധനാ സ്തുതികൾ അർപ്പിക്കുക എന്നത് ഒരു സൃഷ്ടി എന്ന നിലയിൽ തന്റെ കടമയാണെന്നും, സ്രഷ്ടാവെന്ന നിലയിൽ ദൈവം അതിന് അർഹനാണെന്നും വല്യച്ചന് ബോധ്യമുണ്ടായിരുന്നു. അതുകൊണ്ട് തന്റെ ആത്മീയ സന്താനങ്ങളായ നമ്മോട് അദ്ദേഹം പറഞ്ഞു. മക്കളേ, നാവുകൊണ്ട് ദൈവത്തെ സ്തുതിക്കുക. സഹോദരങ്ങളെ സന്തോഷിപ്പിക്കുക എന്ന്. കുറച്ചു പറയുകയും കൂടുതൽ ശ്രദ്ധിക്കുകയും ചെയ്യുന്ന വല്യച്ചൻ വിവാദങ്ങൾ തലയുയർത്തുന്ന സദസ്സുകളിൽ ബധിരനോ, മൂകനോ ആയി മാറും. അന്തരീക്ഷം ശാന്തമാകുമ്പോൾ താൻ ചിന്തിക്കുന്നതുപോലെ പറയുകയും പ്രവർത്തിക്കുകയും ചെയ്യും. പ്രതിബന്ധങ്ങളും വെല്ലുവിളികളും അദ്ദേഹത്തെ കുലുക്കുകയില്ല. യഥാർത്ഥത്തിൽ നമ്മൾ അദ്ദേഹത്തിന്റെ ആത്മീയ മക്കളാണോ? "നല്ലവാക്കും സ്നേഹത്തോടുകൂടിയ നോട്ടവും ദുഃഖമകറ്റി സന്തോഷം പകരുന്നു"എന്ന് സുഭാഷിതങ്ങൾ.

വീണ്ടും വല്യച്ചൻ നമ്മെ അനുസ്മരിപ്പിക്കുകയാണ്. നിങ്ങളുടെ സഹോദരങ്ങളെ സഹായിക്കുവാനും സന്തോഷിപ്പിക്കുവാനും നാവ് ഉപയോഗിക്കണം എന്ന്. നമ്മുടെ സഹോദരങ്ങളുടെ നന്മ കാണുകയും പറയുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുമ്പോൾ തീർച്ചയായും അത് അവരെ സന്തോഷിപ്പിക്കുന്നതിന് ഇടയാവും. ഒരു വ്യക്തിയെ സമഗ്രമാക്കി വളർത്തുവാൻ സഹായിക്കുന്നതിന്റെ ഒരു ഭാഗമാണ് അവരിലെ നന്മകാണുക, പറയുക, പ്രോത്സാഹിപ്പിക്കുക എന്നത്.

നന്മചെയ്യുന്നതിൽ നിങ്ങൾക്ക് മടുപ്പ് തോന്നരുത് എന്ന് വി. പൗലോസ് ശ്ലീഹാ നമ്മെ ഓർമ്മിപ്പിക്കുന്നു. ജീവിതത്തിൽ വിജയം വരിക്കുന്നവർ മറ്റുള്ളവരിലേക്ക് ഇറങ്ങിചെന്ന് നന്മ ചെയ്യുന്നവരാണ്. നിരന്തരം നമ്മെ പരിശീലിപ്പിക്കുന്നതിലൂടെയാണ് നന്മ നിറഞ്ഞ വ്യക്തികളായി നാം മാറുന്നത്. നമ്മൾ നന്മ നിറഞ്ഞവരാകുമ്പോൾ

www.malankaralibrary.com


മറ്റുള്ളവരെ സഹായിക്കാനും സന്തോഷിപ്പിക്കുവാനും നമുക്ക് സാധിക്കും.

എല്ലാത്തരം വന്യമൃഗങ്ങളെയും പക്ഷികളെയും ഇഴജന്തുക്കളേയും സമുദ്രജീവികളേയും മനുഷ്യൻ ഇണക്കുന്നുണ്ട്, ഇണക്കിയിട്ടുമുണ്ട്. എന്നാൽ ഒരു മനുഷ്യനും നാവിനെ നിയന്ത്രിക്കാൻ സാധിക്കില്ല. അത് അനിയന്ത്രിതമായ തിന്മയും മാരകവുമായ വിഷവുമാണ്. നിരന്തരം അതുമിതും പറഞ്ഞ് തന്നെ ശല്യപ്പെടുത്തിക്കൊണ്ടിരിക്കുന്ന മകനെ അടക്കിയിരുത്താൻ അവന്റെ അച്ചൻ ഒരു സൂത്രം പ്രയോഗിച്ചു. മുന്നിൽ തൂക്കിയിട്ട ഭൂപടം പല തുണ്ടുകളായി കീറി. ഇത് ഒരു ചിത്രമാണ്, അത് ശരിയായി ക്രമപ്പെടുത്തി വരാൻ മകനോടുപറഞ്ഞു. നിമിഷനേരംകൊണ്ട് പടം ശരിയാക്കിവന്ന മകന്റെ കഴിവിൽ അച്ചൻ അത്ഭുതം കൂറി. അതെങ്ങനെ ഇത്രവേഗം നീ ശരിയാക്കി എന്ന് ചോദിച്ചപ്പോൾ മകൻ പറഞ്ഞു. അതിന്റെ മറുവശത്ത് ഒരു മനുഷ്യന്റെ ചിത്രമുണ്ടായിരുന്നു. ആ മനുഷ്യനെ ശരിയാക്കിയപ്പോൾ ഭൂപടം ശരിയായി. വളരെ അർത്ഥവത്തായ ഒരു കഥയാണിത്. നമ്മൾ നന്നായാൽ ആയിരിക്കുന്ന ഭവനവും സമൂഹവും ലോകവും നന്നാകും. നമ്മുടെ സമൂഹജീവിതത്തിൽ, വ്യക്തി ബന്ധങ്ങളിൽ, സ്നേഹശൂന്യമായ, മൂർച്ചയേറിയ വാക്കുകൾ ഉപേക്ഷിച്ച് സ്നേഹനിർഭരമായ, മൃദുവായ വാക്കുകൾ ഉപയോഗിച്ച് സഹോദരങ്ങളെ സ്നേഹിച്ച് സഹായിക്കുമെന്ന നല്ല തീരുമാനങ്ങളോടെ, നല്ല ചിന്തകളോടെ ദൈവത്തിന്റെ കരങ്ങളിൽ മുറുകെപിടിച്ച് മുന്നേറാം.

**ആത്മഭാഷണം**

കർത്താവായ യേശുവേ, അവിടുന്ന് എത്രയോ നല്ലവനാണ്, കാരുണ്യവാനാണ്. അങ്ങയെ സ്തുതിച്ച് ആരാധിച്ച് മഹത്വപ്പെടുത്തുന്നതിനും സഹോദരങ്ങളെ സഹായിക്കുന്നതിനും സന്തോഷിപ്പിക്കുന്നതിനും നാവിനെ നൽകി അനുഗ്രഹിച്ചതിനെയോർത്ത് ഹൃദയപൂർവ്വം നന്ദിയർപ്പിക്കുന്നു. വാക്കുകൾ വഴിയാണല്ലോ ഞാൻ അങ്ങയെ പ്രീതിപ്പെടുത്തുകയും സന്തോഷിപ്പിക്കുകയും ചെയ്യുക. എന്റെ നാവ് എപ്പോഴും എനിക്കും എന്റെ സഹോദരങ്ങളക്കും അനുഗ്രഹമായിത്തീരുവാൻ സഹായിക്കണമെ. നാവിനെ ദുരുപയോഗിച്ച് യാതൊരു പാപവും ചെയ്യാതിരിക്കുവാൻ കൃപതരണമെ. നാവിനെ നിയന്ത്രിക്കു

www.malankaralibrary.com



വാൻ സാധിക്കാതെ സഹോദരങ്ങളെയും അങ്ങയേയും വേദനിപ്പിച്ച തിനെയോർത്ത് മാപ്പ് അപേക്ഷിക്കുന്നു. എന്റെ നാവ് എപ്പോഴും എല്ലാ വർക്കും നന്മ ആശംസിക്കുവാൻ കൃപയേകണമേ. സഹോദരങ്ങളെ കൂടുതലായി ശ്രവിക്കുവാൻ താഴ്മനിറഞ്ഞ ഒരു മാനസം നല്കി അനു ഗ്രഹിക്കണമേ. പ്രശ്നകലുഷിതമായ സാഹചര്യങ്ങളിൽ ദൈവീകമായ നിശബ്ദത പാലിക്കുവാൻ സഹായിക്കണമേ.

വി. യാക്കോബ് ശ്ലീഹാ ചോദിക്കുന്നപോലെ അരുവി ഒരേ ഉറവയിൽനിന്ന് മധുരവും കയ്പും പുറപ്പെടുവിക്കുമോ? എന്റെ നാവു കൊണ്ട് ഞാൻ ദൈവത്തെ സ്തുതിക്കുകയും അതേ നാവുകൊണ്ട് സഹോദരങ്ങളെ ദുഷിക്കുകയും ചെയ്തുപോയിട്ടുണ്ട്. നാഥാ കരുണ യായിരിക്കണമെ. എന്റെ സ്ഥാപക പിതാവിനെപ്പോലെ തിരുവചനം ഹൃദയത്തിലും അധരത്തിലും സൂക്ഷിച്ച് ജീവിതബന്ധിയാക്കി തിരു നാമകീർത്തനം പാടി അപദാനമാലപിച്ച് എന്റെ ജീവിതം ധന്യമാക്കി. ഞാൻ നിന്നിൽ ലയിക്കട്ടെ.

**പ്രായോഗിക തീരുമാനം**

എന്റെ ഭവനത്തിൽ പരിഹരിക്കാനാവാത്ത പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കുവാൻ ഞാൻ മാപ്പു പറയുവാനും സ്വീകരിക്കുവാനും സന്നദ്ധയാകും.

**അനുസ്മരണവാക്യം**

“വിലകെട്ടവ പറയാതെ സദ്വചനങ്ങൾ മാത്രം സംസാരിച്ചാൽ നീ എന്റെ നാവുപോലെയാകും” (ജെറ. 15:19).

www.malankaralibrary.com

# 18

## ക്ഷമ – ദൈവീകഭാവം

**"ഉപദ്രവിച്ചാൽ പകരം വീട്ടുവാൻ മൃഗങ്ങൾക്കുപോലും കഴിവുണ്ട്. എന്നാൽ അവയെ മൗനമായി സഹിക്കുവാനും ക്ഷമിക്കുവാനും വലിയ വിവേകവും ദൈവീക ചിന്തയും ആവശ്യമാണ്".**

**ധ്യാന പശ്ചാത്തലം**

ഓരോ ദിവസവും ദൈവത്തോടുകൂടി യാത്ര ചെയ്യുമ്പോഴാണ് ദൈവമെന്ന വലിയ രഹസ്യത്തിന്റെ ചുരുൾ അഴിഞ്ഞുവരുന്നത്, അനുഭവവേദ്യമാകുന്നത്. നമ്മിലേക്ക് വർഷിക്കപ്പെട്ട നന്മകൾ നമ്മുടെ പരാജയങ്ങൾ, ബലഹീനതകൾ ഇവ മനസ്സിലാകുമ്പോൾ ഒരു പുതിയ സൃഷ്ടിയാകുവാനുള്ള ആഗ്രഹമുണ്ടാകുന്നതിനോടൊപ്പം, നമ്മെത്തന്നെ ശുദ്ധീകരിക്കുന്നതനുസരിച്ച് പ്രകാശത്തിലേക്ക് വരുന്നതിനും, ദൈവവുമായുള്ള ഐക്യത്തിലേക്ക് വളരുന്നതിനും നമുക്ക് കഴിയുന്നു. ദൈവത്തിന് നമ്മോടുള്ള വ്യക്തിപരമായ സ്നേഹം അനുഭവിക്കുവാൻ അത്യാവശ്യമായി വേണ്ടത് നമ്മെത്തന്നെ ശാന്തമാക്കുകയാണ്. ധ്യാനത്തിലൂടെ നമ്മുടെ തന്നെ രൂപാന്തരീകരണമാണ് ലക്ഷ്യം വയ്ക്കേണ്ടത്. ദൈവത്തോടുകൂടിയുള്ള ഒരു ജീവിതശൈലി നമ്മുടെ സ്വന്തമാക്കിയാൽ സ്നേഹിക്കാനും ക്ഷമിക്കാനും സഹിക്കാനും കഴിയും. ദൈവത്തോടുകൂടെ ആയിരിക്കുമ്പോഴാണ് സഹോദരങ്ങളുമായുള്ള ബന്ധത്തിന്റെ കണ്ണികൾ പൊട്ടിയിട്ടുണ്ടോ എന്ന് പരിശോധിച്ചറിയാൻ കഴിയുന്നതും നമ്മെ കൂടുതൽ സ്നേഹമുള്ളവരാക്കുന്നതും. അതുകൊണ്ട് ഈ നിമിഷങ്ങളിൽ പരി. ആത്മാവിന്റെ അനുഗ്രഹധാര നമ്മിലേക്ക് വർഷിക്കപ്പെടുവാനായി നമ്മെത്തന്നെ സമർപ്പിക്കാം.

പാവനാത്മാവേ നീ വരേണമേ
മാനസം മണിക്കോവിലിൽ
നായകാ ഞങ്ങൾ നാവിനാലങ്ങേ
സ്നേഹ സംഗീതം പാടുന്നു.

www.malankaralibrary.com





നിൻ പ്രകാശത്തിൻ രശ്മിയാലെന്റെ
അന്ധകാരമകറ്റണേ
നിന്റെ ചൈതന്യ ശോഭയാലുള്ളം
സുന്ദരമാക്കിത്തീർക്കണേ.

**സൂക്ത സന്ദേശം**

“ഉപദ്രവിച്ചാൽ പകരം വീട്ടുവാൻ മൃഗങ്ങൾക്കുപോലും കഴിവുണ്ട്. എന്നാൽ അവയെ മൗനമായി സഹിക്കുവാനും ക്ഷമിക്കുവാനും വലിയ വിവേകവും ദൈവീക ചിന്തയും ആവശ്യമാണ്”. വി. ഗ്രന്ഥം മുഴുവൻ രക്ഷാകര സന്ദേശത്തിന്റെ അന്തസത്ത മുഴുവൻ ഉൾക്കൊണ്ടുള്ള വാക്കുകളാണ് ഇത്. ഈശോ പഠിപ്പിച്ചതും പ്രവർത്തിച്ചതും ജീവിച്ചതും ഈ ക്ഷമയുടെ സുവിശേഷമായിരുന്നു.

യേശുനാഥൻ തന്റെ ജീവിതംകൊണ്ട് വ്യക്തമാക്കിയ ക്ഷമിക്കുന്ന സ്നേഹം സുവിശേഷത്തിന്റെ സംഗ്രഹമായ ഗിരിപ്രഭാഷണത്തിൽ നമുക്ക് കാണാവുന്നതാണ്. ദുഷ്ടനോട് ചെറുത്ത് നിൽക്കരുതെന്ന് അവിടുന്ന് നമ്മെ പഠിപ്പിക്കുന്നു. നിന്റെ വലതു ചെകിടത്ത് അടിക്കുന്നവന് ഇടത്തേ ചെകിടുകൂടി കാണിച്ചുകൊടുക്കുക (മത്ത. 5:39). വെറും അക്രമരാഹിത്യത്തിൽ യേശു തന്റെ പ്രബോധനം അവസാനിപ്പിക്കുന്നില്ല. ശത്രുക്കളെ സ്നേഹിക്കാൻ കൂടി അവിടുന്ന് ആഹ്വാനം ചെയ്യുന്നു. “ഞാൻ നിങ്ങളോട് പറയുന്നു. നിങ്ങളുടെ ശത്രുക്കളെ സ്നേഹിക്കുവിൻ നിങ്ങളെ പീഡിപ്പിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുവിൻ” (മത്താ. 5:44). “സ്വർഗ്ഗസ്ഥനായ പിതാവേ” എന്ന പ്രാർത്ഥനയിൽ ദൈവം നമ്മോടു ക്ഷമിക്കുന്നതിനുള്ള വ്യവസ്ഥയായി ഈശോ പറയുന്നത് നാം മറ്റുള്ളവരോട് കാണിക്കുന്ന ക്ഷമയാണ്. ഏഴ് എഴുപത് പ്രാവശ്യം ക്ഷമിക്കണമെന്ന് വി. പത്രോസിനോട് അവിടുന്ന് പറഞ്ഞപ്പോഴും ക്ഷമിക്കുന്ന കാര്യത്തിൽ പരിധിവയ്ക്കരുത് എന്നാണ് അവിടുന്നർത്ഥമാക്കിയത്. ഈ പഠനത്തിന്റെ പൂർണ്ണത സ്വന്തം ജീവിതംകൊണ്ട് തന്നെ വ്യക്തമാക്കുകയാണ്. തന്നെ ഒറ്റിക്കൊടുത്ത യൂദാസിനെ സ്നേഹിതാ എന്ന് വിളിച്ചുകൊണ്ടും, കുരിശിൽ കിടന്നുകൊണ്ട് പിതാവേ ഇവരോട് ക്ഷമിക്കണമെ എന്തെന്നാൽ ഇവർ ചെയ്യുന്നത് എന്തെന്ന് ഇവർക്കറിഞ്ഞുകൂടാ എന്നും പ്രാർത്ഥിച്ചുകൊണ്ടും തന്റെ കുറ്റമറ്റ രക്തത്തിനും വേണ്ടി മുറവിളി കൂട്ടിയവരോട് ക്ഷമിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

www.malankaralibrary.com




ക്ഷമിക്കുവാനുള്ള ക്രിസ്തുനാഥന്റെ ആഹ്വാനം മനസ്സിലാക്കിയിരുന്ന ആദിമ സഭ അത് അക്ഷരം പ്രതി പ്രാവർത്തികമാക്കുകയുണ്ടായി. പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് ദൈവദൂതസദൃശ്യനായി കാണപ്പെടുന്ന എസ്തപ്പാനോസിനെ കല്ലെറിഞ്ഞ് കൊല്ലുന്ന സമയത്ത് അദ്ദേഹം ഇങ്ങനെ പ്രാർത്ഥിച്ചു. "കർത്താവേ ഈ പാപം ഇവരുടെ മേൽ ആരോപിക്കരുതേ" (നടപടി. 7:60). എസ്തപ്പാനോസിനെ പോലെ മറ്റ് ക്രൈസ്തവ രക്തസാക്ഷികളും ക്ഷമിക്കുന്ന സ്നേഹത്താൽ നിറഞ്ഞവരായിരുന്നു. അവരിൽ ചിലർ അത്യുജ്ജ്വലമായ രീതിയിലാണ് ശത്രു സ്നേഹം പ്രകടിപ്പിച്ചത്. കാർത്തേജിലെ വി. സിപ്രയാൻ തന്റെ ഘാതകർക്ക് 25 സ്വർണ്ണനാണയങ്ങൾ നൽകുകയുണ്ടായി. സ്നേഹചുംബനം നൽകിയാണ് വി. തോമസ് മൂർ തന്റെ തലഛേദിക്കുവാൻ വന്ന ആരാച്ചാരെ സ്വീകരിച്ചത്. അയാൾക്ക് നല്ലൊരു സമ്മാനം നൽകാൻ ഏർപ്പാടും ചെയ്തു. ക്ഷമിക്കുന്ന സ്നേഹത്തിന്റെ ധീരസാഹസികപ്രകടനം. നമ്മുടെ കാലത്തുതന്നെ ശത്രു സ്നേഹത്തിന്റെ ധീര മാതൃക നൽകിയ വ്യക്തിയാണ് എൽസൽവദോറിലെ മെത്രാപ്പോലീത്തായായിരുന്ന ഒസ്കാർ റൊമേറോ. മർദ്ദിതരുടെ മുന്നണിപ്പോരാളിയായിരുന്നു അദ്ദേഹം. ഇത് സ്വാർത്ഥമതികളായ മറുപക്ഷക്കാർക്ക് അംഗീകരിക്കാൻ ആയില്ല. ആർച്ചുബിഷപ്പ് റോമേറോ ദിവ്യബലി അർപ്പിച്ചുകൊണ്ടിരിക്കെ അവർ അദ്ദേഹത്തെ നിഷ്കരുണം വെടിവെച്ചു. അൾത്താരയ്ക്കരികിൽ വെടിയേറ്റു വീണ അദ്ദേഹം പ്രാർത്ഥിച്ചു. "കർത്താവേ, എന്റെ ഘാതകരോട് കരുണ കാണിക്കണമേ" എന്ന് അങ്ങനെ അദ്ദേഹത്തിന്റെ മരണം മഹത്വമേറിയതായി.

സുവിഷേമൂല്യങ്ങൾ തന്റെ ജീവിതത്തിന്റെ ഭാഗമാക്കിതീർത്ത മഹത്വമേറിയ വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു നമ്മുടെ സമൂഹ സ്ഥാപകനായ മോൺ. ജോസഫ് കുഴിഞ്ഞാലിൽ അച്ചൻ. "നിഷ്കളങ്കനായ ശിശുവിനെപ്പോലെ ദൈവത്തെ സ്നേഹിച്ച അച്ചൻ ഇപ്രകാരം പറഞ്ഞിരുന്നു. മനസാക്ഷി നിർമ്മലമായി സൂക്ഷിക്കുക, ആരെയും ഭയപ്പെടാതെ ജീവിക്കാം" ഇത് സ്വന്തം ജീവിതത്തിലൂടെ വരച്ചുകാട്ടിയ ജോസഫച്ചൻ ഏറ്റവും നിസാരമായ കാര്യങ്ങൾപോലും വലുപ്പ ചെറുപ്പ വിത്യാസമില്ലാതെ ആരോടും ക്ഷമ ചോദിക്കുകയും അനുരഞ്ജന കൂദാശയ്ക്ക് കൂടെ കൂടെ അണയുന്ന കാര്യത്തിൻ നിഷ്ഠ വയ്ക്കുകയും ചെയ്തിരുന്നു. കോരിച്ചൊരിയുന്ന പേമാരിയുള്ള ഒരു

www.malankaralibrary.com


സന്ധ്യാ സമയത്ത് ജോസഫച്ചൻ മിഷൻ സ്റ്റേഷനിൽ നിന്നും 12 മൈൽ സൈക്കിൾ യാത്ര ചെയ്തു കുമ്പസാരിക്കാനായി ഒരു വൈദികന്റെ മേടയിൽ എത്തിച്ചേർന്നു. സുറിയാനിക്കാരനാണ് എന്നുള്ളകാരണ ത്താൽ കുമ്പസാരം നിഷേധിക്കപ്പെട്ട് അദ്ദേഹത്തിന് തിരികെ പോരേ ണ്ടിവന്നു. ഒരു പരാതിയും പരിഭവവും കൂടാതെ പിറുപിറുപ്പു കൂടാതെ സമചിത്തതയോടെ കാര്യങ്ങളെ അംഗീകരിക്കുവാനുള്ള അദ്ദേഹ ത്തിന്റെ കഴിവ് അത്ഭുതപ്പെടുത്തുന്നതായിരുന്നു. ഞാൻ ആരുടെയും പ്രവൃത്തികളെ വിധിക്കുകയില്ല എന്ന് അദ്ദേഹം ആവർത്തിച്ച് പറയു മായിരുന്നു. നിർമ്മലമനസാക്ഷിയോടെ ജീവിച്ചിരുന്ന സമാധാന പ്രിയ നായ ജോസഫച്ചൻ കത്തിലൂടെ ഒരു സഹോദരിയോട് ക്ഷമചോദി ച്ചത് ഇപ്രകാരമാണ്. “എന്റെ വികാരത്തള്ളലാൽ സിസ്റ്ററിനോട് ഞാൻ ക്ഷോഭിച്ച് സംസാരിച്ചുപോയി. ക്ഷമിക്കണം”. ഒരു സമൂഹസ്ഥാപകൻ തന്റെ മകളോട് ഏറ്റം നിസാരമായ ഒരു കാര്യത്തിന് പോലും ക്ഷമ ചോദിക്കുവാനും ഏത് ഉപദ്രവവും സഹിക്കുവാനും, പൊറുക്കുവാനു മുള്ള വലിയ വിവേകവും അദ്ദേഹത്തിനുണ്ടായിരുന്നു.

ശത്രുസ്നേഹം വളരെ നിഷ്ഠയോടെ അച്ചൻ തന്നിൽ പ്രാവർത്തികമാക്കി. ശത്രുക്കളെ ശാന്തതകൊണ്ട് പരാജയപ്പെടുത്തി. ക്ഷമാശീലംകൊണ്ട് അവരെ നേടിയെടുത്തു. തിന്മയെ നന്മകൊണ്ട് ജയിച്ചു. ശത്രുവിന്റെ തലയിൽ പശ്ചാത്താപത്തിന്റെ തീക്കനൽ കൂന കൂട്ടാൻ തക്കവിധം ആത്മനിറവുള്ളവനായിരുന്നു. ജോസഫച്ചൻ തന്നെ വകവരുത്താൻ വന്നവനെതിരെ തന്റെ പ്രിയപ്പെട്ടവരിൽ നിന്നും പ്രതി ഷേധം ഉയർന്നപ്പോൾ അവനോട് ക്ഷമിച്ച് അവനുവേണ്ടി വാദിച്ചു എന്നു മാത്രമല്ല അവനെ സ്വതന്ത്രനാക്കി പറഞ്ഞയക്കുകയും ചെയ്തു. സുവിശേഷത്തിലെ ക്ഷമയുടെ വലിയ പാഠങ്ങൾ തന്റെ ദിവ്യനായ ഗുരുനാഥനെപ്പോലെ ജീവിതത്തിൽ പകർത്തിയ ജോസഫച്ചന്റെ ഹൃദ യത്തിൽ നിന്ന് ഉയിർകൊണ്ട് വാക്കുകളാണ്. ഉപദ്രവിച്ചാൽ പകരം വീട്ടാൻ മൃഗങ്ങൾക്കുപോലും കഴിവുണ്ട് എന്നാൽ അവനെ മൗനമായി സഹിക്കുവാനും ക്ഷമിക്കുവാനും വലിയ വിവേകവും ദൈവീക ചിന്തയും ആവശ്യമാണ്. ഉന്നതമായ ദൈവീക ചിന്തയും പരിശുദ്ധാത്മ വിവേകവുമാണ് തന്റെ സാധാരണ ജീവിതത്തെ അസാധാ രണമാക്കിതീർക്കുവാൻ വല്യച്ചനെ സഹായിച്ചത്. ഞാൻ വല്യച്ചന്റെ ആത്മീയ സന്താനമാണോ? വിദ്വേഷി രണ്ട് ശവക്കുഴികൾ കുഴിക്കുന്നു.

www.malankaralibrary.com


ഒന്ന് അവനവനുതന്നെയും, മറ്റൊന്ന് അവൻ ദ്വേഷിക്കുന്നവനുവേണ്ടി യും. വിദ്വേഷി ഇരുവർക്കും തിന്മ വരുത്തുന്നുവെങ്കിൽ കരുണ ഇരുവരേയും അനുഗ്രഹിക്കുന്നു എന്ന് ചൈനീസ് പഴമൊഴി.

**ആത്മഭാഷണം**

നാഥാ, ഞാൻ എന്നിലേക്ക് തിരിയട്ടെ. അങ്ങയുടെ ജീവിതം ഏറ്റവും അടുത്ത് അനുകരിക്കാൻ വിളിക്കപ്പെട്ടിരിക്കുന്ന എന്നെ അവിടുന്ന് പഠിപ്പിക്കുകയും ജീവിച്ച് കാണിച്ചുതരികയും ചെയ്ത ക്ഷമ യുടെ മനോഭാവ ജീവിതത്തിന്റെ ഭാഗമാക്കി മാറ്റാൻ എനിക്ക് കഴിയു ന്നുണ്ടോ? എന്നെ പരിഹസിക്കുന്നവരോട്, കുറ്റപ്പെടുത്തുന്നവരോട്, മാനസികമായി പീഡിപ്പിക്കുന്നവരോട്, എന്റെ മനോഭാവം എന്താണ്? വിശുദ്ധരെപ്പോലെ രക്തസാക്ഷികളെപ്പോലെ സമൂഹസ്ഥാപകനായ വല്ല്യച്ചനെപ്പോലെ ധീരതയോടെ നിരുപാധികം ക്ഷമിക്കാനും സ്നേഹി ക്കാനും എനിക്ക് കഴിവുണ്ടോ? എന്റെ ശത്രുക്കളോട് ഞാൻ ക്ഷമിച്ചാലേ ദുഷ്ടരുടെയും ശിഷ്ടരുടെയും മേൽ മഴ വർഷിക്കുന്ന സ്വർഗ്ഗീയ പിതാവിന്റെ (മത്താ. 5:48) മകളായി ഞാൻ മാറുകയുള്ളൂ വെന്ന് എനിക്ക് ബോധ്യമായി.

എന്റെ സമൂഹ സ്ഥാപകനെപ്പോലെ മറ്റുള്ളവർ തമാശയായും, നിസാരമായും കരുതുന്ന കാര്യങ്ങൾ പോലും വലിയ കാര്യമായികണ്ട് അച്ചൻ നേരിട്ട് ക്ഷമ ചോദിച്ചെങ്കിൽ എന്നെ ഏതെങ്കിലുംമൊക്കെ വിധത്തിൽ വേദനിപ്പിച്ചവരോട് ഉപദ്രവിച്ചിട്ടുള്ളവരോട് ക്ഷമിക്കുമെന്നും അവർക്കുവേണ്ടി പ്രാർത്ഥിക്കുമെന്നും ഞാൻ പ്രതിജ്ഞയെടുക്കുന്നു. ആത്മശക്തിയും ക്ഷമിച്ച് സ്നേഹിക്കാനുള്ള ആത്മാഭിഷേകവും നൽകിയനുഗ്രഹിക്കണെ.

**പ്രായോഗിതീരുമാനം**

ക്ഷമ ചോദിക്കേണ്ട കാര്യങ്ങൾക്ക് ഞാൻ ക്ഷമ ചോദിക്കും.

**അനുസ്മരണാവാക്യം**

“ഞാൻ നിങ്ങളോട് പറയുന്നു; ശത്രുക്കളെ സ്നേഹിക്കുവിൻ. നിങ്ങളെ പീഡിപ്പിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുവിൻ അങ്ങനെ നിങ്ങൾ നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ മക്കളായിത്തീരും” (മത്താ. 5:44,45).

www.malankaralibrary.com

# 19

## കുറ്റംപറഞ്ഞ് കുറയാതെ നന്മപറഞ്ഞ് നിറയുക

**"മറ്റുള്ളവരുടെ കുറവും കുറ്റവും പറഞ്ഞ് ജീവിതത്തിലെ ഒരു നിമിഷം പോലും നഷ്ടപ്പെടുത്തരുത്"**

**ധ്യാനപശ്ചാത്തലം**

ധ്യാനത്തിന് അനുയോജ്യമായ പോസ്ച്ചർ തിരഞ്ഞെടുത്ത് ശരീരവും മനസ്സും ശാന്തമാക്കുന്നു. പരിശുദ്ധാത്മ ചൈതന്യം വന്നു നിറയുന്നുതിനായി പ്രാർത്ഥിക്കുന്നു. എല്ലാറ്റിനെയും നവീകരിക്കുന്ന പരിശുദ്ധാത്മാവേ ഈ ധ്യാനനിമിഷങ്ങളിൽ എന്റെ മനസിനെയും ഹൃദയത്തെയും പ്രകാശിപ്പിക്കണമേ. തേനിനേയും തേൻകട്ടയേയും കാൾ മാധുര്യമുള്ള തിരുവചനങ്ങളുടെ ആഴം ഗ്രഹിക്കുവാനുള്ള കൃപ ഞങ്ങൾക്ക് നൽകേണമേ. ഈശോയുടെ തകർക്കപ്പെട്ട തിരുശരീരം ഏറ്റുവാങ്ങിയ പരിശുദ്ധ അമ്മയുടെ മടിത്തട്ടിലേക്ക് നമ്മെ പൂർണ്ണമായി സമർപ്പിക്കാം. വചനത്തിന് മാംസം ധരിക്കാൻ ഇരിപ്പിടം ഒരുക്കിയ പരിശുദ്ധ അമ്മയുടെ സംരക്ഷണം ഈ ധ്യാനമണിക്കൂറിൽ നമുക്ക് കോട്ടയായിരിക്കട്ടെ. നമ്മുടെ ശരീരത്തിന്റെ ആന്തരികവും ബാഹ്യവുമായ എല്ലാ വ്യാപാരങ്ങളെയും ബോധ്യപ്പെട്ടുകൊണ്ട് നിശബ്ദതയിലേക്ക് കടന്നുവരാം. നിശബ്ദതയിലെ ദൈവസാന്നിധ്യ സൗന്ദര്യം നമുക്ക് തിരിച്ചറിയാം. ഓളപ്പരപ്പിനേക്കാൾ ആഴിയുടെ അഗാധങ്ങളിലാണ് അമൂല്യമായ രത്നങ്ങളും പവിഴങ്ങളും ശേഖരിക്കപ്പെടുന്നത്. ദൈവസാന്നിധ്യത്തിന്റെ ആഴങ്ങളിലേക്ക് കടന്നുചെന്നാൽ മാത്രമേ തിരുവചനത്തിന്റെ ഉൾപൊരുൾ ഗ്രഹിക്കാൻ കഴിയൂ. ദൈവമേ, ദിവ്യകാരുണ്യമേ, ഞങ്ങളെ പരിപൂർണ്ണ നിശബ്ദതയിലേക്ക് നയിച്ചാലും. ദൈവസാന്നിധ്യത്തിൽ നിറച്ചാലും.

പാവനാത്മാവേ വരൂ
ദിവ്യദാനങ്ങൾ തരൂ
ഞങ്ങളിൽ വാഴാൻ വരൂ
നന്മകൾ തൂകാൻ വരൂ

www.malankaralibrary.com



ആത്മാവിനാലംബം നീ
ആശ്വാസദായകൻ നീ
സത്യത്തിനാത്മാവു നീ
നിത്യ സഹായകൻ നീ
ദാനങ്ങളേഴുമേകി
ദാസരെ നീ നയിക്കൂ
ദിവ്യ വരങ്ങൾ തൂകി
നന്മയിൽ നീ നടത്തൂ

**സൂക്തസന്ദേശം:**

"മറ്റുള്ളവരുടെ കുറവും കുറ്റവും പറഞ്ഞ് ജീവിതത്തിലെ ഒരു നിമിഷം പോലും നഷ്ടപ്പെടുത്തരുത്". നാം ഉപയോഗിക്കുന്ന വാക്കുകൾ നമ്മുടെ ആത്മസത്തയുടെ ഭാഗമാണ്. വാക്കുകൾക്ക് സൃഷ്ടിക്കുവാനും സംഹരിക്കുവാനും ശക്തിയുണ്ട്. "ജീവനെ നശിപ്പിക്കുവാനും പുലർത്തുവാനും നാവിന് കഴിയും" (സുഭാ. 18:21). നമ്മുടെ വാക്കുകൾ നമ്മിലുള്ള അശുദ്ധിയും വിശുദ്ധിയും മറ്റുള്ളവർക്ക് വെളിപ്പെടുത്തുന്നു. വായിലേക്ക് പ്രവേശിക്കുന്നതല്ല ഒരുവനെ അശുദ്ധനാക്കുന്നത്, വായിൽ നിന്ന് പുറപ്പെടുന്നതാണ്. കാരണം അധരം സംസാരിക്കുന്നത് ഹൃദയത്തിന്റെ നിറവിൽ നിന്നാണ്. യാക്കോബ് ശ്ലീഹാ പറയുന്നു "സംസാരത്തിൽ തെറ്റു വരുത്താത്ത ഏവനും പൂർണ്ണനാണ്. തന്റെ ശരീരം മുഴുവൻ നിയന്ത്രിക്കാൻ അവന് കഴിയും" (യാക്കോബ് 3:2). മറ്റുള്ളവരുടെ കുറ്റവും കുറവും അന്വേഷിച്ചുനടന്നാൽ തിന്മയിലേയ്ക്ക് വീഴാനുള്ള സാധ്യത കൂടുതലാണെന്ന് അറിഞ്ഞ് സങ്കീർത്തകൻ ഇപ്രകാരം പ്രാർത്ഥിക്കുന്നു. "കർത്താവേ, എന്റെ നാവിന് കടിഞ്ഞാൺ ഇടേണമേ. എന്റെ അധരകവാടത്തിന് കാവൽ ഏർപ്പെടുത്തേണമേ" (സങ്കീ. 141:3). "വാക്കുകളിൽ നിയന്ത്രണം പാലിക്കുന്നവൻ തന്റെ ജീവനെ സുരക്ഷിതമാക്കുന്നു" (സുഭാ. 13:3). കണ്ടതും കേട്ടതും പറഞ്ഞുനടക്കുന്നവർക്ക് പ്രതീക്ഷക്ക് ഒരു വകയുമില്ലെന്ന് സുഭാഷിതങ്ങളിൽ പറയുന്നു. "വാതോരാതെ സംസാരിക്കുന്നവനെ നോക്കൂ, ഭോഷന് അവനെക്കാൾ ഏറെ പ്രതീക്ഷയ്ക്ക് വകയുണ്ട്" (സുഭാ.29:20). "ഉചിതമായ സമയംവരെ ബുദ്ധിമാൻ മൗനം പാലിക്കും. അമിതഭാഷി

www.malankaralibrary.com



നിന്ദ്യനാണ്. തള്ളിക്കേറി സംസാരിക്കുന്നവനും വെറുക്കപ്പെടും" എന്ന് പ്രഭാഷകനും നമ്മെ ഓർമ്മിപ്പിക്കുന്നു.

ശരിയായ സംസാര രീതി നമ്മെ ദൈവതുല്യരാക്കുമെന്ന് പ്രവാചകവചനം ഓർമ്മപ്പെടുത്തുന്നു. "വിലകെട്ടവ പറയാതെ സദ്വചനങ്ങൾ പറഞ്ഞാൽ നീ എന്റെ നാവുപോലെ ആകും" (ജെറ. 15:19). ഹൃദ്യമായ വാക്ക് തേനറ പോലെയാണ്. അത് ആത്മാവിന് മധുരവും ശരീരത്തിന് ആരോഗ്യപ്രദവുമാണ്'' (സുഭാ. 16:24). ശരിയായ സംസാര രീതി നമ്മെ ദൈവീകരാക്കുമെന്ന് പ്രവാചക വചനം അനുസ്മരിപ്പിക്കുന്നു.

മറ്റുള്ളവരുടെ കുറ്റവും കുറവും പറഞ്ഞ് ജീവിതത്തിലെ ഒരു സമയംപോലും നഷ്ടപ്പെടുത്താതിരിക്കുവാനുള്ള പരിശീലനം ചെറുപ്പത്തിൽ തന്നെ നമ്മുടെ വല്യച്ചന് ലഭിച്ചിരുന്നു. ബാല്യം മുതൽ തന്റെ അമ്മ പഠിപ്പിച്ച ഈശോയുടെയും പരിശുദ്ധ അമ്മയുടെയും സുകൃത ജപങ്ങൾ ഉരുവിട്ടുകൊണ്ട് സദാ ദൈവസാന്നിധ്യത്തിൽ ജീവിക്കുവാൻ ചെറുപ്പത്തിൽ തന്നെ അദ്ദേഹം പരിശ്രമിച്ചിരുന്നു. സെമിനാരിയിലെ നിയമങ്ങളും അധികാരികളുടെ നിർദ്ദേശങ്ങളും വളരെ കൃത്യമായി പാലിച്ചിരുന്ന ജോസഫ് ശെമ്മാശ്ശൻ നിഷ്ഠയുള്ള ജീവിതത്തിനുടമയായി തന്നെത്തന്നെ രൂപപ്പെടുത്തുവാൻ പരിശ്രമിച്ചിരുന്നു. വെടിപറഞ്ഞ് രസിക്കുകയും, രസിപ്പിക്കുകയും ചെയ്യുന്ന പതിവ് ചെറുപ്പം മുതലേ എനിക്കില്ലായിരുന്നുവെന്ന് തന്റെ ബാല്യകാല സ്മരണകൾ അയവിറക്കിക്കൊണ്ട് പറഞ്ഞ വാക്കുകൾ അച്ചന്റെ ജീവിതത്തിൽ ഉടനീളം സ്പഷ്ടമാണ്. തന്റെയും മറ്റുള്ളവരുടെയും കുറവുകളിലേയ്ക്ക് കടന്നുചെല്ലാതെ എപ്പോഴും സംതൃപ്തമായി ജീവിച്ച വല്യച്ചൻ ഒരിക്കലും ഒന്നിനെക്കുറിച്ചും ആവലാതിപ്പെട്ടു കണ്ടിട്ടില്ല എന്ന വിലയിരുത്തൽ ഏറെ ശ്രദ്ധേയമാണ്.

"വിധിക്കപ്പെടാതിരിക്കുവാൻ നിങ്ങളും വിധിക്കരുത്" (മത്തായി 7:1). ഈ തിരുവചനം അച്ചന്റെ ജീവിതത്തിൽ പ്രാവർത്തികമാക്കുകയും ആവർത്തിച്ചു പറയുകയും ചെയ്തിരുന്നു. ഒരിക്കലും മറ്റൊരാളുടെ കുറ്റവും കുറവും പറഞ്ഞ് സമയം നഷ്ടപ്പെടുത്തുകയില്ലായെന്ന് അദ്ദേഹം തീരുമാനമെടുത്തിരുന്നു. ആ വ്യക്തിയോട് പറയാൻ

www.malankaralibrary.com



ചുമതലപ്പെട്ടിട്ടുണ്ടെങ്കിൽ, സ്വാതന്ത്ര്യമുണ്ടെങ്കിൽ മാത്രം നേരിട്ടു പറയുക. അല്ലെങ്കിൽ ആ വ്യക്തിക്കുവേണ്ടി പ്രാർത്ഥിക്കുക. ഇതായിരുന്നു വല്യച്ചന്റെ നയം. അച്ചന്റെ ജീവിത വിശുദ്ധിയുടെ അളവുകോൽ പ്രാർത്ഥനയോ, ഭക്ത്യാഭ്യാസങ്ങളോ, സാമൂഹ്യപ്രവർത്തനങ്ങളോ അല്ല മറിച്ച്, സഹോദരങ്ങളോടുള്ള ആദരവും ബഹുമാനവും സത്യസന്ധമായ മനസാക്ഷിയുമായിരുന്നു. തല്ലാൻ വരുന്നവനെയും കൊല്ലാൻ വരുന്നവനെയും ഉൾക്കൊള്ളാൻ കഴിയുന്ന വിശാല മനസാക്ഷിയുടെ ഉടമയായിരുന്നു അദ്ദേഹം. സമൂഹസ്ഥാപകൻ എന്ന വിലയും നിലയും ഒന്നും പരിഗണിക്കാതെ തന്റെ മക്കളോട് ഏറ്റം നിസ്സാരമായ കാര്യത്തിനുപോലും ക്ഷമ യാചിക്കുന്ന മഹാമനസ്കൻ.

"തെറ്റ് ക്ഷമിക്കുന്നവൻ സ്നേഹിതനെ നേടുന്നു, കുറ്റപ്പെടുത്തിക്കൊണ്ടിരിക്കുന്നവൻ അവനെ പിണക്കി അകറ്റുന്നു" എന്ന സുഭാഷിത വചനം തന്റെ ജീവിതത്തിന്റെ ഭാഗമാക്കി ആരോടും ശത്രുതയില്ലാതെ, ആരുടെയും കുറ്റം പറഞ്ഞ് സമയം കളയാതെ ഹൃദയ പരമാർത്ഥതയോടെ അദ്ദേഹം ജീവിച്ചു. അതുകൊണ്ടുതന്നെ എനിക്കാരും ശത്രുക്കളില്ല എന്ന് ചങ്കുറപ്പോടെ പറയാൻ വല്യച്ചന് സാധിച്ചു. അധികാരികളിൽ ദൈവത്തെ കണ്ടുകൊണ്ടുള്ള വല്യച്ചന്റെ അനുസരണം അനുകരണീയമാണ്. ഒരിക്കലും തന്റെ വിഷമഘട്ടത്തിൽപോലും അധികാരികളെ അദ്ദേഹം വിമർശിച്ചിട്ടില്ല. ഇടവകഭരണം ഒഴിഞ്ഞുകൊടുക്കേണ്ടി വന്നപ്പോൾ പോലും സന്തോഷത്തോടെ ആരെയും കുറ്റപ്പെടുത്താതെ വിശ്രമജീവിതം ഏറ്റെടുക്കുകയാണ് ചെയ്തത്.

നമ്മുടെ സമൂഹസ്ഥാപകൻ നമുക്ക് നൽകിയ ഈ സന്ദേശവാക്യങ്ങൾ ഇന്ന് നമ്മുടെ സമൂഹജീവിതത്തിൽ എത്രത്തോളം സ്വാധീനിച്ചീട്ടുണ്ടെന്ന് ആലോചിക്കേണ്ടിയിരിക്കുന്നു. സമൂഹാംഗങ്ങളുടെ വളർച്ചാവഴികളിൽ മുരടിച്ചുപോകാതെ വെയിലേറ്റു വാടാതെ ജീവിതവഴികൾക്ക് ഇരുവശവും നട്ട തണൽമരങ്ങളായി നാം മാറേണ്ടതല്ലേ? മരണാനന്തരം നൽകുന്ന സ്നേഹപ്രകടനങ്ങളെക്കാൾ നല്ലത് ജീവിച്ചിരിക്കുമ്പോൾ നൽകുന്ന സ്നേഹസാന്നിധ്യവും ആത്മാർത്ഥത നിറഞ്ഞ വാക്കുകളുമാണ്. അതിനാൽ നമ്മുടെ വാക്കുകളെയും പ്രവൃത്തികളെയും നമുക്ക് വിലയിരുത്താം. നിസംഗതയിലൂടെ,

www.malankaralibrary.com


നിശബ്ദതയിലൂടെ, നിസഹകരണത്തിലൂടെ മറ്റുള്ളവരോടുള്ള വിരോധം പ്രകടിപ്പിച്ച് നാം ആത്മാവിനെ ഇരുട്ടിലാക്കിയിട്ടില്ലേ? പൊരുത്തപ്പെട്ടു പോകാൻ പറ്റാത്ത വ്യക്തികളുടെ കുറ്റങ്ങൾ പറഞ്ഞ് നടന്നിട്ടില്ലേ? നമ്മെ വിശ്വസിച്ച് പറഞ്ഞ രഹസ്യം പാലിക്കാതെ മറ്റുള്ളവരോട് പങ്കുവച്ച് അവരുടെ സൽപേരിന് കളങ്കം വരുത്തിയിട്ടില്ലേ? മുറിപ്പെടുത്താതെയുള്ള തിരുത്തലുകളും തിരിച്ചറിവുകളുമാണ് നമുക്ക് ആവശ്യം. സമൂഹജീവിതത്തിൽ സഹോദരങ്ങളോടുള്ള ഇടപെടലുകളിൽ പ്രിയപ്പെട്ട വല്യച്ചന്റെ മാതൃക നമുക്ക് സ്വീകരിക്കാം.

**ആത്മഭാഷണം**

ഹൃദയങ്ങൾ പരിശോധിക്കുന്ന കർത്താവേ, ഏഴ് ഗോപുരങ്ങളുടെ മുകളിൽ നിന്ന് നിരീക്ഷിക്കുന്നതിനെക്കാൾ സൂക്ഷ്മമായി അങ്ങെന്റെ ഹൃദയത്തെ കാണുന്നു എന്ന് ഞാനറിയുന്നു. ഒറ്റിക്കൊടുത്തവനെയും തള്ളിപ്പറഞ്ഞവനെയും കൈനീട്ടി സ്വീകരിച്ച് പാദങ്ങൾ കഴുകി ചുംബിച്ച് അങ്ങയുടെ നിർമ്മല മനസാക്ഷിക്കു മുൻപിൽ നിൽക്കുമ്പോൾ ഞാൻ എന്നെ തന്നെ തിരിച്ചറിയുന്നു. അവസരം കിട്ടുമ്പോഴെല്ലാം ഞാനെന്റെ സഹോദരങ്ങളുടെ കുറവും കുറ്റവും പറഞ്ഞ് സമയം നഷ്ടമാക്കുന്നു. എന്റെ നാഥാ, നിന്റെ നന്മയാൽ എന്നെ നിറയ്ക്കണമേ. നിന്നെപ്പോലെ നന്മ കാണുവാനും നല്ലത് പറയുവാനും എന്റെ ഹൃദയത്തെയും അധരങ്ങളെയും ശുദ്ധീകരിക്കേണമേ.

മകളെ, എന്നിലെ നന്മയുടെ ഭാഗമാകുവാൻ ഞാൻ നിന്നെ സ്വന്തമാക്കി. എന്നാൽ നീ ഇന്ന് എവിടെയാണ്? നിന്റെ സഹോദരിയുടെ വളർച്ചയിലും ഉയർച്ചയിലും യഥാർത്ഥത്തിൽ നീ ആനന്ദിക്കുന്നുണ്ടോ? ഈശോ, എനിക്ക് ഇഷ്ടമില്ലാത്ത സഹോദരങ്ങളുടെ നന്മയിലേക്ക് ഇറങ്ങിച്ചെല്ലുവാൻ അവരെ അനുഗ്രഹിക്കുവാൻ എനിക്ക് കൃപ നൽകേണമേ. മകളേ, നിനക്ക് മാതൃകയായി തന്ന വല്യച്ചന്റെ സഹോദരങ്ങളോടുള്ള ആദരവും സ്നേഹവും നിന്നെ ചിന്തിപ്പിക്കുന്നില്ലേ? എന്റെ നാഥാ, സഹോദരങ്ങൾക്ക് നന്മ വരട്ടെ എന്ന് ആശംസിക്കാൻവേണ്ടി നീ ആശീർവദിച്ച നിന്റെ നാവുകൊണ്ട് ഞാൻ സഹോദരങ്ങളെ വേദനിപ്പിക്കുകയും കുത്തുവാക്കു പറയുകയും ചെയ്യുന്നു.

www.malankaralibrary.com


ഇന്നിതാ ഒരു മാനസാന്തരത്തിനായി ആഗ്രഹിച്ചുകൊണ്ട് വല്യച്ചന്റെ പാത പിൻതുടരുവാൻ നിന്റെ സന്നിധിയിൽ നിന്നുകൊണ്ട് പ്രതിജ്ഞ ചെയ്യുന്നു. എന്നെ അനുഗ്രഹിക്കേണമേ.

**പ്രായോഗിക തീരുമാനം**

ഒരു സഹോദരിയുടെ നന്മ പറയും.

**അനുസ്മരണ വാക്യം**

"കർത്താവേ, എന്റെ നാവിന് കടിഞ്ഞാണിടേണമേ. എന്റെ അധരകവാടത്തിന് കാവൽ ഏർപ്പെടുത്തേണമേ"!(സങ്കീ. 141:3).

www.malankaralibrary.com

# 20

## അത്യുന്നതന്റെ തണലിൽ

**"എനിക്ക് ആരും ശത്രുക്കളല്ല. ദൈവം നമ്മോടു കൂടെയുള്ളപ്പോൾ ഒരു മനുഷ്യനും നമുക്കെതിരായി ഒന്നും ചെയ്യുവാൻ സാധിക്കുകയില്ല".**

**ധ്യാനപശ്ചാത്തലം**

ധ്യാനിക്കുവാൻ സാധിക്കുന്ന ഏറ്റവും അനുയോജ്യമായ രീതിയിൽ നിശബ്ദമായി ഏകാഗ്രമായി പ്രാർത്ഥനാപൂർവ്വം ആയിരിക്കാം. ദൈവസാന്നിധ്യവും സാമീപ്യവും സഹവാസവുമനുഭവിക്കുവാൻ നമുക്ക് നമ്മെത്തന്നെ അവിടുത്തെ കരങ്ങളിൽ അർപ്പിക്കാം. കരുണയുള്ള പിതാവിന്റെ കരുണാർദ്ര മുഖത്തേക്ക് ആന്തരിക നേത്രങ്ങൾ തുറന്ന് ഉറ്റു നോക്കിയിരിക്കാം. ശരീരത്തിന്റെയും ബുദ്ധിയുടെയും ആത്മാവിന്റെയും തലങ്ങളിൽ ദൈവാനുഭവത്തിന് പ്രതിബന്ധങ്ങൾ ഒന്നുമില്ലെന്ന് ഉറപ്പിക്കാം. ഉണ്ടെങ്കിൽ അവയെ ദൈവാത്മാവിന്റെ സഹായത്താൽ, ശക്തിയാൽ, പരിഹരിച്ച് ആത്മാഭിഷേകം കൊണ്ട് പൂരിതരാകാം.

പാവനരൂപി സ്നേഹസ്വരൂപാ പരിശുദ്ധാത്മാവേ
താവകദാനം ദാസരിലേകി നിർമ്മലരാക്കണമേ
അന്ധത നീക്കി ദീപ്തി പരത്തിയ
പരിശുദ്ധാത്മാവേ
ശത്രുത നീക്കി ബന്ധിതരാക്കിയ
പരിശുദ്ധാത്മാവേ
രോഗം രോഷം നീചം കഷ്ടത നീക്കും
പരിശുദ്ധാത്മാവേ
സത്യം ശക്തി സൗമ്യമാംചിത്തം നൽകും
പരിശുദ്ധാത്മാവേ

**സൂക്തസന്ദേശം**

"എനിക്ക് ആരും ശത്രുക്കളില്ല. ദൈവം നമ്മോടുകൂടെയുള്ളപ്പോൾ ഒരു മനുഷ്യനും നമുക്കെതിരായി ഒന്നും ചെയ്യുവാൻ

www.malankaralibrary.com





സാധിക്കുകയില്ല. ആരെങ്കിലും അങ്ങനെ ചെയ്യുന്നതായി എനിക്കു തോന്നിയാൽ അത് ദൈവം എന്റെ വിശുദ്ധികരണത്തിനായി ഉപയോഗിക്കുകയാണെന്ന് വിചാരിച്ചാൽ മതി". അപ്പോൾ വാസ്തവത്തിൽ ആ വ്യക്തിയോട് സഹതാപവും നന്ദിയും അല്ലേ നാം പ്രകടിപ്പിക്കേണ്ടത്. ദൈവവുമായുള്ള ആത്മ സൗഹൃദത്തിന്റെ ആഴങ്ങൾ അനുഭവിച്ചറിഞ്ഞ ഒരു ധ്യാനയോഗിയ്ക്കല്ലാതെ ആർക്കെങ്കിലും ഇങ്ങനെ പറയാനാവുമോ? ദൈവകാരുണ്യത്തിൽ മുങ്ങിക്കുളിച്ച് അകവും പുറവും ഒരുപോലെ കാരുണ്യം പരന്നിരിക്കുന്ന ഒരു വ്യക്തിക്ക് സഹജീവികളുടെ അസഹ്യപ്പെടുത്തലുകളെല്ലാം, ആനന്ദവായ്പ്പോടെ, നന്ദിയോടെ ഉൾക്കൊള്ളുവാനും അനായാസം സാധിക്കുന്ന വിശാലമായ ഹൃദയം രൂപപ്പെടുന്നു. സ്വർത്ഥത വളരാൻ അനുവധിക്കുന്നിടത്ത് അത് നീരസമായും, പകയായും, ശത്രുതയായും രൂപപ്പെടുന്നു. ഫലമോ, ആത്മശരീരങ്ങളുടെ നാശം.

തിരുവചനം നമ്മെ പഠിപ്പിക്കുന്നത്: "ശത്രുക്കളെ സ്നേഹിക്കുവിൻ.... നിങ്ങളുടെ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ" (ലൂക്കാ. 6:27-36) എന്നാണ്. ഒരു മനുഷ്യന്റെ ആദ്ധ്യാത്മികതയുടെ അളവുകോൽ ആ വ്യക്തിയുടെ ഹൃദയത്തിൽ ഉറയുന്ന കാരുണ്യത്തിന്റെ തോതനുസരിച്ചാണ്. കാരുണ്യം ഹൃദയത്തിൽ ഘനീഭവിക്കുമ്പോൾ, അത് സ്നേഹ പ്രവൃത്തികളായും ആർദ്രസ്പർശനങ്ങളായും, സാന്ത്വന വചസ്സുകളായും, വാത്സല്യ കടാക്ഷങ്ങളായും, സഹജരിലേക്ക് പ്രവേശിക്കുവാൻ തുടങ്ങുന്നു. നന്മയുടെ ഈ പ്രവാഹം സ്വർത്ഥതയുടെയും അഹങ്കാരത്തിന്റെയും അനൈക്യത്തിന്റെയും അതിർവരമ്പുകൾ ഭേദിച്ച് വ്യക്തികളിൽ നിന്നും വ്യക്തികളിലേക്കും, സമൂഹങ്ങളിൽ നിന്ന് സമൂഹങ്ങളിലേക്കും, രാഷ്ട്രങ്ങളിൽ നിന്ന് രാഷ്ട്രങ്ങളിലേക്കും പരന്ന് ഒഴുകുമ്പോൾ ഈ ഭൂമിയിൽ ദൈവരാജ്യം വരവായി.

നമ്മുടെ പ്രിയതാതന്റെ ജീവിതത്തിലൂടെ ആത്മീയ പ്രയാണം നടത്തുമ്പോൾ നമുക്ക് മനസിലാകുന്നത് ദൈവത്തിൽ ആഴമായി വേരൂന്നിയ ഒരു വൻ വൃക്ഷമായിരുന്നു അദ്ദേഹമെന്ന്. വൃക്ഷത്തിന്റെ മുകളിലേക്കുള്ള വളർച്ച എത്ര ശക്തമോ അതിലേറെ ബലിഷ്ഠമായിരുന്നു അതിന്റെ മണ്ണിന് അടിയിലേക്കുള്ള വളർച്ച. അതായത്

www.malankaralibrary.com



ദൈവസ്നേഹത്തിൽ വേരൂന്നിയ സഹോദരസ്നേഹം. ഹൃദയ പരിശുദ്ധി അതിന്റെ പൂർണ്ണ അർത്ഥത്തിൽതന്നെ ദൈവത്തിന്റെയും മനുഷ്യരുടെയും മുമ്പിൽ കാത്തുസൂക്ഷിച്ചിരുന്നതിനാൽ ശത്രുത എന്തെന്ന് വല്യച്ചന്റെ ഹൃദയം അറിഞ്ഞിരുന്നില്ല. ദുർബലന് ക്ഷമി ക്കാനാവില്ല. എന്നാൽ ശക്തന്റെ അടയാളമാണ് ക്ഷമ എന്ന യാഥാർത്ഥ്യം വല്യച്ചൻ ഗ്രഹിച്ചിരുന്നു. വി. പത്രോസ് ശ്ലീഹ തന്റെ ലേഖനത്തിലൂടെ നമ്മെ ഉദ്ബോധി പ്പിക്കുന്നതുപോലെ വിശ്വാസത്തെ സുകൃതം കൊണ്ടും സുകൃതത്തെ ജ്ഞാനം കൊണ്ടും ജ്ഞാനത്തെ ആത്മസംയമനം കൊണ്ടും ആത്മസംയമനത്തെ ക്ഷമകൊണ്ടും ക്ഷമയെ ഭക്തികൊണ്ടും ഭക്തിയെ സഹോദരസ്നേഹം കൊണ്ടും, സഹോദര സ്നേഹത്തെ ഉപവികൊണ്ടും സമ്പൂർണ്ണമാക്കിയ (2പത്രോ. 1:5-7) ദൈവീക മനുഷ്യനായിരുന്നു നമ്മുടെ വന്ദ്യ താതൻ.

ദൈവവചനത്തിൽ ഏറ്റം ബലപ്പെട്ട ഒരു ജീവിതമായിരുന്നു വല്യച്ചന്റേത്. ദൈവം നമ്മുടെ പക്ഷത്തെങ്കിൽ ആര് നമുക്ക് എതിര് നിൽക്കും? (റോമാ 8:31). ദൈവം തന്റെ പക്ഷത്തുണ്ട് എന്ന വിശ്വാസ മാണ് ഒരുവന്റെ ബലം. വിശ്വാസം മൂലമാണ് നമ്മുടെ പൂർവ്വ പിതാക്ക ന്മാരെല്ലാം ദൈവത്തിൽ നിന്നും അംഗീകാരം പ്രാപിച്ചത്. ക്രിസ്തു വിനെ പ്രതി സഹിക്കേണ്ടി വന്ന നിന്ദനങ്ങൾ ഈജിപ്തിലെ നിധി യെക്കാൾ വിലയേറിയ സമ്പത്തായി കരുതുവാൻ മോശയ്ക്കും തുടർന്ന് എല്ലാ ക്രിസ്തു ശിഷ്യന്മാർക്കും ബലം നൽകിയത് ദൈവം നമ്മുടെ പക്ഷത്തുണ്ട് എന്ന ബോധ്യവും അനുഭവവുമാണ്. കാരണം തങ്ങൾക്ക് ലഭിക്കാനിരിക്കുന്ന പ്രതിഫലത്തിലാണ് അവർ ദൃഷ്ടി പതിപ്പിച്ചത്. തൻമൂലം അവർ തങ്ങളുടെ വിശ്വാസത്തിലൂടെ ഇന്നും സംസാരിച്ചു കൊണ്ടിരിക്കുന്നു.

തന്നെക്കാൾ ശക്തനായ ഒരുവൻ കൂടെയില്ല എന്ന തോന്നൽ ഒരുവനിൽ ഭയം ജനിപ്പിക്കും. ഈ ഭയം ജീവിതത്തിന്റെ എല്ലാം മേഖ ലകളെയും ബാധിക്കുവാൻ തുടങ്ങുമ്പോൾ അരക്ഷിതത്വം ഹൃദയത്തെ വേട്ടയാടാൻ തുടങ്ങും. പിന്നെ സുരക്ഷിതത്വത്തിന് ആവശ്യമായവ യെല്ലാം സ്വരൂക്കൂട്ടാനുള്ള വ്യഗ്രത ആരംഭിക്കുകയായി. ഈ മത്സര ത്തിൽ പരാജയപ്പെടുമ്പോഴെല്ലാം നീരസത്തിന്റെ കൈയ്പ്പ് ഉള്ളിൽ ഉറഞ്ഞുകൂടാൻ തുടങ്ങുന്നു. നീരസത്തിന്റെ ഈ കൈവയ്പ്പ് നിറഞ്ഞ

www.malankaralibrary.com


മനസിൽ നിന്നാണ് ഓരോ ശത്രുക്കളും ജന്മമെടുക്കുന്നത്. ലോകത്തിലെ ഒട്ടുമിക്ക പ്രശ്നങ്ങളുടെയും അസ്വസ്ഥതകളുടെയും പിന്നിലുള്ള കാരണം മനുഷ്യ മനസ്സിലെ ഭയമാണ്. അതിനാൽ ഭയത്തിന്റെ ഭരണത്തിൽ നിന്ന് മനുഷ്യഹൃദയങ്ങളെ മോചിപ്പിക്കുകയാണ്, സമാധാന ജീവിതത്തന് ഏറ്റവും ആവശ്യമായിരിക്കുന്നത്. അതിനുള്ള ഏക പോംവഴി സർവ്വ ശക്തനായ ദൈവത്തിൽ വിശ്വാസമർപ്പിക്കുമാത്രം. അതുകൊണ്ടാണ് വി. ഗ്രന്ഥത്തിൽ ദൈവം മനുഷ്യനോട് സംസാരിക്കുമ്പോൾ 'ഭയപ്പെടേണ്ട ഞാൻ നിന്നോടുകൂടെയുണ്ട്' എന്ന് എണ്ണമറ്റവിധം ആവർത്തിക്കുന്നതിൽ ദൈവം ക്ഷീണിതനാകാത്തത്.

വല്യച്ചൻ നിർഭയനായിരുന്നു. ഭയത്തെ നിശേഷം കീഴ്പ്പെടുത്തിയ ഹൃദയമായിരുന്നു അദ്ദേഹത്തിന്റേത് എന്നതിന് തെളിവാണ് പൂട്ടില്ലാത്ത മുറിയും, പൂട്ടില്ലാത്ത മേശയും. സ്വന്തം പേരിൽ സ്ഥാപനങ്ങളോ, സമ്പാദ്യമോ ഉണ്ടാകാതിരുന്നതും ഉന്നത ബിരുദങ്ങളും സ്ഥാനമാനങ്ങളും, ജീവിത സാഹചര്യങ്ങളുമൊന്നും തേടിപ്പോകാതിരുന്നതും. ഈ വന്ദ്യതാതന്റെ ആത്മീയ പുത്രിയാണോ ഞാൻ?

**ആത്മഭാഷണം**

എന്റെ ദൈവമേ, ഞാൻ ആയിരിക്കുന്നതുപോലെ എന്നെ ഇതാ നിന്റെ മുമ്പിൽ സമർപ്പിക്കുന്നു. പ്രിയപ്പെട്ട വല്യച്ചന്റെ നിർഭയത്വം നിറഞ്ഞ ജീവിതം എന്നെ ആവേശഭരിതയാക്കുന്നു. മനസ്സും, ആത്മാവും, ശരീരവും അങ്ങിൽ ഉറപ്പിച്ച് ആരേയും ഭയപ്പെടാതെ ജീവിച്ച വല്യച്ചന്റെ യഥാർത്ഥ മകളാകുവാൻ എന്നെ പ്രചോദിപ്പിച്ചതിന് നന്ദി. എന്നാൽ എന്റെ പ്രാണനാഥാ, അങ്ങേ തിരുവിഷ്ടം മാത്രം എന്റെ ജീവിതത്തിൽ നിറവേറിയാൽ മതി എന്ന് ഞാൻ ആഗ്രഹിക്കുന്നുവെങ്കിലും അതുമൂലം എനിക്കുണ്ടാകുന്ന പരിമിതികളേയും സഹനങ്ങളേയും ത്യാഗങ്ങളേയും കുറിച്ച് ഓർക്കുമ്പോൾ ഭയത്തോടെ ഞാൻ പിൻതിരിയുന്നു. പലതും വേണ്ടെന്ന് വയ്ക്കുവാൻ എന്റെ സ്വാർത്ഥത എന്നെ അനുവദിക്കുന്നില്ല. എങ്കിലും യേശുവേ, അങ്ങിൽ നങ്കൂരമുറപ്പിച്ച് ജീവിക്കുവാൻ വല്യച്ചനെ പഠിപ്പിച്ച നാഥാ, എന്നേയും നിർഭയമായി ജീവിക്കുവാൻ പഠിപ്പിക്കണമെ. അങ്ങയുടെ മുദ്രയായ ശത്രു സ്നേഹം അഭ്യസിക്കുവാൻ എന്നേയും പഠിപ്പിക്കണമേ. അങ്ങനെ

www.malankaralibrary.com





എന്റെ പ്രിയതാതനോടു ചേർന്നുനിന്ന് 'എനിക്കാരും ശത്രുക്കളില്ല' എന്ന് പറയുവാനും അതിനനുസരിച്ച് ജീവിക്കുവാനുമുള്ള ആത്മീയ കരുത്തും ആത്മബലവും പകർന്നു നൽകിയാലും. ദൈവസാന്നിധ്യ ത്തിൽ ലയിക്കുന്നു. ദൈവം തന്റെ സാന്നിധ്യത്താൽ എന്റെ ആത്മാ വിനെ ശക്തിപ്പെടുത്തുന്നത് അനുഭവവേദ്യമാവുന്നു.

**പ്രായോഗിക തീരുമാനം**

ഹൃദയത്തിൽ കാരുണ്യം വർദ്ധിപ്പിക്കുക എന്നത് പ്രത്യേക ആത്മശോധന വിഷയമാകുന്നു. അനുദിന പരിശോധനവഴി പുരോഗതി പ്രാപിക്കും.

**അനുസ്മരണവാക്യം**

"നിങ്ങളുടെ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ" (ലൂക്കാ 6:36).

www.malankaralibrary.com

# 21

## ലക്ഷ്യത്തിലേക്കുള്ള പ്രയാണം

**"ഏതു രംഗത്തു പ്രവർത്തിച്ചാലും ലക്ഷ്യം പോലെ മാർഗ്ഗം നിർമ്മലവും പരിശുദ്ധവുമായിരിക്കണം".**

**ധ്യാന പശ്ചാത്തലം**

ഹൃദയത്തിന്റെ ശാന്തതയിൽ ശബ്ദമാകുന്നവനാണ് ദൈവം. അടയുന്ന ബാഹ്യനയനങ്ങളിലൂടെ നോക്കിക്കണ്ട്, ആന്തരിക നയന ങ്ങൾക്കു മുമ്പിൽ ചിത്രീകരിക്കപ്പെടുന്നവൻ ലോകത്തോടുള്ള ബന്ധം വിഛേദിക്കുന്നവരോട് ചേർന്നു നിൽക്കുന്ന ദൈവീകതയാണ് അവിടുന്ന്. ഹൃദയത്തിന്റെ താഴ്മയിൽ വന്നിറങ്ങുന്ന പരിശുദ്ധിയുടെ ഭാവമാണ് അവിടുന്ന്. ഒരിക്കലും ഉപേക്ഷിക്കുവാനോ, മറക്കുവാനോ സാധ്യമല്ലാത്തവിധം കൈകുഞ്ഞിനോടെന്നപോലെ ചേർന്നു നിൽക്കുന്ന മാതൃഹൃദയമാണ് അവിടുന്ന്. പാപികളായ നമ്മുടെ ഹൃദ യത്തിലേക്ക് ഉറ്റു നോക്കി അനുഗ്രഹ ശ്രീഭണ്ഡാരം തുറക്കുന്ന, അതി ലേക്കിറങ്ങി വരുന്ന ഈ നിമിഷങ്ങൾ എത്ര പുണ്യപ്പെട്ടതാണെന്ന ചിന്ത നമ്മിൽ സജീവമാകട്ടെ. ഈ സ്നേഹത്തിനു മുമ്പിൽ നമ്മെ ത്തന്നെ സമർപ്പിച്ച് ഇരു കൈകളും യാചനാ രൂപത്തിൽ തുറന്നുവച്ച്, ആ തിരുമുഖത്തേക്ക് നമുക്ക് ഉറ്റുനോക്കാം. പരിശുദ്ധനായ ദൈവം നമ്മിൽ വന്നുനിറയുവാൻ നമ്മുടെ ഹൃദയങ്ങളെ തുറന്നിടാം. പാവനാത്മാവായ ദൈവം നമ്മിൽ കടന്നുവന്ന് ഹൃദയങ്ങളെ വചന ത്തിന് തുറവിയുള്ളവരാക്കാൻ, അവിടുത്തെ ഹൃദയത്തിന് അനുരൂപ കരാകാൻ സ്ഫുടം ചെയ്ത് എടുക്കട്ടെ.

വെളിച്ചം പകരണമെ വെളിവു നിറയ്ക്കണമെ
വിവേകമേകണമെ വിജ്ഞാന ദായകനെ
നിന്നെ പൂർണ്ണമായറിയാൻ
ഈ അറിവാലേ നിറയാൻ
നിറഞ്ഞ അറിവിൽ വളരാൻ
ഈശ്വര കൃപയാൽ നിറയാൻ

www.malankaralibrary.com


എന്നെ പൂർണ്ണമായി കാണാൻ
എൻ പരിമിതികൾ അറിയാൻ
എൻ ദൗർബല്യങ്ങളകറ്റാൻ
ധാർമ്മിക ശക്തിയിൽ വളരാൻ

**സൂക്തസന്ദേശം**

"ഏതു രംഗത്തു പ്രവർത്തിച്ചാലും ലക്ഷ്യം പോലെ മാർഗ്ഗവും നിർമ്മലവും പരിശുദ്ധവും ആയിരിക്കണം" ജീവിതം ഒരു യാത്രയാണ്. അത് ലക്ഷ്യം നോക്കിയുള്ള ഒരുവന്റെ പ്രയാണമാണ്. ലക്ഷ്യമില്ലാത്ത ജീവിതം അർത്ഥ ശൂന്യമാണ്. ഒരുവന്റെ ലക്ഷ്യമാണ് അവന്റെ ജീവിതത്തെ മുന്നോട്ടു നയിക്കുന്നത്. ദിശാബോധം നൽകാൻ, പ്രതിസന്ധികളെ തരണം ചെയ്യാൻ, വെല്ലുവിളികളെ ജയിക്കുവാൻ എന്നും പ്രചോദനം അവന്റെ ലക്ഷ്യമാണ്. ലക്ഷ്യം എത്ര ഉന്നതമാണോ അത്രയ്ക്ക് തീഷ്ണതയുള്ളതായിരിക്കും അവന്റെ ജീവിതം. പട്ടുനൂലാകാനുള്ള പുഴുവിന്റെ മോഹം അതാണതിന്റെ ലക്ഷ്യം. സമാധിയുടെ നാളുകളിൽ അതിന്റെ പ്രത്യാശ മുഴുവൻ പട്ടുനൂലായി മാറി മനുഷ്യനിൽ കൗതുകമുണർത്തി അവന്റെ പ്രീതി നേടുക എന്നതാണ്. ഉന്നതമായ സ്വപ്നങ്ങൾക്ക് ചിറകുമുളപ്പിച്ച് സ്വപ്നങ്ങൾ നെയ്യാൻ നമുക്കും കഴിയണം. സത്യത്തിന്റെയും നൈർമല്ല്യത്തിന്റെയും പരിശുദ്ധിയുടെയും പാതയിലൂടെ. അതുകൊണ്ടാണ് ലക്ഷ്യം മാത്രം നടന്നാൽ പോരാ മാർഗ്ഗവും സംശുദ്ധമായിരിക്കണമെന്ന് സ്ഥാപക പിതാവ് മോൺ. ജോസഫ് കുഴിഞ്ഞാലിൽ തന്റെ ജീവതസാക്ഷ്യത്തിലൂടെ നമ്മോട് ആഹ്വാനം ചെയ്തത്. വല്യച്ചൻ ഒരിക്കലും വിദേശപണം തന്റെ പ്രവർത്തനത്തിനായി ആഗ്രഹിക്കുകയോ ശേഖരിക്കുകയോ ചെയ്തിരുന്നില്ല. പ്രോജക്ടുകൾ എഴുതി പണം വരുത്തി സാമൂഹ്യ പ്രവർത്തനം ചെയ്യുന്നതിലും ഒട്ടും താല്പര്യം പ്രകടിപ്പിച്ചിരുന്നില്ല. അദ്ധ്വാനിച്ച് സമ്പാദിക്കുക എന്ന ആദർശം അദ്ദേഹം മുറുകെ പിടിച്ചിരുന്നു. യാതൊരു മുൻപരിചയവയും ഇല്ലാതിരുന്നിട്ടും കാട്ടുതടി വാങ്ങിച്ച് കത്തിച്ച് കരിയാക്കി വിറ്റും, തെരുവപുല്ല് വാറ്റിയും ആവശ്യമായ പണം അദ്ദേഹം ഉണ്ടാക്കിയിരുന്നു. ദൈവ വിശ്വാസത്തിൽ അധിഷ്ഠിതമായ പ്രവർത്തനമായിരുന്നു വല്യച്ചന്റേത്.

www.malankaralibrary.com




ദൈവം ലോകരക്ഷ എന്ന വലിയ ലക്ഷ്യം മുന്നിൽ കണ്ടപ്പോൾ അവിടുത്തെ മാർഗ്ഗങ്ങളും വിശുദ്ധമായിരുന്നു. പരി. അമ്മയുടെ ഹൃദയവും മനസ്സും പാകപ്പെടുത്തിയ അവിടുന്ന് വിശിഷ്ടമായ ഒരു ജീവൻ അതിൽ നിക്ഷേപിച്ചു. വിനയത്തിന്റെ, താഴ്മയുടെ പാതയിൽ കൃപ ചൊരിയുന്നവനാണ് അവിടുന്ന് എന്ന പരി. അമ്മയുടെ കണ്ടെത്തൽ വലിയ തത്വചിന്തയായി മാറി. ലോക രക്ഷയ്ക്കുവേണ്ടി മനുഷ്യനെ അമ്പരപ്പിക്കുന്ന മാർഗ്ഗങ്ങൾ ഒന്നും യേശുക്രിസ്തുവും സ്വീകരിച്ചില്ല, കുരിശിലെ സഹനത്തിന്റെ പാതയല്ലാതെ. ഇതാണ് പരിശുദ്ധമായ മാർഗ്ഗം. നിർമ്മലമായ മാർഗ്ഗം. വിശുദ്ധർ വിശുദ്ധി എന്ന ഉന്നത ലക്ഷ്യത്തിനായി സ്വീകരിച്ചത് സ്നേഹം, പ്രാർത്ഥന, സഹനം, തപസ്സ് തുടങ്ങിയ ഉന്നതവും ദൈവീകവുമായ മാർഗ്ഗങ്ങൾ ആയിരുന്നല്ലോ.

ഈ വിശുദ്ധിയുടെ മാർഗ്ഗം തന്നെയായിരുന്നു നമ്മുടെ സ്ഥാപക പിതാവിന്റെ ജീവിതവും പ്രവർത്തനങ്ങളും. തിരുസഭയുടെ പ്രതീക്ഷയ്ക്കൊത്ത് ഉണർന്നു പ്രവർത്തിച്ച ഒരു ധീര മിഷനറിയായിരുന്നു അദ്ദേഹം. എന്തുകൊണ്ടെന്നാൻ അദ്ദേഹം വിശുദ്ധനായ ഒരു മനുഷ്യനായിരുന്നു. മിഷനറിയായി വിളിക്കപ്പെട്ട അച്ചൻ വിശുദ്ധമായ പൗരോഹിത്യ ശുശ്രൂഷാ ജീവിതം നയിച്ചുകൊണ്ട് ഇങ്ങനെ ഉദ്ബോധിപ്പിച്ചിരുന്നു. “ഏതു രംഗത്തു പ്രവർത്തിച്ചാലും ലക്ഷ്യം പോലെ മാർഗ്ഗവും നിർമ്മലവും പരിശുദ്ധവുമായിരിക്കണം”. മിഷനറിമാരായ നമ്മുടെ ശുശ്രൂഷമേഖലകളിൽ ഇതൊരു പ്രതിധ്വനിപോലെ മുഴങ്ങേണ്ടതല്ലേ? തിന്മകരമായ അല്ലെങ്കിൽ തെറ്റായ മാർഗ്ഗത്തിലൂടെ പവിത്രമായ ലക്ഷ്യത്തിൽ എത്താനാവില്ലെന്നും ലക്ഷ്യംപോലെ മാർഗ്ഗവും നിർമ്മലവും പരിശുദ്ധവുമായിരിക്കണമെന്ന് ആ വന്ദ്യ താതൻ മക്കളായ നമ്മെ ഉദ്ബോധിപ്പിച്ചു. വ്യക്തി ജീവിതത്തിലും പ്രവർത്തനത്തിലും നൈർമ്മല്യവും വിശുദ്ധിയും കാത്തുസൂക്ഷിച്ച വല്യച്ചൻ ലക്ഷ്യം മാർഗ്ഗത്തെ സാധൂകരിക്കുകയില്ലായെന്ന സത്യം തിരിച്ചറിഞ്ഞ ധന്യാത്മാവായിരുന്നു. മനുഷ്യന്റെ മഹത്വവും അല്പത്വവും തെറ്റാതെ കാണിച്ചു തരുന്ന ഉരകല്ലു അവന്റെ പ്രവൃത്തിയാണല്ലോ. നല്ല മനുഷ്യൻ തന്റെ ഹൃദയത്തിലൂടെ നല്ല നിക്ഷേപത്തിൽ നിന്ന് നന്മ പുറപ്പെടുവിക്കുന്നു എന്ന യേശു പഠിപ്പിച്ചത് വല്യച്ചൻ ജീവിതബന്ധിയാക്കിത്തീർത്തു. ലക്ഷ്യംപോലെ മാർഗ്ഗവും പരിശുദ്ധമായിരിക്കണ

www.malankaralibrary.com




മെന്നു പറഞ്ഞ വല്യച്ചന്റെ ആത്മീയ പുത്രിമാർ എന്ന നിലയിൽ നമ്മളും ഉന്നം വയ്ക്കേണ്ട ജീവിതമിതാണ്. തന്റെ ദൗത്യത്തെപ്പറ്റിയും ദൗത്യ നിർവ്വഹണത്തെപ്പറ്റിയും വല്യച്ചന് വ്യക്തമായ കാഴ്ച്ചപ്പാട് ഉണ്ടായിരുന്നു. ദൈവത്തിൽ പൂർണ്ണമായി ആശ്രയിച്ചുകൊണ്ട് അവയോട് എന്നും വിശ്വസ്തനായി തന്റെ ബോധ്യങ്ങളിൽ പാറപോലെ ഉറച്ചു നിന്നിരുന്നു. ഉന്നതസ്ഥാനങ്ങൾ - പ്രോ കത്തീഡ്രൽ വികാരി, മാർ ഈവാനിയോസ് പിതാവിന്റെ സെക്രട്ടറി എന്നീ പദവികൾ തന്നെ മാടി വിളിച്ചപ്പോഴും താൻ ഏതു ലക്ഷ്യത്തോടെ ഈ ദേശത്ത് വന്നു എന്ന തിരിച്ചറിവ് സ്ഥാപക പിതാവിന് മാർഗ്ഗദീപമായിമാറി.

കർത്താവിന്റെ കണ്ണുകൾ സൂര്യനേക്കാൾ പതിനായിരം മടങ്ങ് പ്രകാശമുള്ളതാണെന്ന് മനുഷ്യൻ അറിയുന്നില്ല. അവിടുന്ന് അവന്റെ എല്ലാ മാർഗ്ഗങ്ങളും നിരീക്ഷിക്കുകയും നിഗൂഢസ്ഥലങ്ങൾ കണ്ടുപിടിക്കുകയും ചെയ്യുന്നു (പ്രഭ.23:19). ഈ ബോധ്യം വല്യച്ചന് ഉണ്ടായിരുന്നു. വല്യച്ചൻ സത്യത്തെ മുറുകെ പിടിച്ചിരുന്നു. എത്ര ലാഭം കിട്ടും എന്നറിഞ്ഞാലും നഷ്ടത്തിൽ കലാശിച്ചാലും ശരി അദ്ദേഹം സുതാര്യതയില്ലാതെ പ്രവർത്തിച്ചിരുന്നില്ല. ഉദാഹരണമായി കുറച്ചുപേർക്ക് തൊഴിൽ കൊടുക്കുക എന്ന ലക്ഷ്യത്തോടെ തമിഴ്നാട്-കേരളം മാത്രം ഓടിക്കുവാൻ അനുവാദമുള്ള ഒരു ലോറി അച്ചൻ വാങ്ങി. മുന്നു ദിവസം കഴിഞ്ഞാണ് അറിയുന്നത് കേരളത്തിലേക്ക് സാധനങ്ങൾ കൊണ്ടുപോയതായിക്കൂടി ചില രേഖകൾ കാണിക്കണമെന്നും അല്ലെങ്കിൽ ശിക്ഷിക്കപ്പെടുമെന്നും. ലക്ഷ്യം പോലെ മാർഗ്ഗവും പരിശുദ്ധമായിരിക്കണം എന്ന് ഉദ്ബോധിപ്പിച്ച ഈ ആദർശധീരൻ അതിനു മുൻകൂറായി കൊടുത്ത പണം മുഴുവൻ നഷ്ടപ്പെടുത്തിക്കൊണ്ട് ഉടൻതന്നെ ആ ലോറി തിരിച്ചുകൊടുത്തു. തന്റെ പാവപ്പെട്ട ജനത്തെ ഉദ്ധരിക്കാൻ വെമ്പൽകൊണ്ട ഈ യുവമിഷനറിയുടെ ജീവിതത്തിന് ചാരുത പകരുന്ന സംഭവമല്ലേ ഇത്? മിഷനറിമാരായ നമ്മുടെ ബന്ധങ്ങളിൽ ഇടപാടുകളിൽ, ക്രയവിക്രയങ്ങളിൽ, ശുശ്രൂഷാവേദികളിൽ, നമ്മുടെ തെരഞ്ഞെടുപ്പുകളിൽ, തീരുമാനങ്ങളിൽ ആ ധന്യാത്മാവ് സ്വജീവിതത്തിലൂടെ പഠിപ്പിച്ച നിർമ്മലതയും പരിശുദ്ധിയും കാത്തുസൂക്ഷിക്കാൻ കഴിയുന്നുണ്ടോ? സ്ഥാപകപിതാവിന്റെ സന്ദേശം ആത്മീയ മക്കളെന്ന നിലയിൽ പ്രാവർത്തിമാക്കേണ്ടവരല്ലേ നമ്മൾ?

www.malankaralibrary.com


**ആത്മഭാഷണം**

സകല നന്മരൂപിയായ ദൈവമേ, യാതൊരു യോഗ്യതയുമില്ലാതെ എനിക്കായി വച്ചു നീട്ടിയ ഇഷ്ടദാനമായ ദൈവവിളിക്കായി നന്ദി പറയുന്നു. ഒരു മേരിമകളായി എന്നെ സ്വീകരിച്ച അങ്ങയുടെ മഹാകരുണയെ ഓർക്കുന്നു. മനസ്സിലും ഹൃദയത്തിലും നിർമ്മലത കാത്തുസൂക്ഷിച്ച് അങ്ങയെ സ്നേഹിക്കുക, സേവിക്കുക എന്ന ഒറ്റ ലക്ഷ്യത്തിൽ ഉറച്ചു നിന്ന സ്ഥാപക പിതാവിന്റെ നന്മ കൂടുതലായി ഉൾക്കൊള്ളാൻ ഈ ധ്യാനത്തിലൂടെ എന്നെ അനുഗ്രഹിച്ചതിന് നന്ദി നാഥാ.

പ്രിയ മകളെ, നീ തിരിച്ചറിയുന്നു നിന്റെ ഹൃദയത്തിന്റെ അവസ്ഥ. എത്രയെത്ര സാഹചര്യങ്ങളിൽ ഹൃദയ വിശുദ്ധിക്ക് കളങ്കം ചാർത്തി എന്നതും. പേരിനും പ്രശക്തിക്കും വേണ്ടി, ലൗകിക നേട്ടങ്ങൾക്കുവേണ്ടി പരിശ്രമിച്ചപ്പോൾ കളഞ്ഞുപോയ പരിശുദ്ധി എത്ര വലുതായിരുന്നു. പലതിലും സ്വീകരിച്ച മാർഗ്ഗങ്ങൾ തെറ്റിപ്പോയി എന്ന് നിന്നെ ബോധ്യപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു.

എന്റെ നാഥാ, എന്റെ ചിന്തയിലും വാക്കിലും പ്രവർത്തിയിലും നിറഞ്ഞു നിന്ന അഹം എന്റെ ജീവിതത്തെ കളങ്കപ്പെടുത്തിയതിൽ ഞാൻ ദുഃഖിക്കുന്നു. മനസ്സിന്റെ നിർമ്മലതയിൽ കളങ്കമായി കടന്നു കൂടിയ സകലതും നീക്കി യഥാർത്ഥ മേരി മകളായി യേശുവിന് വേണ്ടി ജീവിക്കുവാൻ എന്നെ സഹായിക്കണമേ. ചിന്തയിൽ പരിശുദ്ധിയിലും ഹൃദയത്തിൽ നൈർമല്യവും നിറഞ്ഞ് നേരായ മാർഗ്ഗത്തിലൂടെ ചരിച്ച് ആത്യന്തിക ലക്ഷ്യമായ അങ്ങിൽ എത്തിച്ചേരുവാൻ അനുഗ്രഹിച്ചാലും.

**പ്രായോഗിക തീരുമാനം**

എന്റെ ലക്ഷ്യപ്രാപ്തിക്കുള്ള മാർഗ്ഗങ്ങളെ ഞാൻ എപ്പോഴും പുനർ വിചിന്തനം ചെയ്യും.

**അനുസ്മരണവാക്യം**

"തന്റെ മുമ്പിൽ നിഷ്കളങ്കരായി വർത്തിക്കുന്നവർക്കുവേണ്ടി ശക്തി പ്രകടിപ്പിക്കുവാൻ കർത്താവിന്റെ ദൃഷ്ടികൾ ഭൂമിയിൽ ഉടനീളം പായുന്നു" (2ദിന. 16:9).

www.malankaralibrary.com

# 22

## ദൈവ സായൂജ്യം

**"ദൈവത്തിന് നൽകേണ്ട സമയത്തിൽ നിന്ന് അരനിമിഷം പോലും ഞാൻ അപഹരിക്കുകയില്ല'.**

**ധ്യാന പശ്ചാത്തലം**

ജീവിത വ്യഗ്രതകളിൽ നിന്നും ജോലിത്തിരക്കുകളിൽ നിന്നുമെല്ലാം ഒഴിഞ്ഞ് ശാന്തമായി സ്വസ്ഥമായി യേശുനാഥന്റെ അടുത്തായിരിക്കുവാൻ നമുക്ക് ലഭിക്കുന്ന അമൂല്യ നിമിഷങ്ങളാണിത്. പരമാത്മാവും നമ്മുടെ ആത്മാവും തമ്മിൽ ഒന്നിക്കുന്ന സ്വർഗ്ഗീയ മുഹൂർത്തമാണിത്. ഈ ധ്യാനസമയം ഏറ്റവും ഫലപ്രദമാക്കുവാൻ നമുക്ക് പരിശ്രമിക്കാം. ബാഹ്യ ഇന്ദ്രിയങ്ങളിൽ നിന്ന് ഉൾവലിഞ്ഞ് ഹൃദയത്തിന്റെ ഉള്ളറകളിലേക്ക് പ്രവേശിക്കാം. ഞാനും പിതാവും ഒന്നാണ് എന്നരുൾ ചെയ്ത യേശുനാഥനോട് ചേർത്ത് നമ്മുടെ ആത്മാവും ഹൃദയവും ശരീരവുമെല്ലാം ദൈവപിതാവിൽ ലയിച്ചിരിക്കുവാനുള്ള അനുഗ്രഹത്തിനായി പ്രാർത്ഥിക്കാം. തിരുസ്വരം ശ്രവിക്കുവാൻ നമ്മുടെ കർണ്ണങ്ങളും തിരുമുഖദർശനത്തിനായി നമ്മുടെ ആന്തരിക നേത്രങ്ങളും കർത്തൃ സന്നിധിയിലേക്ക് ഉയർത്താം. ദൈവസാന്നിധ്യം കൂടുതൽ അനുഭവവേദ്യമാക്കുവാൻ മലമുകളിലേക്ക് കയറിയ യേശുനാഥനോട് നമ്മുടെ ഭൗതിക-മാനുഷിക ബന്ധങ്ങൾ വേർപെടുത്തി ദൈവീകതയിലേക്ക് ഉയരുവാനുള്ള കൃപയ്ക്കായി പ്രാർത്ഥിക്കാം.

പ്രാർത്ഥിക്കും ഗുരുവേ നമോ നമ
സദാ പ്രാർത്ഥിക്കും ഗുരുവേ നമോ നമ (2)

മരുപ്പച്ച തേടി വിജനം തേടി
ഉന്നതതാതന്റെ തിരുമുഖം തേടി (2)

ഉണർന്നിരുന്നെന്നും മനം നുറുങ്ങി
പ്രാർത്ഥിക്കാനരുളും നാഥാ (2)

ഞങ്ങൾക്ക് പ്രാർത്ഥനാവരം
തന്നിടണേ (2) ( പ്രാർത്ഥിക്കും)

www.malankaralibrary.com





**സൂക്തസന്ദേശം :** "ദൈവത്തിന് നൽകേണ്ട സമയത്തിൽ നിന്ന് അര നിമിഷം പോലും ഞാൻ അപഹരിക്കുകയില്ല" എന്ന ദൃഢനിശ്ചയം തന്റെ ആന്തരിക ജീവിതം ബലിഷ്ഠമാക്കുവാൻ വല്യച്ചൻ എടുത്ത ഉറപ്പാർന്ന തീരുമാനത്തെ കാണിക്കുന്നു. ഒരുവന്റെ മിഷൻ പ്രവർത്തനത്തിന്റെ ഫലദായകത്വം അടങ്ങിയിരിക്കുന്നത് അവന്റെ ആദ്ധ്യാത്മികതയുടെ ആഴം അനുസരിച്ചാണ് എന്ന തത്വം നന്നായി ഗ്രഹിച്ചിരുന്ന അച്ചൻ തന്റെ ആദ്ധ്യാത്മികഭ്യാസങ്ങളോട് മരണംവരെ തികഞ്ഞ വിശ്വസ്തത പുലർത്തി വചനാധിഷ്ഠിത ജീവിതത്തിൽ വളർന്നു. ആദ്ധ്യാത്മികാഭ്യാസങ്ങൾക്കായി ഞാൻ ചിലവഴിക്കുന്ന സമയമോ ശക്തിയോ തന്റെ പ്രവർത്തനങ്ങളുടെ സമയവും ശക്തിയും കുറയുകയില്ല, മറിച്ച് അവയുടെ കാര്യക്ഷമതയും ഫലപ്രാപ്തിയും വർദ്ധിപ്പിക്കുകയേ ഉള്ളൂ എന്ന് അദ്ദേഹം സ്വജീവിതത്തിലൂടെ തെളിയിച്ചു. അതിശക്തമായ ഈടുറ്റ ഒരു ആദ്ധ്യാത്മികതയുടെ ഉടമായായിരുന്നു വന്ദ്യതാതൻ.

ദിവസത്തിലെ ഏറ്റവും ഏകാന്തത നിറഞ്ഞ ആദ്യയാമങ്ങൾ അച്ചൻ തിരുവചന ധ്യാനത്തിനായി തിരഞ്ഞെടുത്തു. അത് അദ്ദേഹത്തിന്റെ ചിന്തകളേയും കാഴ്ചപ്പാടുകളേയും തിരുമാനങ്ങളേയും പ്രവർത്തനങ്ങളേയും എന്നല്ല, ജീവിതം മുഴുവനേയും സ്വാധീനിക്കുകയും പരിവർത്തനപ്പെടുത്തുകയും ചെയ്തു. വചന ധ്യാനത്തിലൂടെ നന്നായി ഒരുങ്ങി ജ്വലിക്കുന്ന ഹൃദയമോടെ തന്റെ ജീവിതത്തിന്റെ കേന്ദ്രമായ ദിവ്യബലി ഭക്തിനിർഭരമായും, ഏകാഗ്രമായും, നിഷ്ഠയൊടും കൂടെയും അർപ്പിച്ചു. വി. കുർബാനയ്ക്കുശേഷം എല്ലാം മറന്ന്, ആത്മനാഥനിൽ ലയിച്ച് നീലറിൽ മുട്ടുകുത്തിനിന്ന് ഉപകാര സ്മരണ നടത്തിയിരുന്നു.

തന്റെ പൗരോഹിത്യ ജീവിതത്തിന്റെ അൻപതുവർഷവും മരണംവരെ അദ്ധ്യാത്മിക അനുഷ്ഠാനങ്ങൾ നിഷ്ഠയോടെ പാലിച്ചു. എത്ര യാത്രാക്ഷീണവും ഉറക്കവും ഉണ്ടായിരുന്നാലും പാതിരാത്രി കഴിഞ്ഞാലും കാല് വെള്ളത്തിൽ മുക്കിവച്ച് കഠിന ഉറക്കത്തെയും ക്ഷീണത്തേയും അതിജീവിച്ചിരുന്നു. പന്തം കത്തിച്ച് പിടിച്ച വെളിച്ചത്തിൽ യാമപ്രാർത്ഥന പൂർത്തിയാക്കിയ അവസരങ്ങൾ അച്ചന്റെ ജീവിതത്തിലുണ്ട്. പ്രാർത്ഥിക്കുന്ന സമയത്ത്, എന്തെങ്കിലും കാര്യത്തിനായി ആര് സമീപിച്ചാലും പ്രാർത്ഥനാ സമയം വെട്ടിക്കുറച്ച് മറ്റ് കാര്യത്തി

www.malankaralibrary.com





നായി വിനിയോഗിച്ചിരുന്നില്ല. ദൈവമഹത്വീകരണത്തിനും തന്റെ വിശുദ്ധീകരണത്തിനുമുള്ള പ്രാർത്ഥനയോടുള്ള പ്രതിബദ്ധത! ദിവ്യ ബലിയിൽ ലേഖനഭാഗം ആരെങ്കിലും മാറ്റിയോ, മറിച്ചോ, കൂട്ടിയോ, കുറച്ചോ, വായിക്കുവാനിടയായാൽ അതിന്റെ ഗൗരവം തന്റെ നോട്ട ത്തിലൂടെ ഉടൻതന്നെ മനസ്സിലാക്കിക്കൊടുത്തിരുന്നു എന്നു മാത്രമല്ല തിരുത്തിവായിപ്പിക്കുകയോ, സ്വയം വായിക്കുകയോ ചെയ്തിരുന്നു. തന്റെ ജീവിത നിയമമായിരുന്ന തിരുവചനങ്ങളോടുള്ള ഭക്ത്യാദരവിന്റെ പ്രതിഫലനമല്ലേയിത്? സുവിശേഷ വചനങ്ങൾ ഒന്നൊന്നായി ഉൾക്കൊണ്ട് അവ ജീവിതത്തിൽ പകർത്തി, വിശുദ്ധിയിൽ വളർന്ന്, അനുദിനം താൻ ധ്യാനിച്ച്, സൂക്ഷിച്ചു വീക്ഷിച്ച, തൊട്ടറിഞ്ഞ വച നത്തെ (1യോഹ. 1:1) ദൈവം നേരിട്ടു സംസാരിച്ചാലെന്നപോലെ ഹൃദയത്തിൽ ഏറ്റുവാങ്ങി വചനമായ യേശുവിനോട് കൂടുതൽ കൂടു തൽ ഐക്യപ്പെടുകയും അവിടുത്തെ അരൂപിയിൽ നയിക്കപ്പെടുകയും ചെയ്തു.

പുത്രസഹജമായ സ്നേഹാദരങ്ങളോടെ ഭയഭക്തി ബഹുമാ നത്തോടെ പരിശുദ്ധ അമ്മയെ വണങ്ങുകയും സ്നേഹിക്കുകയും ചെയ്തിരുന്ന അച്ചൻ എന്നും ഒരു മുഴുവൻ കൊന്ത ചൊല്ലാതെ ഉറങ്ങിയിരുന്നില്ലായെന്ന് ജീവചരിത്രം സാക്ഷിക്കുന്നു.

ദൈവത്തിനുള്ള സമയത്തിൽ നിന്ന് അരനിമിഷംപോലും ഞാൻ അപഹരിക്കുകയില്ലായെന്ന് ആ ധന്യാത്മാവിന് പറയാൻ സാധിച്ചു എങ്കിൽ അതിന്റെ അർത്ഥം ദൈവത്തിൽനിന്ന് പ്രാർത്ഥന യുടെ നിമിഷങ്ങളിൽ അശ്രദ്ധമായി, അലക്ഷ്യമായി, നിദ്രാലസമായ ആത്മാവോടെ അകന്നുമാറി പോകുന്നില്ല എന്നുകൂടെയല്ലേ? എന്തൊരു വിശ്വസ്തത! ഏന്തൊരു ധീരത! എത്ര വലിയ സ്നേഹം. ഹൃദയവും മനസ്സും പൂർണ്ണമായി ദൈവത്തിൽ നങ്കൂരമിട്ടിരിക്കുന്ന ഒരാൾക്കല്ലാതെ മറ്റാർക്ക് ഇങ്ങനെ പറയാൻ സാധിക്കും. ദൈവത്തോടുകൂടെ ആയിരി ക്കുന്ന സമയം അവിടുത്തെ സ്നേഹം സ്വീകരിക്കുകയും കൊടുക്കു കയും ചെയ്തുകൊണ്ട് സ്നേഹത്താൽ കത്തിജ്വലിക്കുന്നു. ആ സ്നേഹ ത്തിന്റെ കവിഞ്ഞൊഴുകലായിരുന്നു തന്റെ പ്രേഷിത ദൗത്യം. ഏറ്റം വിശ്വസ്തതയോടെയുള്ള ആത്മീയ ജീവിതം മുപ്പതും അറുപതും നൂറുമേനി ഫലം പുറപ്പെടുവിച്ച് അനേകരെ ദൈവമക്കളാക്കിതീർത്തു. പ്രിയപ്പെട്ട സ്ഥാപക പിതാവിനെപ്പോലെ എന്തു വിലകൊടുത്തും

www.malankaralibrary.com



ത്യാഗത്തോടെ, നിഷ്ഠയോടെ, എന്റെ പ്രഥമ ലക്ഷ്യമായ ദൈവാനുഭവത്തിൽ ആഴപ്പെടുത്തുന്ന ആദ്ധ്യാത്മികാഭ്യാസങ്ങൾ നിർവഹിക്കുവാൻ ഞാൻ ഉത്സുകയാണോ? എന്റെ ജീവിതത്തിൽ പ്രഥമസ്ഥാനം ദൈവസമ്പാദനത്തിനോ, അതോ, സേവനങ്ങൾക്കോ?

സ്ഥാപകപിതാവിന്റെ ദൈവത്തിനുള്ള സമയത്തോടുള്ള വിശ്വസ്തത ആത്മീയ പുത്രിയായ എന്റെ ജീവിതത്തിൽ എങ്ങനെ പാലിക്കപ്പെടുന്നു. യേശുവിനെ സ്നേഹിക്കാനും യേശുവിൽ ജീവിക്കാനും യേശുവിൽ സഹോദരങ്ങളെ ശുശ്രൂഷിക്കുവാനും വേണ്ട ശക്തിയും ആത്മീയ ഊർജ്ജവും ആർജിച്ചെടുക്കേണ്ട പ്രാർത്ഥന-ധ്യാന നിമിഷങ്ങളോട് ഞാൻ വിശ്വാസ്തയോ?

**ആത്മഭാഷണം**

നിരന്തരം ദൈവവുമായി സമ്പർക്കത്തിലായിരുന്ന യേശുനാഥാ, ദൈവത്തിന് നൽകേണ്ട സമയത്തിൽനിന്ന് അര നിമിഷം പോലും ഞാൻ അപഹരിക്കുകയില്ലെന്നു ജീവിതത്തിലൂടെ സാക്ഷിച്ച ഞങ്ങളുടെ സ്ഥാപക പിതാവിന്റെ ജീവിതത്തിലൂടെ കടന്നു പോയപ്പോൾ എനിക്ക് നൽകിയ ആത്മീയ വെളിച്ചത്തിന് അവബോധങ്ങൾക്ക് അവിടുത്തേക്ക് നന്ദി പറയുന്നു.

യേശുനാഥാ, അങ്ങയുടെ മുമ്പിൽ ആയിരിക്കുന്ന ഞാൻ അങ്ങയെ ശ്രവിക്കുന്നു. വല്യച്ചന്റെ ആത്മീയ പുത്രി എന്ന നിലയിൽ അദ്ദേഹത്തിന്റെ ദൈവീകബന്ധവും നിന്റെ എന്നോടുള്ള ബന്ധവും തമ്മിൽ എന്ത് പൊരുത്തമാണുള്ളത്? പ്രാർത്ഥനാ ജീവിതത്തിന് മാതൃകയും പ്രചോദനവും മാർഗ്ഗ ദർശിയുമായ നിന്റെ സ്ഥാപക പിതാവിന്റെ ജീവിതം നിന്റെ മുമ്പിൽ ഒരു ചോദ്യചിഹ്നമല്ലേ? ആ മാതൃക അനുകരിക്കുവാനോ, ആ പ്രചോദനം ഉൾക്കൊള്ളുവാനോ, ആ മാർഗ്ഗദർശനം സ്വീകരിക്കുവാനോ നീ തയ്യാറാകാത്തതെന്ത്? എന്നോടെപ്പമായിരിക്കുവാൻ എന്ത് ത്യാഗം സഹിക്കുവാനും ഒക്കെയുള്ള അച്ചന്റെ സന്നദ്ധത ചിന്തിപ്പിക്കേണ്ടതല്ലേ?

എന്റെ നാഥാ, എന്റെ പ്രാർത്ഥനാ ജീവിതത്തോടുള്ള മനോഭാവത്തെ പൂർണ്ണമായി വിശുദ്ധീകരിക്കണമേ. ഞാൻ പലപ്പോഴും അലസമായി, നിദ്രാലസമായ ആത്മാവോടെ, അശ്രദ്ധമായി തിരുസന്നിധിയിൽ ചിലവഴിച്ചിട്ടുണ്ട്. സ്ഥാപകപിതാവിന്റെ ദൈവത്തിനുള്ള

www.malankaralibrary.com





സമയത്തോടുള്ള വിശ്വസ്തത എന്റെ ജീവിതത്തിലും പകർത്തുവാൻ ശക്തിപ്പെടുത്തണമേ. യാമപ്രാർത്ഥനയുടെ സമയങ്ങളിൽ വിശ്വസ്തത പുലർത്താതിരുന്നതിനും, വ്യക്തിപരമായ പ്രാർത്ഥനാ നിമിഷങ്ങൾ അലക്ഷ്യമായി ചിലവഴിച്ചതിനും, ധ്യാനസമയം പല വിചാരത്താലും ഉറക്കത്തിലും നഷ്ടപ്പെടുത്തിയതിനും മാപ്പ്! ഇനിയുള്ള എന്റെ പ്രാർത്ഥനാ ജീവിതത്തിൽ അങ്ങ് എത്ര നല്ലവനാണ് എന്ന് രുചിച്ചറിയുവാൻ, അല്പംപോലും സമയം നഷ്ടമാക്കാതെ ആ സ്നേഹത്തിൽ ലയിച്ചിരിക്കുവാനുള്ള കൃപ എനിക്ക് തരണമേ. ഞാൻ ആയിരിക്കുന്ന അവസ്ഥയിൽ എന്റെ ഹൃദയത്തെ കാണുന്ന നാഥാ പൂർണ്ണമായ ഒരു നവീകരണം ആഗ്രഹിച്ചുകൊണ്ട് വല്യച്ചന്റെ ദൈവത്തോടുള്ള സമയനിഷ്ഠ എന്റെ വ്യക്തി ജീവിതത്തിലും കരുപ്പിടിപ്പിക്കുവാൻ അനുഗ്രഹിച്ചാലും.

**പ്രായോഗിക തീരുമാനം :** എന്റെ അനുദിന ധ്യാനം ഒരുങ്ങി നന്നായി നടത്തും. ഒരിക്കലും മുടക്കം വരുത്തുകയില്ല.

**അനുസ്മരണ വാക്യം :** "ദൈവത്തോട് ചേർന്ന് നിൽക്കുവിൻ, അവിടുന്ന് നിങ്ങളോടും ചേർന്നു നിൽക്കും" (യാക്കോ.4:8).

www.malankaralibrary.com

# 23

## കൈപിടിച്ചുനടത്തുന്ന സ്നേഹം

**"കർത്താവെ അങ്ങയുടെ ഇഷ്ടം നിറവേറട്ടെ. എനിക്ക് യാതൊരു പ്ലാനും പദ്ധതിയുമില്ല. കർത്താവ് എന്റെ കൈയ്ക്കു പിടിച്ചു നടത്തുന്നു. ഈ ചിന്ത നിരന്തരം നമ്മെ നയിക്കണം".**

**ധ്യാന പശ്ചാത്തലം**

മാതാവിന്റെ മടിയിൽ ശാന്തനായി കിടക്കുന്ന ശിശുവിനെയെന്നപോലെ ഞാൻ എന്നെത്തന്നെ ശാന്തനാക്കി. ശാന്തമായി ഉറങ്ങുന്ന ശിശുവിനെപ്പോലെയാണ് എന്റെ ആത്മാവ് (സങ്കീ. 131:2). സങ്കീർത്തകന്റെ ഈ അനുഭവത്തിലേക്ക് നമ്മുടെ വല്യച്ചൻ വളർന്നതുപോലെ വളരാൻ ആഗ്രഹിച്ചുകൊണ്ട് ശാന്തമായി, സ്വസ്ഥമായി തിരുസാന്നിധ്യസുഖം അനുഭവിച്ചുകൊണ്ട് ആയിരിക്കാം. വ്യക്തിത്വത്തിന്റെ എല്ലാ മേഖലകളും വിശുദ്ധീകരിച്ച് വചനവിത്ത് വിതയ്ക്കാൻ നമ്മുടെ ഹൃദയവയൽ സജ്ജമാക്കാം. പരി. അമ്മയെപ്പോലെ നൂറുമേനി വിളവുനൽകാൻ കൃപയ്ക്കായി ദാഹിച്ച് പ്രാർത്ഥിക്കാം. കർത്താവിന്റെ കരവലയത്തിലായിരിക്കുന്ന അനുഭവത്തിലേക്ക് കടന്നു വരാം. അവിടുത്തെ സ്നേഹവാത്സല്യങ്ങൾ എന്നെ പൊതിയുന്നു. ആ നെഞ്ചിന്റെ ചൂടും ഊഷ്മള സ്നേഹവും എന്നെ വലയം ചെയ്തിരിക്കുന്നു. ഈ അനുഭവത്തോടെ വല്യച്ചനോട് ചേർന്ന് പിതൃസൂക്തം 23 ഉരുവിട്ട് ഹൃദയതലത്തിൽ എത്തിക്കുന്നു. ഹൃദയത്തിന്റെ ഉൾക്കണ്ണു തുറക്കാൻ പരി. ആത്മനിറവിനായി ദാഹിച്ചു പ്രാർത്ഥിക്കാം.

ദൈവമേ റൂഹായേ നീ
വേഗം എഴുന്നരുൾക
ഞങ്ങൾ തൻ ഹൃദയത്തിൽ
ദിവ്യ സ്നേഹാഗ്നി വീശി

നിൻ തിരുദാനങ്ങളാൽ
സന്തതം മാനസങ്ങൾ
സംശുദ്ധമാക്കീടുക
സർവ്വേശാ സ്നേഹരൂപ

www.malankaralibrary.com


നന്മയെ സ്നേഹിപ്പാനും
തിന്മയെ ദ്വേഷിപ്പാനും
അങ്ങേ പ്രകാശമേകൂ
ഞങ്ങൾക്കു നാൾക്കുനാളിൽ

**സൂക്തസന്ദേശം :** കർത്താവെ അങ്ങയുടെ ഇഷ്ടം നിറവേറട്ടെ. എനിക്കു യാതൊരു പ്ലാനും പദ്ധതിയും ഇല്ല. കർത്താവ് എന്റെ കൈയ്ക്കു പിടിച്ച് നടത്തുന്നു. ഈ ചിന്ത നിരന്തരം നമ്മെ നയിക്കണം. കർത്താവ് അരുൾച്ചെയ്യുന്നു. "നിങ്ങളെക്കുറിച്ചുള്ള പദ്ധതി എന്റെ മനസിലുണ്ട്. നിങ്ങളുടെ നാശത്തിനല്ല ക്ഷേമത്തിനുള്ള പദ്ധതിയാണത്. നിങ്ങൾക്ക് ശുഭമായ ഭാവിയും പ്രത്യാശയും നൽകുന്ന പദ്ധതി" (ജെറ. 29:11). "എന്നെ അയച്ചവന്റെ ഇഷ്ടം പ്രവർത്തിക്കുകയും അവന്റെ ജോലി പൂർത്തിയാക്കുകയുമാണ് എന്റെ ഭക്ഷണം" (യോഹ. 4:34). "ദൈവത്തിന്റെ ശക്തമായ കരത്തിൻ കീഴ് നിങ്ങൾ താഴ്മയോടെ നില്ക്കുവിൻ. അവിടുന്ന് തക്കസമയത്ത് നിങ്ങളെ ഉയർത്തിക്കൊള്ളും. നിങ്ങളുടെ ഉത്കണ്ഠകളെല്ലാം അവിടത്തെ ഏല്പിക്കുവിൻ. അവിടുന്ന് നിങ്ങളുടെ കാര്യത്തിൽ ശ്രദ്ധാലുവാണ് (1പത്രോ.5:6,7).

അവനവനിൽ ആശ്രയിക്കുന്നവനാണ് സ്വന്തമായി പ്ലാനും പദ്ധതിയും രൂപപ്പെടുത്തുന്നത്. അതിന് അതിന്റേതായ ഒരു സുഖവും സന്തോഷവും സംതൃപ്തിയുമുണ്ട്. എന്നാൽ ഈ പ്ലാനും പദ്ധതിയും ഉണ്ടാകുന്ന മുനഷ്യൻ തന്റെ അല്പത്വത്തെക്കുറിച്ച് അല്പംപോലും ബോധ്യമില്ലാത്തവനാണ്. അടുത്ത നിമിഷം താൻ ജീവിച്ചിരിക്കുമോ എന്നുപോലും അറിയാൻ കഴിയാത്ത അജ്ഞൻ. ജീവിച്ചിരുന്നാൽ തന്നെയും തന്റെ പദ്ധതിക്ക് എത്ര ആയുസ്സുണ്ടെന്നും അയാൾക്കറിയില്ല. എങ്കിലും മനുഷ്യ പ്രകൃതി തനിക്കജ്ഞാതമായ കാര്യങ്ങളെക്കുറിച്ചുപോലും വലിയ മനക്കോട്ട കെട്ടുന്നു.

നേരെമറിച്ച് തന്റെ നിസാരതയും ശൂന്യതയും തിരിച്ചറിയുന്ന മനുഷ്യൻ, തന്നെ രൂപപ്പെടുത്തിയവന്റെ മനസറിയാൻ കൃപലഭിച്ച ജ്ഞാനി, വളരെ വിദഗ്ധമായി ദൈവതൃക്കരങ്ങളിലേക്കു തന്നെത്തന്നെ വെച്ചുകൊടുക്കുന്നു. കാരണം തന്റെ ആലോചനകളെക്കാൾ, തീരുമാനങ്ങളെക്കാൾ എത്രയോ മടങ്ങ് ദൈവത്തിന്റെ ആലോചനകൾ തീരുമാനങ്ങൾ ശ്രേഷ്ഠവും തനിക്കേറ്റം അനുഗ്രഹപ്രദവുമാണെന്ന് അവനറിയുന്നു. ഇത് വിശ്വാസം എന്ന പുണ്യം നൽകുന്ന കരുത്താണ്.

www.malankaralibrary.com


കണ്ണടച്ച് ദൈവത്തിൽ വിശ്വസിക്കുന്നു. ഇത് അചഞ്ചലമായ ഒരു വിശ്വാസം ദൈവത്തിലർപ്പിക്കുവാൻ കഴിഞ്ഞു എന്നതാണ് ആ ജീവിത വിജയ രഹസ്യം. ചെറുപ്പം മുതലേ ആർജിച്ച വിശ്വാസജീവിതം അതി നോടു പുലർത്തിയ വിശ്വസ്തത തിരുസഭാമാതാവ് നിൽകിയതെല്ലാം സന്തോഷത്തോടെ ഉൾക്കൊണ്ട നല്ല പുത്രൻ, സർവ്വോപരി തിരുവച നത്തിലൂടെ തന്നോടു സംസാരിച്ച ദൈവത്തോടുള്ള അതിവിശ്വസ്തത. ഇതെല്ലാം ചേർന്നപ്പോൾ ഒരു കൊച്ചുകുഞ്ഞിനെപ്പോലെ ദൈവ തൃക്കരങ്ങളിലേക്ക് കയ്യാളിക്കാൻ വല്യച്ചനു യാതൊരു ബുദ്ധി മുട്ടും ഉണ്ടായിരുന്നില്ല.

നിങ്ങളെക്കുറിച്ചുള്ള പദ്ധതി എന്റെ മനസ്സിലുണ്ട്. നിങ്ങളുടെ നാശത്തിനല്ല, ക്ഷേമത്തിനുള്ള പദ്ധതിയാണത്. നിങ്ങൾക്ക് ശുഭമായ ഭാവിയും പ്രത്യാശയും നൽകുന്ന പദ്ധതി (ജെറ. 29:11). ഈ തിരുവ ചനം അതുപോലെ വിശ്വസിച്ചതുകൊണ്ടല്ലേ സ്വന്തമായി ഒരു പ്ലാനും പദ്ധതിയും ഉണ്ടാക്കിയെടുക്കാൻ വല്യച്ചൻ സമയം മെനക്കെടുത്താതി രുന്നത്. “ദൈവമേ അവിടുത്തെ ഇഷ്ടം നിറവേറ്റാൻ ഇതാ ഞാൻ വന്നിരിക്കുന്നു” (ഹെബ്രാ. 10:7) എന്നുദ്ഘോഷിച്ച ദിവ്യ ഈശോയുടെ ജീവിതം ഒപ്പിയെടുക്കുന്നതിലായിരുന്ന അച്ചന്റെ ശ്രദ്ധമുഴുവനും. ആഴ ത്തിൽ കുഴിച്ച് പാറമേൽ അടിസ്ഥാനമിട്ട് ഭവനം പണിത (ലൂക്കാ 6:47,48) വിവേകമതിയായ ജ്ഞാനിയായിരുന്നു നമ്മുടെ പ്രിയതാതൻ. സ്വന്ത മായി ഒരു പ്ലാനുമില്ലാതെ അതാതു നിമിഷം ദൈവഹിതം മാത്രം തേടി ജീവിക്കുക അത്ര എളുപ്പമല്ല. ആഴമായ ദൈവാശ്രയമുള്ള ഒരു വ്യക്തിക്ക് മാത്രമേ അപ്രകാരമൊരു ജീവിതശൈലി രൂപപ്പെടുത്താൻ കഴിയുകയുള്ളൂ. കർത്താവേ അങ്ങയുടെ ഇഷ്ടം നിറവേറട്ടെ, എനിക്കു യാതൊരു പ്ലാനും പദ്ധതിയുമില്ല. തന്റെ വിലപ്പെട്ട ജീവിതം ദൈവതൃ ക്കരങ്ങളിൽ അർപ്പിച്ചുകൊണ്ട് പ്രാർത്ഥനയിലൂടെ ആ അക്ഷയ നിധി യുടെ സമ്പത്തുകണ്ടെത്തി. ദൈവമാകുന്ന അനശ്വര നിക്ഷേപത്തെ സ്വന്തമാക്കി, സ്വന്തമായ പ്ലാനും പദ്ധതിയും രൂപപ്പെടുത്തി, ദിവാസ്വ പ്നങ്ങൾ കണ്ട് ആകുലതയിലും ഉത്കണ്ഠയിലും മുഴുകി സമയം മെനക്കെടുത്താൻ മാത്രം ബുദ്ധിഹീനനായിരുന്നില്ല നമ്മുടെ വല്യച്ചൻ. സർവ്വശക്തൻ, സർവ്വജ്ഞാനി കൂടെയുള്ളപ്പോൾ എന്തിനീ പാഴ്‌വേല. കാറ്റ് അതിനിഷ്ടമുള്ളിടത്തേക്ക് വീശുന്നു. ഇതുപോലെയാണ് ആത്മാ വിൽ നിന്നു ജനിക്കുന്ന ഏവരും (യോഹ. 3:8) സ്വർഗ്ഗപിതാവിന്റെ

www.malankaralibrary.com



മനസ്സറിഞ്ഞു (1കോറി. 2:16) ജീവിച്ച ഈ പ്രിയമകൻ, പരിശുദ്ധാത്മ നിയന്ത്രണങ്ങൾക്കു തന്നെത്തന്നെ വിട്ടുകൊടുത്തു എല്ലാം ദൈവീക പ്രവൃത്തികളാക്കി മാറ്റി.

ദൈവത്തിൻ വിശ്രമം കണ്ടെത്തിയ വല്യച്ചൻ (സങ്കീ. 131:2) സ്വർഗ്ഗീയ ജ്ഞാനത്തിന്റെ ഉപാസകൻ, വയലിൽ ഒളിച്ചുവച്ച നിധി കണ്ടെത്തിയവനെപ്പോലെ ആനന്ദ തുന്ദിലൻ ദൈവം ആരെന്നും താൻ ആരെന്നും ഉള്ള വ്യക്തമായ അവബോധത്തിലേക്കു വളർന്ന ജ്ഞാനി. സ്വർഗ്ഗത്തിൻ നിക്ഷേപം കണ്ടെത്തിയ യഥാർത്ഥ ധനികൻ. ഒരു കൊച്ചു കുഞ്ഞിന്റെ സ്വാതന്ത്ര്യത്തോടെ ഹൃദയാനന്ദത്തോടെ ഉദ്ഘോഷിച്ചു. “ദൈവമെ അങ്ങയുടെ ഹിതം നിറവേറട്ടെ. എനിക്കു യാതൊരു പ്ലാനും പദ്ധതിയുമില്ല” നിവൃത്തികേടുകൊണ്ട് പറഞ്ഞുപോയതല്ല; ബുദ്ധി യുടെ വാചക കസർത്തുമല്ല. അമ്മയുടെ മടിയിലിരിക്കുന്ന കുഞ്ഞിനെപ്പോലെ പരിപൂർണ്ണസ്വാതന്ത്ര്യം ജീവിതത്തിലടനീളം അനു ഭവിച്ച വല്യച്ചൻ. തന്റെ ജീവിത സമർപ്പണത്തിന്റെ ആകെത്തുകയായി മക്കൾക്കു വിളിമ്പിത്തരുന്നു. “കർത്താവേ അങ്ങയുടെ ഇഷ്ടം നിറ വേറട്ടെ. എനിക്ക് യാതൊരു പ്ലാനും പദ്ധതിയുമില്ല...” അദ്ദേഹം തീർച്ച യായും ദൈവതൃക്കരങ്ങളിലെ ഒരു എളിയ ഉപകരണമായി തന്നെ ത്തന്നെ വച്ചുകൊടുത്തു; പിതാവിന്റെ കരവലയത്തിലേക്ക് ആത്മവി ശ്വാസത്തോടെ തന്നെത്തന്നെ വച്ചുകൊടുക്കുന്ന കുഞ്ഞുമകനെപ്പോ ലെ. അങ്ങനെ ‘സ്വർഗരാജ്യത്തിന്റെ ശിശുവായി’ (മത്താ. 18:3,4) മാറി ആജാനുബാഹുവായ ഈ മനുഷ്യൻ ഒരു ശിശുവിനോളം സ്വയം ചെറുതായവൻ. കർത്താവ് എന്റെ കരം പിടിച്ചു നടത്തുന്നു എന്ന് വിശ്വസിച്ച് ജീവിച്ചവൻ.

മാതൃകരങ്ങളിൽ അള്ളിപ്പിടിച്ചിരിക്കുന്ന കുഞ്ഞിന് അമ്മയുടെ കരം താങ്ങുവോളം ഒരു അസ്വസ്ഥതയുണ്ട്. എന്നാൽ അമ്മ അതിനെ താങ്ങിപ്പിടിച്ചാലോ കരം പിടിച്ച് നടത്തിയാലോ..... കുഞ്ഞ് എത്ര സ്വാ തന്ത്രനാണ്. അവന് യാതൊരു ഭയവും ആശങ്കയുമില്ല. ഒന്നിനെക്കു റിച്ചും ആകുലതയില്ല. പരാതിയൊ, പരിഭവമോ ഇല്ല. ജീവിത വഴിക ളിൽ കടന്നുവരുന്നതെല്ലാം ദൈവീക പദ്ധതിയുടെ വിശുദ്ധ പാത്ര ങ്ങളും വിശുദ്ധ നിമിഷങ്ങളുമാണ്. വല്യച്ചനെല്ലാം വിശുദ്ധമായിരുന്നു. എല്ലാവരും ബഹുമാന്യരും തന്നെക്കാൾ ശ്രേഷ്ഠരും. വല്യച്ചൻ

www.malankaralibrary.com


അടുത്തുനിന്നാൽ ആ ആനന്ദവും ആത്മീയ സ്വാതന്ത്ര്യവും മനശക്തിയും നമ്മിലേയ്ക്കൊഴുകിയിറങ്ങുന്ന അനുഭവം. അധികമൊന്നും അച്ചൻ ഉരിയാടേണ്ട, ആ സമാധാനം നദിപോലെ നമ്മിലേക്ക് ഒഴുകും. വലിയ ഒരു വിശുദ്ധന്റെ മക്കളാണല്ലോ നാം. ദൈവമെ നന്ദി, ദൈവമെ സ്തോത്രം... ദൈവമെ ആരാധന.

കർത്താവ് എന്റെ കരം പിടിച്ച് നടത്തുന്നു. മക്കളായ നമ്മളും വല്യച്ചനെപ്പോലെ ഈ ചിന്തയിൽ നിരന്തരം വ്യാപരിക്കണമെന്ന് വല്യച്ചൻ ആഗ്രഹിക്കുന്നു ഈശോയും. എനിക്കും ഈ ആത്മീയ സ്വാതന്ത്ര്യം അനുഭവിക്കണം, ആനന്ദത്തിന്റേ സാക്ഷിയാകണം, സ്വർഗ രാജ്യത്തിന്റെ ശിശുവായി മാറണം.

**ആത്മഭാഷണം**

ഓ എന്റെ ദൈവമെ, എന്റെ സ്നേഹമെ! ആരാധ്യനായ രാജാവെ! കാരുണ്യമൂർത്തെ! സ്നേഹത്തിൽ അത്യുദാരനായ ദൈവമെ! ഏറ്റം നിസാരയും ദുർബലയുമെങ്കിലും ഞാനങ്ങയുടെ പിഞ്ചുപൈതലാണല്ലോ. ഞാനങ്ങയെ സ്നേഹിക്കുന്നു, ആരാധിക്കുന്നു, ഞാനങ്ങയെ വിശ്വസിക്കുന്നു, അങ്ങയിൽ മാത്രം ശരണപ്പെടുന്നു. അനന്തനന്മയും സർവ്വശക്തനുമായ ദൈവമെ. തന്റെ സകല മക്കൾക്കും വേണ്ടി ഏറ്റം മനോഹരമായി സർവ്വതും ഒരുക്കിവച്ച സ്വർഗ്ഗീയതാതാ, പാപിയും ചഞ്ചലയുമായ എന്റെ അല്പത്വത്തെ ബുദ്ധിഹീനതയെ ഓർത്ത് ഞാൻ തപിക്കുന്നു. സർവ്വസമ്പന്നനായ അങ്ങ് കൂടെയിരുന്നിട്ടും എനിക്കായി അങ്ങൊരുക്കിയ ഏറ്റം മനോഹരവും ശ്രേഷ്ഠവുമായ പ്ലാനും പദ്ധതിയും ആരായുകയൊ കണ്ടെത്തുകയോ ചെയ്യാത്ത ഹീനപാപിയാണു ഞാൻ. ദൈവീകജ്ഞാനത്തിൽ നിറഞ്ഞ ഞങ്ങളുടെ വല്യച്ചൻ, സകല മക്കൾക്കും വേണ്ടി അങ്ങൊരുക്കിയ മഹത്തായ പദ്ധതിയോടു സഹകരിച്ച് എത്ര മനോഹതമായി തന്റെ ജീവിതം പൂർത്തീകരിച്ചു. ദൈവഹിതം ജീവിത പ്രമാണമാക്കിയവർക്കേ ഈ വഴി വ്യക്തമാകൂ എന്ന തിരിച്ചറിവിലേക്ക് എന്നെ ആനയിച്ച ദൈവമെ അങ്ങേയ്ക്കൊരായിരം നന്ദി.

സ്വർഗ്ഗീയ പിതാവെ അങ്ങയുടെ സ്നേഹമസൃണമായ കരുതലും വാത്സല്യവും ഏറെ അനുഭവിച്ചിട്ടും അങ്ങയിൽ വളരെ

www.malankaralibrary.com


കുറച്ചുമാത്രം ആശ്രയിച്ചുവളർന്നു ഞാൻ. അങ്ങു നടത്തുന്ന വഴികളെ കാണാതെ എന്റേതായ വഴികളിലൂടെ ഞാൻ സഞ്ചരിച്ചു. എന്റേതായ പ്ലാനും പദ്ധതികളും ഞാൻ രൂപപ്പെടുത്തി. അതിന്റെ പൂർത്തീകരണത്തിനായി രാപ്പകൽ അത്യദ്ധ്വാനം ചെയ്തു. അവസാനം ശൂന്യത മാത്രം മിച്ചം. എന്നിട്ടും ഞാൻ പാഠം പഠിച്ചില്ലല്ലൊ ദൈവമെ. എന്റെ സമൂഹ സ്ഥാപകൻ..... ആ പുണ്യപിതാവിന്റെ മകളായിരിക്കുവാൻ എനിക്കെന്തു യോഗ്യത. ദൈവമെ അങ്ങയെകൂടാതെ ഒന്നും ചെയ്യാൻ കഴിയാത്ത വിധം എന്നെ ഏറ്റം ദുർബലയും അങ്ങയോടൊത്ത് എല്ലാ ചെയ്യാൻ കഴിയുന്നവിധം ഏറ്റം ശക്തയും ആക്കണമെ.

ഒരു സാധാരണ ഇടവകവികാരിയായി കാണപ്പെട്ട എന്റെ വന്ദ്യതാതൻ യഥാർത്ഥത്തിൽ ഒരു സന്യാസി ആയിരുന്നു. ആനന്ദത്തിന്റെ ഒളിമങ്ങാത്ത സാക്ഷിയായിരുന്നു. എന്നാൽ ഞാനോ? യഥാർത്ഥത്തിൽ ഞാനൊരു സമർപ്പിതയാണോ? ഹ.... എന്റെ വഴികളിലൂടെ സഞ്ചരിച്ച് ഉൽകണ്ഠയും ആകുലതയും പരിഭ്രാന്തിയും നിറഞ്ഞ് മനഃസമാധാനം നഷ്ടപ്പെടുത്തി എത്രനാളുകൾ ഞാൻ ജീവിച്ചു. സ്വർഗ്ഗം ഭൂമിയിൽ ജീവിക്കാനും അനുഭവിക്കാനും കിട്ടിയ സുന്ദമായ എന്റെ വിളി എന്റെ വല്യച്ചന്റെ ജീവിതം മാതൃകയാക്കി മനോഹരമാക്കിത്തീർക്കാൻ ഞാൻ ശ്രമിക്കേണ്ടതായിരുന്നു. ദിവ്യനാഥാ നിന്റെ കരങ്ങളിൽ പിടിച്ചുജീവിക്കുന്നതുതന്നെ എത്രയോ ഭാഗ്യമാണ്. അവിടുന്ന് എന്റെ കരം പിടിക്കാൻ സദാ സന്നദ്ധനാണെന്നും ആ ജീവിതം നൽകുന്ന ആത്മീയാനന്ദം എത്ര വലുതാണെന്നും വല്യച്ചന്റെ മുഖത്തുനിന്നും ഞാൻ വായിച്ചറിയുന്നു. ഒരു വാനമ്പാടിയെപ്പോലെ ജീവിതത്തിലെ ഏതു നിമിഷവും അങ്ങയെ വാനോളം പാടിപ്പുകഴ്ത്തുന്ന മധുരഗാനങ്ങൾ പാടിക്കൊണ്ട് ഹൃദയാനന്ദത്തോടെ നിറഞ്ഞ സമാധാനത്തോടെ എന്റെ വന്ദ്യതാതനെപ്പോലെ ജീവിതം തുടരാൻ ഞാൻ പ്രതിജ്ഞാബദ്ധയാകുന്നു.

ഒരു ശുശുവിനെപ്പോലെ തമ്പുരാന്റെ കരവലയത്തിലായിരുന്നുകൊണ്ട് അവിടുത്തെ പദ്ധതിയ്ക്കും പ്ലാനിനും അനുസരിച്ച് ജീവിതം ക്രമീകരിച്ച് തമ്പുരാന്റെ തിരുഹിതം നിറവേറ്റിയതിലുള്ള ചാരിതാർത്ഥ്യത്തോടെ ജീവിച്ച വല്യച്ചന്റെ അതിമനോഹരമായ ഒരു ദൃശ്യചിത്രം

www.malankaralibrary.com





എന്റെ മനസിൽ തെളിഞ്ഞുവരുന്നു. ജീവജലത്തിന്റെ അരുവിക്കരയിൽ നിൽക്കുന്ന നിറയെഫലങ്ങൾ പരിശുദ്ധാത്മ ഫലങ്ങൾ കായ്ച്ചു നിൽക്കുന്ന 80 വയസുള്ള ഒരു വടവൃക്ഷം (വെളി.22:1-2) ഒരു യഥാർത്ഥ മരിയമകൻ. മേരിമകളായ ഞാനും ഇപ്രകാരമുള്ള ഒരു വ്യക്തിത്വത്തിന് ഉടമയായിത്തീരണമെന്ന് അങ്ങെന്റെ ഹൃദയത്തോട് മന്ത്രിക്കുന്നത് ഞാൻ കേൾക്കുന്നു. നാഥാ കൃപതരണെ. സ്വർഗ്ഗീയസ്നേഹമെ അങ്ങ് ഈ മക്കൾക്കുവേണ്ടി ഒരുക്കിവച്ചിരിക്കുന്നത് കണ്ണുകണ്ടിട്ടില്ലല്ലോ. കാതു കേട്ടിട്ടില്ലല്ലോ... മനുഷ്യ ഹൃദയം ആസ്വദിച്ചിട്ടില്ലല്ലോ....
ഈ ദൈവാനുഭവത്തിൽ ഏറെനേരം ഞാൻ ലയിച്ചിരിക്കട്ടെ.

**പ്രയോഗിക തീരുമാനം**

അനുദിനം ഓരോപ്രവൃത്തി ചെയ്യുന്നതിനു മുൻപും പിതൃസൂക്തം 23 പ്രാർത്ഥനയാക്കും. ജീവിക്കും.

**അനുസ്മരണാവാക്യം**

കർത്താവെ അങ്ങയുടെ പ്ലാനും പദ്ധതിയും എന്നിൽ നിറവേറട്ടെ. അങ്ങയുടെ തിരുഹിത പൂർത്തീകരണമാണ് എന്റെ ഹൃദയാനന്ദം.

www.malankaralibrary.com

# 24

## സുവർണ്ണ സന്ദേശം

**"നാം വിതയ്ക്കുന്നത് കൊയ്യും. എല്ലാവരിലും സ്നേഹം വിതയ്ക്കുന്നവൻ എല്ലാവരുടേയും സ്നേഹഭാജനമാകും. എല്ലാവരേയും വിശ്വസിക്കുന്നവൻ എല്ലാവരുടേയും ആത്മസുഹൃത്താകും. നിയമം കൊണ്ടു ഭരിക്കാതെ സ്നേഹം കൊണ്ട് നയിക്കുക"**

**ധ്യാന പശ്ചാത്തലം**

ബാഹ്യമായ കണ്ണുകൾ അടച്ചു മനസ്സിനേയും ഹൃദയത്തേയും ഏകാഗ്രമാക്കി നിശബ്ദതയുടെ ആഴങ്ങളിലേക്ക് നമുക്ക് കടക്കാം. തിരുമുഖം ദർശിക്കുവാൻ നമ്മുടെ അകമിഴികളേയും തിരുമൊഴി കേൾക്കുവാൻ നമ്മുടെ ആന്തരിക കർണ്ണങ്ങളേയും തുറക്കാം. നമ്മുടെ ശരീരവും മനസ്സും ഹൃദയവും ആത്മാവും ആ പവിത്ര സാന്നിധ്യത്തിൽ ലയിച്ചിരിക്കട്ടെ. എന്റെ ആധികാരിക വിശുദ്ധ സ്ഥലമായ ഹൃദയത്തിന്റെ കേന്ദ്രബിന്ദുവായ എന്റെ രക്ഷകനും നാഥനുമായി ഞാൻ പൂജിക്കുന്ന യേശുനാഥന്റെ സമ്പൂർണ്ണസൗന്ദര്യം ദർശിക്കാനുള്ള ആന്തരിക സുതാര്യത നൽകണമേയെന്ന് പ്രാർത്ഥിക്കാം. നിശബ്ദ സ്നേഹത്തിന്റെ ആഴങ്ങളിലേക്ക് കടക്കാം.

പരിശുദ്ധാത്മാവേ സഹായകാ
നിരന്തരമെന്നെ സഹായിക്കണേ
നിത്യവും കൂടെ വസിക്കുന്നോനെ
അഭിഷേകത്തിൻ അഗ്നി നിറച്ചീടേണേ
ആത്മീയ ശക്തി അഭിഷേക അഗ്നി
എന്നിൽ നിറഞ്ഞ് കവിയണമെ
സെഹിയോനിൽ നിറഞ്ഞ ദൈവാത്മാവേ
എന്നിൽ കത്തിപടരണമേ

**സൂക്തസന്ദേശം**

നാം വിതയ്ക്കുന്നത് കൊയ്യും. എല്ലാവരിലും സ്നേഹം വിതയ്ക്കുന്നവൻ എല്ലാവരുടേയും സ്നേഹഭാജനമാകും. എല്ലാവരേയും വിശ്വസിക്കുന്നവൻ എല്ലാവരുടേയും ആത്മ സുഹൃത്താകും. നിയമം കൊണ്ട് ഭരിക്കാതെ സ്നേഹം കൊണ്ട് നയിക്കുക. ജീവിതത്തിൽ വേദന സഹിച്ചിട്ടില്ല, വെറുപ്പ് അനുഭവിച്ചിട്ടില്ല എന്നു പറയുന്ന

www.malankaralibrary.com



വല്യച്ചന്റെ സൂക്തമൊഴികളാണിത്. ഇല്ലായ്മയിൽ നിന്ന് മേരിമക്കൾ സന്യാസിനി സമൂഹത്തിന് ജന്മം നൽകിയ സ്ഥാപകപിതാവിന്റെ ജീവിതം തികച്ചും സ്നേഹസമ്പന്നമായിരുന്നു എന്നതിന്റെ തെളിവാർന്ന ഈ സന്ദേശത്തിൽ നമുക്കൊന്ന് മനസ്സിരുത്താം. സ്നേഹം വിതച്ച് സ്നേഹം കൊയ്ത്, വിശ്വസിച്ച് എല്ലാവരുടേയും ആത്മസുഹൃത്തായ, സ്നേഹപ്രമാണം സ്വന്തം ജീവിതത്തിൽ ചാലിച്ചുചേർത്ത ഒരു ധന്യാത്മാവിന്റെ സ്നേഹമൂറുന്ന വചസ്സുകളാണിവ. ഇതിലൂടെ നമുക്ക് നമ്മെത്തന്നെ വിധിക്കാം. വിലയിരുത്താം. മുൻവിധിയോ പരചിന്തയോ കൂടാതെ അവനവനെത്തന്നെ വിധിക്കുവാനായി മേലുദ്ധരിച്ച പിതൃസൂക്തം നമുക്ക് ധ്യാനവിഷയമാക്കാം.

ചിന്തോദ്ദീപകമായ ഒരു കൊച്ചുകഥ: സ്വന്തം അമ്മയോട് ദേഷ്യം തോന്നിയ ഒരു കുട്ടി 'ഞാൻ നിന്നെ വെറുക്കുന്നു, ഞാൻ നിന്നെ വെറുക്കുന്നു' എന്ന് അലറി വിളിച്ച് പറഞ്ഞുകൊണ്ട് വീട്ടിൽ നിന്ന് ഇറങ്ങിയോടി. അവൻ ഒരു താഴ്വരയിൽ എത്തിച്ചേർന്നു. എന്നിട്ടവൻ ഉച്ചസ്വരത്തിൽ വിളിച്ചു പറഞ്ഞു 'ഞാൻ നിന്നെ വെറുക്കുന്നു, ഞാൻ നിന്നെ വെറുക്കുന്നു അപ്പോൾ പ്രതിധ്വനി ഉണ്ടായി 'ഞാൻ നിന്നെ വെറിക്കുന്നു, ഞാൻ നിന്നെ വെറുക്കുന്നു' ഈ പ്രതിധ്വനികേട്ട് ഭയചകിതനായ കുഞ്ഞ് സുരക്ഷിതത്വത്തിനായി സ്വന്തം അമ്മയുടെ അടുക്കൽ അഭയം തേടി. അവൻ അമ്മയോട് പറഞ്ഞു അമ്മേ ആ താഴ്വരയിൽ ഒരു ചീത്തക്കുട്ടി 'ഞാൻ നിന്നെ വെറുക്കുന്നു' എന്ന് വിളിച്ചു പറയുന്നുണ്ട്. എല്ലാം മനസ്സിലാക്കിയ ആ വത്സല മാതാവ് തന്റെ പ്രിയ പുത്രനോട് പറഞ്ഞു. എന്റെ മോൻ ആ താഴ്വരയിൽ ചെന്ന് 'ഞാൻ നിന്നെ സ്നേഹിക്കുന്നു, ഞാൻ നിന്നെ സ്നേഹിക്കുന്നു' എന്ന് ഉറക്കെപ്പറയുക. ആ ബാലൻ പോയി ഉറക്കെ പറഞ്ഞു. ഞാൻ നിന്നെ സ്നേഹിക്കുന്നു, ഞാൻ നിന്നെ സ്നേഹിക്കുന്നു. അപ്പോൾ അതേ പ്രതിധ്വനി ഉണ്ടായി. അത് ഈ കുഞ്ഞിനെ ഒരു പാഠം പഠിപ്പിച്ചു. നമ്മുടെ ജീവിതവും ഒരു പ്രതിധ്വനി പോലെയാണ്. നമ്മൾ എന്ത് കൊടുക്കുന്നുവോ അത് തിരികെ കിട്ടും. ഈ കഥയുടെ യാഥാർത്ഥ്യം എന്തു തന്നെയായാലും ഈ കഥ നൽകുന്ന സന്ദേശം വിസ്മരിച്ചുകൂടാ.

മനുഷ്യൻ വിതയ്ക്കുന്നത് തന്നെ കൊയ്യും. എന്തെന്നാൽ സ്വന്തം ജഡത്തിനായി വിതയ്ക്കുന്നവൻ ജഡത്തിൽ നിന്ന് നാശം കൊയ്തെടുക്കും. ആത്മവിനായി വിതയ്ക്കുന്നവനാകട്ടെ ആത്മാവിൽ

www.malankaralibrary.com



നിന്ന് നിത്യജീവൻ കൊയ്തെടുക്കും എന്ന് ബൈബിളും നമ്മെ ഓർമ്മിപ്പിക്കുന്നു. മണ്ണിൽ ഗോതമ്പുവിതച്ചാൽ ഗോതമ്പ് ഉണ്ടാകും. നെല്ല് വിതച്ചാൽ നെല്ല് ഉണ്ടാകും. നമ്മുടെ ഹൃദയമാകുന്നവയലിൽ സ്നേഹം വിതച്ചാൽ സ്നേഹം പൂത്ത് തളിർക്കും. അങ്ങനെ നമുക്ക് എല്ലാവരുടെയും സ്നേഹഭാജനമായി മാറാം എന്ന് സാരം. സഹോദര സ്നേഹത്തിന്റെ വൈശിഷ്ട്യം വ്യക്തമാക്കിക്കൊണ്ട് നമ്മുടെ താതൻ ഉദ്ബോധിപ്പിച്ചതാണിത്. മൂല്യമേറിയ വാക്കുകളാൽ പരസ്നേഹത്തിൽ നിർമ്മിതമായ ത്യാഗനിർഭരവും മാംസളവുമായ ഹൃദയത്തിന്റെ ഭാഷ. നമ്മുടെ സ്ഥാപക പിതാവിന്റെ വ്യക്തിത്വം തികച്ചും സ്നേഹസമ്പന്നമാണെന്ന് നമുക്ക് മനസ്സിലാക്കാവുന്നതാണ്.

ആരെന്തു പറഞ്ഞാലും ഒരു പരാതിയും കൂടാതെ പുഞ്ചിരിച്ചുകൊണ്ട് അത് കേൾക്കുകയും സ്വീകരിക്കുയും സ്വന്തം ഉപയോഗസാധനങ്ങൾ മോഷ്ടിച്ചുകൊണ്ട് പോയാലും പരിഭവമോ പരാതിയോ പരനിന്ദയോ പറയാത്ത ആ മഹാത്മാവിന്റെ ജീവിതം നമുക്ക് വലിയ മാതൃക നൽകുന്നു. തുറക്കപെട്ട വാതിലും പൂട്ടില്ലാത്ത അലമാരയും ഇതിന് ഉദാഹരണമായിരുന്നല്ലോ.

ശത്രുമിത്രഭേദമെന്യേ നമ്മെ സ്നേഹിക്കുവരെന്നോ മനസ്സിനിണങ്ങുന്നവരെന്നോ നോക്കാതെ എല്ലാവരേയും സ്നേഹിക്കുന്ന വിശാല ഹൃദയത്തിന്റെ ഉടമയായ സ്ഥാപക പിതാവിന്റെ നിർമ്മലമായ, നിഷ്കളങ്കമായ സ്നേഹം നമ്മെ പ്രചോദിപ്പിക്കേണ്ടതല്ലേ? ഊഷ്മളമായ സഹോദര സ്നേഹം തന്റെ സ്വന്തം സമൂഹാംഗങ്ങളുടെ ഇടയിൽ കളിയാടണമെന്ന് വലിയ ആഗ്രഹവും സ്വപ്നവും നമ്മുടെ താതന് ഉണ്ടായിരുന്നു. അതുകൊണ്ടാണ് ഏതെങ്കിലും ഒരു ഭവനത്തിൽ ആരെങ്കിലും തമ്മിൽ പിണങ്ങിക്കഴിയുന്നു എന്നറിഞ്ഞാൽ അദ്ദേഹത്തിന്റെ ഹൃദയം വേദനിച്ചിരുന്നത്.

ക്രിസ്തു സ്വന്തം ജീവൻ നമുക്കുവേണ്ടി പരിത്യജിച്ചു എന്നതിൽ നിന്ന് സ്നേഹം എന്തെന്ന് നാം അറിയുന്നു. നമ്മളും സഹോദരങ്ങൾക്കുവേണ്ടി ജീവൻ പരിത്യജിക്കുവാൻ കടപ്പെട്ടിരിക്കുന്നു (1യോഹ. 3:16). വി. ഗ്രന്ഥം മുഴുവനും ദൈവസ്നേഹത്തിന്റെ ഹൃദയസ്പർശിയായ അനുഭവ കഥയാണെങ്കിൽ ഈ വലിയ സ്നേഹത്തിനുള്ള പ്രത്യുത്തരം ദൈവച്ഛായയും സാദൃശ്യവുമുള്ള സഹോദരങ്ങളെ സ്നേഹീക്കുന്നതിലൂടെ നൽകേണ്ടിയിരിക്കുന്നു. “ഞാൻ മനുഷ്യരുടെയും ദൈവദൂതൻമാരുടെയും ഭാഷകളിൽ സംസാരിച്ചാലും എനിക്ക്

www.malankaralibrary.com



സ്നേഹമില്ലെങ്കിൽ ഞാൻ മുഴങ്ങുന്ന ചേങ്ങലയോ, ചിലമ്പുന്ന കൈത്താളമോ ആണ്" (1 കോറി. 13:1). നമ്മുടെ പ്രിയതാതൻ നമ്മെ പഠിപ്പിക്കുന്നത് ഈ ലളിത സുന്ദരമായ സ്നേഹത്തിന്റെ ഭാഷയാണ്.

ദൈവസ്നേഹം എന്തെന്നറിയാത്ത ക്രിസ്തീയ വിശ്വാസത്തിന്റെ വെളിച്ചം ലഭിക്കാത്ത ഒരു ജനസഞ്ചയത്തിന്റെ മദ്ധ്യത്തിലേക്ക് ആർത്തരായി, ആലംബഹീനരായി, രോഗികളായി, പീഡിതരായി, ആരോരുമില്ലാവരായി കഴിഞ്ഞവരിൽ സജീവനായ ദൈവത്തെക്കാണുവാൻ അവർക്ക് സ്നേഹം പങ്കുവയ്ക്കുവാൻ വിശ്വസിച്ച് അവരുടെ ആത്മസുഹൃത്താകുവാൻ ആ മഹാത്മാവിന് കഴിഞ്ഞു. ക്രിസ്തുവിനോടുള്ള സ്നേഹത്താൽ ക്രിസ്തുവിനുവേണ്ടി എല്ലാവരേയും നേടുവാൻ എല്ലാവർക്കും എല്ലാമായിത്തീരുവാൻ ഈ കർമ്മയോഗിക്ക് സാധിച്ചു. ഈ സ്നേഹം കഷ്ടപ്പാടിലൂടെയും ബുദ്ധിമുട്ടിലൂടെയും പ്രതിസന്ധികളിലൂടെയും സഹനത്തിലൂടെയും കൂടുതൽ വ്യക്തമാക്കി. യേശു നിരന്തരം പിതാവിനോടുള്ള സമ്പർക്കത്തിൽ ആയിരുന്നതുപോലെ നമ്മുടെ വല്യച്ചനും നിരന്തരം യേശു സഹവാസത്തിലും സാമീപ്യത്തിലുമായിരുന്നു. യേശുവിനെപ്പോലെ രാത്രിയിൽ പ്രാർത്ഥന. പകൽ മുഴുവൻ വിശ്രമമില്ലാത്ത പ്രവർത്തനം. ഇതിൽ നിന്നുളവാകുന്ന ആത്മീയ ആനന്ദം വല്യച്ചൻ അനുഭവിച്ചിരുന്നു. നന്നായി ചിലവഴിച്ച ഒരു ദിനം സന്തോഷകരമായ ഉറക്കം കൊണ്ടു വരുന്നതുപോലെ നന്നായി ഉപയോഗിച്ച ജീവിതം സന്തോഷകരമായ മരണം കൊണ്ടു വരുന്നു എന്ന് ലിയനാർ ഡോ ഡാവിഞ്ചി പറഞ്ഞത് വല്യച്ചന്റെ ജീവിതത്തിൽ തികച്ചും അന്വർത്ഥമായി. നീതിമാന്റെ മരണം നിദ്രപോലെയാണെന്ന് ബൈബിൾ.

ദൈവസംസർഗ്ഗത്തിലൂടെ ലഭിച്ച ദൈവസ്നേഹം എല്ലാവരുമായി പങ്കുവച്ചപ്പോൾ വല്യച്ചൻ എല്ലാവരുടേയും സ്നേഹഭാജനമായി മാറി. സ്നേഹം കൊണ്ട് നയിച്ചാൽ മാത്രമേ സന്യാസ ഭവനങ്ങളിൽ യഥാർത്ഥ സാഹോദര്യം വളരുകയുള്ളൂ എന്ന് നല്ല ബോധ്യമുണ്ടായിരുന്ന വല്യച്ചൻ ആഹ്വാനം ചെയ്യുന്നു: 'നിയമം കൊണ്ട് ഭരിക്കാതെ സ്നേഹം കൊണ്ട് നയിക്കുക' എന്ന്. നിയമത്തിന്റെ കാതൽ സ്നേഹമാണെന്ന് ആ വന്ദ്യ താതൻ അനുഭവിച്ചറിഞ്ഞിരുന്നു. 'ഭരിക്കുക' എന്ന പദവും സന്യാസാധികാരവിനിയോഗത്തിൽ ഇല്ല എന്നുള്ള യാഥാർത്ഥ്യവും വല്യച്ചന് അറിയാമായിരുന്നു. അതുകൊണ്ടാണല്ലോ

www.malankaralibrary.com





ഭരിക്കാതെ സ്നേഹപൂർവ്വം നയിക്കണമെന്ന് അദ്ദേഹം നമ്മെ ഉദ്ബോധിപ്പിച്ചതും. അധികാരത്തിലിരിക്കുന്നവർ സേവനമനോഭാവത്തിനുടമകളാകണം. ഉന്നത പദവിയിലെത്തിയാൽ ചിലർ വിനയത്തിന്റെയം ഔദാര്യത്തിന്റെയം കാരുണ്യത്തിന്റെയും ചൈതന്യം ഉപേക്ഷിച്ച് തങ്ങൾ എല്ലാവർക്കും മേലെയാണെന്ന് ചിന്തിക്കുവാൻ തുടങ്ങും. തങ്ങൾ ഒഴിച്ചു കൂട്ടാനാവാത്തവരാണെന്ന ചിന്ത ഒരു രോഗമാണെന്ന് പരി. ഫ്രാൻസിസ് പാപ്പ നമ്മെ അനുസ്മരിപ്പിക്കുന്നു. മാതൃകയും മാർഗ്ഗദർശനവും പ്രചോദനവും നൽകി നയിക്കേണ്ടവരാണ് അധികാരികൾ. വാക്കുകൾ നമ്മെ ചലിപ്പിക്കുന്നു. സന്മാതൃക നമ്മെ സ്വാധീനിക്കുന്നു എന്ന് പഴമൊഴി.

**ആത്മഭാഷണം**

സ്നേഹസമ്പന്നനായ ദിവ്യനാഥാ, എന്നെ സ്നേഹിക്കുന്നവരെന്നോ എന്റെ മനസ്സിന് ഇണങ്ങുന്നവർ എന്നോ നോക്കാതെ എല്ലാവരേയും സ്നേഹിക്കുന്ന വിശാല ഹൃദയത്തിന്റെ ഉടമയായ സ്ഥാപക പിതാവിന്റെ സ്നേഹജീവിതത്തിലൂടെ ഒരു ആതമീയയാത്ര നടത്തുവാൻ എന്നെ അനുഗ്രഹിച്ചതിന് നന്ദി. സ്വന്തം ഉപയോഗസാധനങ്ങൾ മോഷ്ടിച്ചുകൊണ്ട് പോയാൽകൂടി പരാതിയോ പരിഭവമോ പറയാത്ത ആ വന്ദ്യതാതന്റെ മാതൃകാപരമായ ജീവിതത്തെക്കുറിച്ച് ആഴമായി വിചിന്തനം ചെയ്യുവാൻ അങ്ങ് എന്നെ സഹായിച്ചു.

നാഥാ, എന്റെ വ്യക്തിജീവിതത്തിലേക്ക് കടക്കുമ്പോൾ എന്നെ സ്നേഹിക്കുന്നവരേയും എന്റെ മനസ്സിനിണങ്ങുവരേയും സ്നേഹിക്കുന്ന സ്വാഭാവികസ്നേഹത്തിന്റെ തലത്തിലാണ് ഞാനെന്ന് തിരിച്ചറിയുന്നു. എന്റെ ഉപയോഗസാധനങ്ങൾ എന്റെ സ്വന്തംപോലെയാണ് ഞാൻ കരുതുന്നത്. അത് മറ്റാരും ഉപയോഗിക്കുവാനോ ഒരാവശ്യം വന്നാൽ അത് പങ്കുവയ്ക്കാനോ ഞാൻ മനസാകുന്നില്ല.

മകളേ, മുറിപൂട്ടി താക്കോലും സ്വന്തം പോക്കറ്റിൽ പേറികൊണ്ടു നടക്കുന്ന നിന്റെ മുമ്പിൽ തുറക്കപ്പെട്ട വാതിലിന്റെയും പൂട്ടില്ലാത്ത അലമാരയുടെയും ഉടമയായി നിന്റെ ആത്മീയ പിതാവ് ഒരു വെല്ലുവിളിയല്ലേ? ദിവ്യഈശോ, ഞാൻ ഉപയോഗിക്കുന്ന മുറി പൂട്ടുന്നതിനു മുമ്പേ എന്റെ സഹോദരങ്ങൾക്കെതിരെ എന്റെ ഹൃദയകവാടം ഞാനടച്ചു എന്ന് ഈ ധ്യാന നിമിഷങ്ങളിൽ ഞാൻ തിരിച്ചറിയുന്നു. ഞാൻ തിരിച്ചു നടക്കാൻ ആഗ്രഹിക്കുന്നു. എന്നെ അനുഗ്രഹിച്ച് വഴി

www.malankaralibrary.com



നടത്തണമെ. അവബോധവും ആത്മീയ വെളിച്ചവും നൽകിയതിന് നന്ദിമാത്രം മനസ്സിൽ. എല്ലാവരേയും സ്നേഹിച്ചും എല്ലാവരാലും സ്നേഹിക്കപ്പെട്ടും അങ്ങയുടെ ഹൃദയത്തിനിണങ്ങിയ ഒരു മേരിമക ളായി വല്യച്ചന്റെ ആത്മീയ പുത്രിയായി ഞാനും ജീവിച്ച് അങ്ങയുടെ സ്നേഹത്തിൽ ലയിക്കട്ടെ.

**പ്രായോഗിക തീരുമാനം :** ഇന്ന് ഞാൻ 3 സ്നേഹപ്രവർത്തികൾ ചെയ്ത് കാഴ്ചവയ്ക്കും.

**അനുസ്മരണവാക്യം:** ''സ്നേഹം സകലതും സഹിക്കുന്നു; സകലതും വിശ്വസിക്കുന്നു; സകലതും പ്രത്യാശിക്കുന്നു; സകലത്തേയും അതിജീവിക്കുന്നു. സ്നേഹം ഒരിക്കലും അവസാനി ക്കുന്നില്ല" (1 കോറി. 13:7).




മേരിമക്കൾ സമൂഹത്തിന്റെ സ്ഥാപക പിതാവ് വന്ദ്യ മോൺ. ജോസഫ് കുഴിഞ്ഞാലിൽ അച്ചൻ ജീവിച്ച് പകർന്നുനൽകിയ മൊഴിമുത്തുകളാണ് ഈ ധ്യാനഗ്രന്ഥ രചനയ്ക്ക് ആധാരം. ഇല്ലായ്മയിൽ നിന്ന് നമ്മുടെ സമൂഹത്തിന് രൂപവും ഭാവവും നൽകാൻ സ്ഥാപകപിതാവിനോടൊപ്പം ജീവിതം ഹോമിച്ച സഹസ്ഥാപക മദർ മേരി കല്ലറയ്ക്കൽ നമ്മുടെ മനതാരിൽ നിറഞ്ഞു നിൽക്കുന്നു. ദിവ്യകാരുണ്യഭക്തിയിലൂടെ നാഥന്റെ സ്വന്തമായിത്തീരത്തക്കവിധം ആ തിരുസന്നിധിയിൽ സമയം ചെലവഴിച്ച് ദിവ്യകാരുണ്യത്തിന്റെ ഉപാസകയായിത്തീർന്ന 'വി. കുർബാനയുടെ മേരി'. സമൂഹത്തിന്റെ വളർച്ചയുടെ അനുകൂലവും പ്രതികൂലവുമായ എല്ലാ സാഹചര്യങ്ങളിലും മദർ കൂപ്പുകൈകളുമായി ശാന്തമായി ദിവ്യകാരുണ്യസന്നിധിയിൽ നിലം ചുംബിച്ച് കിടന്ന് എളിമയോടെ പ്രാർത്ഥിച്ച് പ്രതിസന്ധികളെയെല്ലാം അതിജീവിച്ചിരുന്നു. ഈ തപസ്വിനിയുടെ ജീവിതം സ്ഥാപക പിതാവിന്റെ പ്രേഷിത ജീവിത വീക്ഷണങ്ങൾ ഓരോന്നും കൂടുതൽ സഫലമാക്കാൻ കരുത്തേകി. സമൂഹത്തിന്റെ നിയമം, കാരിസം, പൈതൃകം, നല്ല പാരമ്പര്യങ്ങൾ, സന്യാസജീവിത പരിശീലനം, സമർപ്പിത ജീവിത ശൈലി എല്ലാം ആത്മീയ നിധി പോലെ കാത്തുസൂക്ഷിച്ച് കൈമാറി. ആ വത്സല മാതാവിന്റെ പാദപത്മങ്ങളിൽ കൃതജ്ഞതയുടെ വാടാമലരുകൾ അർപ്പിച്ചുകൊണ്ട് കൃതാർത്ഥരായി നിൽക്കുന്ന ഈ മക്കളെ അനുഗ്രഹിച്ചാലും.

അഞ്ജലിഹസ്തങ്ങളോടെ,
മേരിമക്കൾ.

St. Mary's Press Pattom, TVM. Ph: 0471 2446116